


# അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്

2011 ജനുവരി 1-3

സഞ്ചിക 4
Volume 4

**Abstract**

എ.കെ.ജി പഠന ഗവേഷണ കേന്ദ്രം
തിരുവനന്തപുരം

# THIRD INTERNATIONAL CONGRESS ON KERALA STUDIES

2011 JANUARY 1-3

THIRUVANANTHAPURAM

# മൂന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്

2011 ജനുവരി 1 - 3

തിരുവനന്തപുരം

## Volume 4

## സഞ്ചിക നാല്

## സംഗ്രഹങ്ങൾ

A.K.G. Centre for Research & Studies
Thiruvananthapuram-695 034, Kerala, India

Malayalam

Third International Congress on Kerala Studies
Volume 3

Inagural Address and Abstracts
Presented by participants
at the Third International Congress on Kerala Studies,
held on January 1-3, 2011
in Thiruvananthapuram, Kerala, India.

Typeset: Mythri, Sierra

Layout : B. Susruthan

Printed at Akshara Offset Printers, Thiruvananthapuram

# ഉള്ളടക്കം


| | | | |
|---|---|---|---|
| ഉദ്ഘാടന പ്രസംഗം | 5 | - | 8 |
| കൃഷി അനുബന്ധ മേഖലകളും | 17 | - | 38 |
| വ്യവസായം | 39 | - | 47 |
| സാമൂഹ്യപശ്ചാത്തല സൗകര്യങ്ങൾ | 48 | - | 183 |

# SPEECH OF PRAKASH KARAT AT THE INAUGURAL SESSION OF THE THIRD INTERNATIONAL CONGRESS ON KERALA STUDIES

Five years ago in December 2005, we met at the Second International Congress on Kerala Studies held here in Thiruvananthapuram. I think it can now be said that this Congress has become the most important forum of discussion and research on Kerala. It is particularly commendable that this event covers a diversity of disciplines and themes – from economics, history, political science, sociology and other social sciences to the arts and culture and issues of science and society.

From the inception when the International Congress on Kerala Studies was held in 1994, the theme taken up and reiterated in the second conference was that the social gains made in Kerala should be defended in the face of the neo-liberal onslaught and steps should be taken to develop the productive forces in agriculture and industry so that all round development is assured. The second conference had provided the basis for the Left and Democratic platform for an alternative path of development. The formation of the LDF government in 2006 provided the opportunity for some of the policy prescriptions coming out of the second conference being taken up for implementation.

Five years ago, I had the opportunity to say that Kerala is an example in India of what public action can achieve – and to note that the gains of public action are the first target of neo-liberal economic policy. Kerala is a particular victim of the Centre's neo-liberal policies. There are many examples of this victimization of Kerala, of which four are cited below.

(i) The Indo-ASEAN Free Trade Agreement (FTA) was signed without any consultations with the Kerala government. A whole range of commodities of vital interest to Kerala will henceforth come into the Indian economy at vastly reduced duties, from the ASEAN countries which produce similar commodities. This poses not only a direct threat to Kerala's producers but an indirect one too. In years when world prices in these commodities collapse, Indian producers' prices will also nosedive because we cannot protect ourselves against the world market. Since we do not have a common external tariff with ASEAN, low world prices will affect Kerala via ASEAN. The Centre's argument that Kerala producers should increase productivity to meet this challenge is meaningless: productivity increases need investment which is never forthcoming when producers are squeezed. The Indo-ASEAN FTA may benefit Indian monopolists by securing markets for them in ASEAN countries, but this will be at the expense of small commodity producers. This constitutes yet another instance of the Central government's class bias hurting the people of Kerala.

(ii) Kerala had an excellent universal public distribution system going back to 1966, which had drawn international acclaim. Sustenance of this system required that as Kerala moved increasingly

into cash crop production which brought precious foreign exchange to the country, the central government should supply adequate foodgrains to meet Kerala's food needs, which could be distributed through the PDS. Under the neo-liberal dispensation however the PDS suffered a setback when "targeting" was introduced. The amount of foodgrains given to Kerala by the central government under the TPDS is inadequate not only to meet the food needs of the State as a whole, but even to meet the needs of the actual BPL households, since their numbers are grossly underestimated by the Central government. The erosion of the PDS is part of the neo-liberal agenda, and Kerala, with its excellent PDS, is a victim of it.

(iii) Even now, the money transfers from the Non-Resident Keralites (NRKs) in the Gulf is a major prop for the Indian balance of payments. The total annual private transfers from abroad into India at present amount to about $50 billion, of which at least $20 billion is from the Gulf. This is slightly more than the net foreign direct investment inflows into the country, but while a red carpet is unrolled for the multinationals investing in India (often to the detriment of local small producers), the NRKs in the Gulf are a completely neglected lot. Some of them are languishing in jails, with no legal assistance provided by the Government of India through its embassies; even bringing back the bodies of deceased NRKs is difficult and expensive for the family, because no legal mechanism exists to enforce payments from employers for this purpose. The NRKs go to the Gulf as poor migrants and return as poor migrants, with their rights unprotected by the Government of India.

(iv) The Central government has been raising petro-product prices in the interests of large monopolists. Every such hike increases the production costs for fishermen, whose output prices however do not increase. Their incomes therefore get squeezed in order to benefit the monopolists. An average fisherman in Kerala gets an income, which, per labour day, is less than the MGNREGS daily wage of Rs.125. The Central government wants to make further inroads into this subsistence. And since oil prices are currently on an upswing, given the Central government's decision to "free" oil prices, the fisherman's lot in the coming days will become even more unenviable.

In the last conference I had stressed the importance of defending and strengthening the public sector which was under serious attack. This required restructuring and bringing about changes in the method of management in public sector enterprises. I am glad that the LDF government has made remarkable progress in this regard. In 2005-06 majority of the public sector industries were making losses. Only 12 out of the 44 companies were making profits. In 2009-10 out of the 37 companies in the industries department 32 have become profitable. (From 41 companies the number came down to 37 as four subsidiaries of Keltron were merged into one).

Behind this turn-around has been the initiatives taken to reorganise the management, restructuring of the PSUs, strategic tie-ups with Central PSUs and eliciting full cooperation of the workers and the staff. The Kerala experience of the four and half years have shown that the public sector can be made viable and make a valuable contribution to material production and public services. This is an effective counter to the neo-liberal propaganda against the public sector.

Despite the difficulties created by the neo-liberal policies pursued by the Central government, the LDF government has put in place certain policies to raise production and adopted measures to provide assistance and relief to different sections of the working people. Some of these are:

i) The government is providing foodgrains at Rs. 2 per kg to 40 lakh families by bringing the workers of the unorganized sector into the ambit of the BPL category. Under the cooperative network, more than 50,000 retail outlets were arranged for sale of essential commodities at prices ranging from 10 to 80 per cent less than the open market.

ii) Setting up of Debt Relief Commission to provide relief for indebted farmers. Under the Food Security Programme, 15,000 hectares of fallow land brought under rice cultivation and an additional production of 1.25 lakh tonnes of paddy was achieved. Procurement price of paddy was hiked from Rs. 7 per kg to Rs. 13 per kg, the highest in the country.

iii) A comprehensive health insurance scheme has been introduced for 18 lakh families and the effort is to raise the number of beneficiaries to 35 lakhs from the coming financial year.

iv) Under the EMS housing scheme, 3.5 lakh houses have been constructed till date and the aim is to provide house sites and houses to all landless and houseless families under the BPL category.

v) An income support scheme is being introduced for fishermen, coir, khadi and handloom workers; minimum wages have been fixed or revised for the first time for industrial workers in the unorganized sectors covering about 65 lakh out of the 80 lakh workers in the state.

vi) Provision of debt relief to fishermen amounting to Rs. 380 crore which has benefited more than 80,000 fisher folk families. As a result of Matsyakeralam Project, inland fish production increased from the current level of 0.75 lakh tonnes to 1.03 lakh tones.

vii) Pattas have been given to 1,20,300 landless poor for house sites in the past four years. 10,000 tribal families have been vested with land under the Forest Tribal Rights Act.

viii) 50 per cent of the seats in panchayats and local bodies have been allocated to women.

These measures were geared towards protecting the social gains and to increase production in agriculture and allied sectors. They were taken despite the state government's resources being limited. But even these meagre resources are being further constricted by the Centre in several ways. At least three instances can be given.

First, the Thirteenth Finance Commission has not only further reduced the share of Kerala in the total grants-in-aid made available to the states, but has also condoned, at the Centre's behest, the continuance of Centrally-Sponsored Schemes, which have led over the years, to a shrinking of the divisible pool. Secondly, the central government, having started centrally-sponsored schemes, has developed the habit of suddenly, arbitrarily and unilaterally reducing its share in the financing of such schemes. The Sarva Shiksha Abhiyan is an obvious case in point, but the practice is almost universal. The state governments, already short of resources, are then suddenly left with the additional burden of financing schemes in whose formulation they never had a say.

Second, the unilateralism of the Centre is nowhere as evident as in the case of the Right to Education Act. While this is a welcome legislation, the Central Government has consistently refused to make available to the states the resources required for implementing it. In the case of Kerala, even the amount set aside by the Thirteen Finance Commission for this purpose is so meagre that the state government will have to spend from its own coffers vast amounts to implement this Central legislation. In the case of other Schemes, such as the Health Insurance Scheme the state government is obliged to hand over to the Centre substantial sums in the form of service tax on this scheme. All these impinge crucially upon state government resources.

The third way in which the Centre has started squeezing the states is reminiscent of what the private capitalists have been doing for some time. Just as the capitalists make state governments vie with one another for attracting investments to their respective states by offering larger concessions, the central government too has started deciding on the location of central projects, on the basis of which state gives larger concessions. If a railway project has to be located in Kerala then the Kerala government has to offer free land of the railways' choice for the project. Then the railways intend

to go for a public private partnership without giving the state government any stake in the project. The same is true of airport renovation and a host of other projects of the central government, or of its undertakings. This is contrary to the spirit of any cooperative federalism.

The struggle to restructure Centre-State relations for an equitable distribution of the resources has to be continued. This is part of the struggle against the imposition of neo-liberal policies.

### The Way Forward

Taking stock of the situation today, we have to seek the way forward. It is necessary to build on the strengths of the land, resources and the people of the state.

Firstly, Kerala has to devise strategies to enhance value addition in agriculture. The immense opportunities for agro and food processing industries should be utilized; there can be production activities based on rubber, wood, bamboo, hard fibres like coir and production of herbal and medicinal products.

Secondly, there should be effective use of bio-technology. Kerala has the great potential to emerge as the leading centre in health care, bio-technology and bio-medical sciences. Kerala has the biggest advantage in health care and bio-medical sciences in the large number of health professionals in the state. The government has to build on this advantage by setting up new educational and research institutions and by encouraging investments by the public and private sectors in bio-technology and bio-medicine.

Thirdly, there has to be a growth strategy which focuses on economic activities that intensively uses skilled labour. This requires large public investments, especially in higher education and research. The momentum built up in consolidating and expanding public sector enterprises should be maintained. Private investment should be solicited for labour intensive medium and small industries.

Fourthly, expansion of employment opportunities for the millions of educated women of the state should be a priority for any future economic agenda. The low level of female labour participation is an obstacle in consolidating Kerala's gains in the sphere of gender equality.

Fifthly, there should be a review of how decentralisation of powers and resources to panchayats and local bodies have worked. Involvement of the panchayats in rural industrialisation such as agro-processing and use of new technologies like IT should be worked out.

Finally, it needs emphasizing that the path of economic growth should be environmentally sustainable.

I hope that the discussions at the International Congress on Kerala Studies will help us build on the historical strengths, consolidate recent gains, identify the main obstacles to development and build a better future for the people of Kerala.

# മലയാളഭാഷയും മാധ്യമങ്ങളും

പി. ഗോവിന്ദപ്പിള്ള

## ഉദ്ഭവവും വളർച്ചയും

തമിഴ്ഭാഷയൊഴിച്ച് ഇന്ന് സജീവമായി നില നിൽക്കുന്ന ഭാരതീയ ഭാഷകളെല്ലാം ഏഴാം നൂറ്റാണ്ട് (ബി.സി.) മുതൽ സുമാർ പതിനേഴാം നൂറ്റാണ്ട് വരെ നിലനിന്നതായി കണക്കാക്കാവുന്ന ഭക്തി പ്രസ്ഥാനത്തോട് കൂടി അതിന്റെ ഫലമായും അതിനു പ്രേരകമായും ഇന്നത്തെ രൂപത്തിൽ എത്തിയതാണ്. മറ്റ് വ്യത്യസ്ത ധാരകൾ ഉണ്ടെങ്കിലും പ്രധാനമായും രണ്ട് ഭാഷാ കുടുംബങ്ങളിൽ നിന്നാണ് ഭാരതീയ ഭാഷകൾ ഉരുത്തിരിഞ്ഞത്. ആര്യന്മാർ സംസാരിച്ചിരുന്ന സംസ്കൃതവും, ദക്ഷിണേന്ത്യയിൽ ദ്രാവിഡർ എന്ന പേരിൽ അറിയപ്പെട്ടിരുന്നവർ സംസാരിച്ചിരുന്ന മൂലദ്രാവിഡവുമാണത്.

ഹിന്ദി, ബംഗാളി, ഗുജറാത്തി, മറാത്തി, തുടങ്ങിയ ഭാഷകൾ സംസ്കൃ തത്തിന്റെ പിൽക്കാലരൂപമായ പ്രാകൃതത്തിൽ നിന്നും രൂപം കൊണ്ടതാണ്. തമിഴ്, തെലുങ്ക്, കന്നഡ, മലയാളം എന്നിവ മൂലദ്രാവിഡത്തിൽ നിന്നും. ഇവയിൽ മലയാളം താരതമ്യേന പ്രായം കുറഞ്ഞ ഭാഷയാണ്. ഈയിടെ മലയാളത്തിന് "ക്ലാസ്സിക്കൽ" പദവി നൽകേണ്ടതില്ല എന്ന കേന്ദ്രസർക്കാരിന്റെ തീരുമാനത്തിൽ അപാകതകൾ ഉണ്ടെങ്കിലും, പന്ത്രണ്ടാം നൂറ്റാണ്ടിൽ ചീരാമൻ മഹാകവി എഴുതിയ ഇരാമായണത്തോടുകൂടിയാണ് നമ്മുടെ ഭാഷ എല്ലാ വ്യവഹാരങ്ങൾക്കും ഉതകുന്ന ഒന്നാണ് എന്ന് സ്ഥാപിക്കപ്പെട്ടത്. അതിനു മുമ്പും ചില ചെപ്പേടുകളും ചില ശാസനകളും ഉണ്ടായിരുന്നതായി കാണുന്നുണ്ടെങ്കിലും അവയോടുകൂടി മലയാളഭാഷ രൂപം കൊണ്ടുവെന്ന് കരുതാൻ പ്രയാസമാണ്.

ചീരാമനും, പിന്നെ കണ്ണശ്ശപ്പണിക്കരും മറ്റും വാണിരുന്ന കാലത്തു തന്നെ സംസ്കൃതവും ആദിമലയാളവും ഇടകലർന്ന മണിപ്രവാളം എന്ന ഒരു ഭാഷാരൂപത്തിൽ കവിതകൾ എഴുതിയിരുന്നു. കണ്ണശ്ശന്മാരുടെയും ചീരാമന്റെയും കൃതികളിൽ തമിഴിന്റെ അതിപ്രസരം ഉണ്ടായിരുന്നു. ഇന്ന് മലയാളി എഴുതുകയും വായിക്കുകയും ചെയ്യുന്ന ഭാഷയുടെ വാക്യഘടനയും വ്യാകരണവും പദാവലിയുമെല്ലാം പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തുഞ്ചത്ത് എഴുത്തച്ഛന്റെ രാമായണം, മഹാഭാരതം തുടങ്ങിയ സംസ്കൃത കാവ്യങ്ങളുടെ പരാവർത്തന ത്തിലൂടെയോ പുനഃസൃഷ്ടിയിലൂടെയോ രൂപം കൊണ്ടതാണ്. ചീരാമന്റെയും കണ്ണശ്ശന്മാരുടെയും കൃതികളിൽ ഭക്തിരസം അവർക്ക് ജീവൻ നൽകുന്നു ണ്ടെങ്കിലും എഴുത്തച്ഛനാണ് നമ്മുടെ ഭക്തി പ്രസ്ഥാനത്തിൽ ലക്ഷണമൊത്ത പ്രതിനിധിയും മലയാള ഭാഷയുടെ തന്നെ പിതാവുമായിരുന്നത്, എഴുത്തച്ഛന് മുൻപ് തന്നെ തമിഴിലെ സംഘസാഹിത്യ കൃതികളും, ആൾവാർമാരുടെയും നായനാർമാരുടെയും ഭക്തിഗാനങ്ങളും, കമ്പരുടെ രാമായണവും പ്രചുരപ്രചാരം നേടി ക്കഴിഞ്ഞിരുന്നു. കന്നഡത്തിൽ മഹാകവി പമ്പയുടെ രാമായണം ഒൻപതാം നൂറ്റാണ്ടിലും പന്ത്രണ്ടാം നൂറ്റാണ്ടിൽ വീരശൈവരുടെ വചനസാഹിത്യവും തെലുങ്കിലെ നന്നയ്യയുടേയും വേമണ്ണയുടെയും സംസ്കൃത ഇതിഹാസ വിവർത്തനങ്ങളും വന്നു കഴിഞ്ഞിരുന്നു എന്ന കാര്യം മലയാളത്തിന്റെ പ്രാചീന

തയെക്കുറിച്ച് അതിശയോക്തി കലർന്ന അവകാശവാദങ്ങളുന്നയിക്കുന്നവർ വിസ്മരിക്കുകയാണ്. പക്ഷേ ക്ലാസ്സിക്കൽ പദവി എന്നത് പിശകമായ ഒരു സങ്കല്പമാണ്. എല്ലാ ഭാഷകളുടെയും സാംസ്കാരിക മേഖലകളുടെയും സമത്വം എന്നല്ലാതെ ചിലവയ്ക്ക് മേന്മ കൽപ്പിക്കുന്നത് അശാസ്ത്രീയമെന്നപോലെ ഭാരതീയ സംസ്കാരത്തിന്റെ മേന്മയ്ക്കും ഉദ്ഗ്രഥനത്തിനും സഹായകമല്ല.

**ഭാഷാവികസനത്തിന്റെ രണ്ടാംഘട്ടം**

മലയാള ഭാഷാവികസനത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലെ നവോത്ഥാനമെന്നു പറയുന്ന പരിവർത്തനങ്ങളോടു കൂടിയാണ്. എഴുത്തച്ഛനുശേഷം ചെറുശ്ശേരിയും, കുഞ്ചൻനമ്പ്യാരും, ഇന്ന് ഏറെക്കുറെ വിസ്മൃതരായിരിക്കുന്ന ചമ്പുകാരന്മാരും കഥകളിപ്പാട്ടുകളെഴുതിയ കോട്ടയംതമ്പുരാൻ തുടങ്ങിയവരും വളരെക്കുറിച്ച് സംഭാവനകൾ മാത്രം നൽകി മൺമറഞ്ഞുപോയവരെങ്കിലും അവിസ്മരണീയരായ രാമപുരത്ത് വാര്യരും ഇരയിമ്മൻതമ്പിയും ഉണ്ണായിവാര്യരും തുടർന്ന് മലയാള ഭാഷയെ സമ്പന്നമാക്കി യിട്ടുണ്ടെങ്കിലും ഒരു കുതിച്ചുചാട്ടം നടന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ മാത്രമാണ്. 1847 ൽ ബെയ്ലി സായ്പ്പിന്റെ ജ്ഞാനനിക്ഷേപവും ഹെർമൻ ഗുണ്ടർട്ടിന്റെ രാജ്യസമാചാരവുമാണ് മലയാള ഭാഷയ്ക്ക് പുതിയൊരു ഓജസ്സും, വരമൊഴിക്ക് പുതിയൊരു പ്രചാരവും ലഭിക്കാൻ തുടക്കം കുറിച്ചത്. ഇക്കാലത്ത് മതപ്രചാരണം ലക്ഷ്യമാക്കി വിദേശികളും സ്വദേശികളുമായ ക്രിസ്ത്യൻ മിഷനറിമാർ പ്രസിദ്ധപ്പെടുത്തിയ ബൈബിൾ വിവർത്തനവും മലയാള നിഘണ്ടുക്കളും വ്യാകരണങ്ങളും ഇന്നത്തെ നിലവാരം വച്ചുനോക്കിയാൽ വികലമാണെന്നു പറയാമെങ്കി ലും പുതിയ മുന്നേറ്റത്തിന്റെ ആദ്യപടവുകളാ യിരുന്നു.

ഇതിനു സഹായകമായത് അച്ചടിവിദ്യയും പത്രമാസികകളുടെ പ്രചാരവുമാണ്. ജ്ഞാനനിക്ഷേപവും രാജ്യസമാചാരവും മറ്റും മതപ്രചാരണത്തെ ലക്ഷ്യമാക്കി ആരംഭിച്ച് നടത്തിവന്നതാണ്. എന്നാൽ അധികം താമസിയാതെ മതനിരപേക്ഷ വാർത്തകൾക്കും ലേഖനങ്ങൾക്കും സംവാദങ്ങൾക്കും ഉതകും വിധത്തിലുള്ള കാലിക പ്രസിദ്ധീ കരണങ്ങൾ ഒന്നിനു പുറമേ ഒന്നായി പുറത്തുവരികയും അവ നിന്നുപോവുകയും ചെയ്തു.

ഒരു ഗുജറാത്തിലെ വ്യാപാരിയായ ഭീംജി, കുഞ്ഞിരാമമേനോൻ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, ഫാദർ നിധീരി തുടങ്ങിയ പ്രഗത്ഭമതികൾ ഈ മാധ്യമ പുരോഗതിക്ക് വേഗത നൽകി. ഇവയുടെ ഫലമായി മലയാളഭാഷയിൽ വരമൊഴിക്കുള്ള പ്രാധാന്യം മാത്രമല്ല, ഗദ്യരൂപത്തിനുള്ള പ്രാധാന്യവും ഒന്നിനൊന്ന് വർദ്ധിക്കാൻ തുടങ്ങി. അതുവരെ എല്ലാ സാഹിത്യകൃതികളും കവിതയിലായിരിക്കണമെന്ന നിലപാടിന് മാറ്റം വരികയും ഗദ്യസാഹിത്യം കവിത പോലെതന്നെ ആസ്വാദ്യവും അതിനെക്കാളേറെ ജനകീയവുമാണെന്ന് വന്നുചേർന്നു. കഥയും ആഖ്യായികളും ഉന്നതസ്ഥാനത്തേയ്ക്ക് ഉയർന്നു. അപ്പു നെടുങ്ങാടിയുടെ കുന്ദലതയും തുടർന്ന് 1889 ൽ പ്രസിദ്ധീകരിക്കപ്പെട്ട ഒ. ചന്തുമേനോന്റെ ഇന്ദുലേഖയും മറ്റും ഭാവനയുടെ പുതിയ ആവിഷ്കാര രൂപങ്ങളായി ജനശ്രദ്ധയെ ആകർഷിച്ചു. തുടർന്ന് ഗദ്യസാഹിത്യശില്പികളുടെ ഒരു പ്രവാഹം തന്നെ ആരംഭിച്ചു. ചെറുകഥകൾക്കും ആഖ്യായികകൾക്കും പുറമേ സാഹിത്യനിരൂപണം, ശാസ്ത്രം, രാഷ്ട്രമീമാംസ, ചരിത്രം എന്നിങ്ങനെ പല രൂപത്തിൽ അവ വരാൻ തുടങ്ങി. കേരളവർമ്മ വലിയകോയിതമ്പുരാന്റെ അദ്ധ്യക്ഷതയിൽ സ്കൂൾ പാഠപുസ്തകങ്ങൾ രചിക്കാനുള്ള ട്രസ്റ്റ് കമ്മിറ്റി ഈ മുന്നേറ്റത്തിന് ആക്കം നൽകി. ആഖ്യായികകൾ പലതും വരാൻ തുടങ്ങിയപ്പോൾ ഒരാൾ അവയെ പരിശോധിച്ച് "പറങ്ങോടി പരിണയം" എന്നൊരു പരിഹാസകഥയും, മറ്റൊരാൾ "ചക്കീചങ്കരം" എന്നൊരു നാടകവും എഴുതി തങ്ങളുടെ അസ്വാസ്ഥതയ്ക്ക് ശമനം വരുത്തി. വാസ്തവത്തിൽ പുസ്തകങ്ങളുടെ പെരുപ്പത്തെച്ചൊല്ലി പരിഹസിക്കാനുള്ള വകയൊന്നും അന്നില്ലായിരുന്നു. സ്കൂൾ പാഠപുസ്തകങ്ങളൊഴിച്ചാൽ വർഷം പ്രതി പത്തോളം പുസ്തകങ്ങളേ അക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ടിരുന്നുള്ളൂ. ഇന്നത്തെ കണക്ക് ദിവസം പ്രതി ഏഴിനും പത്തിനും മദ്ധ്യേ മലയാള പുസ്തകങ്ങൾ ഇറങ്ങുന്നുവെന്നാണ്. അന്ന് ഈ പുസ്തകക്ഷാമം പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി എത്ര മോശപ്പെട്ട പുസ്തകം വന്നാലും

അതെക്കുറിച്ച് പ്രശംസിച്ച് വലിയ കോയിത മ്പുരാൻ അവതാരിക എഴുതി കൊടുക്കാറുണ്ടായിരുന്നു. അത് അദ്ദേഹത്തെക്കുറിച്ച് പല വിമർശനങ്ങൾക്കും കാരണമാവുകയും ചെയ്തു.

'ഇന്ദുലേഖ' തുടങ്ങിയ പുസ്തകങ്ങളുടെ ഭാഷ ലളിതവും സുന്ദരവു മാണെങ്കിലും പഴയ മണിപ്രവാളത്തിന്റെ അതിപ്രസരം പിന്നെയും തുടർന്നു കൊണ്ടിരുന്നു. കേരള കാളിദാസൻ എന്നു കൂടി ആദരപൂർവ്വം വിളിക്കാറുള്ള കേരള വർമ്മ പാഠപുസ്തകങ്ങളിലും മറ്റും ലളിതവും സുന്ദരവും ആയ ഭാഷയാണ് ഉപയോഗിക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ ദ്വിതീയാക്ഷര പ്രാസനിർബന്ധവും മണിപ്രവാളപ്രേമവും തന്റെ വത്സലശിഷ്യനും അനന്തിരവനുമായ രാജരാജ വർമ്മയുടെ നിർബന്ധപ്രകാരമാണ് പതുക്കെ മാറാൻ തുടങ്ങിയത്. വലിയകോയി തമ്പുരാന്റെ 'അഭിജ്ഞാനശാകുന്തളം', 'മണിപ്രവാളം' തുടങ്ങിയവ കാളിദാസന്റെ മൂലപ്രകൃതിയെക്കാൾ ദുർഗ്രാഹ്യമാണെന്ന് പലരും അധിക്ഷേപിക്കുകയുണ്ടായി. അനന്തിരവൻ രാജരാജവർമ്മ 'മലയാള ശാകുന്തളം' എഴുതി മലയാളത്തെ സമ്പന്നമാക്കുകയും ചെയ്തു. കേരള വർമ്മയുടെ 'അക്ബർ' ആഖ്യായികയുടെ വിവർത്തനത്തിൽ കേരളവർമ്മ ഈ ദുർഗ്രഹമണി പ്രവാളശൈലി ഗദ്യത്തിലേയ്ക്കും സംക്രമിപ്പിച്ചതായി കാണാം. "അസ്തപർവത നിബംഭത്തിൽ മന്തമാനമായ അംബുജബന്ധുബിംബം" എന്നിങ്ങനെ പോകുന്നു അക്ബർ വിവർത്തനത്തിലെ അദ്യവാചകം തന്നെ. സി.വി. രാമൻപിള്ള മാർത്താണ്ഡവർമ്മയിലും അതിലേറെ ധർമ്മരാജയിലും ഈ "കടുകടെ പടു കഠിനസംസ്കൃതപദ" പ്രേമം പ്രകടിപ്പി ക്കുന്നുവെന്നത് വളരെ വിമർശനവിധേയമായിട്ടുള്ളതാണ്. എങ്കിലും പത്രമാസികകളുടെ പ്രവർത്തനവും, പാഠപുസ്തകങ്ങളുടെ വർദ്ധനവും എല്ലാം ഈ ദുർഘട ശൈലിക്ക് മാറ്റം വരുത്തി. മാത്രമല്ല രാജാരാജവർമ്മയും 'വിദ്യാവിനോദിനി' പത്രാധിപർ സി.പി. അച്ചുതമേനവനും സ്വദേശാഭിമാനി പത്രാധിപർ കെ. രാമകൃഷ്ണപിള്ളയും മറ്റും ലളിതമായ സംസാരഭാഷയ്ക്ക് സൗന്ദര്യവും പദവിയും നേടിക്കൊടുത്തു. രാജരാജപർവം, സാഹിത്യസാഹ്യം തുടങ്ങിയ കൃതികളിലൂടെ ഗദ്യരചനയ്ക്ക് ലക്ഷണഗ്രന്ഥവും നിർമ്മിച്ചു.

മലയാള ഭാഷയുടെ ഈ സർവ്വതോന്മുഖമായ പുരോഗതിക്ക് കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള നൽകിയ സംഭാവനകൾ ചെറുതല്ല. കേരള വർമ്മയുടെ ഉപദേശക നിർദ്ദേശങ്ങളനുസരിച്ച് അദ്ദേഹം ആരംഭിച്ച 'ഭാഷാപോഷിണി' മാസിക ആ പേര് സൂചിപ്പിക്കുന്നത് പോലെ ഭാഷയുടെ പോഷണത്തിന് ഗണ്യമായ സഹായമായി. അതോടൊപ്പം ഒരു ഭാഷാപോഷിണി സഭയും അദ്ദേഹം രൂപീകരിക്കുകയും ചർച്ചകളും യോഗങ്ങളും നടത്തുകയും ചെയ്തത് ഭാഷാപോഷണ ത്തിനുള്ള സംഘടിത യത്നങ്ങളുടെ തുടക്കമായി ഭവിച്ചു.

**കൈപ്പടയും അച്ചടിയും**

നേരത്തേ സൂചിപ്പിച്ചത് പോലെ മലയാള ഭാഷ കൈയെഴുത്ത് ശൈലികൾ അച്ചടി വിദ്യയുമായി പൊരുത്തപ്പെടുന്നതായിരുന്നില്ല ഗുണ്ടർട്ടിന്റെ 'രാജ്യസമാചാരം' കല്ലച്ചിൽ എഴുതിയത് കാരണം കൈപ്പടയിലെ രീതികൾ അതേപടി പകർത്താൻ കഴിഞ്ഞു. മലയാളത്തിലെ ആധുനിക ഗദ്യകൃതിയായ പാറേമ്മാക്കൽ തോമാ കത്തനാരുടെ വർത്തമാന പുസ്തകവും, കടലാസിലാണ് രചിച്ചതെങ്കിലും അതും കല്ലച്ചിൽ തന്നെയായിരുന്നു. എന്നാൽ 'മൂവബിൾ ടൈപ്പ്' അഥവാ മാറ്റിവയ്ക്കാവുന്ന അച്ച് ഉപയോഗിച്ചുള്ള അച്ചടി വിദ്യയ്ക്ക് പഴയ കൈപ്പട സമ്പ്രദായം അസൗകര്യങ്ങൾ സൃഷ്ടിക്കുന്നുവെന്നത് കൊണ്ട് ലിപി പരിഷ്കരണം അനിവാര്യമായി തീർന്നു.

ഈ ലിപി പരിഷ്കരണത്തിൽ മുൻകൈയെടുത്തതും ഏറ്റവും കൂടുതൽ സംഭാവന നൽകിയതും 1890 ൽ ആരംഭിച്ച് ഇന്നും തുടരുന്ന 'മലയാള മനോരമ'യുടെ സ്ഥാപകപത്രാധിപർ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയാണ്. അക്കാലത്ത് സ്ഥാപിച്ച മറ്റൊരു പത്രം കൂടി മാത്രമേ ഇന്നും നില നിൽക്കുന്നുള്ളു. 1888 ൽ നിധീരി കത്തനാർ സ്ഥാപിച്ച നസ്രാണി ദീപികയാണത്. ഇപ്പോഴത്തെ പൊതുജീവിതത്തിലെ അഭിരുചികൾക്ക് അനുയോജ്യമല്ലാത്തതു മൂലം "നസ്രാണി" എന്ന വിശേഷണം എടുത്ത് കളഞ്ഞ് വെറും 'ദീപിക' യായി അത് തുടരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ മലയാള ലിപികളിൽ വള്ളിപുള്ളികൾക്ക് ദീർഘരൂപം ഇല്ലായിരുന്നു സന്ദർഭം മനസ്സിലാക്കി ദീർഘം വേണ്ടിടത്ത് ദീർഘം ഉച്ചരിക്കയാണ് പതിവ്. അങ്ങനെ 'കോട്ട'യ്ക്ക് 'കൊട്ട'യും 'വീഥി'യ്ക്ക് 'വിഥി'യും 'കൂട്ടി'ന് 'കുട്ടി'യും ഒക്കെയാണ് എഴുത്തിൽ വരിക. അതുപോലെ 'ചന്ദ്രക്കല' അഥവാ 'മീത്തൽ' ഉണ്ടായിരുന്നില്ല. അതുപോലെ തളിപറമ്പിന് തളിപറമ്പയും പത്തിന് 'പത്ത'യും ഒക്കെ ആയിരുന്നു പ്രയോഗ രീതികൾ. ചില ലിപികൾ അനാവശ്യമായി വികൃതമായി. 'ഇ' എന്ന സ്വരത്തിന് 'ംരം' എന്നാണ് എഴുതി വന്നത്. അത് പോലെ തന്നെ കൂട്ടക്ഷരങ്ങളും സ്വരചിഹ്നങ്ങളും ചേർക്കുന്നതിൽ വലിയ വൈരുദ്ധ്യങ്ങൾ ഉണ്ടായിരുന്നു. ചിലതൊക്കെ ഈ അടുത്തകാലം വരെ നിലനിന്നിരുന്നു. കുപ്പ, കൂമൻ, പൂവ്, പ്രാവ്, ക്രമം എന്നതൊക്കെ കുഴപ്പം പിടിച്ച ലിപി വ്യത്യാസങ്ങൾ കൊണ്ട് അച്ചുകളുടെ എണ്ണം കണ്ടമാനം പെരുകി. അതുമൂലം മലയാളത്തിൽ അച്ചടി വിദ്യ ആരംഭിച്ചപ്പോൾ എഴുനൂറോളം കള്ളികൾ വേണ്ടി വന്നു, സ്വരങ്ങളും വ്യഞ്ജനങ്ങളും ഇരട്ടിപ്പികളും സ്വരം ചേർത്ത വ്യഞ്ജനങ്ങളും ഉള്ള അച്ചുകൾ നിരത്താൻ. ഇവയെല്ലാം ഒരു ഫോണ്ട് അഥവാ അച്ചുവലിപ്പത്തിൽ ഉള്ളവയുടെ കാര്യമാണ്. ചുരുങ്ങിയത് മൂന്നോ നാലോ ഫോണ്ടുകളെങ്കിലും ഇല്ലെങ്കിൽ പുസ്തകങ്ങൾ രൂപകല്പന ചെയ്യുക വിഷമമാണ്. ആദ്യത്തെ ഘട്ടത്തിലെ രൂപമാറ്റങ്ങൾ കൊണ്ടുതന്നെ മുമ്പിലത്തെ എഴുനൂറ് നൂറ്റി ഇരുപതിനും നൂറ്റി അൻപതിനും മധ്യേവരെ കുറയ്ക്കുവാൻ കഴിഞ്ഞു. ടൈപ്പ് റൈറ്റർ ഉപയോഗിച്ചു തുടങ്ങിയപ്പോൾ ഈ എണ്ണവും വളരെ ദുർഘടമായി. പണ്ടാല എന്ന വിദഗ്ദ്ധന്റെയും മറ്റും പരിശ്രമം കൊണ്ട് ഒരുവിധം ടൈപ്പിംഗ് വ്യവസ്ഥ രൂപം കൊണ്ടെങ്കിലും ടൈപ്പ് റൈറ്റർ യന്ത്രത്തിന് ചുറ്റും ഡാൻസ് ചെയ്യുന്ന പ്രതീതിയായിരുന്നു ടൈപ്പിസ്റ്റുകൾക്ക് അനുഭവപ്പെട്ടത്. വീണ്ടും ചില മാറ്റങ്ങൾ വന്നുവെങ്കിലും ഭരണഭാഷ മലയാളത്തിലാക്കുക എന്ന ലക്ഷ്യം നടപ്പിലാക്കാൻ 1967 ൽ അധികാരത്തിലെത്തിയ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭ ഒരു കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ശൂരനാട് കുഞ്ഞൻപിള്ളയായിരുന്നു. എൻ. വി. കൃഷ്ണ വാര്യർ, ഡോ. കെ. ഭാസ്കരൻനായർ, ചെന്നൈയിലെ അച്ചുനിർമ്മാണശാലയുടെ ഉടമസ്ഥനും ഇക്കാര്യങ്ങളിൽ വിദഗ്ധനുമായിരുന്ന കെ.സി. എബ്രഹാം മുതലായവരായിരുന്നു കമ്മിറ്റിയിൽ ഉണ്ടായിരുന്നത്. യാഥാസ്ഥിതികനായിരുന്ന ശൂരനാട്ട് കുഞ്ഞൻപിള്ളയും, ഭാസ്കരൻ നായരും മറ്റും ലിപിപരിഷ്കരണം അത്യന്തം മിതമായി മാത്രമേ ചെയ്യാവൂ എന്നു വാദിച്ച് പല നിർദ്ദേശങ്ങളെയും തിരസ്കരിച്ചു. കൃഷ്ണവാര്യരും, കെ. സി. എബ്രഹാമും, ഒരു ഘട്ടത്തിൽ കമ്മറ്റിയിൽ ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങിയ ഈ ലേഖകനും, മുഖ്യമന്ത്രിയുമെല്ലാം പുതിയ യന്ത്രപ്രയോഗങ്ങൾക്ക് വഴങ്ങുംവിധം മാറ്റങ്ങൾ ഉണ്ടാകണമെന്നാണ് വാദിച്ചത്. എങ്കിലും കമ്മിറ്റിയുടെ അദ്ധ്യക്ഷനായിരുന്ന ശൂരനാടനെ തള്ളിപ്പറയുവാൻ കഴിയുമായിരുന്നില്ല. രണ്ട് മൂന്ന് സ്വരവ്യഞ്ജന സംയോഗങ്ങളിൽ മാറ്റം വരുത്താൻ കഴിഞ്ഞു എന്നത് കമ്മിറ്റിയുടെ നേട്ടമാണ്. പ്രത്യേകിച്ചും ഉ ഊ എന്നീ സ്വരചിഹ്നങ്ങൾ വ്യഞ്ജനത്തിൽ നിന്നെടുത്തുമാറ്റി പ്രത്യേക സ്വരചിഹ്നങ്ങൾ നിർദ്ദേശിച്ചതാണ് വലിയൊരു നേട്ടം. ു, ൂ എന്നീ ചിഹ്നങ്ങൾ വ്യഞ്ജനത്തിനു ശേഷം ചേർക്കുകയുണ്ടായിരുന്നു ഈ പരിഷ്കാരം. ലിപികളുടെ പട്ടികയിൽ കുറേയേറെ കുറവ് വരുത്താൻ ഇതുകൊണ്ട് സാധിച്ചു. അതുപോലെ തന്നെ റ കാരം ചേർക്കുന്നതും റ കാരം ക്ര , ഭ്രാന്ത് എന്നിവയിലെപോലെ വ്യഞ്ജനത്തോട് ഘടിപ്പിക്കുന്നതിനു പകരം വ്യഞ്ജനം കഴിഞ്ഞ് ചെറിയൊരു കുനിപ്പോടുകൂടി റ കാരം എഴുതിയാൽ മതിയെന്നായിരുന്നു നിർദ്ദേശം. പക്ഷേ ശൂരനാടനും കൂട്ടരും ഇതംഗീകരിച്ചില്ല. അതിനു പകരം റ കാരം വ്യഞ്ജനത്തിൽ നിന്നടർത്തി വ്യഞ്ജനത്തിന്റെ മുമ്പിൽ റ കാരം മുകളിൽ നിന്നും കീഴോട്ട് എന്ന നിലയിൽ ചേർത്താൽ മതിയെന്നായിരുന്നു തീരുമാനം. ഇത് ടൈപ്പ് ചെയ്യുന്നവർക്ക് വിഷമം സൃഷ്ടിക്കും. വ്യഞ്ജനത്തിനു മുമ്പ് ചേർക്കുന്ന എല്ലാ സ്വരചിഹ്നങ്ങളും അങ്ങനെ വിഷമം സൃഷ്ടിക്കുന്നതാണ്. ടൈപ്പ് റൈറ്ററിലെ ഡെഡ് കീ (അച്ചടിച്ചശേഷം സ്പെയ്സ് വിടാത്ത തരത്തിലുള്ള കീ)യുടെ പ്രയോഗം സുകരമല്ല.

1968 ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിച്ചപ്പോൾ എൻ.വി. കൃഷ്ണവാര്യരായിരുന്നു അതിന്റെ ഡയറക്ടർ. അദ്ദേഹവും ചില പരിഷ്കാരങ്ങൾ വരുത്തി. സംസ്കൃതത്തിലെ ധർമ്മം, അദ്ധ്യാപകൻ, അദ്ധ്യായം, അർപ്പണം, കൽക്കണ്ടം മുതലായവയിൽ ചില്ലിനു ശേഷം ഇരട്ടിപ്പ് വേണ്ട എന്നും അദ്ധ്യാപകൻ വിദ്യാർത്ഥി എന്നിവയിലെ ഇരട്ടിപ്പുകൾ സംസ്കൃതത്തിൽ ഇല്ലാതിരിക്കുമ്പോൾ അതേ പദങ്ങൾ മലയാളത്തിൽ എഴുതുമ്പോൾ എന്തിനാണ് ഇരട്ടിപ്പ് എന്നും അദ്ദേഹം ചോദിച്ചു. ചില്ലുകൾക്ക് ശേഷം വരുന്ന ഖരാക്ഷരങ്ങൾക്കും ഘോഷങ്ങൾക്കും ഇരട്ടിപ്പ് ആവശ്യമില്ല. അവയുടെ ഉച്ചാരണത്തിൽ തന്നെ ആ ഇരട്ടിപ്പ് വന്നുകൊള്ളും. തൽക്കാലത്തിലെ ക സ്വയം ഉച്ചാരണത്തിൽ ഇരട്ടിച്ചുകൊള്ളുമെങ്കിലും പുലർകാലം മുതലായ മറ്റു ചിലവയിലെ ക കാരം പോലെ ചിലവ ഇരട്ടിക്കുകയില്ല എന്ന കാര്യം അറിഞ്ഞിരിക്കണമെന്നു മാത്രം.

ഇക്കാലത്തെ തന്നെ പത്രങ്ങളിലെ പ്രയോഗങ്ങൾക്കും മാറ്റം വന്നുകൊണ്ടിരുന്നു. നിദാന്ത വന്ദ്യ ദിവ്യ ശ്രീ നിരണം മെത്രാപ്പൊലീത്ത മാർ പൗലോസ് മാർ ഗ്രിഗോറിയോസ് എന്നുള്ള വിശേഷണ പദപ്രയോഗങ്ങളുടെ ബാഹുല്യം വേണ്ടന്നു വച്ചതാണ് ഈ പരിഷ്കരണത്തിൽ ഒന്ന്. ഇപ്പോൾ നിരണം മെത്രാപ്പൊലീത്ത എന്ന വിശേഷണം മാത്രമേ ആവശ്യമുള്ളൂ എന്നു വന്നിരിക്കുന്നു. അങ്ങനെ തന്നെ രാജമാന്യ രാജശ്രീ ശ്രീമാൻ, ശ്രീമതി, സഖാവ് തുടങ്ങിയ വിശേഷണങ്ങളും വർത്തമാനപത്രത്തിന്റെ പാഠഭാഗങ്ങളിൽ വളരെ ചുരുക്കമായേ ഉപയോഗിക്കാറുള്ളു. ചിലർ അത് വിട്ടുകളയുകയും ചെയ്യുന്നു എന്നത് സ്വാഗതാർഹമായ ഒരു മാറ്റമാണ്. ചട്ടമ്പിസ്വാമിയ്ക്ക് കൾ എന്ന ഒരു പൂജക ബഹുവചനം ചേർത്താൽ മതിയെന്നിരിക്കെ വിദ്യാധിരാജാധിരാജ ചട്ടമ്പി സ്വാമി തിരുവടികൾ എന്നും മറ്റും വലിച്ചു നീട്ടിയെഴുതുന്നതുകൊണ്ട് സ്വാമികളോടുള്ള ബഹുമതി വർദ്ധിക്കുന്നതിനു പകരം വാചാടോപം കൊണ്ടുള്ള നീരസം വർദ്ധിപ്പിക്കുകയേ ഉള്ളൂ.

വർത്തമാനപത്രങ്ങൾ ഇത്തരം സ്വാഗതാർഹമായ കാര്യങ്ങൾ ചെയ്ത് ഭാഷയുടെ ജനകീയതയെയും ലാളിത്യത്തെയും വളർത്തി അതിന്റെ സംവേദനക്ഷമതയും സൗന്ദര്യവും വർദ്ധിപ്പിക്കുന്നുണ്ട്. അതേ സമയം അവർ മലയാള ഭാഷയെ തരം താഴ്ത്തുകയും ആവശ്യമില്ലാത്തിടത്ത് പോലും ഇംഗ്ലീഷ് പദപ്രയോഗങ്ങൾ തിരുകി കയറ്റുകയും ചെയ്യുന്നു എന്നത് പറയാതിരിക്കാൻ വയ്യ. പത്രങ്ങളേക്കാൾ കൂടുതൽ ഈ ആംഗല ഭാഷ പ്രേമം മലയാളത്തെ വികൃതമാക്കുന്നത് ടെലിവിഷൻ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളിലാണ്. അവർക്ക് പോയിന്റും കൗണ്ടർ പോയിന്റും ന്യൂസ് ടൈമും, ന്യൂസ് അറ്റ് സെവനും ഇന്റർവ്യൂ മുതലായ ഇംഗ്ലീഷ് പദങ്ങളും പറഞ്ഞതുകൊണ്ട് തൃപ്തിവരാതെ അവർ ഇംഗ്ലീഷ് ലിപിയിൽ തന്നെ അവ എഴുതി പിടിപ്പിക്കുന്നു. കായിക വിനോദങ്ങളുടെ കാര്യത്തിൽ ഇന്നിംഗ്സും ഹാട്രിക്കും ഒക്കെ എങ്ങനെ ഒഴിവാക്കാൻ കഴിയുമെന്നത് വിഷമം പിടിച്ച കാര്യമാണ് എന്നു സമ്മതിക്കുന്നു. ഈ ആംഗലഭാഷാ പ്രണയത്തിന്റെ ഏറ്റവും വലിയ തെളിവ് ഇംഗ്ലീഷ് മാധ്യമ വിദ്യാലയങ്ങളുടെ പെരുപ്പവും അവയിൽ കുട്ടികളെ ചേർക്കാനുള്ള രക്ഷകർത്താക്കളുടെ വെമ്പലുമാണ്. ശിശുവിദ്യാലയങ്ങൾ പോലും ഇംഗ്ലീഷ് മാധ്യമത്തിലേക്ക് തിരിഞ്ഞു തുടങ്ങിയിരിക്കുകയാണ്. മുസ്ലീങ്ങൾ 'ഇൻഷാ അല്ലാ', ഹിന്ദുക്കൾ 'ഓം', 'ഗണപതി' എന്നീ പ്രയോഗങ്ങളും, ക്രിസ്ത്യാനികൾ 'കുരിശ്' എന്നിവയെല്ലാം വിവാഹക്ഷണപത്രങ്ങളുടെ മുകളിൽ ചേർക്കുമെങ്കിലും, ഇംഗ്ലീഷിൽ കല്യാണക്കുറി എഴുതിയില്ലെങ്കിൽ അതു തങ്ങളുടെ പദവിയ്ക്ക് ക്ഷീണമാണ് എന്ന സംസ്കാരമാണ് കേരളത്തിലുള്ളത്. മുൻകാലത്ത് മേലാളന്മാരുടെയും, ഇടത്തരക്കാരുടെയും ഇടയിൽ മാത്രം നിലനിന്നിരുന്ന ഇത്തരം വികൃത സംസ്കാരവും, ധൂർത്തും ഇപ്പോൾ കല്യാണത്തിനും, സ്ത്രീധനത്തിനും കടമെടുക്കുന്ന പാവപ്പെട്ടവരുടെ ഇടയിലേക്കും പ്രചരിച്ചിരിക്കുന്നു.

**ചലച്ചിത്രവും സംസ്കാരവും**

ഒരു സമൂഹത്തിന്റെ സുഗമമായ പുരോഗതിക്കും സന്തുഷ്ടമായ നടത്തിപ്പിനും വിശ്രമവേളകൾ ആവശ്യമാണ്, അതുപോലെ തന്നെ അത്തരം വിശ്രമവേളകൾ ചിലവഴിക്കാനുള്ള ഉപാധികളും. ചരിത്രപ്രസിദ്ധമായ മൂന്ന് മെയ്ദിന ആവശ്യങ്ങളിൽപ്പെട്ടതാണ് എട്ടു മണിക്കൂർ ജോലി, എട്ടു മണിക്കൂർ വിനോദം, എട്ടു മണി

ക്കൂർ വിശ്രമം എന്ന മെയ്ദിന മുദ്രാവാക്യം. ഇതിലെ വിനോദത്തിൽ വിശ്രമവേളകൾ ഉൾപ്പെടുന്നില്ല. ഇവിടെ വിനോദം എന്നത് വിദ്യാഭ്യാസം, വായന, സുഹൃത് സന്ദർശനം, കായിക കേളികൾ, കലാപ്രകടന ആസ്വാദനങ്ങൾ മുതലായവയാണ്. പഴയകാലത്തെ ഈ വിനോദ വേളകൾ ചിലവഴിക്കാൻ ഉത്സവങ്ങൾ, പെരുന്നാളുകൾ, നാടൻ കളികൾ മുതലായവ സുലഭമായിരുന്നു. ഇന്നും കായികവിനോദങ്ങൾ സമൂഹത്തിന് ഹരം പകരുന്നവയാണ്. എന്നാൽ അത്രതന്നെ പ്രാധാന്യമർഹിക്കുന്നവയാണ് നാടകവും സിനിമയും മറ്റും. ടെലിവിഷന്റെ ആവിർഭാവത്തോടുകൂടി ഈ വിനോദങ്ങൾ കൂട്ടായി ജനങ്ങൾ അണിനിരന്ന് ആസ്വദിക്കുന്നതിനു പകരം വീടുകളിലെ ടെലിവിഷൻ മുറികളിലേക്കും റേഡിയോയിലേക്കും ചുരുങ്ങിയിട്ടുണ്ട്. എങ്കിലും വലിയ തിരശ്ശീലയിലെ ദൃശ്യകലകൾ ഇപ്പോഴും നമ്മെ ആകർഷിക്കുന്നു. ഇവയിൽ സിനിമയ്ക്ക് മലയാളക്കരയിൽ സവിശേഷ പ്രാധാന്യമുണ്ട്. ഇന്ത്യയിലെ അത്യുത്തമ ചലച്ചിത്രങ്ങളിൽ വലിയപങ്ക് ചെറിയ കേരളത്തിന്റെ വകയാണ്. ഇന്ത്യയിലെ പതിനയ്യായിരത്തോളം വരുന്ന സിനിമാശാലകളിൽ രണ്ടായിരത്തോളം കേരളത്തിലാണ്. അതായത് ഇന്ത്യൻ ജനസംഖ്യയിൽ നാല് ശതമാനം മാത്രമുള്ള കേരളീയർക്ക് ഏഴു ശതമാനത്തിലേറെ സിനിമാശാലകൾ എന്നത് പരിഗണിക്കേണ്ട ഒരു പ്രശ്നമാണ്. വാസ്തവത്തിൽ സിനിമകൾ കേരളത്തിൽ വളരെ വൈകിയാണ് വർദ്ധിക്കാനാരംഭിച്ചത്. 1947 ൽ സ്വാതന്ത്ര്യം നേടുന്ന സന്ദർഭത്തിൽ മലയാളത്തിനാകെ ഉണ്ടായിരുന്നത് മൂന്നോ നാലോ സിനിമകൾ മാത്രം. തമിഴർക്കാകട്ടെ അതിനകം തന്നെ വർഷംപ്രതി ഏഴു മുതൽ പതിമൂന്നു വരെ സിനിമകൾ ഉണ്ടാകാറുണ്ടായിരുന്നു തെലുങ്കിലും മറിച്ചായിരുന്നില്ല സ്ഥിതി. ഹിന്ദിയിൽ അതിലേറെ. ഈ സ്ഥിതിക്ക് മാറ്റം വന്നു തുടങ്ങിയത് 1950 കളിലാണ്. ചുവന്ന പതിറ്റാണ്ട് എന്ന ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്ന അമ്പതുകളിൽ തിക്കുറിശ്ശിയും പ്രേംനസീറും സത്യനും, കുമാരിയും, ഷീലയും, പി. ഭാസ്കരനും, രാമുകാര്യാട്ടും, മറ്റും രംഗത്തു വന്നതോടെ സിനിമ തഴച്ചു വളരാൻ തുടങ്ങി സുബ്രഹ്മണ്യത്തിന്റെ തിരുവനന്തപുരം മെരിലാൻഡ് സ്റ്റുഡിയോയും, കുഞ്ചാക്കോയുടെ ആലപ്പുഴയിലെ ഉദയാ സ്റ്റുഡിയോയും മറ്റും ഇക്കാലത്ത് പ്രവർത്തിക്കാൻ തുടങ്ങിയെങ്കിലും, മലയാള സിനിമയുടെ മുഖ്യആശ്രയം ചെന്നൈയിലെ കോടാമ്പക്കം തന്നെയായിരുന്നു. കേരളത്തിലെ സിനിമാക്കാർ അവിടെ കുടിയേറിപാർത്ത് സിനിമ നിർമ്മിച്ച് കേരളത്തിലേക്ക് കയറ്റുമതി ചെയ്യുകയായിരുന്നു പതിവ്. ഈ ദുരവസ്ഥ പരിഹരിക്കാൻ 1975 ൽ കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷനും, ചിത്രാഞ്ജലി സ്റ്റുഡിയോയും സർക്കാർ നേരിട്ട് സ്ഥാപിച്ചുവെങ്കിലും മലയാള സിനിമയെ ചെന്നൈയിൽ നിന്ന് കേരളത്തിലേക്ക് പറിച്ചു നടാൻ സാധിച്ചില്ല. സിനിമാക്കാർക്ക് വേണ്ട വായ്പാ സൗകര്യങ്ങളും ചെന്നെയിലായിരുന്നു കൂടുതൽ.

ഇങ്ങനെയൊക്കെ ഉള്ള പരാശ്രയം മലയാള സിനിമയുടെ രൂപഭാവങ്ങളെ തമിഴ് ചുവയുള്ളതാക്കി തീർത്തെങ്കിലും നല്ല സിനിമകൾ കേരളത്തിൽ വർദ്ധിക്കാൻ തുടങ്ങി. അങ്ങനെ 1980 കൾ ആകുമ്പോഴേക്കും പ്രതിവർഷം നൂറ്റിഅമ്പതോളം ചലച്ചിത്രങ്ങൾ മലയാളത്തിൽ ഉത്പാദിപ്പിക്കപ്പെടുംവരെ എത്തി. ഇത് ഹിന്ദി ഒഴിച്ച് ഇന്ത്യൻ ഭാഷകൾക്കൊന്നും എത്തിപ്പിടിക്കാൻ കഴിയാത്ത റെക്കാർഡ് സംഖ്യയായിരുന്നു.

ലോകത്തിലെവിടെയും എന്നപോലെ മലയാളക്കരയിലും വെറും കച്ചവട സിനിമകളും കലാസിനിമകളും ഉണ്ട്. രാമുകാര്യാട്ട്, അടൂർ ഗോപാലകൃഷ്ണൻ, അരവിന്ദൻ, ബക്കർ, എം.ടി. വാസുദേവൻ നായർ തുടങ്ങിയവർ കലാമൂല്യമുള്ള സിനിമകൾ നിർമ്മിച്ച് ദേശീയവും സാർവ്വദേശീയവുമായ പുരസ്കാരങ്ങൾ നേടിയപ്പോൾ ബോളിവുഡ് എന്ന് വിശേഷിപ്പിക്കാവുന്ന ഭൂരിപക്ഷം വ്യാപാരനിർമ്മിതികളാണ് ജനലക്ഷങ്ങളെ ആകർഷിച്ചത്. ഇവരിൽ തന്നെ ബക്കറും എം.ടിയും, കാര്യാട്ടും, ജനപ്രീതി എന്ന പോലെ കലാമൂല്യത്തിനും തുല്യത നൽകി സാർവ്വജനീന ചിത്രങ്ങൾ രചിച്ചു എന്നു പറയാം. ടെലിവിഷന്റെ വരവ് സിനിമാശാലകളിൽ പോകുന്നവരുടെ എണ്ണത്തിൽ കുറവ് വരുത്തിയതുമൂലം ഒരു വ്യവസായം എന്ന നിലയിൽ സിനിമയ്ക്ക് ഉടവ് തട്ടിയിട്ടുണ്ട്. പക്ഷേ ഒരുടവ് മാത്രം. പഴയ പ്രതിവർഷോൽപ്പാദനമായ 100120150 ൽ നിന്നും 6065 ലേക്കുള്ള കുറവ്. സംസ്ഥാന ഫിലിം ഫെസ്റ്റിവലുകളും, സാർവ്വ

ദേശീയ ഫെസ്റ്റിവലുകളും ഫിലിം സൊസൈറ്റികളുടെ പ്രവർത്തനങ്ങളും കേരളത്തിൽ മറ്റു പല സംസ്ഥാനങ്ങളെക്കാൾ സജീവവും ഫലപ്രദവുമാണ്.

മലയാള സിനിമകൾ ആദ്യകാലങ്ങളിൽ തോപ്പിൽ ഭാസി, പി. ഭാസ്കരൻ, തകഴി, ഉറൂബ് മുതലായ പ്രശസ്ത എഴുത്തുകാരുടെ കഥകളെ ഉപജീവിച്ചായിരുന്നതിനാൽ മലയാള സാഹിത്യാഭിരുചി പ്രചരിപ്പിക്കുവാനും, മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും, കഴിഞ്ഞിരുന്നു. പക്ഷേ ക്രമേണ അവ ദേശീയവും പ്രാദേശികവും ആയ സ്വഭാവങ്ങൾ ചേർന്ന് ഒരുവക കൊസ്മോപൊളിറ്റൻ കൃത്രിമ സംസ്കാരത്തിലേക്ക് (പ്രത്യേകിച്ചും ഒരു നഗരവൽകൃത ഇടത്തരക്കാരുടെ) വഴുതി നീങ്ങുകയാണ്. ഹിന്ദി സിനിമയാണ് ഈ വ്യതിയാനത്തിന് ആക്കം കൂട്ടിയത്. വസ്ത്ര ധാരണത്തിലും പെരുമാറ്റ മര്യാദയിലും മണ്ണിന്റെ മണം പോയി. പാശ്ചാത്യവും പൗരസ്ത്യവുമായ ചില രീതികൾ കടന്നുകൂടി. ഭക്ഷണശീലങ്ങളിലും അത് കാണാനുണ്ട്. ശുഭ്രവസ്ത്രധാരികളായ സ്ത്രീപുരുഷന്മാരെ ഇന്ന് കേരളത്തിൽ കാണാനില്ല. സ്ത്രീകൾക്ക് ചുരിദാറും കമീസും മതി. പുരുഷന്മാരാകട്ടെ പാന്റും കണ്ഠകൗപീനവും. കോട്ടിട്ടു ടൈ കെട്ടാതെ ടെലിവിഷനിൽ പ്രത്യക്ഷപ്പെട്ടാൽ അത് അന്തസ്സിന് കുറവാണെന്ന് ധരിച്ച് വശായിട്ടുള്ള ഒരുതരം കോസ്മോപൊളിറ്റൻമാരാണ് ടിവികൾ നടത്തുന്നത് എന്ന് തോന്നുന്നു. ഭാഷയിലും വിദ്യാഭ്യാസത്തിലും നാം പരാമർശിച്ച ആംഗലഭ്രമം എവിടേയും പ്രകടമാണ്. സ്വാതന്ത്ര്യസമരകാലത്ത് പുച്ഛിക്കപ്പെട്ടിരുന്ന ഈ കൊളോണിയൽ സംസ്കാരം ഇപ്പോൾ വർദ്ധിച്ച വീര്യത്തോടെ സമൂഹത്തെ ആക്രമിക്കുന്നതിൽ ചലച്ചിത്രങ്ങൾ മാത്രമല്ല ടിവിയും പത്രങ്ങളും വഹിക്കുന്ന പങ്കും ചെറുതല്ല.

**കമ്പ്യൂട്ടർയുഗം**

കമ്പ്യൂട്ടറും ബന്ധപ്പെട്ട ഇന്റർനെറ്റ് മുതലായവയും ഭാഷാ പ്രയോഗത്തിലും ഘടനയിലും പുതിയ വെല്ലുവിളികൾ ഉയർത്തുകയാണ്. മലയാളത്തിൽ കമ്പ്യൂട്ടർ മുഖേന ഡി.റ്റി.പി.യും മറ്റും ചെയ്യാമെങ്കിലും ഇപ്പോഴും കമ്പ്യൂട്ടറിന്റെ അടിസ്ഥാന പ്രയോഗങ്ങൾ കമാൻഡ് കൊടുക്കുക-മുതലായവ ഇംഗ്ലീഷിൽ തന്നെയാണ് നിർവ്വഹിക്കപ്പെടുന്നത്. ഹിന്ദി, ബംഗാളി, തമിഴ് മുതലായ ഭാഷകളിൽ പോലും ഈ ഇംഗ്ലീഷ് ആശ്രയത്വം ഇല്ലെന്നിരിക്കെ മലയാളത്തിൽ എന്തിനാണ് ഈ പരാശ്രയത്വം തുടരുന്നത്?

കമ്പ്യൂട്ടറിന് അക്ഷരവിന്യാസത്തെക്കുറിച്ച് എല്ലാ ഭാഷകൾക്കും ബാധകമായ യൂണികോർഡ് എന്നൊരു വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ പരിശോധിച്ച് തമിഴിലും ഹിന്ദിയിലും ഒക്കെപോലെ മലയാളവും ഈ വ്യവസ്ഥയ്ക്ക് വിധേയമായി പ്രവർത്തിക്കേണ്ടതാണ്. ഇതിനായി ആറേഴ് വർഷം മുമ്പു തന്നെ ഒരു കമ്പനിയെ സംസ്ഥാന സർക്കാർ നിയമിക്കുകയും അവർ ശുപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ അതംഗീകരിക്കുകയും യൂണികോർഡ് അധികൃതരുമായി അതു സംബന്ധിച്ച് എഴുത്തുകുത്ത് നടത്തിക്കൊണ്ടിരിക്കുകയുമാണ്. എന്നാൽ ആ പ്രക്രിയ വളരെ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. വർഷങ്ങൾ കഴിഞ്ഞുപോയിട്ടും അത് ആരുടെയൊക്കെയോ ഫയലിൽ കെട്ടികിടക്കുകയാണ്. അതിൽ ഒരു തർക്കവിഷയമായി വന്നത് **ഩ** എന്ന ലിപി മലയാള അക്ഷരമാലയിൽ നിലനിർത്തേണ്ടതുണ്ടോ എന്നതാണ്. **ഩ** എന്നത് ഇപ്പോൾ ഒരു വാക്കിൽ മാത്രമേ മലയാളത്തിൽ പ്രയോഗിക്കുന്നുള്ളു. ക്ലപ്തം എന്ന വാക്കിൽ മാത്രമാണ്. അത് വാസ്തവത്തിൽ ക്ലാവ് എന്നതിലെ ക്ല യ്ക്ക് വള്ളിയിട്ട് ക്ലിപ്തം എന്നാക്കിയാൽ ഒരു തകരാറുമില്ല. കമ്പ്യൂട്ടർ ചർച്ചയിൽ വന്ന മറ്റൊരു തർക്കം നേരത്തെ നാം ചർച്ച ചെയ്തപോലെ സ്വരവ്യഞ്ജനങ്ങൾ പലതും അടർത്തി എടുക്കേണ്ട കാര്യം കമ്പ്യൂട്ടറിന് ഇല്ലെന്നും അതിനാൽ പഴയ സമ്പ്രദായത്തിലേക്ക് പോയാൽ തെറ്റൊന്നുമില്ല എന്നുമാണ്. ഈ വാദത്തിൽ അല്പം ശരിയുണ്ടെങ്കിലും പൊതുവേ ലിപികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന നിർദ്ദേശം അസ്വീകാര്യമാണ്. ഭാഷയുടെ പുരോഗതിക്ക് ലിപി ബാഹുല്യം സഹായകരമല്ല.

എന്നാൽ മറ്റു ചില യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കേണ്ട കാര്യം കൂടുതൽ ചർച്ചയ്ക്ക് വിധേയമാകണം. ഉദാഹരണത്തിന് പന യിലെ ന യും നായ യിലെ ന യും വ്യത്യസ്ഥമായ ഉച്ചാരണങ്ങളുള്ള അക്ഷരങ്ങളാണെങ്കിലും അവയ്ക്കിപ്പോൾ ഒരേ ലിപിയാണ് രണ്ടിനും ഉപയോ

ഗിക്കുന്നത്. അതുപോലെ ട യും റ്റ യും വേർതിരിച്ചു കാണിക്കാൻ ഒരു വ്യവസ്ഥ വേണം. മുൻപ് ടി.കെ. ജോസഫ് എന്നൊരു പണ്ഡിതൻ റ്റ യ്ക്ക് ശ കുനിപ്പുള്ള ഭാഗം കുത്തിനിർത്തിയാൽ മതിയെന്ന് വാദിക്കുകയുണ്ടായി. എല്ലാവരും പ്രൊഫസർ ടി.കെ. ജോസഫിനെ ശി.കെ. ജോസഫ് എന്നു പറഞ്ഞ് കളിയാക്കിയതല്ലാതെ ഫലമൊന്നും ഉണ്ടായില്ല.

ഇതുപോലെ തന്നെയാണ് ചില വാക്കുകളുടെ പ്രശ്നവും. ഇംഗ്ലീഷിലെ സ്പെല്ലിംഗിനെ പരുക്കനായി ഉപയോഗിച്ച് യഥാർത്ഥ പേരിനെ വികൃതമാക്കുന്ന ഏർപ്പാടാണിത്. അങ്ങനെ തുർക്കിയെ ടർക്കിയായും ദില്ലിയെ ഡൽഹിയായും മറ്റും മാറ്റിയെഴുതി വികൃതമാക്കുന്ന സമ്പ്രദായം പരിഹരിക്കാൻ സർക്കാരും പ്രസാധകരും അച്ചുകൂടക്കാരും സാഹിത്യ അക്കാദമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുതലായവയും ചേർന്ന് ഒരു ശൈലീ പുസ്തകം തയ്യാറാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

**ഭാഷ, സംസ്കാരം, സ്വാതന്ത്ര്യം**

മെച്ചപ്പെട്ട പ്രഹരശക്തിയുള്ള ഒരു സൈന്യത്തിന് ഒരു രാജ്യം തന്നെ പിടിച്ചടക്കി ആധിപത്യം സ്ഥാപിക്കാൻ കഴിഞ്ഞേക്കും. എന്നാൽ ആധിപത്യം നിലനിറുത്താനും സുസ്ഥിരമായ ഭരണം സ്ഥാപിക്കാനും സൈനികാധികാര്യം മാത്രം പോര. അതിന് അധികാര ശക്തിക്ക് ആവശ്യങ്ങൾക്കുതകുന്ന ഒരു സംസ്കാര വും, ആ സംസ്കാരത്തിന്റെ വാഹനമായ ഒരു ഭാഷയും കൂടിയേ കഴിയൂ. ആര്യന്മാർ വന്നപ്പോൾ സംസ്കൃതവും, മുഗളന്മാർ എത്തിയപ്പോൾ പേർഷ്യനും, ബ്രിട്ടീഷുകാർ ഇംഗ്ലീഷും പ്രചരിപ്പിച്ചത് അങ്ങിനെയാണ്. ഇപ്പോഴും ഇംഗ്ലീഷ് ഭാഷ തുടരുന്നത് പഴയ ആധിപത്യത്തിന്റെ തുടർച്ചയാണ്. പ്രശസ്ത എഴുത്തുകാരി ഗൗരി വിശ്വനാഥന്റെ പദപ്രയോഗം അനുസരിച്ച് 'The mask of Power'.' (അങ്ങിനെയാണ് അവരുടെ പുസ്തകത്തിന്റെ പേര്).

ഭാഷ ആശയവിനിമയോപാധി എന്ന നിലയിൽ പ്രവർത്തിക്കുന്ന ഒരു നിഷ്പക്ഷ മാധ്യമമല്ല. സമൂഹത്തിലെ അധികാരഘടനയെ പ്രതിബിംബിക്കുകയും അതിനെ നിലനിറുത്തുകയും സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ അനുസരിച്ചുള്ള അർത്ഥവ്യവസ്ഥകളോടുകൂടിയതുമാണ്. ഉൽകൃഷ്ട ഭാഷ എന്നത് പൂണൂൽകാരായ ത്രൈവർണ്ണികരുടെയാണെന്നും കീഴാളരുടേത് അപകൃഷ്ട ഭാഷ യാണെന്നും തന്നെ നൂറ്റാണ്ടുകൾക്ക് മുമ്പു ലീലാതിലകക്കാരൻ വിധിച്ചിട്ടുള്ളത് ഓർക്കുക. അടിയനും ഭടനും ഞാനും നാമും എല്ലാം ഉത്തമ പുരുഷൻ തന്നെ. അതുപോലെ നീയും നിങ്ങളും താങ്കളും അവിടന്നും ദ്വിതീയ പുരുഷവചനങ്ങൾ തന്നെ. വ്യത്യാസം സംസാരിക്കുന്നവരുടെ സാമൂഹ്യപദവിയിലുള്ളതു മാത്രം.

ഇക്കാര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് വേണം മാതൃഭാഷകളുടെ അപചയത്തെയും അധഃസ്ഥിതിയേയും അതിനോടുള്ള അവജ്ഞയെയും കണക്കിലെടുക്കാൻ. ഭാഷയുടെ പദവി താഴ്ത്തിക്കെട്ടുകയും മേലാളരുടെ ഭാഷാ പ്രയോഗങ്ങൾ തിരുകക്കയറ്റുകയും ചെയ്യുന്നവർ നമ്മുടെ സ്വാതന്ത്ര്യത്തേയും തനിക്കുതാൻ പോരിമയേയും സ്വയം താഴ്ത്തി കെട്ടുകയാണ്. ആരും സൈന്യവുമായി ആക്രമിക്കുവാൻ വരുന്നതിനു മുമ്പ് തന്നെ സ്വയം സ്വാതന്ത്ര്യം അവരുടെ കാൽക്കൽ അർപ്പിക്കുന്ന മാനസികമായ അടിമത്തം.

മലയാളിയുടെ ഭാഷയും സംസ്കാരവും ഈ അപഥ സഞ്ചാരത്തിലേക്ക് നീങ്ങുന്ന കാഴ്ച ഭയാനകമാണ്. സംഘടിതവും സ്വാഗതാർഹവുമായ പൊതുജനാഭിപ്രായത്തിന്റെ പിൻബലത്തോടെ ഈ ദുരവസ്ഥ ദൂരീകരിക്കാൻ നടപടികൾ ഉണ്ടാകണം. ഭരണരംഗത്തും വിദ്യാഭ്യാസ മേഖലയിലും സാമൂഹ്യ വ്യവസ്ഥയിലും മാധ്യമശൈലിയിലും ഈ നടപടി കൂടിയേ തീരൂ. സ്വകാര്യ സംഭാഷണത്തിൽ പോലും.

# കൃഷിയും അനുബന്ധ മേഖലകളും

# കാർഷിക ഉല്പന്ന വൈവിദ്ധ്യവൽക്കരണം

സി.കെ.പി. പത്മനാഭൻ

കേരളത്തിന്റെ ആഭ്യന്തര വരുമാനതോത് വർദ്ധിപ്പിക്കാൻ കാർഷിക മേഖലയിൽ സ്വീകരിക്കേണ്ട അവശ്യ ഘടകമാണ് ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെ മൂല്യവർദ്ധനവ് നേടി കേരളത്തിന്റെ തൊഴിലവസരവും, വരുമാനവർദ്ധനവും നേടിയെടുക്കുക എന്നത്.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളീയ കാർഷികവിളകൾക്ക് മറ്റ് എല്ലാ സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ വിളകളുടെ പ്രത്യേകത ഉണ്ട്. കാർഷിക വിളകളുടെ 80 ശതമാനത്തോളം സസ്യവിളകൾ എന്നതും. ഈ നാണ്യവിളകളാകെ വിവിധതരത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളായി ലോകകമ്പോളത്തിലെ പ്രധാനമാർക്കറ്റിൽ ഇടം നേടിയതുമാണ്.

പക്ഷെ കേരളീയ കാർഷിക ഉല്പന്നം ഭൂരിപക്ഷവും വിളവെടുപ്പിനെ തുടർന്നു അതേ രൂപത്തിൽ തന്നെ കയറ്റിപോകുന്നതാണ് കേരള കാർഷിക പ്രതിസന്ധിയ്ക്കുള്ള കാരണങ്ങളിൽ ഒന്ന്.

മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ സംസ്കരണകേന്ദ്രം കേരളത്തിൽ വലിയ തോതിൽ ഇല്ലാത്തതിനാൽ ഉല്പന്ന വിലയിടിച്ചു ഇതേ ഉല്പന്നം കൂലി കുറവുള്ള സംസ്ഥാനത്തിൽ ക്കൊണ്ടു പോയി മൂല്യവർദ്ധിത ഉല്പന്നമാകുന്നതോടെ, അതുവഴിയും കാർഷികമേഖലയെ നഗ്നമായ ചൂഷണം ചെയ്യുകയാണ്. ഇന്നത്തെ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന എല്ലാ കാർഷികവിളകളും വിവിധ തട്ടുകളിൽ സംസ്കരണത്തിനു വിധേയമാകുന്നുണ്ട്. ചിലതൊക്കെ മൂല്യവർദ്ധനയോടുകൂടിയാണ് കയറ്റി പോകുന്നത്. ഈ രംഗത്ത് കേരളത്തിന്റെ കാർഷികവിളകളിൽ കേരളം കൈവരിച്ച ശാസ്ത്രീയ പരീക്ഷണങ്ങൾ പോലും കേരളത്തിൽ പ്രയോഗിക്കാൻ കഴിയുന്നില്ല.

കേരളത്തിന്റെ അരിയുടെ അവശ്യകതയിൽ 20% മാത്രമാണ് നെല്ലായി ഉല്പാദിപ്പിക്കുന്നത് ഈ നെല്ല് അയൽ സംസ്ഥാനങ്ങളിൽപോയി സംസ്ക്കരിക്കുന്ന സ്ഥിതി ഇന്നും തുടരുകയാണ്. സംഭരണ നത്തിൽ 14 രൂപ വില ലഭിച്ചതോടെ സംസ്ഥാന സർക്കാർ സംഭരണ ഏജൻസിപോലും പുറത്തുകൊണ്ടുപോയി സംസ്ക്കരിക്കുന്നത് തടയണം. നെല്ല് ഉല്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽ സഹകരണ സംഘങ്ങൾ സംഭരിക്കുകയും ആവശ്യക്കാർക്ക് അരി മാർക്കറ്റ് വിലയിലും കുറച്ച് നൽകിയാൽ തന്നെ ലാഭകരമായിക്കൊണ്ടു പോകാൻ കഴിയും.

നെല്ല് ഉല്പാദനത്തിൽ ഔഷധവീര്യമുള്ള നെല്ലിനങ്ങൾ അരിയാക്കിയും അവിൽ ആ ക്കിയും വില്പന ചെയ്താൽ വില കൂടും എന്നത് മാത്രമല്ല അത്തരം നെല്ലിന്റെ തവിടിനു പോലും ഡിമാന്റുണ്ട്.പൊതുവെ നെല്ല് സംസ്ക്കരണത്തിൽ തവിടിൽ നിന്ന് എണ്ണയും ഉമി കത്തിച്ച് ഇന്ധനവും ഉല്പാദിപ്പിക്കുന്ന രീതി വന്നാൽ നെല്ല് ഉല്പാദനത്തിൽ ഒട്ടേറെ സ്വയം പര്യാപ്തത കൈവരിക്കാൻ കേരളത്തിനു സാധിക്കും.ഉല്പാദനക്ഷമത കൈവരിച്ച് 20%, 40% ആക്കിയും ഇരു വിളയാക്കി 40%, 80% മാക്കിയും സ്വയം പര്യാപ്തത കൈവരിക്കാൻ നമുക്ക് സാധിക്കും.

പയർ ഉല്പന്നങ്ങൾ മുഴുവനും ഇറക്കുമതി ചെയ്യുകയാണ്. 3000 ടൺ ഉല്പാദിപ്പിക്കു ന്നെങ്കിലും സ്കൂൾ കുട്ടികൾക്ക് കഞ്ഞി നൽകുന്ന

തിനുപോലും ഇത് തികയാതിരിക്കേ കൊയ്ത്തു കഴിഞ്ഞ പാടത്ത് പയർ കൃഷി സ്കൂളുകളെ കൂടി പങ്കെടുപ്പിച്ചു നടത്തിയാൽ ക്ഷമത വർദ്ധിപ്പിച്ച് കേരളത്തിലെ വരുമാനം കൂട്ടാം.

കുരുമുളകിൽ കേരളീയ ഉല്പന്നങ്ങളോടു എരിവിലും മണത്തിലും ഗുണത്തിലും കിടപിടി ക്കാൻ ആർക്കും സാധിക്കില്ല എന്ന് ശാസ്ത്രം പറയുന്നു. കുരുമുളകിൽ നിന്നും വിവിധ ഉല്പന്നം ഉണ്ടാക്കുമ്പോൾ എങ്ങനെ ഉണ്ടാക്കണമെന്ന് കണ്ടുപിടിച്ചതു കേരളത്തിലെ ശാസ്ത്രകാരന്മാരാണ്. കേരളത്തിലെ ഉല്പന്നം നാമസൂചിക നൽകി സംസ്ഥാനതല ഉല്പന്നമാക്കി മാർക്കറ്റിലൂടെ സംഭരിച്ച് വിപുലമായ സംസ്ക്കരണ മേഖല സൃഷ്ടിച്ചാൽ ലോകത്തിന്റെ മാർക്കറ്റ് നേടാൻ സാധിക്കും. ഇന്ത്യയിലെ പല സംസ്ഥാനത്തിനും പ്രത്യേക ഉല്പന്ന കുത്തക ഉള്ളപ്പോൾ കേരളത്തിനു കൈവരിക്കാൻ കഴിയുന്ന ഉല്പന്നങ്ങളിൽ ഒന്നാണ് കുരുമുളക്. 5000 ടൺ കുരുമുളക് കേരളം നൽകുന്നു.

ഇഞ്ചിയുടെ ഉല്പാദനത്തിൽ കേരളം പടിപടിയായി വളർച്ചയിലാണ്. മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കാനും ഇതു സഹായിക്കും. ഇഞ്ചി വ്യാവസായിക ഉല്പന്നമായി മാറിയതോടെ പൊതുമേഖലയിൽ വ്യവസായ സംരംഭം തുടങ്ങിയാൽ ഇതിനെ നല്ലതുപോലെ വികസിപ്പിക്കാൻ സാധിക്കും. 23000 ടൺ ഇഞ്ചി കേരളം നൽകുന്നു.

മഞ്ഞൾ കൃഷിയിൽ കറിപൗഡർ നിർമ്മാണ രംഗത്ത് റയ്ഡ്കോ പോലുള്ള സ്ഥാപനമു ണ്ടെങ്കിലും മഞ്ഞളിന് അന്യസംസ്ഥാനത്തെയാണ് ആശ്രയിക്കുന്നത്. വിത്ത് നൽകി സ്വീകരിക്കുന്ന രീതി സംസ്ക്കരണ സ്ഥാപനം സ്വീകരിക്കണം. കുടുംബശ്രീയെ ഉപയോഗപ്പെടുത്തിയാൽ മണ്ണിന്റെ കീടബാധവരെ പരിഹരിക്കാൻ കഴിയുന്ന ഉല്പന്നമായി മഞ്ഞൾ കൃഷിയെ മാറ്റാം. 6000 ടൺ മഞ്ഞൾ കേരളം നൽകുന്നുണ്ട്.

ഏലത്തിന്റെ വിശ്വാസ്യത തകരുന്ന നിലയിൽ കീടനാശിനി പ്രയോഗം മാറിയിട്ടുണ്ടെങ്കിലും എലക്കായ് വിപണനത്തിനുപകരം ഏലത്തിന്റെ സംസ്കരിച്ച രൂപം വിപണനം ചെയ്യുകയും വിപണി വിലയിൽ ലഭിക്കുന്ന മിച്ചം ഉല്പാദകന് നൽകുന്ന നില കൂടി വരികയും ചെയ്താൽ വമ്പിച്ച കൂട്ടുസംരംഭമായി ഏലം ഉല്പാദന-സംസ്ക്കരണം മാറ്റാൻ സാധിക്കും. ആഭ്യന്തര വിപണി തന്നെ ഉപയോഗിച്ച് കേരളത്തിന്റെ ഏഉജ യിൽ വമ്പിച്ച മാറ്റം ഉണ്ടാക്കാം. ഇന്ന് 90000 ടൺ ഏലം കേരളം നൽകുന്നുണ്ട്.

കാർഷിക വിളകളിൽ കർഷകനു ശാപമായി തീർത്ത വിളയായി അടുത്ത കാലത്ത് അടക്ക മാറി. ഈ കൃഷിയെ പ്രോത്സാഹിപ്പിച്ച കേന്ദ്ര സർക്കാരും മുന്നിട്ടിറങ്ങുന്നില്ല. നല്ല വില കിട്ടിയാൽ തെങ്ങിൽ നിന്നും കിട്ടുന്നതിനെക്കാൾ വരുമാനം കമുകിൽ നിന്നും ലഭിക്കുകയും ചെയ്യും. പക്ഷെ വൈവിദ്ധ്യവൽക്കരണം താല്പര്യ പൂർവ്വം നടക്കാത്തതിനാൽ വിലയിടിക്കാൻ മുതലാളിമാർക്ക് സാധിക്കുന്നു. മൂപ്പ് എത്താത്ത അടക്കയിൽ നിന്നും മദ്യം ഉല്പാദിപ്പിക്കാമെന്ന കണ്ടുപിടുത്തം പ്രാവർത്തികമാക്കിയാൽ കേരളം മദ്യവിപണിയിൽ സ്ഥാനം പിടിക്കും. മറ്റ് ഉപോല്പന്നങ്ങൾ ഉണ്ടാക്കാം. കവുങ്ങും പാളയും സംസ്കരിച്ചാൽ വരുമാനം കൂട്ടാൻ സാധിക്കും. അടയ്ക്ക ഇന്നത്തെ വിളവ് 1,25,000 ടൺ വരും.

ഏത്തവാഴ ഉൽപ്പാദനം നെൽവയൽ വിസ്തൃതി കുറക്കുന്നെങ്കിലും കേരളത്തിൽ കർഷക താല്പര്യം യുവാക്കളിൽ വളർത്തുന്ന ഉൽപാദന മേഖലയായി നേന്ത്രവാഴകൃഷ് മാറിയിട്ടുണ്ട്. മറ്റ് വെളി മാർക്കറ്റിന്റെ ആവശ്യകത അറിയുന്ന കലണ്ടർ രീതി ഇല്ലാത്തതിനാൽ ചിലപ്പോൾ വില ഇടിയുന്നെങ്കിലും വേണ്ടത്ര സംസ്കരണങ്ങളും രംഗത്ത് നടക്കുന്നില്ല. ഏത്തവാഴ കേരളത്തിന്റെ കുത്തക തന്നെയാണ്. ഭൂരിപക്ഷവും ബോംബെയിലേയ്ക്ക് കയറ്റിപോകുമ്പോൾ വ്യത്യസ്ത ഉൽപ്പന്നമുണ്ടാക്കി ലോകകമ്പോളത്തെ സ്വാധീനിക്കാൻ നമുക്ക് സാധിക്കും. 4 ലക്ഷം ടൺ ഏത്തക്ക കേരളം ഉൽപ്പാദിപ്പിക്കുന്നു. ചെറുപഴം ഉല്പന്നങ്ങളുടെ കേരളത്തിന്റെ ആവശ്യം തമിഴ്നാടാണ് നിർവ്വഹിക്കുന്നത്. കേരളത്തിലെ അനായാസമായ മറ്റും പരിസരങ്ങൾ ഉപയോഗപ്പെടുത്തി കുടുംബശ്രീ ഈ രംഗത്തേയ്ക്ക് വന്നാൽ പറ്റാവുന്ന എല്ലാ വീടുകളിലും നാട്ടുവാഴയും, അതോടൊപ്പം ഇലവാഴയും വച്ച് ഇലവെട്ടുന്ന രീതി സ്വീകരിച്ചാൽ വർദ്ധിച്ച വരുമാനം കേരളീയ

ഗ്രാമങ്ങൾക്കുണ്ടാകും. കല്യാണമാസങ്ങളെ അടിസ്ഥാനമാക്കി ഇലവിതരണച്ചുമതല കുടുംബശ്രീ ഏറ്റെടുത്താൽ മുടങ്ങാതെ ഇല നൽകുന്നതിലൂടെ പ്രതിദിനം 4000-5000 രൂപ വരുമാനമുണ്ടാക്കാൻ സാധിക്കും.

കശുവണ്ടി ഉൽപ്പാദനത്തിൽ കേരളം പുറകോട്ടുപോകുന്നതിന് കാരണം ഇതേ മണ്ണിൽ ഉൽപ്പാദിപ്പിക്കാൻ പറ്റുന്ന റബ്ബറിന്റെ വരവോടെയാണ്. കശുവണ്ടിയിലൂടെ വരുമാനം വർദ്ധിക്കണമെങ്കിൽ കശുമാങ്ങ കൂടി സംസ്കരിക്കുന്ന രീതി വരണം. 160 അണ്ടി വരെ ഉപയോഗിച്ചാണ് 1 കിലോ കശുവണ്ടി ഉണ്ടാക്കുന്നത്. ഇതോടൊപ്പം 160 മാങ്ങയും ഉണ്ടാകുന്നതാണ്. ഈ പഴം പൂർണ്ണമായ നഷ്ടമാണ്. മദ്യം ഉൽപ്പാദനത്തിന് ഏറെ നല്ല ഉൽപ്പന്നമാണെന്ന് നാടൻ ഗവേഷണത്തിലൂടെ തെളിയിക്കപ്പെട്ടതാണ്. 160 മാങ്ങ സമം എട്ട് കിലോ എന്ന് കണക്കാക്കിയാൽ കിലോ 5 രൂപ വച്ച് 40 രൂപയും കശുവണ്ടിക്ക് 55 രൂപയോടും കൂടി 100 രൂപയോളം വരുമാനം ലഭിക്കും. കശുവണ്ടിയുടെ മൂല്യവർദ്ധനവിൽ ലോകമാർക്കറ്റിൽ ഇടം നേടുന്ന കശുവണ്ടിക്ക് കൂടുതൽ ഉൽപ്പാദനം നടക്കും. 40,000 ടൺ കേരളം സംഭാവന നൽകുന്നു.

മരച്ചീനിയുടെ തിരിച്ചുവരവ് വയലിനെ അടിസ്ഥാനമാക്കി ഇന്നുണ്ട്. ഉൽപ്പാദനക്ഷമതയിലും മോശമല്ല. മരച്ചീനിയിലൂടെ വ്യത്യസ്ത ഉൽപ്പന്നം ഉണ്ടാക്കി വിപണി കീഴടക്കാനും സാധിക്കും എന്നതിന്റെ തെളിവാണ് ഉരുളക്കിഴങ്ങിൽ വരുന്ന തിരിവ് ഉപയോഗിച്ച് അരച്ച് ഉണ്ടാക്കുന്ന ചിപ്സ്. അതിപ്പോൾ കേരള കമ്പോളം കീഴടക്കി. നമുക്ക് വഴിയോരത്തുണ്ടാക്കുന്ന ചിപ്സിൽ അഭയം തേടേണ്ടി വരുന്നത് മാറ്റേണ്ടതുണ്ട്. മരച്ചീനി ഇലയിൽ നിന്ന് ഏറ്റവും നല്ല ജൈവ കീടനാശിനി വന്നെത്തിയതോടെ കൂടുതൽ വരുമാനസാദ്ധ്യത ഇലയിൽ നിന്നും ലഭിക്കും. ബംഗ്ലാദേശിൽ പട്ടുനൂൽപുഴു വളർത്തലിൽ മരച്ചീനി ഇലതീനി വളർത്തിയ രീതിയും പരീക്ഷിക്കപ്പെടാവുന്നതാണ്. 27 ലക്ഷം ടൺ കേരളം സംഭാവന ചെയ്യുന്നു.

നാളികേരം ഭൂരിപക്ഷവും കൊപ്രയായി കയറ്റി പോകുകയും ഇളനീർ (കരിക്ക്) ഇറക്കുമതി ചെയ്യുകയും ചെയ്യുന്നവരാണ് നമ്മൾ. ഏറ്റവും നല്ല വില ഇന്ന് കരിക്കിനാണ് ലഭിക്കുന്നത്. കരിക്ക് നൽകുമ്പോൾ 10 രൂപ കർഷകനു ലഭിക്കുന്ന സ്ഥിതി ഉണ്ടാക്കുന്ന രീതി കേരളത്തിൽ ചില സ്ഥലത്ത് നടപ്പാക്കി. സ്കൂൾകുട്ടികൾക്ക് ആഴ്ചയിൽ രണ്ട് കരിക്ക് നൽകുന്ന രീതി പി.ടി.എ. നേതൃത്വത്തിൽ നടപ്പാക്കിയാൽ കർഷകവരുമാനം കൂടും. ഉൽപ്പാദനക്ഷമത കൂടും. രക്ഷിതാക്കൾക്ക് തന്നെ വരുമാനവും കൂടും. 700കോടി നാളികേരം കേരളം നൽകുന്നു. പകുതി പണം ജില്ലാപഞ്ചായത്ത് നൽകണം. കൊപ്രയുടെ സംസ്കരണം കേരളം തുടരുകയും മലയാളി ഉള്ളിടത്തെല്ലാം വെളിച്ചെണ്ണ എന്ന സ്ഥിതി വരികയും ചെയ്താൽ വരുമാനം കൂടും. 60 രൂപയ്ക്ക് ലഭിക്കുന്ന വെളിച്ചെണ്ണ 200 രൂപയ്ക്ക് വിൽക്കുന്നു. ബോട്ടിലിംഗ് സംവിധാനം പൊതുമേഖലയിൽ ആരംഭിച്ചു വിലകുറച്ച് നൽകുന്ന നിലവരണം. കയറിന് കൊപ്ര, ചകിരി സംഭരണം, സംസ്കരണം എന്നിവ വ്യാപകമാക്കണം. കള്ളിനെ പാനീയമാക്കൽ അടിയന്തിരമായും തുടങ്ങണം.

കാപ്പിയുടെ കമ്പോളം കുത്തകവൽക്കരിക്കപ്പെട്ടതിനാൽ കാപ്പിക്കുരുവിന്റെ പ്രാഥമികഘട്ട സംസ്കരണം നമുക്ക് കൈയടക്കാൻ സാധിക്കണം. ഇതേരീതി തേയിലയിലും സ്വീകരിക്കണം. കിഴങ്ങുവർഗ്ഗങ്ങളിൽ, പച്ചക്കറി വിളകളിൽ കേരളത്തിലെ കുടുംബശ്രീ സംവിധാനങ്ങളെ ഉപയോഗിക്കണം. ഉദാഹരണത്തിന് ഭൂമി ഒരു മൂലധനമായി മാറിയതോടെ ഭൂമി കൈയിലുള്ളവർ മുറയ്ക്ക് ഉപയോഗിക്കുന്നില്ല. വലിയ വീടും വീടിന് ചുറ്റും തരിശുകിടക്കുന്ന പറമ്പുകളും കേരളത്തിലെ നഗര ഗ്രാമ വ്യത്യാസമില്ലാതെ കണ്ടുവരുന്നു. ഇത്തരം കുടുംബങ്ങളെ സമീപിച്ച് അനുയോജ്യമായ സ്ഥലം കണ്ടെത്തി അനായാസമായ വിളകൾ നട്ടുപിടിപ്പിക്കുന്നതും ആഴ്ചയിൽ രണ്ടുദിവസം പോയി പരിചരിച്ചു കൊടുക്കുന്നതുമായ സംവിധാനം കുടുംബശ്രീ ഏറ്റെടുക്കണം. വിളവിന്റെ നിശ്ചിതപങ്ക് കുടുംബശ്രീയ്ക്ക് ലഭിച്ചാൽ മതി. ഭൂരിഭാഗം വിളയുടെ പങ്ക് വീട്ടുടമയ്ക്ക് നൽകാം. ഇത് വന്നാൽ ധാരാളം കിഴങ്ങ് വർഗ്ഗവും, ചേമ്പ്,ചേന, മറ്റ് കിഴങ്ങുകൾ. എല്ലാ നടീലും വീട്ടുകാരൻ മണ്ണിലിറങ്ങാതെ ഉണ്ടാക്കി കൊടുക്കാനാവും. ഇത് ഉൽപ്പന്ന

വർദ്ധനവിനും വഴിവയ്ക്കും. നാടൻ കോഴി വളർത്തലും, കോഴിയെ തുറന്നുവിട്ട് വളർത്തേണ്ട സങ്കര ഇനം കോഴിവളർത്തലും ഗ്രാമീണ കേരളത്തിൽ വമ്പിച്ച മാറ്റം ഉണ്ടാക്കും.

കൊതുക് നശീകരണത്തിന് ഡ്രൈഡേ ആചരിക്കുകയും അഴുക്ക് വെള്ളത്തിൽ മണ്ണെണ്ണയോ കീടനാശിനിയോ തളിക്കുന്നതിന് പകരം കോഴി വളർത്തുകയും ചെയ്യാം. കോഴി വളർത്തലിലൂടെ അഴുക്ക് വെള്ളം സ്ഥിരമായി ചികയുന്നതിലൂടെ കൊതുകിന് വളരാൻ സാധിക്കുന്നില്ല. പറമ്പാകെ ചികയുന്നതിലൂടെ ചപ്പുചവറുകളിൽ കൊതുക് മുട്ടയിടുന്നില്ല. 12 മണിക്കൂർ സ്ഥിരമായി ചലിക്കുന്ന ഭൂമിയായതുകൊണ്ട് മണ്ണിനെ പിറകോട്ടു ചികയുന്നതുമൂലം ചിതൽ ഉണ്ടാകുന്നില്ല. ഒട്ടുമിക്ക കീടങ്ങളേയും കോഴി ഭക്ഷണമാക്കുന്നു. ഇത്തരം രീതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങളിൽ വരുമാനസാദ്ധ്യത വർദ്ധിപ്പിക്കാം. കൊട്ടിഘോഷിച്ച വാനില കൃഷിക്ക് കേരളം വാസയോഗ്യമായ മണ്ണാണെന്ന് തെളിഞ്ഞു. വാനിലയ്ക്ക് വിലയും കൂടി. സംസ്കരണരംഗത്തെ കഴിവില്ലായ്മ മൂലം വാനില കൃഷി ഇപ്പോൾ ഉപേക്ഷിക്കേണ്ടി വന്നു. ഏതൊരു കുടുംബത്തിലും സ്ത്രീകൾക്ക് ചെയ്യാൻ കഴിയുന്ന കൃഷി എന്ന നിലയിൽ വാനില കൃഷിയും വാനില സംസ്കരണവും ഇവിടെ ഉണ്ടാകേണ്ടതുണ്ട്.

ഇത്തരത്തിൽ കേരളീയ ഉൽപ്പന്നങ്ങളാകെ മൂലവർദ്ധിതമാക്കുന്നതിനുള്ള സാദ്ധ്യത ഉള്ളപ്പോൾ പലപ്പോഴും ചർച്ച ചെയ്യുന്നത് റബ്ബറിനെക്കുറിച്ചാണ്. റബ്ബറിൽ ഞടടട 1 മുതൽ ഉൽപ്പാദിപ്പിക്കുന്ന രീതി മാത്രം വന്നാൽ ഇന്നത്തെ വരുമാനത്തിന്റെ ഇരട്ടിവരുമാനം ഉണ്ടാക്കാൻ നമുക്ക് സാധിക്കും. ഇതിന്റെ പരിശീലനം നൽകണം.

ഓട്ടോമൊബൈൽ വ്യവസായം തുടരുമ്പോൾ ഒഴിവാക്കാനാവാത്ത ഘടകമാകുന്ന റബ്ബർ ഉൽപ്പന്നം ഉണ്ടാക്കുന്നതിന് കേരളം കുത്തകയാകണം. ആകെ റബ്ബറിന്റെ 95% കേരളമായിരിക്കെ സംസ്കരണത്തിൽ 15%-നും 20%-നും ഇടയിലാണ് കേരളത്തിന്റെ പങ്ക് എന്നത് തിരുത്താൻ ആവശ്യമായ നടപടി അടിയന്തിരമായും ഉണ്ടാകേണ്ടതുണ്ട്.

അറേബ്യയിലെ ഈന്തപ്പഴവും ആസാമിലെ കൃഷിയും, ഗുജറാത്തിലെ പാലും, ആഗ്രയിലെ മാമ്പഴവും. അവർക്ക് കുത്തയാക്കി വരുമാനം വർദ്ധിപ്പിക്കാമെങ്കിൽ കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾ കുത്തകയാക്കാൻ നമുക്ക് സാധിക്കുന്നില്ല. ഉൽപ്പാദനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, ഭൂമിയാകെ പരിശോധിച്ച് അനുയോജ്യമായ വിളകൾക്ക് പ്രാധാന്യം നൽകാനും, കേരളത്തിന്റെ ആവശ്യകത കണ്ട് ഉൽപ്പാദിപ്പിക്കാനും സാധിക്കണം.

ഉദാ :- പപ്പായ, തണ്ണിമത്തൻ, റംബുട്ടാൻ, മാംഗോസ്റ്റിൻ, സപ്പോട്ട, പേര തുടങ്ങിയവ കേരളത്തിൽ സുലഭമായി ഉണ്ടാക്കാമെന്നിരിക്കെ ഇത്തരം പഴങ്ങൾ പുറമേ നിന്നും ഇറക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

മുട്ട ഉൽപ്പാദനത്തിൽ നിശ്ചിത അളവിലുള്ള ഓരുജലത്തിൽ വളർത്താവുന്ന താറാവുകളേയും 6 മാസം വെള്ളം കെട്ടിനിൽക്കുന്ന 29 ചിട്ടുള്ള കേരളത്തിൽ നാല് മാസം കൊണ്ട് വളർത്താവുന്ന താറാവുകളേയും വളർത്തണം. ഇതിലൂടെ മുട്ട ഉൽപ്പാദനം മെച്ചപ്പെടുത്താവുന്നതുമാണ്. ഇത്തരത്തിൽ മൂല്യവർദ്ധന വരുത്താവുന്ന ഉൽപ്പാദനം നടത്താനുള്ള കേരളീയർക്കുള്ള അവസരം നമ്മുടെ മാത്രം സമ്പത്താണ്. ഇത് ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കണം.

# വനിതാ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

**ഷീല റസാരിയോ**
*വൈസ് പ്രസിഡണ്ട്, കേരള മത്സ്യത്തൊഴിലാളി ഫെഡറേഷൻ (സി.ഐ.ടി.യു)*

മലയാളിയുടെ ഭക്ഷ്യസുരക്ഷയും, പ്രോട്ടീൻ സുരക്ഷയും ഉറപ്പാക്കുന്നതിന് മത്സ്യമേഖല സുപ്രധാന പങ്ക് വഹിക്കുന്നു. 8 ലക്ഷത്തിലധികം ആളുകൾ ഉപജീവനത്തിനായി കടൽ മത്സ്യ മേഖലയെ ആശ്രയിക്കുന്നു. ഉൾനാടൻ മേഖലയെ ആശ്രയിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളും സംസ്കരണ വിതരണ മേഖലയിലായി ധാരാളം സ്ത്രീ തൊഴിലാളികളും പണിയെടുക്കുന്നു. വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിലും സാമൂഹ്യ സേവന രംഗങ്ങളിലും, കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും വളർച്ചയും, ഉയർച്ചയും ദൃശ്യമാണ്. എങ്കിലും മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം പൊതു സമൂഹത്തിന്റെ വരുമാനത്തിന്റെ പകുതിയിൽ താഴെയാണ്.

മത്സ്യമേഖലയിലെ തൊഴിലാളികളിൽ 40% പേർ മാത്രമെ സഹകരണ സംഘങ്ങളുമായി ബന്ധപ്പെടുന്നുള്ളു. ബാക്കി 60 % സർക്കാരിന്റെ ക്ഷേമ പദ്ധതി പ്രവർത്തനങ്ങളുടെ പരിധിയ്ക്ക് വെളിയിലാണ്. കടാശ്വാസകമ്മീഷൻ പോലും പരിഗണിക്കുന്നത് സഹകരണ സംഘങ്ങളിലെ അംഗങ്ങളെയാണ്. സംഘങ്ങളിൽ അംഗങ്ങളല്ലാത്തവർക്കോ വിപണനരംഗത്ത് സജീവമായി പണിയെടുക്കുന്ന സ്ത്രീകൾക്കോ ഇതിന്റെ ഒരു ആനുകൂല്യവും ലഭിക്കുന്നില്ല. വിപണന രംഗത്ത് തൊഴിലെടുക്കുന്നവർക്കായി പലിശരഹിത വായ്പ അയ്യായിരം, പതിനായിരം എന്നീ ക്രമത്തിൽ സർക്കാർ അനുവദിച്ചു എങ്കിലും സഹകരണ സംഘവുമായി ബന്ധപ്പെട്ട് രൂപപ്പെട്ട വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഇത്തരക്കാർക്ക് "സി" ക്ലാസ്സ് മെമ്പർഷിപ്പാണ് ഉള്ളത്. മത്സരിക്കാനോ, വോട്ട് ചെയ്യാനോ അവകാശമില്ല. ലിംഗപരമായ വിവേചനം പ്രകടമാകുന്നു.

മത്സ്യവിപണന മേഖല മദ്ധ്യവർത്തികളുടെ നിയന്ത്രണത്തിലാണ്. വൻകിട വ്യാപാരികൾ ചില്ലറ വ്യാപാര രംഗത്ത് നിലയുറപ്പിക്കുന്നതു മൂലം സാധാരണക്കാരായ ചെറുകിട കച്ചവടക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് ഇവരുമായി മത്സരിക്കാൻ കഴിയാതെ പാർശ്വവൽക്കരിക്കപ്പെടുന്നു. ആവശ്യത്തിന് വായ്പ ലഭ്യമല്ലാത്തതും, അപര്യാപ്തമായ യാത്രാ സൗകര്യവും, ശുചിത്വമില്ലാത്ത തൊഴിലിടങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ, കുടിവെള്ളമോ, ഡ്രൈയിനേജ് സൗകര്യമോ ഇല്ലാത്തതും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും സ്ത്രീതൊഴിലാളികളിൽ തൊഴിൽജന്യരോഗങ്ങളും, ജലജന്യരോഗങ്ങളും വ്യാപകമാക്കുന്നു. തീരപ്രദേശങ്ങളിൽ തൊഴിൽജന്യരോഗ നിർണ്ണയത്തിന് നിലവിലുള്ള പി.എച്ച്.സി കളിൽ സംവിധാനം ഇല്ല. സ്ത്രീരോഗ വിദഗ്ദരെ നിയമിച്ച്കൊണ്ട് സി.എച്ച്.സി.കൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. (തീരങ്ങളിൽ സ്ത്രീപുരുഷ അനുപാതവും ആയുർ ദൈർഘ്യവും, ശിശുമരണനിരക്കും, ജനന നിരക്കും പൊതുസ്ഥിതിയിൽ താഴെയാണ്).

മത്സ്യമാർക്കറ്റുകളിലെ സൗകര്യങ്ങൾ

അപര്യാപ്തമാണ്. വൃത്തിഹീനമായ സ്ഥലമാണ്. സ്ത്രീകൾക്ക് കിട്ടുന്നത്. വെളിച്ചം തീരെ ഇല്ലാത്തിടങ്ങൾ അന്തിചന്തകളിൽ മെഴുകുതിരി വെട്ടത്തെ ആശ്രയിക്കുന്ന ദയനീയ കാഴ്ചയാണുള്ളത്. ഒപ്പം സാമൂഹ്യവിരുദ്ധരുടേയും, ഗുണ്ടകളുടെയും ആക്രമണങ്ങൾക്കും, പീഡനങ്ങൾക്കും, അവഹേളനങ്ങൾക്കും ഇവർ ഇരയാകുന്നു. വിദൂര സ്ഥലങ്ങളിൽ തുറമുഖങ്ങളിൽ പോയി മത്സ്യം വാങ്ങി അത് സംരക്ഷിച്ച് വിദൂര ചന്തകളിൽ കൊണ്ട്പോയി വിൽക്കുന്നതിന് വളരെ പരിമിതമായ യാത്രാസൗകര്യങ്ങളെ ഇന്നുള്ളൂ.

വിപണന രംഗത്ത് ആധുനിക വൽക്കരണവും, വിപണന രീതികളിൽ കാലാനുസൃതമായ മാറ്റവും അനിവാര്യമാണ്. മുൻസിപ്പൽ കോർപ്പറേഷൻ പരിധികളിലും, ഗ്രാമപഞ്ചായത്തുകളിലും ആധുനിക മത്സ്യമാർക്കറ്റുകൾ, ശുചിയായ മത്സ്യബൂത്തുകൾ എന്നിവ സ്ഥാപിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേൻമയുള്ള മത്സ്യത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും കഴിയണം. മത്സ്യബൂത്തുകളെ മത്സ്യബന്ധന തുറമുഖങ്ങളുമായും, മാർക്കറ്റുകളുമായും ബന്ധിപ്പിക്കുന്ന ശീത ശൃംഖല യാഥാർത്ഥ്യമാക്കണം.

തൊഴിലെടുക്കുന്ന പലസ്ത്രീകളും ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ല. ബോർഡിന്റെ ആരംഭകാലത്ത് അറിവില്ലായ്മ കൊണ്ട് പലരും അംഗത്വത്തിലേയ്ക്ക് എത്തിയില്ല. ഇന്നും അവർ ഈ സംവിധാനത്തിന് പുറത്ത് തന്നെയാണ്. കാലാകാലങ്ങളിൽ ഉണ്ടാകുന്ന വികസനത്തിന്റെ ഒരംശം പോലും ഈ സ്ത്രീകൾക്ക് ലഭ്യമല്ല.

അനുബന്ധ തൊഴിലുകൾ വളർത്തുന്നതിനും ബദൽ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും തീരമൈത്രീ പദ്ധതിക്ക് കഴിയുന്നുണ്ട്. വനിതകൾ സജീവമായി പങ്കെടുക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ഇത് സംയോജിപ്പിക്കുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ശേഖരിച്ച് കയറ്റുമതി നടത്തുന്നതിനും ശ്രമിക്കുന്നു. ഇത് സ്വയം സഹായ സംഘത്തിനപ്പുറത്തേയ്ക്ക് കടക്കാറില്ല.

സംസ്കരണ മേഖലയിലെ സ്ത്രീതൊഴിലാളികൾ പ്രത്യേകിച്ച് പീലിംഗ് തൊഴിലാളികൾ ചൂഷണത്തിന് വിധേയരാകുന്നു. വൃത്തിഹീനമായ തൊഴിലിടവും, അനാരോഗ്യകരമായ ചുറ്റുപാടും, കുറഞ്ഞകൂലിയും ഇവരുടെ നിത്യ ജീവിതം ക്ലേശകരമാക്കുന്നു.

എല്ലാ മത്സ്യബന്ധന വിപണന തൊഴിലാളികളേയും സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരേണ്ടതിന് അനുയോജ്യമായ നിയമ നിർമ്മാണം നടത്തേണ്ടതാണ്.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ മത്സ്യമേഖലയ്ക്ക് ആവശ്യമായ തുക മാറ്റിവയ്ക്കുകയും അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ബോധപൂർവ്വമായ പ്രവർത്തനം നടത്തുകയും വേണം. വനിതാ ഘടക പദ്ധതിയിൽ നിന്നും അർഹമായ വിഹിതം വനിതാ മത്സ്യത്തൊഴിലാളി വികസനത്തിന് മാറ്റി വയ്ക്കണം. വിവിധ ഏജൻസികളുടെ പദ്ധതിപ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.

പുത്തൻ സാമ്പത്തിക നയം മത്സ്യത്തൊഴിലാളിയുടെ ഉപജീവനത്തെ പ്രതികൂലമായി ബാധിക്കുകയും അവന്റെ ജീവനോപാധിയായ കടലിൽ നിന്നും, തീരത്ത്നിന്നും അവനെ മാറ്റിനിർത്തുകയും ചെയ്യുന്നു. പുതിയ തീരദേശ മേഖലാ നിയന്ത്രണനിയമം മത്സ്യത്തൊഴിലാളിക്ക് ഒരു വീട് എന്ന സ്വപ്നത്തിനെതിരായും പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് അനുകൂലമായും മാറുന്നത് അപകടരമാണ്.

ജലപരിഷ്ക്കരണ നിയമം നടപ്പിലാക്കുമ്പോൾ മത്സ്യബന്ധന തൊഴിലാളികൾക്ക് ഉറപ്പാക്കപ്പെടുന്ന അവകാശങ്ങൾക്ക് സമാനമായി വിപണന രംഗത്തും സംസ്ക്കരണ രംഗത്തും പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾക്കും സംരക്ഷണം ഉണ്ടാകേണ്ടതാണ്. വനിതാ വിപണന തൊഴിലാളികൾക്ക് ലേലത്തിൽ പങ്കെടുക്കാനും, മുൻഗണന ലഭിക്കാനും ഉള്ള അവകാശം ഉറപ്പാക്കണം.

# MARINE BIODIVERSITY OF KERALA: STATUS, CHALLEGES AND CONSERVATION NEEDS

**Biju Kumar, A.**
*Dept. of Aquatic Biology & Fisheries*
*University of Kerala, Thiruvananthapuram*

### Biodiversity

The marine biodiversity of Kerala coast is represented by over 5,000 species, including 17 species of marine mammals, 66 species of coastal and marine birds, 9 species of reptiles (turtles and sea snakes), 740 species of fish, 9 species of tunicates 64 species of echinoderms, 1,000 species of arthropods (copepods, amphipods, isopods, prawns, crabs, lobsters, etc), 250 species of molluscs, 20 species of annelids, 90 species of bryozoans, 26 species of cnidarians, 30 species of sponges, 50 species of protistans, 92 species of sea weeds, and several species of organisms in other categories. The investigations on many minor phyla occurring along the Kerala coast are far from complete.

### Conservation

While India still has the potential to exploit the offshore fishery resources, majority of the trawlers are currently operating from the inshore waters. This would further put pressure on inshore fishery resources, when we consider the fact that marine organisms such as eels, catfishes, sciaenids, pomfrets, and cephalopods have already been overexploited from coastal waters. The Marine Fisheries Regulation Act has been framed by the Government of India with a view to regulate exploitation of marine fish stocks in territorial waters. The maritime states enacted various laws, particularly concerned with marine fishing regulation, following Government of India directions. Despite the fact that all these regulations spell out importance of regulating fishing, no serious efforts were made in reducing the by-catch levels and in controlling the number of trawlers, especially those operating within the inshore waters.

Declaration of certain coastal areas closed for trawling would also help in reducing overexploitation of resources as well as conservation of marine organisms. The concept of no-fishing zones is now gaining popularity in many parts of the world. The Marine Protected Areas (MPAs) in India, represented by National Parks, Sanctuaries and Biosphere Reserves, form only 0.3 per cent of the 8,000 km long coastline of India (Vivekanandan, 2003). Even within the MPAs, only a limited fraction is currently protected from fishing. Considering the importance of marine biodiversity more areas should be declared as MPAs, with the involvement of local communities in conservation and management of resources. Establishment of community-owned systems of marine protected areas that are consistent with the social, economic, political and cultural characteristics of the region, with active community participation supported by local NGOs and government agencies. Implementation of an integrated national conservation strategy involving *in situ* and *ex situ* and *in vitro* and *in vivo* methods for all marine Rare, Endangered and Threatened (RET) species has also become

imperative. The sea ranching programmes needs to be strengthened in India in order to replenish stocks, especially that of exploited and RET species.

The changing climatic regime also demands making the coastal fishing communities adapt to the situation. We need to develop better understanding of the impact of climate changes on fish stocks in our coastal waters at national level, with proper modeling studies as the first step towards planning and framing better management strategies. Any kind of programmes to address climate change should also consider other pertinent anthropogenic interventions in marine ecosystems such as overfishing as they are closely interrelated.

The present condition of uncertainties regarding fish availability and 'too many vessels going behind limited stocks of fish' coupled with 'open to all but common to none, situation of open access resources result in overexploitation of resources. For the marginalized ordinary fisher folk this results in economic instability and for most of them are skilled in fishing sector alone. Promoting alternate livelihood options to the fisher folk and involving them in ancillary industries would not only reduce pressure on resources but also provide better living conditions for them. There are several successful models in Kerala, where self-employment programmes are being implemented with a view to empowering fisher women by organizing Self Help Groups (SHGs) in coastal panchayaths. The higher diversity of fish and shellfish resources available in Kerala coast offers better prospects for diversification, especially with regard to development of new products and value addition. This also warrants effective transfer of technology from the research and academic institutions to the stakeholders by winning their confidence and working with and for them. The mariculture activities, particularly fish culture, are at its infancy in India even now, without any commercial production systems. More attention has to be given to develop suitable eco-friendly low cost technologies for marine pisciculture along Indian coast.

The coastal ecosystem of Kerala has been identified as a rich source for marine ornamental fishes. However, there have been no authentic studies on the stocks of ornamental fish species and their current trade. Though CMFRI has perfected technologies for the breeding of a few ornamental fish species, the mass production of seeds has to be ensured with private partnership in order to reduce pressure on wild stocks. Further, the quarantine measures have to be strengthened in order to curtail the entry of pathogens into our system, as ornamental fish trade is a flourishing business now. Similarly, the extent of invasion by exotic species in Indian coast should also be assessed as a precautionary step to prevent marine bioinvasion.

In addition, pollution from the air, land and freshwater ultimately enters the sea and therefore marine biodiversity is most exposed to, and critically influences the fate of pollutants in the world. There should be concerted efforts to monitor pollution of coastal waters and the phenomenon of eutrophication and the resultant production of harmful algal blooms. During our recent biodiversity surveys along Kerala coast we have noticed unprecedented increase in the population of jelly fishes; the reasons for the overpopulation of jelly fish vis-à-vis changes in physico-chemical and biological characteristics of ocean need to be better realized. Further, populations of some fish species such as *Lagocephalus inermis* is on the increase in coastal waters and for the fishermen it is a 'nuisance' species as it damages their fishing gears. The illegal fishing practices, especially dynamiting, should be stopped in order to conserve the fishery resources as well as the ecosystem.

At present there is no concerted effort to make the coastal communities aware of the present ecological status of the ocean ecosystem and impacts due to the depletion of biodiversity. Further, the fisher folk is not also very much sure about the RET species and those protected under various schedules of Wildlife (Protection) Act of India. In the long run, conservation of fishery resources is not going to become a reality unless and until the stakeholders are involved in the programmes and campaigns. Fishery co-

operatives, self groups in coastal areas, NGOs and religious institutions should be networked along with government systems for this purpose. Similarly, conservation efforts should be strengthened taking clues from the rich traditional knowledge of the local fishing communities. The rich traditional and technological knowledge of the local fisher folk remains to be documented.

The data on marine biodiversity now remain scattered in many research centers, government and non-governmental organizations, universities and colleges are involved in studies and documentation. The data management and data collection methods in the fishing harbours of Kerala are rather outdated. In order to strengthen the awareness programmes and plan conservation programmes, a stronger database on marine biodiversity of Kerala has to be developed with the support of latest tools of bioinformatics. Further, government should start centers for excellence for taxonomy of marine organisms. This should, as currently taxonomic expertise in not available in India for many marine phyla. Training, fellowships and assured job opportunities in marine taxonomy will attract younger generation towards taxonomy.

Principles of Ecosystem Approach to Fisheries (EAF) and Code of Conduct for Responsible Fisheries (CCRF) should be adopted to manage marine fisheries of Kerala coast to sustain the productivity. Ecosystem approach (EA) to management is a principle ascribed to, and adopted by, many governments and international organizations and agreements. The World's leaders in Johannesburg in 2002, at the World Summit on Sustainable Development, called for the application of an EA by 2010. The UN Convention on Biological Diversity (CBD) has the EA as a core element of its work pro-gramme, and the FAO has developed guidelines for application of the EAF; EA promotes conservation, sustainable use and equity (Bianchi and Skojoldal, 2008). The extension strategies of the concerned departments need to be reoriented for spreading the message of CCRF and EAF and for strengthening the knowledge base. The failure of this mechanism could be primarily due to the absence of involvement of local communities and NGOs in the process of awareness programmes. In this front public-private partnership is one of the necessities.

Community involvement has become a widely accepted part of protected area management in recent years, as conservation has evolved to take account of human needs as well as protection of biodiversity. It is appropriate in Kerala, where traditional communities are involved in fishing, and related activities. The value of encouraging stakeholders or the local communities to conserve areas rich in resources and at the same time subjected to anthropogenic interventions has been well recognized now. The concept of Voluntary MPAs or Voluntary Marine Conservation Areas (VMCAs) established in the west with the aim of promoting harmonious use of the area, whilst preventing the deterioration of the quality of the marine environment and the life it supports could be tried in India as well, with appropriate local-specific modifications.

# PROSPECTS FOR FOOD GRAIN PRODUCTION IN KERALA

**Leena Kumary. S,**
*Kerala Agricultural University*

Food grain production is becoming a matter of concern for India as a whole and Kerala in particular. Rice is the staple food of malayalees and as Kerala's population continues to grow steadily, demand for rice is also growing. It is only past history that the former princely State of Travancore, a constituent of the present Kerala, had made great progress in providing food security for its people and was also exporting rice till the middle of the last century. The food scene in Kerala is turning grim as factors ranging from global to local accelerate the scarcity and price hike of food grains. Our land and water resources are declining and we have been experiencing shortage of our main food grain- rice- even for own consumption at least from the beginning of the present century.

The population of Kerala on December 20th 2010 is approximately 31,830,431. (Extrapolated from a population of 31,948,619 in 2001 and a population of 31,841,374 on February 10th 2010.) The challenge facing our Government for the next few years will be to feed the escalating population, keeping the prices low to benefit poor consumers and reducing production costs to benefit poor growers. To feed a population of 3.2 crores, Kerala has to produce approximately 38-40 lakh tones of food grains every year at the minimum per capita food availability of 320 g , while the actual production is only around 6 lakh tones, less than 1/6th of the requirement. In other words, 84 % of the food grain required for Kerala comes from neighboring states.

The gap between demand and supply of rice which was around fifty percent till the mid seventies was widening every year as the area under rice declined at a very fast rate due to large scale conversion of paddy lands for raising other cash crops such as coconut, rubber, banana, etc. or for residential purposes. Since the mid seventies, area under rice in Kerala has been declining continuously. In 1970-71 the gross area under paddy was 8.75 lakh ha. This came down to 2.29 lakhs ha in 2007-08. An examination of the data on area and production in rice in Kerala during the last three decades shows that there is decline to the tune of 73.6 % in rice area with a corresponding decrease of 54.2 % in production. At present, rice is grown in a gross area of 2.34 lakh ha producing 6.25 lakh tonnes with a productivity of 2671 kg

With the gap between production and requirement of food grain widening every year, Kerala's food scene is turning gloomy. The steeping increase in food prices indicates the state's large dependence on other states and an urgent need of a mechanism to face the imminent food crisis. While keeping rice prices low remains in the best interests of poverty reduction, it can hurt poor rice growers in rural areas where the size of land holdings are small and rice farming is the main source of employment to the family. Rice related policies need to take into account the possible impacts- positive and negative – on those

who depend on rice as a source of food as well as income. Hence increasing rice production while keeping production costs low should the first step in reducing poverty especially in rural areas.

Among the strategies for increasing rice production in the State, area expansion needs immediate attention since Kerala cannot afford to any more conversion of paddy lands , ecologically or economically. The Kerala Conservation Of Paddy Land And Wetland Act, 2008 has to be implemented in its true sense to arrest further conversion of paddy lands and to protect the existing paddy lands. The ecosystem services provided by the rice systems need be recognized and intensive efforts have to be taken to bring back all the fallow land under cultivation by providing institutional support for developing the required infra structural facilities and by promoting lease land cultivation wherever owners of paddy lands are unable to continue rice farming. There is also scope of horizontal expansion of area under rice cultivation during Kharif by exploiting the potential of upland rice. Coconut based cropping system is the most predominant cropping system of Kerala which offers wide scope for raising upland rice as an intercrop in coconut garden. In Kerala, coconut is raised in an area of about 8.99 lakh ha . An area of 6000-7000 ha per year can be brought under upland cultivation, using appropriate varieties and technologies. There is also possibility of expansion of area through increasing crop intensity in areas where irrigation facilities are available.

Another relevant question that arises is whether we will be able to increase the food grain production in the coming years once the net-cropped area remains the same. Much of the additional food demand in the future will have to be met through productivity enhancement. The current productivity of of 2.6 t/ha has to be increased to 5.0 t/ha so as to achieve the production target of 15.0 lakh tones by 2015. There are good short- and medium-term potentials for increasing rice yield levels, cropping intensity and unit area productivity in the different rice ecosystems. The production constraints in different areas and regions may be identified and separate packages need be formulated for increasing productivity. Maximum productivity potentials can be achieved by developing appropriate irrigation facilities for double cropping in lowland areas. This is especially relevant is the Districts of Palakkad, Malappuram and Wayanad , where the higher productivity of Rabi/ Summer rice can be exploited by creating or improving the irrigation facilities. The timely availability of inputs especially quality seeds is to be ensured for increasing the production of rice.

As the population keeps growing, water scarcity and competition for water will be on the high. To keep up with the food needs of our increasing population, rice cultivation has to adapt to water scarcity, drought, flooding, salinity and also threats posed by erratic climates imposed by climate change. Climate change may impact our food grain production and productivity in more ways than one. It is expected to increase the frequency of droughts and floods and also increase temperatures which will have a negative impact on yields. Simulations predict that for every $1^0$C rise in temperature, there is a corresponding 7% decline in rice yield. Developing rice varieties that are less sensitive to such changes is the option for thriving such situations. Greater investment in research and extension is needed to meet these challenges.

# അലങ്കാര മത്സ്യകൃഷി- സ്വയം തൊഴിൽ സംരംഭം ഒരു കാൽവയ്പ്പ്

അലങ്കാര മത്സ്യങ്ങളുടെ വളർത്തലും വിപണനവും ആഗോള അടിസ്ഥാനത്തിൽ ഒരു വൻ വ്യവസായമാണ്. ലോകത്ത് ഏകദേശം 7 ബില്യൻ യു.എസ്. ഡോളറിന്റെ ബിസിനസ്സ് ആണ് ഈ മേഖലയിൽ നടക്കുന്നത്. അലങ്കാര മത്സ്യ മേഖലയുടെ ഒരു പ്രത്യേകത എന്തെന്നാൽ അവയുടെ ഉപഭോക്താക്കൾ എല്ലാം വികസിത രാജ്യങ്ങളായ യു.എസ്,യൂറോപ്പ്, ജപ്പാൻ മുതലായവയാണ്. എന്നാൽ അലങ്കാര മത്സ്യങ്ങളുടെ ഉല്പാദനം പ്രധാനമായും നടക്കുന്നത് വികസ്വര രാജ്യങ്ങളായ ദക്ഷിണപൂർവ്വ ഏഷ്യൻ രാജ്യങ്ങളിലാണ്.

അലങ്കാര മത്സ്യവിപണത്തിന്റെ മുൻപന്തിയിലുള്ളവ സിങ്കപ്പൂർ, മലേഷ്യ,തായ്‌ലാൻഡ്, ശ്രീലങ്ക മുതലായ രാജ്യങ്ങളാണ്. എന്നാൽ അലങ്കാര മത്സ്യ ഉല്പാദനത്തിന് ഏറ്റവും അനുയോജ്യമായ കാലാവസ്ഥയും, ജലസ്രോതസ്സുകളും ഉള്ള ഇൻഡ്യ ഈ മേഖലയിൽ വളരെ പിന്നോക്കാവസ്ഥയിലാണ്. ആഗോളതലത്തിൽ ഇൻഡ്യയുടെ പങ്ക് ഏകദേശം 1 ശതമാനത്തിൽ താഴെയാണ്.

നമ്മുടെ ഗ്രാമീണ മേഖലയിൽ വരുമാനവും, തൊഴിൽ അവസരങ്ങളും വർദ്ധിപ്പിക്കാൻ ഉതകുന്ന ഏറ്റവും നല്ല സംരംഭങ്ങളിൽ ഒന്നാണ് അലങ്കാര മത്സ്യ ഉല്പാദനവും വിപണനവും. അലങ്കാര മത്സ്യ കൃഷിയുടെ അനന്ത സാധ്യതകളെ കണക്കിലെടുത്താണ് കേരള സർക്കാർ ഇൻഡ്യയിൽ തന്നെ ആദ്യമായി അലങ്കാര മത്സ്യ ഉല്പാദനത്തിനും വിപണനത്തിനുമായി കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) എന്ന് കമ്പനിക്ക് രൂപം നൽകിയിട്ടുള്ളത്. കമ്പനിയുടെ ചെയർമാൻ ബഹു.കേരള മുഖ്യമന്ത്രിയും, വൈസ് ചെയർമാൻ ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുമാണ്. കാവിൽ സ്വകാര്യ പങ്കാളിത്തമുള്ള ഒരു ഗവൺമെന്റ് കമ്പനിയാണ്. പ്രസ്തുത കമ്പനിയുടെ 3 പ്രധാന ഘടകങ്ങൾ ഇവയാണ്.

1. **എക്സ്പോർട്ട് ഹബ്** – മത്സ്യ കയറ്റുമതി - ഇറക്കുമതിക്ക് ആവശ്യമായ എല്ലാ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളുള്ള ഹബ്. ആലുവയ്ക്കടുത്ത് കടുംങ്ങല്ലൂരിലുള്ള 10 ഏക്കർ ഫിഷറീസ് ഡിപാർട്ട്മെന്റ് സ്ഥലത്താണ് ഹബ് സ്ഥാപിക്കുന്നത്. ഇവിടെ കയറ്റുമതി – ഇറക്കുമതിക്ക് വേണ്ട ക്വാറൻറ്റൈൻ സംവിധാനങ്ങൾ, ലാബറട്ടറികൾ, പാക്കിംഗ് സംവിധാനം എന്നിവ ഉണ്ടാകും. ഇവിടെ മുകളിൽ പറഞ്ഞ സംവിധാനങ്ങളുള്ള 12 യൂണിറ്റുകൾ ഉണ്ട്. ഈ യൂണിറ്റുകളിൽ മത്സ്യം സംഭരിക്കുവാനും, വേണ്ട ഗുണമേന്മ വരുത്തി കയറ്റുമതി ചെയ്യുവാനുമുള്ള സജ്ജീകരണങ്ങൾ ഉണ്ടാവും. ഈ യൂണിറ്റുകൾ മാസവാടകയ്ക്ക് സ്വകാര്യ സംരംഭകർക്ക് നൽക്കുന്നതാണ്. ഓരോ യൂണിറ്റും ഓരോ സ്വകാര്യ സംരംഭകർക്ക് ഉപയോഗിക്കാം.
2. **സാറ്റലൈറ്റ് ഫാമുകൾ** – ഇവിടെയാണ് മത്സ്യ ഉല്പാദനം നടക്കുന്നത്. ഇതിൽ സ്വകാര്യ ഫാമുകളും, സർക്കാർ ഫാമുകൾ വാടകയ്ക്ക് എടുത്തും നടത്താവുന്നതാണ്. സർക്കാർ ഉടമസ്ഥതയിലുള്ള പരപ്പനങ്ങാടി, നെയ്യാർ മുതലായ ഫാമുകളും വികസിപ്പിച്ച്

മാസവാടകയ്ക്ക് മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതാണ്. ഇതിനു പുറമേ അനുയോജ്യമായ സ്വകാര്യ ഫാമുകൾ അലങ്കാര കൃഷിക്കായിട്ടുളള സാറ്റലൈറ്റ് ഫാമുകളായി പ്രവർത്തിക്കും. ഈ ഫാമുകളിലാണ് അലങ്കാര മത്സ്യങ്ങളുടെ പ്രജനനത്തിനും, വളർത്തലിനുമുളള സജ്ജീകരണങ്ങൾ ഉള്ളത്.

3. **ഹോം സ്റ്റെഡ് ഫാമുകൾ** – മത്സ്യത്തെ വളർത്തി വലുതാക്കുവാനുള്ള ഹോം സ്റ്റെഡ് അഥവാ അടുക്കള തോട്ടങ്ങൾ. അനുയോജ്യമായ ഘടകങ്ങളുള്ള പഞ്ചായത്തുകളിലെ വീടുകളിൽ ഓരോ ചെറിയ ഫാമുകൾ സ്ഥാപിക്കും. മത്സ്യത്തെ വളർത്തി വലുതാക്കി സാറ്റലൈറ്റ് ഫാമിന് നൽകുവാൻ വേണ്ടിയാണ് ഹോം സ്റ്റെഡ് ഫാമുകൾ വികസിപ്പിക്കുന്നത്.

ഇതിൽ ഏറ്റവും പ്രധാനമായിട്ടുളളവ മത്സ്യത്തെ വളർത്തി വലുതാക്കുവാനുള്ള ഹോം സ്റ്റെഡ് അഥവാ അടുക്കള തോട്ടങ്ങളാണ്. വൻതോതിൽ മത്സ്യങ്ങളെ ഉല്പാദിപ്പിക്കണമെങ്കിൽ ഹോം സ്റ്റെഡ് ഫാമുകളുടെ ഒരു ശൃംഖല തന്നെ ഉണ്ടാവണം. ധാരാളം ശുദ്ധജലവും വൈദ്യുതിയും ലഭിക്കുന്ന ചെറിയ സ്ഥലങ്ങളിൽപ്പോലും ഇത്തരം സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. താരതമ്യേന ചെറിയ മുതൽ മുടക്ക് കൊണ്ട് അലങ്കാര മത്സ്യ കൃഷിയിൽ ഏർപ്പെടുന്നതിനും സാമാന്യം നല്ല വരുമാനം ഉണ്ടാക്കുന്നതിനും കഴിയുന്നതാണ്.

ഒരു കുടുംബത്തിൽ ഒരു ചെറിയ മത്സ്യഉല്പാദനയൂണിറ്റ് എന്നതാണ് ഇത്തരം ഫാമുകൾ. ഒരു യൂണിറ്റിൽ നിന്നും ഏകദേശം ഒരു മാസം 6000 രൂപ മുതൽ 7000 രൂപ വരെയുള്ള മത്സ്യം ഉല്പാദിപ്പിക്കാൻ സാധിക്കും. ഒരു ഹോം സ്റ്റെഡ് ഫാം തുടങ്ങാൻ 1 ലക്ഷം രുപ മൂലധന ചിലവ് വരും. ഇതിൽ 50,000 രൂപ ഗവൺമെന്റ് സബ്സിഡിയായി നൽകുന്നു.

ഏതാനും ഗ്ലാസ് ടാങ്കുകളും, സിമന്റ് ടാങ്കുകളും, അടുക്കള കുളങ്ങളും, എയിറ്റേർ, എയർ കമ്പ്രസ്സർ,നെറ്റുകൾ എന്നിവയും ഉണ്ടെങ്കിൽ അലങ്കാര മത്സ്യ പ്രജനനവും, പരിപാലനവും, വിപണനവും, ആർക്കും നല്ല നിലയിൽ തന്നെ ഒരു ധനാഗമ മാർക്ഷമാക്കി മാറ്റാം. ആദ്യഘട്ടത്തിൽ 5000 ഹോം സ്റ്റെഡ് ഫാമുകൾ സ്ഥാപിക്കുവാൻ സർക്കാർ വിഭാവന ചെയ്തിട്ടുള്ളത്. വരും വർഷങ്ങളിൽ നമ്മുടെ ഗ്രാമീണ സമ്പദ്ഘടനയിൽ ഒരു വലിയ ചലനമുണ്ടാക്കാവുന്ന സംരംഭമായി അലങ്കാര മത്സ്യ ഉല്പാദനവും, വിപണനവും മാറുകയാണ്.

# ഗ്രാമീണ കാർഷിക വിപണന കേന്ദ്രം വെള്ളനാട് മാതൃക

എം. രാജേന്ദ്രൻ

വെള്ളനാട് ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട ഒരു കാർഷിക മേഖലയാണ്. റബ്ബർ, തെങ്ങ്, വാഴ, പച്ചക്കറികൾ, മരച്ചീനി, കിഴങ്ങുവർക്ഷ വിളകൾ തുടങ്ങിയവയാണ് ഇവിടത്തെ പ്രധാന വിളകൾ. കാർഷികോല്പന്നങ്ങളായ വാഴക്കുല, തേങ്ങ എന്നിവയുടെ വിപണനത്തിനായി 2004 വരെ കർഷകർ വെള്ളനാട് പൊതു മാർക്കറ്റിനെയാണ് ആശ്രയിച്ചിരുന്നത്. പൊതു മാർക്കറ്റിൽ കർഷകർ രൂക്ഷമായ ചൂഷണത്തിന് വിധേയമായിരുന്നു. കർഷകർക്ക് ഉല്പന്നതിന് യഥാസമയം വില ലഭിച്ചിരുന്നുമില്ല. ഈ പ്രശ്നം ഗ്രാമ പഞ്ചായത്തിന്റെ ഗ്രാമസഭകളിലും കർഷകരുടെ യോഗങ്ങളിലും ഗൗരവമായ ചർച്ചയ്ക്ക് വിധേയമായി. ഈ സാഹചര്യത്തിലാണ് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനായി 2004–05 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കാർഷികോല്പന്ന വിപണനസംഘം രൂപീകരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചത്.

ഇക്കാര്യം ചർച്ച ചെയ്യുന്നതിന് കർഷകരുടെ യോഗം വിളിച്ചു ചേർക്കുകയും വെള്ളനാട് കാർഷികോല്പന്ന വിപണന സംഘം എന്ന പേരിൽ ഒരു കർഷക സംഘം രൂപീകരിച്ച്ക്കുകയും ചെയ്തു. സംഘത്തിന്റെ നേതൃത്വത്തിൽ കർഷകർ നേരിട്ട് നടത്തുന്ന വിപണി 11–12–2004 ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. വെള്ളനാട് കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങളാണ് പ്രാരംഭ ഘട്ടത്തിൽ വിപണിയുടെ പ്രവർത്തനത്തിനായി ഉപയോഗിച്ചത്. തുടർന്ന് 2005–06 ൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം കൃഷിഭവനോടു ചേർന്ന് വിപണിയ്ക്കായി പ്രത്യേക സൗകര്യം ഏർപ്പെടുത്തി. 2004 ഡിസംബർ 11 മുതൽ 2006 ഒക്ടോബർ 31 വരെ ആഴ്ചയിൽ രണ്ടു ദിവസം രാവിലെ നാലുമണി മുതൽ ഏഴു മണിവരെ പ്രവർത്തിച്ചിരുന്ന സംഘം 2006 ഒക്ടോബർ 2 മുതൽ എല്ലാ ദിവസവും രാവിലെ 8 മണിമുതൽ വൈകുന്നേരം 6 മണി വരെയായി പ്രവർത്തനം വിപുലീകരിച്ചു.

സ്വയംസഹായ സംഘം എന്ന രീതിയിൽ കൃഷിഭവന്റെ കീഴിലാണ് ഈ സംഘം പ്രവർത്തിച്ചുവരുന്നത്. ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുകയും 10 രൂപ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുകയും ചെയ്യുന്ന കർഷകന് മാത്രമേ സംഘത്തിൽ അംഗമാകാൻ കഴിയൂ. സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായി അംഗങ്ങളിൽ നിന്നും 250 രൂപ ഷെയർ ഈടാക്കുന്നു. ഈ അംഗങ്ങളിൽ നിന്നും 11 അംഗ ഭരണസമിതിയെ വാർഷിക പൊതുയോഗം തെരഞ്ഞെടുക്കുന്നു. ഭരണ സമിതിയോഗം ചേർന്ന് പ്രസിഡന്റിനേയും സെക്രട്ടറിയേയും ട്രഷററെയും തെരഞ്ഞെടുക്കുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റും കൃഷി ഓഫീസറും ഭരണസമിതി യോഗങ്ങളിലെ സ്ഥിരം ക്ഷണിതാക്കളാണ്. ഇവരുമായി കൂടിയാലോചിച്ചും ഇവരുടെ സാന്നിദ്ധ്യത്തിലും മാത്രമേ ഭരണസമിതി തീരുമാനങ്ങൾ എടുക്കാൻ പാടുള്ളൂ. ആദ്യ ഘട്ടത്തിൽ

വെള്ളനാട് പഞ്ചായത്ത് പ്രദേശത്തെ മുപ്പതോളം കർഷകരാണ് സംഘത്തിൽ അംഗങ്ങളായിരുന്നത്. ഇന്ന് അംഗങ്ങളുടെ എണ്ണം 414 ആയി വർദ്ധിച്ചിട്ടുണ്ട്. സംഘാംഗങ്ങളുടെ ഓഹരി തുകയും ഉല്പന്നങ്ങളുടെ വില്പനയിലൂടെ ലഭിക്കുന്ന കമ്മിഷന്റെ ഒരു ഭാഗവും പഞ്ചായത്ത് സഹായവുമാണ് സംഘത്തിന്റെ പ്രവർത്തന മൂലധനം.

കർഷകന് വാഴക്കുലകൾക്ക് ന്യായവും സ്ഥിരവുമായ വില ലഭിക്കുന്നതിനുള്ള സംവിധാനമായാണ് ഇത് പ്രവർത്തനം തുടങ്ങിയത്. തുടർന്ന് 2006 ൽ നാളികേരത്തിന്റെ സംഭരണം ആരംഭിച്ചു. വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് തുടങ്ങിയ സ്ഥാപനങ്ങളുടെ ഉല്പന്നവിലയും പ്രാദേശികമായ വിലയും പരിഗണിച്ചുകൊണ്ട് കർഷകവിപണിയുടെ ഭരണസമിതി തന്നെയാണ് ഓരോ ദിവസവും ഉല്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നത്. രാവിലെ പ്രസിദ്ധീകരിക്കുന്ന വിലയുടെ അടിസ്ഥാനത്തിൽ സംഘം ഉല്പന്നങ്ങൾ ഏറ്റെടുത്ത് തുക രൊക്കമായി നൽകുന്നു. വാഴക്കുലകൾ വാങ്ങുന്ന വിലയ്ക്കുതന്നെയാണ് വില്പന നടത്തുന്നത്. സംഘം ഉല്പന്ന വിലയിൽ നിന്നും 5% കമ്മിഷനായി കർഷകനിൽ നിന്ന് ഈടാക്കുന്നു. കൃത്യമായി വില ലഭിക്കുന്നത് കർഷകന്റെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. കർഷകനിൽ നിന്നും ഈടാക്കുന്ന 5% കമ്മിഷനിൽ 3% തുക തിരികെ ബോണസായി ഓരോ വർഷവും കർഷകന് നൽകുന്നു.

നാളികേര സംഭരണത്തിൽ കർഷകരിൽ നിന്നും കമമിഷൻ ഈടാക്കുന്നില്ല. 5% വർദ്ധനയിൽ പച്ച തേങ്ങ സംഘത്തിൽ നിന്നും ആവശ്യക്കാർക്ക് വിൽക്കുന്നു. 2006–2007 ൽ സംഭരിക്കുന്ന നാളികേരം കൊപ്രയാക്കി സംസ്ക്കരിക്കുന്നതിനും 2008–09 ൽ വെളിച്ചെണ്ണ ഉണ്ടാക്കുന്നതിനുള്ള എക്സ്പല്ലർ യൂണിറ്റും ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുകയും വെളിച്ചെണ്ണ ഉല്പാദനം ആരംഭിക്കുകയും ചെയ്തു. സംഭരിക്കുന്ന നാളികേരത്തിന്റെ അധികഭാഗവും കൊപ്രയാക്കി മാറ്റുന്നു. കൊപ്രയെ എക്സ്പെല്ലൂർ മുഖേന എണ്ണയാക്കി മാറ്റുന്നു. ശുദ്ധമായ വെളിച്ചെണ്ണ സംഘത്തിൽ നിന്ന് വിൽക്കുന്നു. സംഘത്തിൽ ഉല്പാദിപ്പിക്കുന്ന വെളിച്ചെണ്ണയുടെ ഗുണമേന്മ ഈ ഗ്രാമവാസികളെ ഒന്നടങ്കം ആകർഷിച്ചു കഴിഞ്ഞു.

കർഷകർക്ക് ആവശ്യമുള്ള സ്പ്രെയറുകൾ, പമ്പുസെറ്റുകൾ, തുടങ്ങിയ കാർഷികോപകരണങ്ങൾ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് സംഘത്തിന് ലഭ്യമാക്കുകയുണ്ടായി. ചാങ്ങ പാടശേഖര സമിതിയ്ക്ക് നൽകിയിരുന്ന ടില്ലർ വർഷങ്ങളായി ഉപയോഗശൂന്യമായിരുന്നു. ഇത് വിപണന സംഘം ഏറ്റെടുക്കുകയും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. ഇപ്പോൾ വെള്ളനാട് ഗ്രാമ പഞ്ചായത്തിലെ കർഷകർക്ക് ന്യായമായ വാടകയ്ക്ക് മേൽപറഞ്ഞ യന്ത്രോപകരണങ്ങൾ സംഘം വിതരണം ചെയ്തുവരുന്നു. ഇപ്പോൾ സംഘത്തിന് 20 സ്പ്രെയറുകൾ, 4 പമ്പുസെറ്റുകൾ, 1 ടില്ലർ എന്നിവയുണ്ട്.

വെള്ളനാട് ഗ്രാമ പഞ്ചയത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിലൂടെയാണ് സംഘത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തിയത്. 20045–06 ൽ ഗ്രാമ പഞ്ചായത്ത് 30000 രൂപ റിവോൾവിംഗ് ഫണ്ടായി നൽകി. തുടർന്ന് 2007–08 ൽ കൊപ്രായൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള 2,50,000 രൂപയുടെ പദ്ധതി തയ്യാറാക്കുകയും 1,25,000 രൂപ സബ്സിഡിയായി നൽകുകയും ചെയ്തു. സിന്റിക്കേറ്റ് ബാങ്കിന്റെ വെള്ളനാട് ശാഖയിൽ നിന്നും ലഭിച്ച 2,50,000 രൂപ ലോൺ ഉപയോഗിച്ചാണ് കൊപ്രയുണിറ്റ് സ്ഥാപിച്ചത്. 2008–09 ൽ വെളിച്ചെണ്ണ മില്ല് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുകയുണ്ടായി. സിന്റിക്കേറ്റ് ബാങ്കിൽ നിന്നുള്ള ലോണായ 5 ലക്ഷം രൂപയിൽ 1,53,000 രൂപ ഗ്രാമ പഞ്ചായത്ത് സബ്സിഡിയായി നൽകി. വെള്ളനാട് കൃഷി ഭവനിലും ഗ്രാമ പഞ്ചായത്തിന്റെ മാർക്കറ്റിലുമുള്ള സൗകര്യം ഉപയോഗിച്ച് സംഘത്തിനാവശ്യമായ സ്ഥല സൗകര്യം ഗ്രാമ പഞ്ചയാത്ത് നൽകി. കൂടാതെ കാർഷികോപകരണങ്ങൾക്കായി 50000 രൂപയുടെ സഹായവും സംഘത്തിന് ലഭ്യമാക്കിയിട്ടുണ്ട്. കൊപ്ര ഡ്രയർ സ്ഥാപിക്കുന്നതിനായി സിന്റിക്കേറ്റ് ബാങ്കിൽ നിന്നെടുത്ത ലോൺ പൂർണ്ണമായും വെളിച്ചെണ്ണ മില്ല് സ്ഥാപിക്കുന്നതിനായി എടുത്ത ലോണിൽ 3 ലക്ഷം രൂപയും നാളിതുവരെയായി അടച്ചുതീർത്തിട്ടുണ്ട്. ഇപ്പോൾ

സംഘത്തിന് 4.14 ലക്ഷം രൂപ ബാങ്കിൽ നീക്കിയിരിപ്പുണ്ട്.

വെള്ളനാട് ഗ്രാമപഞ്ചായത്തിലെയും സമീപ ഗ്രാപഞ്ചായത്തുകളിലേയും കർഷകരിൽ നിന്ന് വാഴക്കുല, നാളികേരം എന്നിവയാണ് സംഘം പ്രധാനമായും സംഭരിക്കുന്നത്. ഒരു ദിവസം ശരാശരി 75,000/- രൂപയുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നു. ആദ്യവർഷം സംഘത്തിലൂടെ 18 ലക്ഷം രൂപയുടെ വാഴക്കുലയാണ് വില്പന നടന്നിരുന്നതെങ്കിൽ 2011 ൽ നവംബർ വരെ 1.11 കോടി രൂപയുടെ വില്പന നടന്നുകഴിഞ്ഞു. നാളികേര സംഭരണം ആരംഭിച്ച 2006 ൽ 7.79 ലക്ഷം രൂപയുടെ നാളികേരമാണ് സംഭരിച്ചിരുന്നത്. ഈ വർഷം നവംബർ വരെ 45.72 ലക്ഷം രൂപയുടെ നാളികേരം വിപണിയിലെത്തി.

വെള്ളനാട് ഗ്രാമ പഞ്ചായത്തിലെ കാർഷിക പദ്ധതികൾ വിജയിപ്പിക്കുന്നതിന് വിപണി ഒട്ടേറെ സഹായകമായിട്ടുണ്ട്. യഥാർത്ഥ കർഷകരെ കണ്ടെത്തുന്നതിനും അവരെ ഏകോപിപ്പിക്കുന്നതിനും വിപണിയുടെ പ്രവർത്തനം സഹായകമായി. കൃഷിഭവനോടു ചേർന്നുതന്നെ പ്രവർത്തിക്കുന്ന വിപണി കൃഷിഭവന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. വെള്ളനാട് കാർഷികോല്പന്ന വിപണിയുടെ വിജയം തൊട്ടടുത്ത ഗ്രാമ പഞ്ചായത്തുകളായ കുറ്റിച്ചൽ, ആര്യനാട് ഗ്രാമ പഞ്ചായത്തുകളിലും ഇത്തരത്തിലുള്ള മാർക്കറ്റ് ആരംഭിക്കുന്നതിന് പ്രചോദനമായി. വെള്ളനാട് ബ്ലോക്കു പഞ്ചായത്തു പരിധിയിലുള്ള എല്ലാ ഗ്രാമ പഞ്ചയാത്തുകളിലും വിപണികൾ ആരംഭിക്കുന്നതിനും ബ്ലോക്കുതലത്തിൽ ഈ വിപണികളെ ഏകോപിപ്പിക്കുന്നതിനുമുള്ള ആലോചനകൾ നടക്കുകയാണ്.

# VEGETABLE AND FRUIT PROMOTION COUNCIL, KERALAM

Vegetable and Fruit Promotion Council Keralam (VFPCK) was formed as a company under section 25 of the Companies Act 1956 on 15th January 2001 as a continuation of the Kerala Horticulture Development Programme (KHDP).The objective of the Council is to improve the overall situation of the fruit and vegetable farmers of the state by increasing and stabilizing their income through the provision of improved planting material, introduction of appropriate cultivation packages, easy and timely access to agricultural credit and improvement of the marketing system for fresh fruit and vegetables

At present Council is operating in 14 districts of the state. The Head Quarters of the Council is at Kakkanad Ernakulam. The Board of Directors chaired by Minister for Agriculture is the Governing body of the Council. Chief Executive Officer appointed by Govt is managing the day to day affairs of the Council. Field activities are managed by district team comprising of a Manager Project Area, two AM/DM Project Area Resource Group (PARG) in charge of Credit & Marketing and Production & Training activities in the district and Deputy Managers/Assistant Managers in charge of different field centres.

**Major interventions of the Council**

The core concept used by the Council for promoting the development of farmers is the 'Self Help Group' a voluntary unit of 15-20 cultivating farmers formed on the basis of neighborhood principle. All the activities of the Council are implemented through Self Help Groups (SHGs) with farmer participation. VFPCK provide support to farmers from seed to marketing. Good quality vegetable seeds produced under the supervision of VFPCK is processed in the council's seed processing factory and distributed to farmers throughout the state. Necessary technical support for modern and scientific cultivation practices is provided through trainings. The extension approach followed in VFPCK is office-less extension wherein the officers visit the farm and home of the farmers regularly to provide technical support.

Credit is provided to farmers through innovative credit package. MOU has been signed with 11 commercial banks in the state for implementation of credit package and farmers get loans in quick and easy steps. Crop insurance, health and life insurance of the farmers are implemented in collaboration with prominent insurance companies in the state. To ensure better price for the produce Council is implementing the Group Marketing Concept and Swasraya Karshaka Samithies run by the farmers under the monitoring of VFPCK is ensuring better price to the farmers. 248 such markets are functioning through out the state.

As part of the efforts to increase production, Council is trying out the concept of Participatory Technology Development (PTD), a novel methodology for technology development with farmer participation. Campaigns, demonstration etc are also organized for mass awareness of new technologies.

Schemes with the assistance of Govt. of Kerala, State Horticulture Mission, Rashtriya Krishi Vikas Yojana(RKVY), National Agriculture Innovative Programme(NAIP) etc are also implemented by VFPCK in different districts.

**Participatory Technology Development (PTD):** The Council is trying out the concept of Participatory Technology Development (PTD), a novel methodology for technology development with farmer participation. The experimental capacities of the farmers are enhanced through this participatory approach and farmers learn to solve their problems by themselves. Last year under the PTD scheme cool season vegetables like cabbage, cauliflower, capsicum were introduced. In addition to this new crops and varieties were also introduced

**Campaigns:** Campaigns are organized to create mass awareness. Campaigns are organized on topics such as kokkan eradication, pseudostem borer control, straight fertilizer use, rain water harvesting, Sigatoka control etc.

**Office-less extension:** The extension officers of VFPCK are regularly visiting the farmers' fields and give them necessary technical advice and other support.

**Credit support:** Capital is vital for any venture and agriculture is not an exception. So the Council has given due importance for the disbursement of sufficient and timely credit to farmers. This innovative credit package was designed in such a way to extent credit support to lease land farmers also. MoU was reached with 11 banks in the state for disbursement of credit to farmers. The SHG assess the credit worthiness and credit requirements of its members through a participatory credit planning session. During last financial year Rs. 39.85 crores were disbursed to farmers as crop loan.

A tie up was made with a prominent insurance company for insurance coverage of banana and vegetables. Also the Council is implementing the Karshaka Raksha Medical Insurance package for the farm families and Jeevan Raksha Policy in collaboration with Life Insurance Corporation of Inda.

Supply of quality planting materials: A group of trained seed growers under take vegetable seed production under the technical supervision of the Council. The council has a seed processing factory wherein the seeds are processed and marketed throughout the state. During the financial year 2009-10 Council has produced and marketed 44.9 tons of vegetable seeds.

Marketing support: Marketing of the produce at reasonable price and realization of more percentage share by the producers in the consumers' price is very important as far as the profitability of agriculture is concerned. The Council has developed a unique group marketing concept which is production center oriented and farmer participatory. 7-15 numbers of neighboring SHGs will constitute a Field Centre (FC) wherein the SHG farmers bring their produce to a common place for marketing. Traders are coming to the FCs and the farmers can collectively bargain and this will increase the bargaining power of the farmers. To give additional support for bargaining the Market Information Centre (MIC) at the Council HQ is collecting the daily market prices of banana and vegetables from different markets and FCs are collecting this information from MIC. Some of these markets have turnover of more than one crore/annum. Many FCs today also have an Input Centre where all the inputs required by the farmers such as planting materials, fertilizers and pesticides are sold out at reasonable price to the farmers.

Now 248 farmer markets are functioning in different part of the state under the guidance of VFPCK apart from the 74 collection Centres working as satellite markets attached to these farmer markets. Council is providing land and buildings for vipanies showing good performance. So far vipani building constructions were completed for 62 vipanies and construction of 27 vipanies is under progress.

Training: Practical and skill oriented trainings are one of the key features of the Council. Farmers themselves are trained and moulded as trainers and they in turn train the fellow farmers. Last year about 153 master farmer trainings were organized.

Trainings were imparted to 9512 farmers during the financial year 2009 - 10. Regular trainings are also organized in various training centres in the districts on selected topics related to agriculture, agri business and management.

Haritha Nagari: It is a scheme for the promotion of vegetable cultivation on terraces and house premises in urban areas. At present the project is implemented in Cochin Corporation. Terrance garden is set up on the terraces by VFPCK on payment under the scheme. In addition to this vegetable seeds, vegetable seedlings, vermicompost units and earth worms are available at the VFPCK head quarters at Kakkanad.

Mushroom spawn Production unit: A mushroom spawn production unit is functioning at the head quarters to supply quality spawns of oyster and milky mushroom to public under this scheme.

Sasya super markets: To ensure supply of quality vegetables and fruits to consumers at reasonable prices Council has started Sasya super markets. One Sasya market is functioning in Kollam and 10 franchisee Sasya super markets are planned for this year.

Seedling production programme: To supply good quality vegetable seedlings to farmers, a seedling production programme was started in all the districts. Seedlings of crops like tomato, brinjal and chilly are produced and distributed to farmers under the project. During October November season, seedlings of cool season vegetables like cabbage, cauliflower also were produced and distributed to farmers.

Precision farming is a concept of using the new technologies and collected information, doing the right thing, in the right place, at the right time. VFPCK is one of the first governmental institution conducting precision farming in an organized way in the state. VFPCK have already laid out 6 precision farming plots in the state, for demonstration.

Funded Projects: Council is implementing different schemes under State horticulture Mission, Govt of Kerala, RSVY, Directorate of Marketing and Inspection (DMI) and RKVY(Rashtriya Krishi Vikas Yojana) and NAIP

## NEW STRIDES IN POTENTIAL AREAS

Supply of quality planting materials to farmers: The Council have planned to supply quality planting materials to the farmers for which 16 seedling production units are planned next year, in addition to the existing 6 units. Council have planned to expand tissue culture banana plantlet production in the next financial year. The production and distribution of quality planting materials of fruit crops are also planned for next year.

**Popularizing precision farming:** VFPCK is planning to expand the area under precision farming to 18 Ha next year so that atleast one plot exists in each district.

**Cool season seed production:** VFPCK is planning to undertake seed production of cool season vegetable crops in a commercial scale.

**Cool chamber:** VFPCK is also planning to establish a cool chamber facility on a trial basis in the next financial year.

**Value addition:** Council have also planned to take efforts to add value to the fruit and vegetable products to increase and sustain the income of the farmers.

**Increase of area and production:** VFPCK have planned to make under cultivation an additional area of 3000 Ha banana and 2000 Ha vegetable from which 60,000 t of banana and 30,000 t of vegetables are planned.

**Organic farming**: VFPCK is planning to expand the area under organic farming in the next year.

**Retailing:** VFPCK will increase the number of franchisee retail outlets 'Sasya super markets' to provide farm fresh vegetables to the consumers at a fair price.

**Haritha nagari:** Promotion of vegetable cultivation in homesteads and terraces will be made in a greater extent in the next financial year.

# ഊർജിത പച്ചക്കറി കൃഷി

**ഡോ.റ്റി. പ്രദീപ്കുമാർ**
*അസോസിയേറ്റ്പ്രൊഫസർ*
*കേരള കാർഷിക സർവകലാശാല*

പച്ചക്കറി കൃഷി വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. കൃഷിചെയ്യാൻ വേണ്ടത്ര സ്ഥലം ലഭ്യമല്ല : വർദ്ധിച്ചുവരുന്ന നഗരവത്കരണം
2. മെച്ചപ്പെട്ട ഇനങ്ങൾ കൃഷി ചെയ്യുന്നില്ല.
3. ഗുണമേന്മയുള്ള വിത്തിന്റെ അഭാവം.
4. രോഗകീടശല്യം
5. തൊഴിലാളികളുടെ ദൗർലഭ്യം.
6. വിളവെടുപ്പിനുശേഷമുള്ള നഷ്ടം.
7. അസംഘിടതമായ വിപണി.
8. വായ്പയുടെയും ഇൻഷുറൻസ് പരിരക്ഷയുടെയും അഭാവം.
9. കാലവസ്ഥാ വ്യതിയാനവും നീണ്ടു നിൽക്കുന്ന മഴക്കാലവും.

ഇത്തരം പ്രതികൂല സാഹചര്യങ്ങൾ ഉള്ളപ്പോഴും പച്ചക്കറി കൃഷിയിലൂടെ വിജയം കൊയ്ത ധാരാളം കർഷകരുടെ മാതൃകകൾ നമ്മുടെ മുന്നിലുണ്ട്. ഉള്ള സ്ഥലം ശാസ്ത്രീയമായി വിനിയോഗിച്ചു കൊണ്ടു തന്നെ നിലവിലുള്ള പച്ചക്കറി ഉല്പാദനം ഇരട്ടിയാക്കാൻ നമ്മുടെ കർഷകർക്ക് കഴിയും. തരിശുകിടക്കുന്ന നെൽപ്പാടങ്ങളും പൊതുസ്ഥലങ്ങളും തൊഴിലുറപ്പു പദ്ധതിയിലൂടെ കൃഷിയ്ക്കു യോഗ്യമാക്കാവുന്നതാണ്. തെങ്ങ് മുഖ്യ വിളയായ പുരയിടത്തോപ്പിലെ ഇടവിളകൃഷി, അടുക്കളത്തോട്ടം, മട്ടുപ്പാവിലെ കൃഷി, മഴമറ കൃഷി എന്നിവ വ്യാപിക്കാവുന്നതാണ്. ഊർജ്ജിത പച്ചക്കറി കൃഷിയിൽ താഴെ പറയുന്ന ഘടകങ്ങൾ ആവശ്യം ഉണ്ടായിരിക്കേണ്ടതാണ്.

1. ഗുണമേന്മയുള്ള ഇനങ്ങളുടെ കൃഷി
2. നല്ല വിത്തിന്റെ ഉപയോഗം
3. ശാസ്ത്രീയമായ കൃഷിരീതിയുടെ അനുവർത്തനം
4. ജൈവ വളങ്ങൾ, ജീവാണുവളം, പച്ചിലവളം എന്നിവയിലൂന്നിയ സംയോജിത പോഷണം
5. സംയോജിത കീട നിയന്ത്രണം
6. പ്രാദേശികമായ തൊഴിൽ ശ്രേണിയുടെ സംഘാടനം, യന്ത്രവൽക്കരണം.
7. നേരിട്ടുള്ള സംഭരണവും വിതരണവും.

# വ്യവസായം

# SCOPE OF NRK INVESTMENT FOR THE DEVELOPMENT OF KERALA

1. The contributions from NRKs form a major part of the financial accruals in Kerala. It is estimated that there is more than 3 million Non-Resident Keralites around the globe. The NRKs working in Middle East and other parts of the world has considerable investable income at their disposal which is presently accumulated in NRI Bank deposits etc which has a very limited positive impact on the socio economic development of the state.
ചുരുക്കിപ്പറഞ്ഞാൽ സെക്കണ്ടറി ഘട്ടം വരെയുള്ള വിദ്യാഭ്യാസരംഗത്ത് ദേശീയ ശരാശരിക്കും കേരളത്തിന്റെ സാഹചര്യവും തമ്മിലുള്ള അന്തരം വലുതാണെന്നു കാണാം. എഡ്യുക്കേഷൻ ഇൻഷിയേറ്റീവ് എന്ന സംഘടന നടത്തിയ പഠനത്തിന്റെ ഭാഗമായി അടുത്തിടെ പ്രസിദ്ധീകരിച്ച കണക്കുകൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ കേരളത്തിന്റെ സ്ഥാനം വ്യക്തമാക്കുന്നുണ്ട്. 4, 6 ക്ലാസ്സുകളിലെ ഭാഷാപഠന നിലവാരത്തിന്റെ ദേശീയ ശരാശരി യഥാക്രമം (ശതമാനം) 54.8 ഉം 48.5 മായിരിക്കുമ്പോൾ കേരളത്തിലേത് 70 ഉം 72.9 മാണ്. ഗണിതപഠന നിലവാരം 4, 6 ക്ലാസ്സുകളിലെ ശരാശരി യഥാക്രമം 56.50 ഉം 44.4 മാണെങ്കിൽ കേരള ത്തിലേത് 65.1 ഉം 60.1 മാണ്. കുട്ടികളുടെ പ്രൈമറിക്ലാസ്സിലെ (Std - IV) വയനാനിലവാരം ദേശീയതലത്തിൽ 63.8 ആകുമ്പോൾ കേരളത്തിലേത് 76.9 ആണ്. പ്രകടമായ നേട്ടം തന്നെയാണിത് വ്യക്തമാക്കുന്നത്. സെക്കണ്ടറി തലത്തിലാകട്ടെ കേരളത്തിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന മഹാഭൂരിപക്ഷവും പത്താം ക്ലാസ്സുവരെയെത്തുന്നു. കേരളത്തിലെ പത്താംക്ലാസ്സിൽ ഉയർന്ന വിജയശതമാനം നേടാനും നമുക്കുകഴിയുന്നു

### കേരളത്തിന് നഷ്ടം

ദേശീയ ശരാശരിയുടെ അടിസ്ഥാനത്തിൽ പദ്ധതികളും പരിഷ്കാര നിർദ്ദേശങ്ങളും രൂപീകരിക്കാനേ കേന്ദ്രസർക്കാരിന് സാധിക്കുകയുള്ളൂ. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ മാത്രമല്ല സ്ക്കൂളുകളുടെ ഭൗതികസാഹചര്യം, യോഗ്യരായ അധ്യാപകരുടെ ലഭ്യത, സ്ക്കൂളുകളിലെ പഠനാന്തരീക്ഷം, അധ്യാപക പരിശീലനം തുടങ്ങി എല്ലാ മേഖലകളിലും കേരളം ദേശീയ നിലവാരത്തേക്കാൾ മുന്നിലാണ്. അതിനാൽ, ദേശീയ തലത്തിലുള്ള പരിഷ്കാരങ്ങൾ അതേപടി സ്വീകരിക്കുന്നത് കേരളത്തിന് നഷ്ടമായിരിക്കും. മറ്റു സംസ്ഥാനങ്ങളെ ലക്ഷ്യമിട്ടു നടപ്പാക്കുന്ന പദ്ധതികൾ പലതും നമുക്കു പ്രസക്തമല്ല തന്നെ. സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രാവർത്തികമായപ്പോൾ തന്നെ അതിലെ പല നിർദ്ദേശങ്ങളും കേരളത്തിന് പ്രസക്തമല്ലാത്തതായിരുന്നു. എല്ലാ പെൺകുട്ടികൾക്കും സൗജന്യ പാഠപുസ്തകം എന്ന നിർദ്ദേശം തന്നെ ഉദാഹരണം. നമുക്ക് പെൺകുട്ടികളെ സ്ക്കൂളുകളിലേക്കാകർഷിക്കാൻ പ്രത്യേക സഹായപദ്ധതിയൊന്നും അവശ്യമില്ലെന്നിരിക്കേ, വ്യവസ്ഥഭേദഗതിചെയ്ത് അർഹരായ ആൺകുട്ടികൾക്കും ഈ ആനുകൂല്യം അനുവദിക്കണമെന്ന് അന്ന് ആവശ്യപ്പെട്ടിരുന്നു. പക്ഷേ, അത് അംഗീകരിക്കപ്പെട്ടില്ല. നാം കഴിഞ്ഞ എത്രയോ കാലത്തെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനത്തിലൂടെ കൈവരിച്ച നേട്ടമാണ് പുതിയ കേന്ദ്രപദ്ധതികളായി വരുന്നത്. അപ്പോൾ നമുക്കതു പ്രസക്തമല്ലാതായി മാറുന്നു,. ഫലമോ, പലകേന്ദ്രാനുകൂല്യങ്ങളും ഇതിന്റെ പേരിൽ അട്ടിമറിക്കപ്പെടുന്നു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കനുവദിക്കുന്ന എസ്. എസ്. എ വിഹിതവും കേര

ളത്തിന്റെ വിഹിതവും താരതമ്യം ചെയ്താൽ ഈ ദു:സ്ഥിതി ബോധ്യപ്പെടും. അതിനാൽ, നാം കൈവരിച്ച നേട്ടങ്ങളിൽ നിന്ന് കൂടുതൽ മുന്നേറാനുള്ള അവസരം സൃഷ്ടിക്കുംവിധം കേന്ദ്രപദ്ധതികൾ കൂടുതൽ വഴക്കത്തോടെ ഉൾക്കൊളളാൻ സാധ്യമാകണം. അല്ലാത്തപക്ഷം, കൈവരിച്ചു കഴിഞ്ഞ നേട്ടത്തിന്റെ പേരിൽ നാം തഴയപ്പെടുന്ന സ്ഥിതി തുടരും.

ദേശീയപാഠ്യപദ്ധതിയുടെ (NCF-2005) കാര്യത്തിൽതന്നെ, നാം കൈവരിച്ച പഠനലക്ഷ്യങ്ങളാണ് പലതും മുന്നോട്ടു വെച്ചിട്ടുളളത്. എന്നാൽ, ദേശീയ തലത്തിലുള്ള പരിഷ്കരണത്തെ സ്വീകരിച്ചുകൊണ്ടുതന്നെ, നിലവിലുള്ള പാഠ്യപദ്ധതിയിൽ നിന്ന് മുന്നേറാനാണ് നാം പരിശ്രമിച്ചത്. ഇതിനുള്ള സ്വാതന്ത്ര്യം ദേശീയ പദ്ധതികൾ നടപ്പാവുമ്പോൾ കേരളത്തിനനുവദിച്ചു തരാൻ തയ്യാറാകണം.

### കേന്ദ്രനയങ്ങൾ തടസ്സം

കേന്ദ്രം ഭരിക്കുന്ന സർക്കാരുകളുടെ നയസമീപനം വിദ്യാഭ്യാസ നയത്തിലും പ്രതിഫലിക്കും. ബി.ജെ.പി. സർക്കാരിന്റെ വിദ്യാഭ്യാസ മേഖലയിലെ കാവിവല്ക്കരണ ശ്രമം തന്നെ ഉദാഹരണം.

2001-ലെ ബിർല അംബാനി റിപ്പോർട്ട്, സർക്കാർ ചുമതലയിലുള്ള വിദ്യാഭ്യാസ പ്രവർത്തങ്ങളെ ഏതാണ്ട് പൂർണ്ണമായി നിരാകരിക്കുകയാണ് ചെയ്യുന്നത്. വിദ്യാഭ്യാസ രംഗത്ത് സ്റ്റേറ്റ് പണമേ മുടക്കേണ്ടതില്ല എന്നാണ് കാഴ്ചപ്പാട്. ഇത് തുടർന്നുവന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാരും സ്വീകരിച്ച പൊതുനയമാണ്. ആഗോളവല്ക്കരണകാലത്ത് മുതലാളിമാർക്ക് ആവശ്യമായ തൊഴിൽ ചെയ്യുന്നവരെ സൃഷ്ടിക്കാനുള്ള വിദ്യാഭ്യാസം മാത്രമാണാവശ്യം എന്നതാണ് നയം. Market Oriented Education നാണ് ഊന്നൽ നൽകുന്നത്. ഇവിടെ വിദ്യാഭ്യാസത്തിന്റെ എല്ലാ സാമൂഹിക വശങ്ങളും അപ്പാടെ നിരാകരിക്കുന്നു.

കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള പിന്നോട്ടുപോക്കിന്റെ തെളിവാണ് 2001-ൽ ദേശീയ വരുമാനത്തിന്റെ 3.23% വിദ്യാഭ്യാസത്തിന് മാറ്റിവെച്ചിരുന്നത് ഇപ്പോൾ 2.88% ആയി മാറിയത്. ഒന്നാം ഡജഅ സർക്കാരിന്റെ ഇങജ -യിൽ ഇത് 6% ആക്കാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും പാലിക്കപ്പെട്ടില്ല. പൊതുമേഖലയിൽ വിദ്യാഭ്യാസത്തിന് സർക്കാർ പണം മുടക്കാതെ ഒഴിഞ്ഞുമാറുന്ന നയത്തിന്റെ തുടർച്ച 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലും പ്രകടമാണ്.

### പൊതു-സ്വകാര്യ പങ്കാളിത്തം

PPP എന്നു വിളിക്കുന്ന പൊതു-സ്വകാര്യ പങ്കാളിത്ത കാഴ്ചപ്പാട് രാജ്യത്തെ സാർവ്വത്രികമായ പ്രൈമറി വിദ്യാഭ്യാസത്തിനും ഭീഷണിയാകുമെന്നതാണ് വിദ്യാഭ്യാസ അവകാശനിയമത്തിൽ കാണുന്ന ദു:സൂചന. അൺ എയ്ഡഡ് സ്ഥാപനങ്ങൾ പ്രാദേശിക തലത്തിൽ 25% കുട്ടികളെ ചേർക്കണമെന്നും അതിന്റെ പണം സർക്കാർ നല്കുമെന്നുമാണീ നിയമത്തിലെ വ്യവസ്ഥ. കേരളം പോലെയുളള സംസ്ഥാനത്തുൾപ്പെടെ ഈ തീരുമാനം പൊതുവിദ്യാഭ്യാസത്തെ തുടച്ചുനീക്കുന്നതിന് ഇടവരുത്തും. നമുക്ക് ആവശ്യത്തിന് പൊതുവിദ്യാലയങ്ങളുളളപ്പോൾ, അൺഎയ്ഡഡ് സ്ഥാപനങ്ങളുടെ പിന്തുണ വിദ്യാഭ്യാസവ്യാപനത്തിന് ആവശ്യമില്ലെന്ന് അംഗീകരിക്കാൻ കേന്ദ്രം തയ്യാറായാലേ നമുക്ക് രക്ഷപെടാൻ കഴിയൂ.

### വിദ്യാഭ്യാസ അവകാശനിയമം കേരളത്തിനനുസൃതമാക്കണം

കേന്ദ്രസർക്കാർ പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ സാമൂഹികപ്രാധ്യാന്യം അംഗീകരിക്കുമ്പോൾ തന്നെ കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ അത് തടസ്സമായിക്കൂടാ. കുട്ടികളുടെ സ്ക്കൂൾ പ്രവേശനപ്രായം, അധ്യാപക വിദ്യാർത്ഥി അനുപാതം, പാഠ്യപദ്ധതി രൂപീകരണം, വിവിധ ഭാഷാപഠനത്തിനുള്ള അവസരം, അധ്യാപകരുടെ തൊഴിൽ സ്വാതന്ത്ര്യം, തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ നിയമത്തിലെ വ്യവസ്ഥകൾ നമുക്കു ബാധകമല്ല. അതിനാൽ അവ നമ്മുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിൽ നടപ്പാക്കാനനുവാദം ലഭിച്ചേതീരൂ. നാം ആർജ്ജിച്ച നേട്ടങ്ങളെ സംരക്ഷിക്കുന്നതിനും കൂടുതൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും കേന്ദ്ര സാമ്പത്തികാനുകൂല്യം ഉൾപ്പെടെ നേടിയെടുക്കാൻ ഒറ്റക്കെട്ടായി ശബ്ദം ഉയർന്നേപറ്റൂ.

# മലയാള സിനിമ പ്രദർശനം/പ്രതിനിധാനം

ജി പി രാമചന്ദ്രൻ

ചലച്ചിത്രം ഒരു വിപണന വ്യവസ്ഥ എന്ന നിലക്കും പൊതുജനത്തിന്റെ ആസ്വാദനത്തിനും സ്വീകരണ-നിരാകരണത്തിനുമുള്ള ഒരു മാധ്യമ വ്യവഹാരം എന്ന നിലക്കും പ്രദർശനസംവിധാനങ്ങളിലൂടെയാണ് വിലയിരുത്തപ്പെടുന്നത്. ആസ്വാദകസമൂഹങ്ങളുണ്ടാകുന്നതും ഇല്ലാതാകുന്നതും പുനക്രമീകരിക്കപ്പെടുന്നതും പ്രദർശന സംവിധാനങ്ങളുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. പൊതുവായി ഒരേ സംസാരഭാഷ പങ്കിടുന്നവർ എന്ന സമീപനത്തിന്റെ അടിസ്ഥാനത്തിൽ, മലയാളി എന്ന സ്വത്വബോധവും കേരളം എന്ന ഭൂപ്രദേശയാഥാർത്ഥ്യവും കേരളീയർ എന്ന കേരളത്തിനകത്തും പുറത്തുമായി വ്യാപിച്ചുകിടക്കുന്ന സാംസ്കാരികസമൂഹ(ഡയസ്പോറ)വും ഏത് ദൃശ്യവ്യവഹാരത്തെയാണ് അഭിമുഖീകരിക്കുന്നത്? 'നാം' കണ്ടതും കണ്ടു കൊണ്ടിരിക്കുന്നതും കാണാൻ പോകുന്നതുമായ കാഴ്ചകൾ, കാഴ്ചാപ്രതീതികൾ, കാഴ്ചപ്പാടുകൾ, കൃത്രിമ കാഴ്ചകൾ, കാഴ്ചാവ്യവസായം, സിനിമ, ടെലിവിഷൻ, ഇൻർനെറ്റ്, ഫോട്ടോഗ്രാഫുകൾ, കാർട്ടൂണുകൾ, കാരിക്കേച്ചറുകൾ, പരസ്യങ്ങൾ, ചിത്രകല, എന്നിവ ഏതു 'ഐക്യകേരള'ത്തെയാണ് അതിന്റെ ചരിത്രത്തിലും വർത്തമാനത്തിലും ഭാവിയിലും പ്രതിനിധാനം ചെയ്യുന്നത്? 'നാം' കാണാതെ പോയതും കണ്ടില്ലെന്നു നടിച്ചതുമായ കാഴ്ചകൾ നിമിത്തമായേക്കാവുന്ന പരിണാമങ്ങൾ നടക്കാതെ പോയതിന്റെ ഉത്തരവാദിത്തവും ബാധ്യതയും ആരേറ്റെടുക്കും? 'നാം' മാറ്റത്തിന് ഒരുക്കമാണോ? ഒരുക്കമാണെങ്കിൽ മാറിക്കൊണ്ടിരിക്കുന്ന സാങ്കേതികവും സാംസ്കാരികവും വ്യാവസായികവും രാഷ്ട്രീയവുമായ 'ദൃശ്യ'ത്തെ(ങ്ങളെ) നാം കാണുകയും ഉൾക്കൊള്ളുകയും ചെയ്യുന്നുണ്ടോ? ദൃശ്യം വ്യവസ്ഥയായിത്തീരുന്നത് അതിന്റെ നിർമിതിയിലോ വിതരണത്തിലോ അവതരണത്തിലോ മാത്രമല്ലെന്നും അതിന്റെ സ്വീകരണത്തിലൂടെയാണെന്നുമിരിക്കെ കാഴ്ച, കാഴ്ചാരീതി, ഭാവുകത്വം എന്നിവയെ നവീകരിക്കാൻ നാം പരിശ്രമിക്കുന്നുണ്ടോ? ഇത്തരത്തിൽ സങ്കീർണമായിത്തീരുന്ന ദൃശ്യ സന്ദിഗ്ദ്ധതകളുടെ പ്രാദേശികത്തനിമ/ആഗോളവ്യാപനം (ലോക്കൽ/ഗ്ലോബൽ) എന്ന യാഥാർത്ഥ്യവും സങ്കൽപനവുമാണ് മറ്റേതൊരു സമൂഹത്തെയുമെന്നതു പോലെ കേരളീയരുടെയും കാഴ്ചകളെയും നോട്ടങ്ങളെയും സജീവമാക്കേണ്ടത്. ഈ സജീവതയുടെ അഭാവമാണ് മലയാള സിനിമയെയും ടെലിവിഷനെയും തീർത്തും അരസികവും പ്രയോജനശൂന്യവുമാക്കിത്തീർക്കുന്നത്. അമ്പതുകളിലും അറുപതുകളിലുമായി നവോത്ഥാന-സാഹിത്യ-രാഷ്ട്രീയ ചലനങ്ങളോട് വലിയൊരു പരിധി വരെ സത്യസന്ധമായിത്തീർന്നതിലൂടെയാണ് മലയാള സിനിമ ആദ്യമായി സ്വത്വബോധപ്രകാശനത്തിന് വിധേയമായത്. പിന്നീടുള്ള മലയാള സിനിമയുടെ പരിണാമ ചരിത്രത്തിൽ കലാ സിനിമാ പരീക്ഷണങ്ങൾ, അവാർഡുകൾ, പുറം ലോക വിജയങ്ങൾ, ഫിലിം സൊസൈറ്റികൾ, കച്ചവട സിനിമയുടെ അധിനിവേശം, രണ്ടു തരം സിനിമയിലൂടെയും വരേണ്യതയുടെയും നവ കൊളോണിയലിസത്തിന്റെയും അധിനിവേശം എന്നിങ്ങനെ നിരവധി പ്രതിനിധാനങ്ങളിലൂടെയാണ് മലയാള സിനിമയും കേരളത്തിലെ സിനിമാ കാണിയും സഞ്ചരിച്ചത്. പുതിയ കാലത്തെ സിനിമയും കാണിയും പുതിയ കേരളത്തെ എന്തു കൊണ്ട് പ്രതിനിധാനം ചെയ്യുന്നു/ചെയ്യുന്നില്ല എന്നതാണ് അന്വേഷണ വിഷയം. കേരളത്തിലെ സിനിമാപ്രദർശന ശാലകൾ ഏതു തരം കാഴ്ചയെയാണ് ഉൾക്കൊള്ളുന്നത്? അവരേതു തരം കാണിയെയാണ് പ്രോത്സാഹിപ്പിക്കുന്നത്? നിരാകരിക്കുന്നത്? ഈ പ്രദർശന ശാലകൾ, അവയിലെ നിത്യ കാണികൾ, (അ)കാണികൾ, അവിടെ പ്രദർശിപ്പിക്കുന്നതും വിജയിക്കുന്നതും പരാജയപ്പെടുന്നതുമായ സിനിമകൾ(മലയാളവും അല്ലാത്തതും) എന്നിവ ഏതു തരത്തിൽ കേരളവുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്നും ബന്ധപ്പെട്ടു കിടക്കാതിരിക്കുന്നു എന്നതും അന്വേഷിക്കേണ്ടതുണ്ട്.

# അന്തരീക്ഷ മലിനീകരണം

**ഡോ.എസ്.സീതാരാമൻ**
*പരിസ്ഥിതി സംരക്ഷണ സംഘം, ആലുവ*

കാലോചിതമായ പാരിസ്ഥിതി പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വയുമലിനീകരണം. ദിവസത്തിൽ 2 കിഗ്രാം മാത്രം ഉപയോഗിക്കുന്ന ജലത്തെക്കുറിച്ച് നാം വളരെ താൽപര്യത്തോടെ ചർച്ച ചെയ്യുമ്പോൾ ഏറ്റവും മലിനപ്പെട്ട് കിടക്കുന്നതും ദിവസത്തിൽ 16 മുതൽ 18 കിഗ്രാം വരെ ശരീരത്തിലേക്ക് എടുക്കുന്ന വായുവിനെക്കുറിച്ചും അതിൽ അടങ്ങിയിരിക്കുന്ന 3.5 കിഗ്രാം പ്രാണവായുവിനെക്കുറിച്ചും അധികമാരും ചർച്ച ചെയ്യുന്നില്ല.

**എന്താണ് വായു മലിനീകരണം?**

മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ഹാനികരമായതും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമായ പലതരം രാസവസ്തുക്കൾ, കണികകൾ മുതലായവ അന്തരീക്ഷത്തിൽ കലർന്ന് അതിനെ മലിനപ്പെടുത്തുന്നതിനെയാണ് വായു മലിനീകരണം എന്നു പറയുന്നത്.

**എന്താണ് വായുമലിനീകരണ പ്രശ്നങ്ങൾ?**

അന്തരീക്ഷ വായു മലിനപ്പെടുത്തുന്ന വിവിധങ്ങളായ ഘടകങ്ങളാണ് താഴെ പ്രതിപാദിക്കുന്നവ

1. ഓക്സിജന്റെ കുറവ്
2. ഓർഗാനിക് വാതക മാലിന്യം
3. എളുപ്പം വാതകാവസ്ഥയിലാക്കാവുന്ന ഓർഗാനിക് മാലിന്യം
4. കീടനാശിനികൾ
5. ഘനലോഹങ്ങൾ
6. സൾഫർ ഓക്സൈഡുകൾ
7. നൈട്രജൻ ഓക്സൈഡുകൾ
8. കാർബൺ ഓക്സൈഡുകൾ
9. ഹൈഡ്രോ കാർബണുകൾ
10. സെക്കൻഡറി മാലിന്യങ്ങൾ
11. കണികകൾ - ഓർഗാനിക് ഇൻ ഓർഗാനിക്
12. സ്മോഗ്
13. പ്ലാസ്റ്റിക് കത്തുമ്പോൾ പുറത്തേക്ക് വരുന്ന ഡയോക്സീൻ, ഫ്യൂറാൻ, ഫോസ്ജീൻ, ഹൈഡ്രജൻ ക്ലോറൈറ്റ്, കാർസിനോജനുകൾ മുതലായവ
14. ഫോർമാൽഡിഹൈഡ്, അസറ്റാൾ ഡിഹൈഡ്, ഫിനോൾ അക്രോലിൻ

**ഡയോക്സിൻ**

1. വാഹനങ്ങൾ പുറത്തേക്ക് വമിക്കുന്ന ഹാനികരങ്ങളായ വാതകങ്ങൾ
2. വ്യവസായശാലകൾ പുറന്തള്ളുള്ള ഹാനികരങ്ങളായ വസ്തുക്കൾ
3. കീടനാശിനി പ്രയോഗം
4. ചീഞ്ഞളിയുന്ന മാലിന്യങ്ങൾ പുറന്തള്ളുന്ന വാതകങ്ങൾ
5. ഇഷ്ടികക്കളങ്ങൾ
6. മെറ്റൽ ക്രഷറുകൾ
7. തുകൽ - എല്ലുപൊടി വ്യവസായശാലകൾ
8. ആസ്ബസ്റ്റോസ് ഉപയോഗം
9. സ്പേസ് ജെറ്റുകൾ
10. പടക്കനിർമ്മാണം
11. താപവൈദ്യുതി നിലയങ്ങൾ, ജനറേറ്ററുകൾ മുതലായവയാണ്.
12. പ്ലൈവുഡ് കമ്പനികൾ

**പ്രധാനങ്ങളായ മലിനീകരണ സ്രോതസ്സുകൾ**

മനുഷ്യരിൽ ശ്വാസകോശ സംബന്ധങ്ങളായ വിവിധങ്ങളായ അസുഖങ്ങൾ, ഹൃദ്രോഗം, ക്യാൻസർ, ലുക്കീമിയ, തലകറക്കം, ഛർദ്ദി, 5. മെറ്റൽ ക്രഷറുകൾ ജനബാഹുല്യമുള്ള പ്രദേശത്ത് ഒഴിവാക്കുക, അവയിലെ പൊടിശല്യം നിയന്ത്രിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

# "WITHER PEOPLE'S SCIENCE"? RESOURCE CONFLICTS IN KERALA AND THE ROLE OF SCIENCE &TECHNOLOGY PROFESSIONALS

**NC Narayanan**
*Indian Institute of Technology Bombay, Mumbai-76*

The technical aspects of resource degradation have been studied in detail from various institutional and disciplinary contexts in Kerala. The interesting question is the link between these explorations and the policy and political realm to resolve the conflicts. This paper attempts an analysis of this linkage in the background of the rich tradition of people's science movements that encouraged science and technology professionals to undertake research and innovations that directly address issues of societal relevance—to pose questions that are societal-led and not science-led per say, without compromising the methodological and theoretical rigour of research. However, this demands individuals to get out of their disciplinary comfort zones and move to interdisciplinary and trans-disciplinary ways of doing research. Such pursuits generate knowledge that directly feeds into the policy process.

Resource conflicts in this paper cover the broad conflicts between concerns of environmental sustainability in the long run and short term individual economic gains. It argues that sustainable development is conceptually weak to explain many conflicts within such as those between: the present and future generations; human well-being and the protection of nature; the poor and rich and demands that have a local and a global focus ('here' and 'elsewhere'). The paper illustrates the resource conflicts in the Periyar river basin with its manifold issues of environmental degradation and ensuing social conflicts. The activities throughout the basin have effects on the ecology and people residing towards the mouth of the river who are at the receiving end of these problems. There are "scientific" studies undertaken by researchers and published reports on the grave state of water/air quality, environmental and public health status. These are mostly due to the untreated effluents coming to the river that are blatant violations of environmental norms by the industries. The pollution control board is supposedly doing regular monitoring of water quality in the river. A small but vibrant people's movement against pollution is active here for more than two decades. The situation here could be explained through a political ecology understanding, but does not offer easy solutions since the problems are complex with its power relations that sustain the process.

A question that follows is the role of the science and technology professional in dealing with such conflicts. Kerala has a unique history with scientists and movements like the Kerala Sastra Sahitya Parishad (KSSP) collaborating both to popularise science and also undertaking trans-disciplinary research to address issues of societal relevance. Trans-disciplinary research is

interdisciplinary research that is strongly embedded in the problem context with interest groups intimately involved in research formulation and implementation. Trans-disciplinary research aims to democratize scientific practice with strong understandings of participation. It demands the researcher to be self-consciously normative without shying away from addressing political questions and being sensitive to one's own views and biases. Such endeavors need a non-individualistic attitude since change-oriented work is collaborative and inclusive.

There are several challenges to inter and trans-disciplinary research. The major impediment to interdisciplinary research is the epistemological and methodological differences between disciplines, which are not only knowledge systems but "personal identities" too. The differential motivations between researchers and societal actors constrain trans-disciplinary research. A more detailed investigation is needed to assess the declining trend of trans-disciplinary research and people' science initiatives in Kerala (compared to nineteen nineties) to address contemporary development issues.

# ON CONCEPTUALISING GENDER AND DEMOCRATIC DECENTRALISATION.

**Dr. Sobha.P.V.**

*Centre for Women's Studies, University of Calicut*

**Key terms:** gender, mentality of androcentricity, human being, social distribution of power, social affirmation of self, gender justice, democratic decentralisation.

The attempt in this paper is to elucidate certain conceptual aspects regarding gender and democratic decentralisation, to map the social/gender relations, through social distribution of power and social affirmation of self, in the transformative relational contexts, especially that of the changed creative political atmosphere due to the provision of 50% reservation for women in the LSGIs of Kerala. In such specific social situations, all human/social relations (economic political, cultural) are prone to transformations as the involving beings are humans having self reflexivity. While economic relations concentrate on material resources, political relations base on all sorts of resource orientations. Cultural relations are for accessibility and attainment of the symbolic resources. But all the human relations are possible only with the committal of the human beings to various life contexts. How humans are self reflexively present in various social positions and how they commit to the roles, relations and social practices are also part of understanding how the relations are transformed. Hence just describing the cultural aspect of what and how the relations are happening or concentrating on the subjectivity-language-culture-continuum will not be sufficient to understand the transformative human (gender or social for that matter) relations. Since the empirical knowledge is produced in the same social atmosphere the interpretation of the experience is significant. Interpretation presupposes certain conceptions so that identification with the experience and the identitisation trials are thus suspended. In this context it is to be reflected upon that while People's Planning Programme of the LDF focuses on People while UDF proponents of decentralisation concentrate on the strengthening of the institutional provisions of the LSGIs. This distinction between the focus of the decentralisation makes the whole field of development under disputes and discrepancies. People-orientedness of the PPP is crucially significant against the institutional/central orientations of Kerala Development Programme. It is in this light certain issues in conceptualisations of gender in PPP is attempted here.

# INSTITUTIONALIZATION OF DECENTRALIZATION IN KERALA - THE WAY AHEAD

**S.M.Vijayanand**
*Additional Chief Secretary, Local Self Government Department*

## BACKGROUND

- Over the past 15 years decentralization has gone through the following phases:
  - Experimentation (1995 to 1998)
  - Rectification (1998 to 2000)
  - Stabilization (2000 to 2003)
  - Institutionalization (2004 onwards)
- The stage of institutionalization has taken much longer than expected for the simple reason that there is very limited experience within the country in designing appropriate administrative operating systems, which are local government and people friendly, at the same time satisfying the criteria of modernity, simplicity, transparency and accountability.

## WHAT IS INSTITUTIONALIZATION?

- Institutionalization signifies the creation of a permanent framework for Local Government functioning in all its aspects which protects Local Government freedoms and autonomy, which obviates the need for governmental interference and provides all that is required for effective, efficient, accountable and democratic local governance.

## WHY INSTITUTIONALIZATION?

- For the Panchayats and Municipalities to become genuine institutions of Local Self Government knowing fully their "power and authority" and their freedoms and limits.
- To reduce uncertainties while taking decisions and bring down transaction costs involved in clarifying doubts and seeking special permissions from Government, do away unnecessary doubts leading to hardships to public, prevent wrong decisions leading to audit objections and resulting in hardships to staff and the Local Governments.
- To improve capacity as there would be much greater precision and clarity on the basics of governance.
- Kerala has been a pioneer and a pathfinder in the post constitutional amendment decentralization initiatives of the country. The whole nation looks up to Kerala to cross the institutionalization stage smoothly so that the lessons can be adapted easily.

## INSTITUTIONALIZATION ISSUES AND CHALLENGES AND THE WAY AHEAD

### Legal:

- Revisit the basic legislations to strengthen weak areas especially those relating to the functioning of participatory fora and preparation of development plans, strengthening regulatory powers promoting good governance and attaining fiscal responsibility.

### Administrative:

- Developing state of the art Manuals in the following areas:
  - Office Management
  - Personal Management
  - Bringing in e-governance

**Developmental:**

- Developing a system of local statistics and promoting data based planning.
- Adoption of spatial techniques for local planning.
- Using simple analysis for promoting and monitoring local economic development.
- Planning for connectivity
- District Planning with special reference to human development and economic development.
- Improve planning for marginalized groups.
- Gender analysis, gender planning, gender budgeting and gender auditing.
- Convergent planning for all-round improvement of livelihood.

**Service delivery**

- Management of institutions
- Institution specific service delivery plan
- Realistic citizens' charters
- Finance management
- Budget Rules and Budget Manual
- Account Rules based on appropriate accrual accounting and Accounts Manual.
- Finance Rules and Finance Manual
- Fiscal accountability provisions.

**Staff issues**

- Common executive, accounting, engineering and ministerial cadres.
- Highly qualified chief executive
- Formal and psychological integration of transferred staff with the Local Governments.

**Capacity**

- Module-based training
- Demand based training
- Distance learning including e-learning and tele-learning
- Tie up with academic and professional institutions
- Proactive identification of genuine professionals and restructuring of resource support groups at all levels.

**Accountability**

- Strengthening Ombudsman and Appellate Tribunal
- E-based grievance redressal
- Effective social audit
- Citizen score card

**CONCLUSION**

- Time bound institutionalization led by a High Power Committee working with clear time lines and milestone.
- Tap the best from practices in the private and public sector within the State, within the country and internationally.
- As Kerala's decentralization has been home-grown dip in to the rich reservoir of collective experience, both bitter and sweet.

As there is a broad consensus on most of the institutionalization issues a concerted action for about two years can cover all the areas.

# Medical Education in Kerala

**Dr. Aravind**

Medical Education sector in Kerala entered into a prolonged period of decline after the initial three decades marked by great achievement.

**The year of achievement**

Till the mid nineties there were five Government medical colleges in the state with an annual output of 700 medical graduates. The period saw the build-up of the best public health system in the country. The achievements in terms of health indicators constituted the legendary Kerala Model of health. Kerala has had the least disparities between rural and urban areas in terms of availability of doctors and nurses, as the graduates from these institutions fanned out throughout the state. Medical graduates from Kerala have been considered to be among the best in India. Over the years, many have adorned illustrious careers in India and abroad. More objectively, students from Kerala have had a higher success rate in the All India Post Graduate Entrance Examinations (AIPGEE) than Karnataka, which accounted for many time the number of students passing out each year. This was most certainly because of the impeccable student selection procedures and general performance of Kerala's Government Medical Colleges.

**The Year of decline**

The routine practice of medicine went through dramatic changes starting from the mid eighties. CT and MRI scans, radio immunoassays and EIAs for various bio molecules like hormones, PCR and other molecular biology techniques, interventional cardiology techniques, joint replacement surgeries, laser based ophthalmology techniques, newer and newer generations of antibiotics, lipid lowering agents etc were rapidly commercialized and became widely available

The Government medical colleges lagged behind the utilization of these technologies as also in general academic and clinical performance. There were many reasons. Public expenditure in health remained static even while the needs grew. Many of the newer technologies were operationalized in the budding corporate private hospitals. The rising middle classes who flocked to them lost interest in the Government sector and this invariably got reflected in Government policies. Doctors who got grained in these new technologies preferred to work in the private hospitals where they were available. Much of the equipment and consumables needed for the newer technologies could have been procured with research grants. In the absence of any meaningful research activities these opportunities were wasted.

With much higher salaries and perks available in the private sector, the best students ceased to prefer joining as teaching staff in the Government colleges. There was an exodus of qualified teachers with great expertise to greener pastures abroad or in the private sector. The low retirement age aggravated this trend. The changes brought about in the system student selection –by entrance tests based on MCQs altered the type of student intake. MCQ training and teaching shop flourished in the cities. The net effect was in favor of the children of urban elite, who were loath to practice in areas where doctors were most needed.

Faced with competition from the burgeoning private sector, the system of private practice degenerated, often into overt corruption. The pernicious system of providing kickbacks for referrals was instituted by the scan centers,

laboratories and centers doing procedures like angiography etc. This led many Government doctors to patronize the private facilities rather than what was available in the Government sector. Cost over-runs and lack of funds prevented completion of projects started years ago, like the hospital complexes in Alappuzha and Thrissur.

Senior administrators and little tome for enunciating broad policies that were beneficial to the large mass of people. Instead they were embroiled in transfers, postings and patronage. The academicians and administrators were made to play second fiddle to political nominees who were not even elected representatives of the people in hospital advisory bodies. The general cleanliness of wards and surrounding declined. To a population increasingly attuned to better hygiene this became unacceptable. Medical College hospitals generally became the refuge of only the desperately poor. New policy prescriptions that promoted less direct investment and more of indirect investment through bodies like the KHRWS and the Hospital Development Societies saw to it that even these hapless people were denied free treatment.

**Beginning of revival**

The past five years have seen a remarkable turn-around in the fortunes of the Government medical Colleges in the state. Higher levels of investment in the health sector by the central government, particularly through its flagship programs like NRHM and PMSSY have played a part in this. But much more important has been the steely political will to change things on the part of the state government, the kind of which has never been in evidence in the past – whichever being the ruling combination.

Centrally funded Infrastructure development projects like the PMSSY were completed ahead of all other states. The long delayed shifting of the hospitals in Alappuzha and Trissur were accomplished. New nursing colleges were started in the Government sector. A Health Sciences University was established to streamline medical and allied health sciences education. Dual control of staff by Health services and medical education departments was finally ended. The salaries and allowances of medical teachers were raised to a level at par with the central institutes and time bound promotion was instituted. Private practice of medical teachers was stopped and their working hours extended. Funding for research and travel for conferences has been made available through the revamping of the defunct State Board of Medical Research. The achievements in a relatively short period have been very many. What is remarkable is that many o these long desired goals have been accomplished braving the most strident opposition by entrenched interest groups and the most unfair and orchestrated media assault. Many more things need to be done. Gross malpractices still exist in the private colleges. The standard of training in many of them remains of very low quality for want of faculty and clinical material. Many of these colleges with dubious standards have now applied for postgraduate courses and appear to be confident of gaining them, given their power to bribe through the corridors of power and the laissez faire policy of the judiciary.

There is needed to consolidate the gains of the private practice ban. Many are openly flouting the law and engaging blatant corruption, passing it off as humane service. It has to be made clear that no one is indispensable. The fact that bright young graduates are once again flocking the government medical colleges should give courage to the authorities to take stringent action against the guilty. The Directorate of Medical education has to be de-bureaucratized or done away with by granting greater autonomy to the individual medical colleges. Concerted effort has to be taken by the State Government and the University to promote basic research.

Above all there is need for political mobilization for an equitable, inclusive and just Health care system in the country.

# SOME THOUGHTS ON POST GRADUATE MEDICAL EDUCATION WITH SPECIAL REFERANCE TO THE STATE OF KERALA

**Dr. Praveenlal Kuttichira, Dr. Asokan**
*Government Medical College, Trissur,*

Postgraduate medical education rarely gets examined even in academic circles. The direct stake holders are a few. Many a time an aspirant doctor's limited desire may be to get an entry to the course and a keen teacher's only interest may to be enhancing the prestige in the academic circle. The general public may want one with PG degree to attend to all their health related needs every time they consult. The bureaucratic administration is blind to the field as it is not a priority to the political leadership media is not concerned as mudslinging is yet to start from with in the field in this area.

During the Governmental initiative declaring the Medical Colleges as referral centre, there was a joint meeting of Medical College Administration and District Health Administration at Trissur. In the situation analysis, it was noticed that in the collegiate hospitals, the strain for the services were felt mostly in General Medicine, General Surgery and Medical specialties. The obstetrics and Gynecology, Pediatrics and Surgical specialties were not experiencing strain. It was further noted that even in Taluk level hospitals the Services of Gynecologists and Pediatricians were available. However the Physicians and surgeons posts in the district head quarters hospitals were remaining vacant. The implementation of specialty cadre later, ensured better distribution of specialist manpower. That eased the strain to some extent. However the exercise thus performed should actually influence the planning for starting PG courses.

After a long preparation and tedious processing, Trissur Medical Colleges went for starting PG courses in preclinical subjects. But once the courses started, for a few subjects there was no applicant. On a later enquiry, it was realized that it is the situation in those specialties in other colleges too. In some of the surgical super specialties the State Government tried to surrender the vacant to All India Quota. It was realized then, that the seats for the same courses are remaining vacant every year through out the country.

Starting a PG course in medical colleges requires a lot of investments in infrastructure, equipments, manpower and times. There is definite need for proper planning regarding the starting of PG courses.

A decade back when there was a move to start new medical colleges in Kerala, one of the objections put forward was move to start new medical colleges in Kerala, one of the objections put forward was that there was not actual shortage of doctors, but it is only misdistribution. Now decades after and with several medical colleges in the state, the same non-availability of doctors in the required areas are persisting. Many of the trained doctors are not available to the state. But they are in the field of health care itself, though in some other locations; even in other countries. Are

we training the doctors to meet the local demand or to meet the global demand? In the era of globalization the latter is unavoidable. Perhaps a sort of balancing is what is required. A Kerala Government initiative of compulsory and to serve in Government service is a welcome step in that direction.

The selection process for the PG training needs urgent review. The student who spends time in the wards with patients and actually practicing the skills is pushed to the back by those books worms who spend time in entrance preparations ignoring the skill refinement. The PG aspirants join full time coaching classes and delay their entry into practice for years. It is not the four and half years of medical learning and one year of skill practice that determine one's prospect to be a specialist, but it is the time they spend on reading the printed materials and the capability to undergo entrance training. An evaluation and marks for skill learning period of internship and an exit examination after completion of course would be preferable than an examination at the entrance of PG training.

The medical management is a problem solving process. Keeping the available information,. out of many options the best is selected and applied. There should be a willingness to accept one's limitations and refer the patient to another one for better care.

A proper crafting of the PG courses need to be done, specially defining its desired level of dependence on machines. Technological advances could be of benefit, if properly applied.

Optimising the number of Post graduate seats including that of DNB is to be planned. Rearranging the current faculty positions to maximize the seats in all colleges is to be considered.

There is no system to monitor the actual teaching process. There is a need for incorporating learning from experience in the training policy and it should not be limited to learning from literature.

It is at the PG level the ROME scheme has its relevance than for UG. Reorientation of Medical education scheme envisages shifting of a part of training into specified rural centres. The District hospitals and taluk hospitals can be used as satellite centres of Medical Colleges, where PG students along with PG teacher is posted periodically for specified duration.

There appears a gender bias in specialty selection. The male chauvinism plays a noticeable role in the unhealthy clinical-preclinical conflict.

For the fields like Anatomy the demand is limited and openings are available only periodically. An anatomist can be a consultant in theaters; can offer facility for skill development of surgeons bt taking part in cadaver dissections.

In Kerala the field of medical education was opened to private sector in the middle of last decade. Many senior faculty receive SMS messages occasionally from unknown Medical Colleges offering huge 'salary' to be present only on the day of MCI inspection at the college. Is is note worthy to mention that for a PG seat in some of the specialties in surprisingly popular institutions; it is up to two crores in Indian Rupees.

An element of research mentality is helpful for any medical practitioner, though it is not essential requirement. Hence that is to be fostered.

The time is ripe to start a serious review of the medical education as a whole and PG training in particular. The entire stake holders ranging from Student and Teachers to common man as service user should get an opportunity to express their views.

# സാമ്പത്തിക ശാക്തീകരണ രംഗത്തെ കുടുംബശ്രീ ഇടപെടലുകൾ - ഒരു അനുഭവ പാഠം

പി. തങ്കം ടീച്ചർ

കുടുംബശ്രീയുടെ പ്രഖ്യാപിത ലക്ഷ്യമായ സാമ്പത്തിക ശാക്തീകരണം കൈവരിക്കുന്നതിനുള്ള പ്രധാന ഉപാധികളാണ് സൂക്ഷ്മ സംരംഭങ്ങളും സംഘകൃഷിയും. പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ ദാരിദ്ര്യലഘൂകരണം എന്ന ലക്ഷ്യ സാക്ഷാത്ക്കരണത്തിനായി പ്രാദേശികമായി ലഭ്യമായ വിഭവങ്ങളെ സംഭരിച്ച്, സംസ്ക്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിലൂടെ വനിതകൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും അതുവഴി അവരുടെ സാമ്പത്തിക വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുന്ന ചില പദ്ധതികൾ കൊടകരയിൽ ഏറ്റെടുത്ത് നടപ്പാക്കിയതിന്റെ അനുഭവ പാഠങ്ങൾ നിങ്ങളുമായി പങ്കവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**നിവേദ്യം - പൂജകദളി പ്രോജക്ട്**

ഗുരുവായൂർ ക്ഷേത്രത്തിലേക്ക് നിവേദ്യാവശ്യങ്ങൾക്കായി പ്രതിദിനം ശരാശരി 12,000 കദളിപ്പഴം ആവശ്യമാണ്. കദളിപ്പഴത്തിന്റെ ലഭ്യതക്കുറവുമൂലം പലപ്പോഴും ഈ ആവശ്യം നിറവേറ്റിയിരുന്നത് തമിഴ്നാട്ടിൽ നിന്നും വരുന്ന മറ്റു പഴങ്ങൾകൂടി ഉപയോഗിച്ചുകൊണ്ടാണ്. ഗുരുവായൂർ ക്ഷേത്രത്തിലേയ്ക്ക് പ്രതിദിനം ആവശ്യമായ കദളിപ്പഴം കൃഷിചെയ്ത് ഉൽപ്പാദിപ്പിച്ച് ക്ഷേത്രത്തിലേക്കെത്തിച്ച് വിതരണം ചെയ്യുന്നതിനായി കുടുംബശ്രീയും ഗുരുവായൂർ ദേവസ്വവും കൊടകര ബ്ലോക്ക് പഞ്ചായത്തും ചേർന്ന് സുസ്ഥിര കൊടകര വികസന പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുത്ത തൃശൂർ ജില്ലയിലെ ആദ്യ സമഗ്ര പദ്ധതിയാണ് നിവേദ്യം-പൂജ കദളി പ്രോജക്ട്.

2009 ജൂൺ 9ന് ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി ഗുരുവായൂർ ദേവസ്വം ചെയർമാന് കദളിക്കുല കൈമാറിക്കൊണ്ട് പദ്ധതി ഉൽഘാടനം ചെയ്തതുമുതൽ പ്രതിദിനം 4000 കദളിപ്പഴം മുടക്കം കൂടാതെ ക്ഷേത്രത്തിലേയ്ക്ക് നൽകിവരുന്നു. കൊടകര ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലെ അഞ്ചുപേർ വീതമടങ്ങുന്ന 50-ഓളം കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളാണ് കദളിവാഴകൃഷിയിൽ ഏർപ്പെട്ടുവരുന്നത്. അവരുൽപ്പാദിപ്പിക്കുന്ന കദളിക്കുലകൾ തൊട്ടടുത്ത സഹകരണബാങ്കുകൾ വഴി സമാഹരിച്ച് മറ്റത്തൂർ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന ഗുരുവായൂർ ക്ഷേത്രത്തിലേക്കെത്തിച്ച് പഴുപ്പിച്ച് വിതരണം ചെയ്തു വരികയാണ്. പഴം ഒന്നിന് 1.75 രൂപ ലഭിക്കുതിൽ 20 പൈസ സംഭരണ സംസ്ക്കരണ വിതരണ ചിലവുകൾക്കായി മാറ്റിവെച്ച് 1.55 രൂപ കായ നൽകുമ്പോൾ തന്നെ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സഹകരണ ബാങ്കിൽ നിന്ന് ലഭ്യമാണ്.

**അളഗപ്പനഗർ-ആടുഗ്രാമം പദ്ധതി**

അളഗപ്പനഗർ ഗ്രാമപഞ്ചായത്തിലെ 100 കുടുംബശ്രീ കുടുംബങ്ങൾക്ക് (5 പേർ വീതം അടങ്ങുന്ന 20 സംരംഭക ഗ്രൂപ്പുകൾ) 5 വീതം ആടുകളെ ലഭ്യമാക്കികൊണ്ട് ഏറ്റെടുത്ത പദ്ധതിയാണ് ആടുഗ്രാമപദ്ധതി. 20 ഉൽപ്പാദന യൂണിറ്റുകൾക്കായി ഒരു മാർക്കറ്റിംഗ് ഗ്രൂപ്പ് കൂടി രൂപീകരിച്ചുകൊണ്ടാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്.

ആടുകളുടെ ഉൽപ്പാദനം കൂടുന്നതോടെ ഉൽപ്പാദന ഗ്രൂപ്പുകൾ നേരിടാനിടയുള്ള പ്രതിസന്ധി മുന്നിൽ കണ്ടുകൊണ്ടാണ് മാർക്കറ്റിങ്ങ്

ഗ്രൂപ്പിന് രൂപം കൊടുത്തത്. ഉൽപ്പാദകരായ സംരംഭകരും വിപണന ഗ്രൂപ്പും തമ്മിലുള്ള കരാർ അനുസരിച്ച് ആട്ടിറച്ചിയുടെ മാർക്കറ്റ് വിലയുടെ 50 % നൽകിക്കൊണ്ട് ആടുകളെ ലൈവ് വെയ്റ്റ് നോക്കി മാർക്കറ്റിംഗ് ഗ്രൂപ്പ് എടുക്കുകയും വെറ്റിനറി ഡോക്ടറുടെ സർട്ടിഫിക്കേഷനോടെ സ്ലോട്ടർ ചെയ്ത് ശുദ്ധമായ ആട്ടിറച്ചി വിപണനം നടത്തുകയും ചെയ്യുന്നു. ആട്ടിൻ കാഷ്ടം ഉണക്കി പാക്ക് ചെയ്ത് സുസ്ഥിര ബ്രാന്റിൽ വിൽപ്പന നടത്തുന്നു. ആട്ടിൻ മൂത്രം സംഭരിച്ച് ഔഷധിയിൽ എത്തിച്ച് വിപണനം നടത്തുന്നതു വഴി ആഴ്ചയിൽ 1000 - 1200 രൂപ വരെ വരുമാനം ലഭിക്കുന്ന സംരംഭകരും കൂട്ടത്തിലുണ്ട്.

**സുസ്ഥിര നേച്വർ ഫ്രഷ് മിൽക്ക് പദ്ധതി**

പ്രകൃതിദത്തമായ പാൽ അതിന്റെ തനിമയോടെ, കറന്നെടുത്ത് ഒരു മണിക്കൂറിനകം ചില്ലു കുപ്പികളിലാക്കി സീൽ ചെയ്ത് ഉപഭോക്താക്കളിൽ എത്തിക്കുന്ന സുസ്ഥിര നേച്വർ ഫ്രഷ് മിൽക്ക് പദ്ധതിയും അളഗപ്പനഗർ പഞ്ചായത്തിൽ നടന്നുവരുന്നു. പഞ്ചായത്തിലെ 50 കുടുംബശ്രീ സംരംഭകർക്ക് പ്രത്യേക പരിശീലനവും പ്രത്യേകം ഡിസൈൻ ചെയ്ത തൊഴുത്തും 2 വീതം പശുക്കളേയും ലഭ്യമാക്കിക്കൊണ്ട് ആരംഭിച്ച പദ്ധതിയിൽ രാവിലെ കറന്നെടുക്കുന്ന പാൽ വിപണന ഗ്രൂപ്പ് സംഭരിച്ച് തൃശൂർ ടൗണിലെ ഫ്ളാറ്റുകളിലും റസിഡൻഷ്യൽ ഏരിയകളിലും എത്തിച്ച് ലിറ്ററിന് 30 രൂപ നിരക്കിൽ വിതരണം ചെയ്തു വരുന്നു. ഇതിൽ 25 രൂപയും പാൽ ഉൽപ്പാദകരായ കുടുംബശ്രീ സംരംഭകർക്കും 5 രൂപ പാൽ വിപണനം നടത്തുന്ന മാർക്കറ്റിംഗ് ഗ്രൂപ്പിനു മാണ്. 2010 ജൂൺമാസം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയിൽ പ്രതിമാസം 2 ലക്ഷം രൂപയോളം അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടുന്നു.

**കുടുംബശ്രീ ഹോം ഷോപ്പ്**

നിയതമായ ഉൽപ്പാദന പ്രക്രിയയിലൂടെ ഗുണമേന്മ ഉറപ്പു വരുത്തിക്കൊണ്ട് കുടുംബശ്രീ സംരംഭക ഗ്രൂപ്പുകൾ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്ത് ഒരു കുടുംബശ്രീ അയൽക്കൂട്ട അംഗത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്ന വീട്ടുകടയിലൂടെ അവർക്ക് ചുറ്റുവട്ടത്തുള്ള 100 - 200 കുടുംബങ്ങളിലേക്കെത്തിച്ച് വിതരണം ചെയ്യുന്ന ഒരു വിപണ സംവിധാനമാണ് കുടുംബശ്രീ ഹോം ഷോപ്പ്.

**ഹോം ഷോപ്പിന്റെ പ്രസക്തി - രാഷ്ട്രീയ, സാമൂഹ്യ, സാംസ്ക്കാരിക തലത്തിൽ**

ഹോം ഷോപ്പുകാർ വെറും കച്ചവടക്കാരല്ല.- ആഗോള വൽക്കര കാലഘട്ടത്തിലെ ചെറുത്തുനിൽപ്പിന്റെ രൂപമാണ്./ബിംബമാണ്.. കേന്ദ്രീകൃത ഉൽപ്പാദനവും വിപണനവും എന്ന കുത്തക സമീപനത്തിൽ നിന്നും മാറി വികേന്ദ്രീകരിച്ച ഉൽപ്പാദനവും വിതരണവും എന്നതാണ് ഹോം ഷോപ്പിന്റെ സമീപനം. കച്ചവടത്തിലെ കുത്തക വൽക്കരണത്തെ എതിർക്കാൻ പറ്റുന്ന ഏറ്റവും നല്ല ഉപകരണമാണ് ഹോം ഷോപ്പ്.

പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കളെ / കാർഷികോൽപ്പന്നങ്ങളെ പ്രാദേശിക തലത്തിൽ ലഭ്യമായ മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തിക്കൊണ്ട് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിലൂടെ പ്രാദേശികമായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും പ്രാദേശിക തലത്തിൽ കണ്ടെത്തുന്ന വിപണി സാധ്യതകൾ പ്രയോജനപ്പെടുത്തി വിറ്റഴിക്കുന്നതിനും അതുവഴി പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പു വരുത്തുന്നതിനും ഹോം ഷോപ്പുകൾ വഴിയൊരുക്കുന്നു.

പ്രാദേശിക തലത്തിൽ ഉൽപ്പാദന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനുള്ള ഒരു മുൻ ഉപാധിയായായണ് ഹോം ഷോപ്പിനെ കാണേണ്ടത്. ഉൽപ്പാദക യൂണിറ്റുകളെ സ്ഥായിയായി നിലനിർത്തുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലാണ് ഹോം ഷോപ്പുകൾ.

കാര്യക്ഷമമായ ഒരു ഉൽപ്പാദന വിപണന ശൃംഖല സൃഷ്ടിച്ചുകൊണ്ട് കുടുംബശ്രീ സംരംഭകർക്ക് തൊഴിലും സ്ഥിരവരുമാനവും ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണനിലവാരവും ന്യായവിലയുമുള്ള ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും അതുവഴി സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണത്തിനും ഹോം ഷോപ്പുകൾ വഴിയൊരുക്കുന്നു.

# GENDER IN CITIZENSHIP: THE EXPERIENCE OF DECENTRALIZATION AND POLITICAL PARTICIPATION OF WOMEN IN KERALA

**Mini Sukumar**

*Lecturer, Centre for Women's Studies, University of Calicut*

One key feature of the process of decentralization in Kerala is its commitment towards gender concerns in terms of planning, implementation and empowerment through the local self government institutions in the state. But the ideas of political participation of women other than the size of reservation or the common societal apprehensions were not much deliberated. The notion of political participation of women is still a vague idea in its political sense of acquiring and exercising the citizenship rights of representation and participation in a democratic system. Most of the debates follow the concept that women are either to be excluded altogether from politics as in classical tradition or being differentially included on the basis of their socially useful roles as mothers. While discussing the political participation of women, conceptual issues relating to the nations of gendered citizenship are very important. Women historically lived outside the boundaries of citizenship in almost all societies. The political theory developed through the influence of western political thought always uses a general masculine model of the citizen. Feminist notions of citizenship look beyond the dichotomy of public-private divide and recognize political participation as an expanding field of activity. This conceptual framework will be more useful in analyzing the political participation in the context of decentralization and local governance rather than the dichotomy model of formal representation in figures as well as membership in certain structures.

Women's role as voters as well as elected representatives in terms of participation in the process of elections was fairly well in the last four LSGI elections in Kerala. According the Election Commission Data, majority of the Elected Women Representatives stated that they were either politicians or social workers at the time of their entry to LSGI. This reveals that the much debated argument of EWRs' nonpolitical assertions is only based on some commonsensical notions and not based on a critical evaluation. A significant section of the EWRs are having some experience of social participation and a certain extent of efficiency in undertaking governance tasks. The performance of GPs headed by men and women were not showing any glaring difference in governance aspects.

Regarding the political affiliation of EWRs only very few of them were stated as independents; without any political affiliation at the time of filing their nominations in the election. The dynamics of acquiring the affiliations are debatable but it can be viewed as an opportunity for women's entry to politics. Countering the cynicism towards politics, women can make it inclusive and responsive towards exclusions, exploitations and oppression. In a highly politicalised democratic space in Keralam, this large scale entry of women to political forum definitely have a long term implication of changing the notion of public and fixing priorities of political agenda.

Decentralization process has created

opportunities for women in four dimensions such as (1) organizational, (2) governance, (3) local economy and (4) societal. In the organizational level different structures of women such as Kudumbasree neighborhood groups were working effectively. In many areas they are grown out of their mobilization models and matured enough to assert their concerns. In the governance structures women participation into various committees are ensured and in many programmes women have a crucial role such as implementation of NREGS, PTAs, Welfare committees of anganvadis etc. Now many of the LSGIs are implementing schemes for increasing opportunities for women in local economy. All these interventions definitely have an influence over women's changing role in various community organizations and start being reflected in societal attitudes. But here the changing process is slow and it is always mediated with stronger cultural and economical forces in the society.

In the local development context, the notion of the public can be visualized as a democratically negotiated and, therefore, an inclusive collective space for the local specific development agenda.

Most of the EWRs are facing strong resistance and controls as a result of patriarchal controls strongly prevailing in Kerala society. The issues faced by and the limitations experienced by the EWRs are almost similar to that experienced by women working outside her home, earning money and wielding any sort of power. Another major hurdle exists which has to be given immediate attention is the gender disparity existing women of different social locations within the context of local governance. The development agenda and governance has not been successful in taking into account the differences that exist among women – class, caste, religion, place of residence, age and disability. All these factors are crucial in determining their specific experiences of citizenship. Numbers too are mattered in asserting the specific agenda of each group and also ensuring a meaningful participation.

This paper is to pinpoint the discussion on political participation of women in the context of decentralization and local self governments located within the specific nature of the present local self government system and the objectives of decentralization in Kerala. It holds in one way a continuum of arguments of feminist view points on the problems of patriarchal controls over women's participation in politics and on another way tries to articulate on women's political participation in the specific context of decentralization and local governance in Kerala.

# സ്ത്രീപദവി സ്വയം പഠന പരിപാടി

**യമുനാമേനോൻ**

സ്ത്രീശാക്തീകരണവും ദാരിദ്ര്യനിർമ്മാർജ്ജനവും ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ആരംഭിച്ച നൂതന വികസന മാതൃകയായ കുടുംബശ്രീ ഇന്ന് 37 ലക്ഷത്തോളം അംഗങ്ങളുമായി മുന്നേറുന്ന കെട്ടുറപ്പും കാര്യക്ഷമതയുമുള്ള സ്ത്രീ പ്രസ്ഥാനമാണ്. മുമ്പെങ്ങുമില്ലാത്തവിധം കേരളത്തിലെ സ്ത്രീജീവിതം കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങളിലൂടെ ദൃശ്യവൽക്കരിക്കപ്പെടുമ്പോഴും കൂടുതൽ സ്ത്രീകൾ സാമ്പത്തിക ശാക്തീകരണത്തിലേക്കും പൊതുപ്രവർത്തന മണ്ഡലങ്ങളിലേക്കും കടന്നു വരുമ്പോഴും ലിംഗനീതിയും ലിംഗപദവി തുല്യതയും ഇന്നും മരീചികയായി തുടരുന്നു. സൂക്ഷ്മസമ്പാദ്യ-സംരംഭ മേഖലകളിലൂടെ സ്വന്തമായി വരുമാനം നേടുന്ന ?? സ്ത്രീക??? സാമ്പത്തിക ചൂഷണത്തിനും തദ്വാരാ ദാരിദ്ര്യത്തിൽ തുടരുന്നതിനും ഇടയാകുന്നതായും, ഈ സാമ്പത്തിക സ്വാതന്ത്ര്യമില്ലായ്മ സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപദവി കാഴ്ചപ്പാടുകൾക്ക് അനുസൃതമാണെന്നും കാണാൻ കഴിയും

സാമ്പത്തിക സ്വാശ്രയത്വം, വിഭവ വിനിയോഗത്തിനുള്ള അവകാശം, ആസ്തികളുടെ ഉടമസ്ഥത, തീരുമാനം എടുക്കുന്നതിനുള്ള പങ്കാളിത്തവും അവകാശവും തുടങ്ങി സാമൂഹികവും സാമ്പത്തികവുമായ എല്ലാ ഘടകങ്ങളിലും സ്വയം നിർണ്ണയാവകാശവും ശേഷിയും ആർജ്ജിക്കുന്നതിന് കേരളത്തിലെ സ്ത്രീ സമൂഹത്തെ പ്രചോദിപ്പിക്കുന്നതിനുള്ള ഒരു സമഗ്രമായ വിദ്യാഭ്യാസ പരിപാടിയുടെ അനിവാര്യതയിലേക്കാണ്.. സ്ത്രീകൾ, തങ്ങളുടെ അറിവുകളും അനുഭവങ്ങളും നിലനിൽക്കുന്ന സാമൂഹ്യ അവസ്ഥയേയും അധികാര ഘടനയേയും തങ്ങളുടെ വ്യക്തിപരവും സാമൂഹ്യവുമായ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ സമൂഹത്തിലെ പദവി സ്വയം വിശകലനം ചെയ്യുന്നതിനുള്ള കരുത്തും ആർജ്ജവവും നേടുക എന്നതു അനിവാര്യമാണ് ഈ സാഹചര്യത്തിൽ സ്ത്രീപദവി സ്വയംപഠനം എന്ന നൂതന വിദ്യാഭ്യാസ പ്രക്രിയ കുടുംബശ്രീയുടെ അടിസ്ഥാന സ്വഭാവത്തിൽ വ്യത്യാസം വരുത്തുവാൻ പര്യാപ്തമാണ്.

ദാരിദ്ര്യനിർമ്മാർജ്ജനമെന്നത് കേവലം ആനുകൂല്യവിതരണമല്ല. സ്വന്തം പിന്നോക്കാവസ്ഥയ്ക്കു കാരണമായ സാമൂഹ്യ ഘടനയെ തിരിച്ചറിയുന്നതിലൂടെ മാത്രമേ അവയെ അതിജീവിക്കാൻ കഴിയൂ. സ്ത്രീ പദവി സ്വയംപഠനത്തിന്റെ ഭാഗമായുള്ള അയൽക്കൂട്ട തല ചർച്ചകളും സംവാദങ്ങളും റിസോഴ്സ്പേഴ്സൺമാരുടെ വിപുലമായ ശൃംഖലയും വാർഡുതല പഠന സംഘങ്ങളുടെ രൂപീകരണവുമെല്ലാം ഈ പ്രക്രിയയെ സജീവമാക്കും. പഠന പ്രക്രിയയുടെ ഫലപ്രദമായ നടത്തിപ്പിന് www.sreesakthi.org എന്ന വെബ്പോർട്ടൽ അത്യന്തം സഹായകമാകും

# INSTITUTIONALISING LOCAL GOVERNMENTS : REFLECTIONS FROM SELECTED INDIAN STATES

**Dr. K Gireesan**

*Faculty Head, Rajiv Gandhi National Institute of Youth Development, Ministry of Youth Affairs and Sports, Govt. of India*

Constitutional status to Local Government Institutions through 73rd and 74th amendment acts have brought in a paradigm shift in the domain of local governance in the country. The constitutional amendments created separate schedules (11th and 12th schedules) for rural and urban local governments, with clear delineation of functional areas. These amendments enabled the LGIs with the power and authority to function as 'units of self government', though with varying levels of initiative, drive, interest, intensity and diversity of operations in practice. The local government institutions have started assuming the centre stage in ushering in people-centric governance, as they are more responsive, effective, efficient and people-friendly, from the stand point of decentralised democratic governance.

The advent of 73rd and 74th Constitutional Amendment Acts (CAA) have brought in major changes in the political dimensions of the country. The origin and source of legitimacy for all the democratic institutions including panchayats are drawn from the Constitution. The authority and power are devolved to the panchayats through a comprehensive legislative process of the state. However, the authority, power and extent of functional coverage of the local governments have not been manifested adequately in the field, as it was conceived at the time of devolution. However, there are variations in the depth and extent of functions at different parts of the country. Similarly, the pace of institutionalising local governments also have been quite varied in the States.

In the post-amendment scenario, Kerala has been a trend setter in terms of devolution of Functions, Finance and Functionaries (3Fs) to the PRIs, leading to their institutionalisation on a big way. Kerala, being a state with relatively poor record of decentralisation before the constitutional amendment, has become a path finder for decentralisation in India as well as developing countries. This was possible through social mobilisation of thousands of people, which went far and beyond the governmental initiatives and reforms. Kerala is the pioneer in India, which made significant strides to usher in decentralised planning (widely acclaimed as 'People's Plan'), coupled with the elements of participatory techniques and good governance. During the past, the State witnessed a serious decentralisation discourse centred on its experience, particularly in the context of globalisation. The elements of neo-liberal discourse of efficiency and good governance were already embedded in the Panchayat reforms initiated way back in the State since 1999. However, the uniqueness of the Kerala model of decentralisation is that it was projected as an antidote to globalisation rather than its tool. The scale and pace of the decentralisation in Kerala have caught the attention of the country and was quoted as an example for 'democratic deepening' by scholars even from

outside the country.

Similar to the experiences from Kerala, several initiatives were made in Karnataka, Madhya Pradesh, Sikkim and West Bengal during the post-73rd CAA era, especially during the last one decade. PRIs in these States have come across several positive aspects aiming to strengthen the process of institutionalisation. These involve a wide spectrum of activities include capacity building of elected members of local governments, officials and members of civil society. The span of activities range from the initiatives like introduction of 'Gram Unnayan Samiti' in West Bengal in 2003 to the appointment of 'Panchayat Development Officers' in Karnataka during 2010. However, there is a need to quicken the pace towards institutionalising the local government institutions. For example, there is a need to rejuvenate the District Planning Committee (DPC), the only planning body supported by the Constitution. The institution of DPC has run into several structrural and operational issues in most of the States even in Kerala. And it is no hidden fact that the DPC could not deliver the functions on the expected lines, beyond its ritual ones. In many States, Panchayats are continued to be viewed as implementing agencies and at the most, institutions to ensure people's participation in governance, which is more out of compulsion than with a genuine understanding about the 'principle of subsidiarity'. The concept of 'institution of self government' is still far in operational terms, which needs to be addressed earnestly.

This paper attempts to portray the initiatives for institutionalsing PRIs from the selected Indian States like Karnataka, Madhya Pradesh, Sikkim and West Bengal. It will highlight the problem areas that are either a residue of the past or new additions in the context of globalisation. In addition, the issues retarding insitutionalisation of PRIs in these States also will be analysed.

# A WORLD-CLASS ICT RESEARCH INSTITUTE IN KERALA

**Achuthsankar S Nair**
*University of Kerala*

"Generating knowledge for the world of tomorrow" should be the motto of the new institute and it obviously requires to have research as the top priority of the institution. To ensure that this focus is not lost in the structure of the institution, the proposed institute shall have no Departments. Departments at once put taught courses, however advanced they be, as the primary objective of the institutions. The institute shall have only laboratories - primarily doing research but also involving in teaching programmes

that are intimately tied to their research projects and priorities. This way, the research agenda shall always be upfront and be promoted. Its taught programmes should be unique in that all programmes including UG programmes should be intricately woven with research priorities of the institute and should compulsorily have a appreciable research component. UG programme should not be expanded to a size that consumes the energy, time, infrastructure and creative power of the institute.

The areas of focus of the proposed institute should ideally keep emerging from the collective wisdom of the institute's academic community in response to current knowledge scenario and perceived needs and also projected needs of the local and global

world of the future. The institute should be organized as laboratories in cutting edge and futuristic areas of research such as:

1. Cognitive Informatics Laboratory.
2. Social Informatics and New Media Laboratory.
3. Sports Informatics Laboratory.
4. Mechatronics & Entertainment Informatics Laboratory.
5. Systems Biology and Bioinformatics laboratory.
6. Legal Studies and Forensic Informatics Laboratory.
7. Visual Informatics Laboratory.
8. Computer Science Laboratory.
9. Computer Engineering Laboratory.

Each of these laboratories shall focus on hardware and software without giving undue prominence to software, as it is a quick-start area. Natural science resources shall be integrated with some / many of the above laboratories. Humanities resource shall be integrated into Social information Laboratory. Mathematics shall be integrates with Computer Laboratory.

Knowledge has obviously emerged the major fuel for the turbine of development. The proposed institute needs to position itself in the knowledge society to ensure that it furthers the social and economic development of the country. It needs to ensure that the intellectual property is ploughed back into the society which funds it for the generation of the same. The institute should do all that is within its powers and obligations to encourage increased creativity and innovation which will lead to generation of IP. Patenting an

invention need not be seen as going against the principle of free knowledge dissemination, as the Institute would be able to, under social control, reinvest any share of returns from the licensing of a patent to further the case of IP generation and knowledge dissemination. In case of inventions, the major decision by the student and/or the researcher – "to publish or patent" needs to be encouraged. In the case of publication, every effort should be made by the student and the teacher to consider an open access publication, provided other scholarly considerations are not compromised. This will ensure that results of public funded research are freely accessible to the public, without any barriers. There is need to continuously educate and empower its researchers and students to enable them to generate and manage IP.

The destiny of an institute is to a great extent scripted by the founder director who has the role of institution building. A person of international eminence, with tangible achievements in research, teaching and creative academics selected through an eminent and scholarly search committee should be considered for appointment as Director. This includes launching and /or leading new ideas, innovative courses, new methodologies in academics, international/national collaborations, industry-institute collaboration, technology transfer in terms of patents, patent licensing, playing key roles in professional societies, producing high impact factor publications, productive guidance of research students and inter-disciplinary and intra-disciplinary outlooks. It is obvious that the search for the founder director needs to reach out of India too.

Founder directors are to play the role of "institution builders" by scripting the blue print of the institute in both practical and philosophical ways. They have the primary responsibility to create a unique academic eco-system in the institute. This culture, good or

bad, is most likely not refuses to go away, once it is created. The founder director is to be ensured with ample time and energy to focus on this singularly critical aspect of institution building. However most, founder directors of institutes degenerate from "institution builders" to merely "builders"! They end up expending their energy and time in cumbersome land acquirement and construction management, both of which are not necessarily the key-strength of an eminent academic. It would be ideal to create a seperate autonomous mission to deal with the first phase of campus establishment. The Government grant for the construction of the first phase of the campus establishment should be transferred to the mission. The mission should be headed by an IAS officer with experience in land acquiring and construction management. This mission should exist for 2-3 years or until the completion of the first phase of construction, whichever is earlier. After this, the mission should automatically dissolve, transferring all its assets and liabilities to the Institute. The powers and responsibilities of the mission should form a part of the act establishing the Institute.

A major dilemma for institute like the propose one would be to decide on whether to run UG programmes or not. These programmes attract more talent than PG programmes (as is the case with IITs) and also the financial resources mobilization though these are substantial. However UG programmes produce a huge drain of time, infrastructural and intellectual resources which detrimentally affect the ability of the institute to focus on PG programmes and research. When UG programmes are present, primary concerns of the institute automatically switch to teaching and logistics of managing huge student numbers in the campus. The dilemma is intractable. The best one could do is to limit the UG intake and design the UG programme such that research is intricately woven into the curriculum. UG students should be given option to take an honour degree which should enable them to go straight to PhD. Honours degree should have a one-year project in addition to 4 years of courses, including research oriented ones. The UG students should be attached to different labs each semester and the major core courses of the semester should be offered by the concerned lab.

The institute should have two-tier academic legislation system in place of the traditional three-tier system (Board of studies - Faculty-Academic

Council). The Faculty system in Universities in country is mostly an ornamental system which's job is to enforce a sort of academic caste system. It will be working against the purpose of the increasingly relevant inter-disciplinary and multi-disciplinary thought process. Hence proposed institute should have no faculty boards. Its research and teaching programmes shall originate from informal non-statutory interest groups and shall be approved by the 'Boards of Research and Studies' of each Research Laboratory. These shall receive their final approval in the Academic Council. This way, each subject of research and studies shall be able to define themselves without the falling into a pre-defined academic caste.

For an institute with focus on Information Technology, an area known for huge industrial activity, the question of institute-industry interaction is critical. Research and curriculum that dovetails into the current needs of the industry is an often cited caveat. To be led by industrial needs would be pragmatic, but to inseminate new industrial ideas and initiatives would be new generation leadership role. Hence THE INSTITUTE should also parallely try to violate the traditional caveat and attempt to create knowledge and human resources that will alert industries to open up new vistas. Entertainment Informatics as an area in which research and human resource development can attract/create industrial attention.

Industry incubation in academic companies is an idea toyed many times in the past, but except in case of a handful institutions and in a handful areas, it has not taken o_ in a big way. In Kerala, we are definitely devoid of towering role models. Industry incubation in the proposed institute should attempt to be a role model in this regard. Industry incubation will create a live bond with the industrial ventures which incubate out of the Campus, which will have a positive feedback effect on future students in terms of placement,

industrial training etc. Industry incubation facility should be an integral part of each laboratory. Space in the laboratory could be rented out to students with facility to use laboratory infrastructure on a paid basis. The institute should become an active catalyst in economic development of the state by partnering with student-entrepreneurial ventures.

Great ideas, great traditions, great talent, great environments can all be engulfed by very petty personality clashes which can grow to eat up time of administrators, academic bodies and the whole academic community. We should recognize this very real danger that any institution is destined to face. The only solution seems to be to manage human issues scientifically. A policy of openness as regards administrative and academic decision making should be practiced. In the absence of reliable information about what is going on, speculation and gossiping emerges. e- groups, discussions forums, blogs etc. should be started and maintained with great professionalism. Modern management principles should be adopted in motivating academia. Education and training in this area should receive high priority. Amenities such as play grounds, recreational areas, gym, de-stressing rooms etc. should be maintained with importance. Design of rooms, meeting places etc should be people friendly. The famous Googleplex is a model to reflect on. While team work should be the norm, individual leadership should be recognised. On work-hours, 'one size fits all' policy should not be adopted. Researchers should have 2 or 3 work models to choose from. For instance, one model requires fixed timings and work loads. Another model could have flexi-timing, with fixed research output requirement (for example technology transfer/ specific number of high impact factor publications etc.). Researchers can choose and switch from one to another model, as per some norms.

Students should be given soft-skills training through out the course. All research professors also are to be given the same, perhaps in a condensed fashion. A prominent component of this should be given in the beginning, through a well-planned induction programme of 1 month. A "learning to learn" education should also be provided. A carefully planed humanities education should be given to students to ensure that they do not degenerate to socially-insensitive technocrats/ innovators/industrialists. In addition we need to be cautious about "growing too big, too fast". This

is a perfect recipe for human resource problem.

The institute should not look at the common easy way for self-reliance: charging hefty fees on students. In addition to the ethical issues, it also crates a comfort zone for the researchers to lean heavily to teaching responsibility. Intellectual resources of

the institute shall be used to generate income through the following:

1. Patent Licensing.

2. Extramural Research projects.

3. Consultancy work.

4. Renting out infrastructure facilities (Clouds, HPC, Clusters etc.).

5. Corporate training.

6. Industrial sponsorship.

7. Alumni sponsorship.

8. Other innovate schemes (one of which could be aimed at attract foreign students from South Asia).

# പ്രാദേശിക സാമ്പത്തിക വികസനത്തിൽ കുടുംബശ്രീയുടെ അനന്ത സാധ്യതകൾ

ഷീജാ വിശ്വനാഥൻ- തിരുവാണിയൂർ

വീട്ടുമുറ്റത്തൊരു ബാങ്ക് എന്ന സങ്കൽപ്പത്തോടൊപ്പം സ്ത്രീ സമൂഹത്തിന് സംഘടനാ ചിട്ടവട്ടങ്ങൾ സ്വായത്തമാക്കുന്നതിനും വ്യത്യസ്ത അഭിപ്രായങ്ങൾ കേൾക്കാനും, മനസിലാക്കാനും എല്ലാ വിഭാഗങ്ങളിലേക്ക് ഇറങ്ങി ചെല്ലുവാനും, സാമൂഹ്യ, സാമ്പത്തിക ശാക്തീകരണത്തിനും കുടുംബശ്രീ വഴി സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 4 വർഷം ഈ രംഗത്ത് കൊണ്ട് വന്ന മാറ്റങ്ങളും ഇടപെടലും കുടുംബശ്രീ സംവിധാനത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

1. ഫലപ്രദമായ നേതൃത്വത്തെ വാർത്തെടുക്കാൻ കഴിയുന്ന രീതിയിൽ സംഘടനയെ മാറ്റിയ ബൈലോ പരിഷ്കരണം.
2. ചിട്ടയായ പരിശീലനങ്ങൾ
3. തദ്ദേശ സ്ഥാപനങ്ങളെ വിലയിരുത്തൽ സമിതി എന്ന രീതിയിൽ ക്രിയാത്മകമായി കോർത്തിണക്കിയത്.
4. ജനാധിപത്യ രീതിയിൽ സുതാര്യമായ തെരെഞ്ഞെടുപ്പ്.
5. ആക്ഷൻ പ്ലാൻ സബ്കമ്മറ്റി രൂപീകരണം
6. വിപണന മേഖലയിലെ ശക്തമായ ഇടപെടൽ
7 സിഡിഎസ് അക്കൗണ്ടന്റ്മാരുടെ നിയമനം.

ഇതിന്റെയെല്ലാം ഫലമായി പ്രാദേശിക ഗവൺമെന്റിനോടൊപ്പം വിവിധ ദാരിദ്ര/ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കാൻ കുടുംബശ്രീ സിഡിഎസിന് സാധിക്കുന്നു.

കുടുംബശ്രീ സംരംഭങ്ങളിലൂടെ 2009 -10 വർഷത്തിൽ 81 സംരംഭങ്ങൾ തുടങ്ങാൻ തിരുവാണിയൂർ സി.ഡിഎസിന് സാധിച്ചു. ആകെ സംരംഭങ്ങൾ 180, സംരംഭകർ 910.

തിരുവാണിയൂർ സി.ഡി.എസ് 2009-2010 1കോടി 40 ല ക്ഷം രൂപയുടെ വാർഷിക കർമ്മ പദ്ധതിക്ക് രൂപം കൊടുക്കുകയും ത്രിതല പഞ്ചായത്തിന്റേയും, കുടുംബശ്രീമിഷന്റേയും കൂട്ടായ പിന്തുണ വഴി 2 കോടി 11 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തതിലൂടെ കുടുംബശ്രീയിലൂടെയുള്ള വികസന സാധ്യതകൾ നമുക്ക് തിരിച്ചറിയാൻ സാധിക്കും. കുട്ടികൾക്കായി ബാല സഭകളും അഗതികൾക്കായി ആശ്രയ പദ്ധതികളും, മാനസിക വെല്ലുവിളി നേരിടുന്ന ബഡ്സ് സ്കൂളുകളും കുടുംബശ്രീയുടെ ശ്രദ്ധേയമായ പദ്ധതികളാണ്.

സ്ത്രീകളുടെ ഇന്നത്തെ സാമൂഹിക അവസ്ഥയെക്കുറിച്ച് മനസ്സിലാക്കുന്നതിനും സാമൂഹ്യ നീതിക്കും തുല്യ പദവിക്കും വേണ്ടി പ്രവർത്തിക്കുന്നതിനുമുള്ള സ്ത്രീ പദവി സ്വയം പഠന പരിപാടിയും പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു.

എറണാകുളം ജില്ലയിൽ തന്നെ ഒട്ടനവധി പുതുമയുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തിന്റെ പിന്തുണയോടെ നടപ്പിലാക്കുന്നുണ്ട്. സമഗ്ര, ഹരിതം, ഹരിതമിത്ര എന്നിവ അതിൽപ്പെടുന്നു. കളിമുറ്റം, ബാല പരിസ്ഥിതി കോൺഗ്രസ്സ്, സമഗ്ര കായികാരോഗ്യ പരിപാടി, ശിശുദിന പാർലമെന്റ്, സൗരോത്സവം, ജൈവവൈവിധ്യ പഠനം എന്നീ ബാലസഭാ പരിപാടികൾ ആഘോഷ ചന്തകൾ , മാസ ചന്ത, കമ്മ്യൂണിറ്റി മാർക്കറ്റിംഗ് തുടങ്ങിയ വിപണി വികസന പരിപാടികൾ, പലിശ സബ്സിഡിസ്കിം, അക്കൗണ്ടന്റുമാരുടെ നിയമനം എന്നിവ ജില്ലയിൽ 2006 ന് ശേഷം നടപ്പിലാക്കിയ പുതിയ പരിപാടികളാണ്. 2000 - 2005 കാലയളവിൽ ജില്ലാ മിഷൻ മുഖേന സർക്കാർ നൽകിയ സഹായം 8.3 കോടി. 2006 - 10 മുതൽ ജില്ലാമിഷൻ മുഖേന സർക്കാർ നൽകിയ സഹായം 34.03 കോടി

# നഗര ദാരിദ്രനിർമ്മാർജ്ജനവും കുടുംബശ്രീയും

പ്രീജ- ചാവക്കാട്

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീശാക്തീകരണത്തിനും വേണ്ടി നില കൊള്ളുന്ന കേരളത്തിന്റെ സവിശേഷമായ സംഭാവനയാണ് കുടുംബശ്രീ.

നവംബർ 2008 ൽ പരിഷ്ക്കരിച്ച ബൈലോ പ്രകാരം നടന്ന തെരഞ്ഞെടുപ്പിലൂടെ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിൽ പുതിയ ഭരണ സമിതികൾ ചുമതലയേറ്റു. 36 ലക്ഷത്തിലേറെ അയൽകൂട്ടഅംഗങ്ങൾ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു. കുടും ബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളെ കൂടുതൽ കരുത്തുറ്റതാക്കി മാറ്റുന്നതിനും, നഗരസഭകളുമായുള്ള പ്രവർത്തന ബന്ധവും, ഏകോപന തലവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പരിഷ്കരിച്ച ബൈലോയും, തെരഞ്ഞെടുപ്പും സഹായിച്ചിട്ടുണ്ട്.

ഒരു പ്രദേശത്തിന്റെ വികസനമെന്നു പറഞ്ഞാൽ ആ പ്രദേശത്തു താമസിക്കുന്ന പാവപ്പെട്ട ജനങ്ങളുടെ/ജനവിഭാഗങ്ങളുടെ അതിജീവനത്തിനും, ഉപ ജീവനത്തിനും വേണ്ട ഉപാധികളും-മാർഗ്ഗങ്ങളും അതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളും, വിഭവങ്ങളും ലഭ്യമാക്കുക എന്നത് കുടിയാണ്.

ദാരിദ്രനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ചുമതല നിയമപ്രകാരം നഗരസഭയിൽ നിക്ഷിപ്തമാണ്. 11-ാം പഞ്ചവത്സര പദ്ധതിയിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ഔദ്യോഗിക സംവിധാനങ്ങളെ മാത്രം ആശ്രയിച്ച് അർഹിക്കുന്ന എല്ലാവർക്കും സഹായങ്ങൾ സമയബന്ധിതമായി എത്തിക്കാൻ സാധിക്കണമെന്നില്ല. നഗരസഭകളുടെ നേതൃത്വത്തിലുള്ള പ്രാദേശിക വികസനന പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് കൂട്ടായ പരിശ്രമങ്ങൾ അനിവാര്യമാണ്.

തികച്ചും സ്വതന്ത്രവും, സുതാര്യവും ജനാധിപത്യപരവുമായ പ്രവർത്തന മേഖലയാണ് ത്രിതല സംഘടനാ സംവിധാനം പ്രദാനം ചെയ്യുന്നത്. സ്ത്രീകളുടെ കൂട്ടായ്മയായ അയൽകൂട്ടങ്ങളും, അയൽകൂട്ടങ്ങളെ വാർഡുതലത്തിൽ ഏകോപിപ്പിക്കുന്ന എഡിഎസ് ഉം, സിഡിഎസ് ഭരണസമിതിയുമാണ് നഗരസഭക്കകത്തുള്ള കുടുംബശ്രീ ത്രിതല സംഘടന സംവിധാനം.

കേന്ദ്ര - സംസ്ഥാന സർക്കാരുകളുടേയും, നഗരസഭകളുടേയും നേതൃത്വത്തിലുള്ള വിവിധ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങളെ ഫലപ്രദമായി ഏകോപിപ്പിച്ച് പദ്ധതി ആനുകല്യവും, സഹായവും അർഹരായവർക്ക് ലഭ്യമാക്കുക എന്ന സുപ്രധാന പ്രവർത്തനമാണ് സിഡിഎസുകൾ നിർവ്വഹിക്കുന്നത്.

ഗ്രാമ സിഡിഎസുകളുടേതു പോലെ അത്രശക്തമല്ല നഗര സിഡിഎസുകളുടെ പ്രവർത്തനം. നഗര സിഡിഎസ് സംവിധാനം ഉദ്യോഗസ്ഥ കേന്ദ്രീകൃത രീതിയിലാണ് പ്രവർത്തിക്കുന്നത്. തീരുമാനമെടുക്കുന്നതിനും, പ്രവർത്തനങ്ങൾ നിർണ്ണയിക്കുന്നതിലും ബൈലോ പ്രകാരം നിർണ്ണയിച്ചു നൽകിയിട്ടുള്ള പ്രവർത്തന സ്വാതന്ത്ര്യവും, അധികാരവും പൂർണ്ണമായ തോതിൽ ഇനിയും പ്രാവർത്തികമാകേണ്ടതുണ്ട്. ഈ സൂക്ഷ്മതല സാമൂഹ്യ സംഘടനാ സംവിധാനത്തിന്റെ സ്വാതന്ത്രവും, ജനാധിപത്യസ്വഭാവവും നിലനിറുത്തുന്നതിന് ഇത് അനിവാര്യമാണ്. ചില അനുകൂല നടപടികൾ ഇപ്പോൾ കണ്ടു തുടങ്ങിയിട്ടുണ്ട് സിഡിഎസ് ഉപസമിതികൺവീനർമാരെ ഓണററി സിഒ ആയി നിയമിച്ചച്ചത് ഇതിന്റെ ഭാഗമായാണ്.

# കുടുംബശ്രീ ഇന്ന്

ഡോ. കെ.ജെ അനിൽ കുമാർ

കുടുംബശ്രീ പ്രവർത്തനം ഇന്ന് ദാരിദ്ര്യ നിർമ്മാർജ്ജനത്തോടൊപ്പം പ്രാദേശിക വികസനത്തിന്റെ സംഘാടക ശക്തിയായി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു. 2008 നവംബറിൽ കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് പൊതുവായ ബൈലോ രൂപപ്പെടുത്തുകയും അതനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തപ്പെടുകയും ചെയ്തതോടെ സുസ്ഥിരമാക്കപ്പെട്ട കുടുംബശ്രീ സംവിധാനത്തിന്റെ പ്രവർത്തനത്തിലും സാമൂഹിക ബന്ധത്തിലും കാതലായ മാറ്റം വന്നു കഴിഞ്ഞു.

പഞ്ചായത്തിന്റേയും കുടുംബശ്രീ സംവിധാനത്തിന്റേയും പാരസ്പര്യത്തിന് ആണിക്കല്ലാവുകയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള വിലയിരുത്തൽ സമിതികൾ. തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും പ്രാതിനിധ്യ മുള്ള ഈ സമിതി വികസനത്തിനുവേണ്ടി ലഭ്യമായ എല്ലാ വിഭവങ്ങളും സമാഹരിക്കുന്നതിനും ഉരുക്കിച്ചേർക്കുന്നതിനുമുള്ള രാസത്വരകമാകുന്നു. ഇതിന്റെ സഹായത്തോടെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് സമൂഹത്തിന്റെ വികസനത്തിന് കൂടുതൽ കൃത്യതയോടെ ഇടപെടാൻ കഴിയുന്ന കരുത്തുറ്റ കരങ്ങളായി ഈ സാമൂഹ്യാധിഷ്ഠിത സംഘടന മാറിയിരിക്കുന്നു.

പ്രവർത്തന സ്വാതന്ത്ര്യമുള്ളപ്പോൾത്തന്നെ പ്രാദേശിക ഗവൺമെന്റുകൾക്ക് അനുപൂരകമായി പ്രവർത്തിക്കേണ്ടിവരുന്നത് ഇതിനെ മറ്റു സംസ്ഥാനങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞങ്ങളിൽ നിന്നും ഏറെ വ്യത്യസ്തവും ഔന്നത്യവുമുള്ളതാക്കി ത്തീർക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സാമ്പത്തിക ശാക്തീകരണം മാത്രം നേടിയാൽപോരെന്നും വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി തുടങ്ങി സർവ്വമേഖല കളിലും സമഗ്രമായ പുരോഗതി ഉണ്ടാക്കിയാലെ നില നിൽപ്പുള്ള ദാരിദ്ര്യമില്ലാത്ത അവസ്ഥ കൈവരിക്കാനാകൂ എന്ന് ലോകവ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണല്ലോ. അതുകൊണ്ടുതന്നെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന കുടുംബശ്രീ സി.ഡി. എസ്സുകൾക്കാണ് പ്രാദേശികമായി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് വേണ്ട ഏത് വിഭവം സമാഹരിക്കുന്നതിനും സേവനങ്ങൾ ലഭ്യമാക്കുന്നതിനും കഴിയുക എന്നത് ശ്രദ്ധി ക്കേണ്ടതാണ്.

ഭക്ഷ്യസുരക്ഷാഭീഷണി നേരിടുന്ന കേരളത്തെ സംബന്ധിച്ചിടത്തോളം കുടുംബശ്രീ നടപ്പിലാക്കുന്ന സംഘകൃഷി പുതിയ പ്രതീക്ഷ നൽകുന്നു. വർഷ ങ്ങളായി തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ കൃഷിയോഗ്യമാക്കിയെടുക്കുകയും കൃഷി വകുപ്പിന്റേയും ധനകാര്യസ്ഥാപനങ്ങളുടേയും സഹകരണത്തോടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെ.എൽ.ജി) രൂപീകരിച്ച് ലാഭകരമായി കൃഷി ചെയ്യുകയുമാണ് ഇതിലൂടെ ചെയ്യുന്നത്. കാർഷികവൃത്തി ഒരു ഉപജീവനമാർക്ഷമെന്ന രീതിയിൽ പുനരുജ്ജീവിപ്പിക്കുകയും ഭക്ഷ്യോൽപ്പാദനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കുകയും ചെയ്യുന്നതുകൊണ്ട് ദാരിദ്ര്യത്തിനെതിരെ നേരിട്ടിടപെടുന്ന ഒരു പ്രവൃത്തിയായി ഇത് മാറുന്നു. കേരളത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 30000 ഹെക്ടർ സ്ഥലമാണ് ഇതുവഴി കൃഷിചെയ്യപ്പെട്ടത്.

# OUR UNIVERSITIES: A CONSTRUCTED VIEW FROM THE TWENTY SECOND CENTURY

**Achuthsankar S Nair**

When we discuss about future, we are often subconsciously tied to the immediate future. This prevents us from out-of-box thinking. Talking about future is not a matter of prediction. We are capable, to a great extend, to design and realize our future. It is in this context that the present paper ventures into some crystal gazing, into the Twenty Second Century. Part of the paper is my own fantasy and the rest is a brain storming. I specifically talk about Kerala University, but this does not make the paper exclusive.

My first imagery of the Kerala Unversity in 2100AD is that the University's Senate House premises. It will be like a forest with large number of trees. I guess that eco-issues will take the central role and carbon emission will be monitored for each institution and the University too would be forced to do so (its funding and even existence will be based on careful management of environment). The Asan square too might be a huge mangrove with the statue illuminated carefully, not to disturb the large number of birds in the mangrove. "Maattuvin Chattangale" should be the mantra for the University for a better tomorrow and better 2100AD.

And the University library will also have thick trees all around and no air-conditioners will be there. It will be a heritage building and will be completely vacated. It will still be a library, but you will not see books, but only people, reading books downloaded on to electronic readers which have plastic pages (with digital display) that can be physically flipped, giving the feel of real books. There will be no need for people to come to the library since all books would be open access and downlodable from the "supernet", anywhere. But the library would be the place where readers get together and share passion for books. There will be reading spaces and readers club meeting rooms. All the books might be in a underground godown, created by digging the road between University college and the Senate house Campus in Palayam. Readers will make up the library, not books. Paper books might be rare to see, but reading will happily be there to see (I can forsee the face of my 4$^{th}$ generation reading this amusingly – may be because I am completely wrong, or because I am right on spot !)

One aside of too many trees and greenery would be too many snakes. I am sure the University of Kerala would have in 2100 an advanced Venom Research Institute. May be people would be vaccinated against snake bites with vaccines developed by this institute.

A bit more wild fantasy is regarding technology. Bio-technologist already know how to manipulate the DNA to modify life forms. They can, in principle, modify the DNA to achieve printing in leaves (or animal skin, say of a zebra). Will libraries be gardens where people read from leaves ? The present concern of books being not eco-friendly as they can be traced back to cutting down of trees, might be settled. A bit far-fetched, but not a bad thing if it can happen.

Not only libraries, the whole campus might look curious. Here is my imagination - - the Botany Dept would produce bamboo trees which grow

up with the emblem of the University of Kerala growing on its surface (In principle, it should be possible to manipulate the genome and pathways in the cell of Bamboos to alter the fine graphic display it is already exhibiting). I dream that Konna tree (**Cassia fistula**) would blush in yellow even in 2100, may be with its season completely unsettled due to climate change, but with its romance intact.

"Punna" tree (Calophyllum inophyllum), a historic Trivandrumite as evidenced by the place names such as "Punnamoodu", "Punnamughal" and "Punnapuram" This tree is also mentioned in the 500+ -year old *Ananthapuravarnanam*. I also dream that Punna would be sought after for bio-diesel in 2100.

Main sources of income of the University will be from consultancy and patent licencing. So far our University has one patent in 72 years, whereas a University like MIT produces a few hundred every year. In 2100AD, I wouldn't be surprised if Kerala University surpasses that and also have a couple of Nobel Laureates among its faculty.

Regular masters/PhD programmes will be free of fees. The agenda of the student organizations would be completely different. They may fight various forms of alienation, racism, technology overloads. The campus would have a large number of foreign students, especially American and Chinese. The Karyavattom Campus would have lots of bicycles and beautiful walkways and only very small number of vehicles working on electricity or bio-diesel. The fire-red *vaka* trees would still line the national highway, but they would be surrounded by beautiful walkways from Karyavattom to Kazhakootam. The compound walls would be aesethetically pleasing and semi-permanent with creepers creatively used.

In the palayam campus, I do not think any building other than the senate house and university library would survive. In Karyavattom, all building except the Manuscript library building will survive (I pray that the others don't survive, oh what an ugly architecture we have). Many high-rise buildings of pre-2050 era and a few innovative semi-permenant eco-friendly structures may also be present. The Hymavathy lake may take a rebirth into a healthy life, with lotus flowers in bloom and swans abound. The Environment Sciences Dept may center its activities around this lake and all biodiversity in the campus.

On 12/7/09 I wrote to many of my friends and colleagues to brain storm about the future of our University in 2100AD. I wrote: "Dear all, This is a creative wishing/visionary/prognostic exercise, I am trying to compile thoughts about Kerala Uty in 2100 AD, just for fun. (well it could be any university in Kerala, but i am trying to make the focus solid). Will u please share your responses to the following triggers ?

1. How do you think Kerala Uty would generally transform by 2100 ?
2. What do you think will happen to its buildings?
3. Student Strength, nature of students ?
4. Its administration
5. Its reputations, its excellence
6. The agenda of its students
7. What areas will it work on ?
8. Will it be there ?
9. What will be its most striking feature ?
10. How will it evaluate its own history upto now (2009).

# നിയമം, നീതിനിർവ്വഹണം

കെ.എൻ. ബാലഗോപാൽ എം.പി

നിയമനിർമ്മാണത്തിലും നീതിനിർവ്വഹണത്തിലും മാതൃകാപരമായ ശൈലിപിന്തുടരുന്ന സംസ്ഥാനമാണ് കേരളം. രാജ്യത്തിന്റെ ശരാശരി വളർച്ചയുടെ തലത്തിൽ നിന്നും കേരളം വിവിധ മേഖലകളിൽ ആർജ്ജിച്ച വളർച്ചപോലെതന്നെ നിയമനിർമ്മാണരംഗത്തും സംസ്ഥാനത്തിന് മുന്നേറാൻ കഴിഞ്ഞു. സ്വാതന്ത്ര്യാനന്തര കാലത്ത് - സോഷ്യലിസ്റ്റ് ആശയങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സൃഷ്ടിക്കപ്പെട്ട നിയമനിർമ്മാണങ്ങൾ പലതും ആദ്യമായി സംഭവിച്ചത് കേരളത്തിലാണ്. ഭൂപരിഷ്ക്കരണ നിയമവും – അതിന്റെ നിയമസാധുത സംരക്ഷിക്കാൻ ഭരണഘടനയുടെ പ്രത്യേക പട്ടികയിൽപ്പെടുത്തിയതുമുൾപ്പെടെ രാജ്യമാകെ ശ്രദ്ധിച്ച നിരവധി നിയമങ്ങൾ സംസ്ഥാനത്തെ പുരോഗമന രാഷ്ട്രീയം സൃഷ്ടിച്ചു. കേശവാനന്ദഭാരതി കേസ് പോലെയുള്ള പ്രമാദവും ചരിത്രപരവുമായ കേസ് വിധികൾ വന്നിട്ടുപോലും വ്യക്തികളുടെ മൗലികാവകാശങ്ങളുടെ പ്രാധാന്യം അംഗീകരിക്കുമ്പോൾതന്നെ സാമൂഹ്യ പ്രസക്തിയുള്ളതും പൊതുസമൂഹത്തെ ബാധിക്കുന്നതുമായ നിയമങ്ങൾ അംഗീകരിക്കുന്ന പതിവ് അന്നത്തെ ഉന്നതനീതിപീഠങ്ങളും അനുവർത്തിച്ചുവന്നു. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ, നിയമനിർമ്മാണ കാര്യങ്ങളിൽ സൗഹാർദ്ദപരമായതും സംസ്ഥാനങ്ങളുടെ ഫെഡറൽ സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്നതുമായ സമീപനമാണ് തുടർന്നുവന്നത്.

ഭരണഘടനാ ഭേദഗതിയായി സോഷ്യലിസം കൂടി ഭരണഘടനയുടെ ആമുഖത്തിൽ ചേർക്കുന്നതരത്തിലുള്ള അന്തരീക്ഷം ലോകസാഹചര്യങ്ങൾ ഇന്ത്യയിൽ സൃഷ്ടിച്ചു. 70 കളുടെ അവസാന കാലത്തും 80 കളിലും ശക്തിപ്പെട്ട ജുഡീഷ്യൽ ആക്ടിവിസവും പൊതുതാല്പ്പര്യഹർജികൾ വഴിയുള്ള കോടതികളുടെ പുരോഗമന വിധിപ്രഖ്യാപനങ്ങളും ബഹുഭൂരിപക്ഷം വരുന്ന സാമാന്യജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതായിരുന്നു.

**ആഗോളവൽക്കരണവും**
**നിയമ-നീതിരംഗവും**

സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയെത്തുടർന്ന് 1990 ഓടുകൂടി ലോകമാകെവന്ന നവലിബറിസ നയങ്ങൾ - രാഷ്ട്രീയ - സാമൂഹ്യ - സാമ്പത്തിക രംഗത്തുണ്ടാക്കിയ പിന്നോട്ടടിയും ചലനങ്ങളും നീതിന്യായവ്യവസ്ഥയെയും അടിമുടി ബാധിച്ചു. നിയമനിർമ്മാണം വൻകിട മുതലാളിമാരുടേയും കോർപ്പറേറ്റ് കമ്പനികളുടേയും താൽപ്പര്യം സംരക്ഷിക്കുന്നതായിമാറി. ജവഹർലാൽ നെഹ്റുവും ഇന്ദിരാഗാന്ധിയും തുടർന്നുവന്നപാതപോലും തള്ളിപ്പറയുവാൻ സാമൂഹ്യസുരക്ഷാ നിയമങ്ങളും തൊഴിൽ നിയമങ്ങളുൾപ്പെടെ തിരുത്തിയെഴുതുവാൻ കോൺഗ്രസ്സ് പാർട്ടി തയ്യാറായി. കോൺഗ്രസ്സും ബി.ജെ.പി.യും പിന്തുടർന്ന സാമ്രാജ്യത്തനിയന്ത്രിത ആഗോളവൽക്കരണ നയങ്ങൾക്കനുസരിച്ചുള്ള വ്യാപകമായ നിയമപരിഷ്ക്കാരങ്ങൾക്ക് രാജ്യം വിധേയമാകുന്നകാഴ്ചയാണ് ഇപ്പോൾ ദൃശ്യമാകുന്നത്.

ഇതേആശയഗതികളെ കൂടുതൽ ശക്തിപ്പെടുത്തുന്നതരത്തിൽ കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി എന്നരീതിയിൽ ജുഡിഷ്യറി പ്രവർത്തിക്കുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. ജുഡിഷ്യൽ ആക്ടിവിസം - ജുഡിഷ്യൽ അരാജകത്വമായി (Judicial Activisam to Judicial Anarchism) മാറുന്നസ്ഥിതിയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. സംഘടനാ സ്വാതന്ത്ര്യ നിരോധനം, പണിമുടക്ക് നിരോധനം, ബന്ദ് നിരോധിക്കൽ തുടങ്ങി ഏറ്റവും ഒടുവിൽ പൊതുഇടങ്ങളിലെ കൂട്ടായ്മകളും പൊതുയോഗവും നിരോധിക്കുന്നതിലേയ്ക്ക് എത്തിയിരിക്കുന്നു ഈ അരാജകവാദം.

കേന്ദ്രസർക്കാർ നിയമനിർമ്മാണ കാര്യങ്ങളിലെടുക്കുന്ന ഫെഡറൽവിരുദ്ധ നിലപാടുകളും,

ജുഡിഷ്യറിയുടെ വിശ്വാസതകർച്ചയും, പ്രൊഫഷൻ എന്നനിലയിൽ നിയമരംഗത്തെ അഭിഭാഷകരുൾപ്പെടെയുള്ളവർ നേരിടുന്ന പ്രതിസന്ധിയും, അഭിഭാഷകവൃത്തിയുടെ കോർപ്പറേറ്റ്വൽക്കരണവും ഉൾപ്പെടെയുള്ള പുതിയ പ്രവണതകൾകൂടി പരിഗണിച്ച് പരിഹാരം കണ്ടെത്തുന്നതിന് സഹായകരമായി നിലപാടുകൾ സ്വീകരിച്ചാൽ മാത്രമേ കേരളീയ സമൂഹത്തിന് ഇന്നത്തെ പ്രതിസന്ധികളിൽ നിന്നും പുറത്തുകടക്കാനാവൂ.

**നിയമനിർമ്മാണം - സംസ്ഥാനങ്ങളുടെ പ്രത്യേകതകൾ അംഗീകരിക്കണം**

സംസ്ഥാനം ആർജ്ജിച്ച സാമൂഹിക മുന്നേറ്റം തുടരണമെങ്കിൽ - നിയമനിർമ്മാണത്തിനുള്ള സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശം കേന്ദ്രസർക്കാർ അംഗീകരിക്കാനും സംരക്ഷിക്കാനും തയ്യാറാകണം. തെങ്ങിനും കവുങ്ങിനും ഒരേ തളപ്പ് എന്ന നിലയിലാണ് ഇപ്പോഴത്തെ സമീപനം. അടുത്തകാലത്ത് കേന്ദ്രഗവൺമെന്റ് പാസ്സാക്കിയെടുത്ത ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയമവും, വിദ്യാഭ്യാസ അവകാശ നിയമവും കേരളത്തിന്റെ വിദ്യാഭ്യാസവികസനത്തിന് സഹായകരമാവുന്നതല്ല. പ്രാഥമികവിദ്യാഭ്യാസവ്യാപനത്തിന് വളരെ മുന്നേറിയ കേരളത്തിന് നിഷേധാത്മകമായ പല വകുപ്പുകളും കേന്ദ്രനിയമത്തിലുണ്ട്. ഇത് നടപ്പിലാക്കുകയാണെങ്കിൽ പിന്നോട്ടടിക്കുക എന്നതായിരിക്കും ഫലം. ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് പ്രത്യേക അവകാശം സംരക്ഷിക്കേണ്ട പല സംസ്ഥാനങ്ങളും ഇന്ത്യയിലുണ്ട്. ഗുജറാത്തും, ഒറീസ്സയും, യു.പി.യും, മദ്ധ്യപ്രദേശും മറ്റും, മറ്റും. പക്ഷേ, ബഹുഭൂരിപക്ഷവും ന്യൂനപക്ഷ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കേരളത്തിൽ ഗവൺമെന്റ് നിയന്ത്രണമില്ലാതെ യഥേഷ്ടം എന്തും ചെയ്യാൻ സ്വാതന്ത്ര്യമുള്ള സ്ഥാപനങ്ങളായി ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അനുവദിച്ചാൽ ഫലം വിദ്യാഭ്യാസ മേഖലയുടെ വ്യാപകതകർച്ചയായിരിക്കും.

ഇന്ത്യയിലാകെ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷനാൽ അംഗീകരിക്കപ്പെട്ട ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 33 ശതമാനത്തോളം (3500 ൽ 1300 ലധികം) കേരളത്തിലാണെന്ന വസ്തുത നമ്മുടെ കേന്ദ്രഭരണാധികാരികളുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഈ നിയമപരമായ അവസ്ഥയാണ് സ്വാശ്രയകോളേജുകളിലെ മെറിറ്റും അഡ്മിഷനും ഫീസും നിയന്ത്രിക്കാനായി സംസ്ഥാന സർക്കാർ കൊണ്ടുവന്ന നിയമത്തെ ദുർബലപ്പെടുത്തിയത്. ഇപ്പോഴത്തെ പാർലമെന്റിന്റെ പരിഗണനയിലിരിക്കുന്ന Education Tribunals Bill'', ''Pesticides Management Bill' എന്നിവ കേന്ദ്രഗവൺമെന്റിന്റെ അധികാരകേന്ദ്രീകരണ നയങ്ങളുടെ ഉദാഹരണമാണ്. എഡ്യുക്കേഷൻ ട്രൈബ്യൂണൽ ബിൽ പ്രകാരം സംസ്ഥാനത്തേയും കേന്ദ്രത്തിലേയും ട്രൈബ്യൂണലിന്റെ ഘടനയും സമസ്ഥാധികാരങ്ങളും കേന്ദ്രം നിശ്ചയിക്കും. ട്രൈബ്യൂണലിന്മേൽ ഹൈക്കോടതികൾക്കുപോലും അപ്പീൽ അധികാരമില്ല. വിദ്യാർത്ഥികളുൾപ്പെടെ നടപടി സംബന്ധിച്ചുള്ള അപ്പീലിൽ സുപ്രിംകോടതിയെ സമീപിക്കണം. ഇങ്ങനെ എല്ലാം കേന്ദ്രം നിശ്ചയിക്കുന്നതിന് പകരം ഘടനാപരമായ സ്വാതന്ത്ര്യം സംസ്ഥാന നിയമസഭകൾക്ക് നൽകുകാഎന്നത് രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും പ്രധാനമാണ്.

കീടനാശിനി മാനേജ്മെന്റ് നിയമം - ഇപ്പോൾ വിഭാവനം ചെയ്യുന്നതനുസരിച്ച് കീടനാശിനികളെ അംഗീകരിക്കൽ, പരിശോധിക്കൽ, നിരോധിക്കൽ, പിഴചുമത്തൽ എല്ലാം കേന്ദ്രത്തിന് അവകാശപ്പെട്ടതാണ്. സംസ്ഥാന ഗവൺമെന്റിന് ഒന്നിനും അവകാശങ്ങളില്ലാത്ത സ്ഥിതിയാണ്. എൻഡോസൾഫാൻ പോലും നിരോധിക്കാൻ സംസ്ഥാനത്തിന് കഴിയില്ല. ഇത്തരം നിയമനിർമ്മാണ സ്വാതന്ത്ര്യത്തിലുള്ള കൂച്ചുവിലങ്ങുകൾ കുത്തകകമ്പനികളുടെ താല്പര്യം മാത്രം ലാക്കാക്കിയുള്ളതാണ്. ഈ അധികകേന്ദ്രീകരണം തകർക്കാതെ എങ്ങനെ സംസ്ഥാന സാഹചര്യങ്ങൾക്കനുസരിച്ച് നിയമം നിർമ്മിക്കാനും നടപ്പിലാക്കാനും കഴിയുമെന്നത് ഗൗരവതരമായ പ്രശ്നമാണ്. ജനക്ഷേമകരമായ പരിഷ്ക്കാരങ്ങൾ നിയമരംഗത്തുവരുത്തുന്നതിനാവശ്യമായ പശ്ചാത്തലം ഉറപ്പാക്കുന്നതിനാവശ്യമായ ബഹുജന ഇടപെടലുകൾ രാജ്യവ്യാപകമായി ഉയർന്നുവരേണ്ടതുണ്ട്.

# അധികാരവികേന്ദ്രീകരണവും സിവിൽസർവ്വീസും

**പി.എച്ച്.എം. ഇസ്മയിൽ**
*പ്രസിഡന്റ്, കേരള എൻജിഒ യൂണിയൻ*

രണ്ടാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് ചർച്ചകളെയും ശുപാർശകളെയും ഉൾക്കൊണ്ട് വികേന്ദ്രീകൃത ആസൂത്രണം പരിമിതികൾ മറികടന്ന് പ്രായോഗികതലത്തിലെത്തിക്കുവാൻ 2006 ൽ അധികാരത്തിൽ വന്ന എൽഡിഎഫ് ഗവൺമെന്റിന് കഴിഞ്ഞു. അധികാരവും സമ്പത്തും കൈമാറുന്നതിനൊപ്പം പദ്ധതി നിർവ്വഹണത്തിനായി ഉദ്യോഗസ്ഥരെ ലഭ്യമാക്കുന്നതിനും സർക്കാർ പ്രാധാന്യം നൽകി. അധികാരം കൈമാറിയ വകുപ്പുകളിൽ നിന്ന് ആവശ്യത്തിന് ജീവനക്കാരെ ലഭ്യമാക്കുന്നതിനും ഉദ്യോഗസ്ഥ പുനർവിന്യാസം യാഥാർത്ഥ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിഭാരത്തിനനുസരിച്ച് പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും ഗവൺമെന്റ് ജാഗ്രത കാട്ടി. എൽഎസ്ജിഡി എഞ്ചിനീയറിംഗ് വിംഗ് രൂപീകരണത്തിലൂടെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് നികത്തുവാനായി. ഓഡിറ്റിംഗ് വിഭാഗം ശക്തിപ്പെടുത്തിയതും ഓംബുഡ്സ്മാൻ രൂപീകരണവും വിവരസാങ്കേതികവിദ്യയുടെ ഫലപ്രദമായ വിനിയോഗവും അധികാര വികേന്ദ്രീകരണ പ്രക്രിയ അർത്ഥവത്താക്കി. തദ്ദേശഭരണ-ഗ്രാമവികസന-നഗരാസൂത്രണ വകുപ്പുകളുടെ ഏകീകരണത്തിന് തീരുമാനിക്കുകയും ആയത് പ്രാവർത്തികമാക്കുവാൻ ഇതിനകം നടപടികൾ ആരംഭിക്കുകയും ചെയ്തു.

ഇടനിലക്കാരെ ഒഴിവാക്കി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് ചുമതല കുടുംബശ്രീകളെ ഏൽപ്പിച്ചതും കൂലി ബാങ്ക് അക്കൗണ്ടിലൂടെ മാത്രം നൽകുന്നതും സുതാര്യവും അഴിമതി വിമുക്തവുമായ പദ്ധതി നടത്തിപ്പിനെ വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ യാഥാർത്ഥ്യമാകുന്നതിന്റെ ഉത്തമോദാഹരണമാണ്. അഞ്ചുലക്ഷം കുടുംബങ്ങളുടെ സ്വപ്ന സാക്ഷാത്കാരമായി ഇഎംഎസ് സമ്പൂർണ്ണ ഭവനപദ്ധതി മാറുമ്പോൾ കേരളം ജനപക്ഷ വികസനത്തിന്റെ പുതിയ പന്ഥാവുകളാണ് വെട്ടിതുറക്കുന്നത്. വികേന്ദ്രീകൃത ആസൂത്രണവും ജനപക്ഷ വികസനവും സാർത്ഥകമായതിന്റെ തെളിമയാർന്ന ദൃശ്യാനുഭവങ്ങൾക്ക് ഗ്രീൻ കേരള എക്സ്പ്രസ്സിലൂടെ ലോകം സാക്ഷിയായി. അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കിക്കൊണ്ട് രണ്ടാംവട്ടവും ഇന്ത്യയിലെ മികച്ച സംസ്ഥാനമെന്ന പദവി കേരളം കരസ്ഥമാക്കി.

അധികാരവികേന്ദ്രീകരണത്തിന്റെ അനുകരണീയ മാതൃകയായി കേരളം മാറുന്ന ഘട്ടത്തിലാണ് മൂന്നാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് നടക്കുന്നത്. ദൃശ്യമായ പോരായ്മകളും ദൗർബല്യങ്ങളും പരിഹരിച്ച് ഈ ജനപക്ഷ വികസന മാതൃക സുസ്ഥിരമാക്കുന്നതിനുള്ള ചർച്ചകളും നിർദ്ദേശങ്ങളുമാണ് ഉയർന്നുവരേണ്ടത്.

ആഗോളവൽക്കരണ നയങ്ങളെ പ്രതിരോധിച്ച് മുന്നേറാൻ കേരള സമൂഹത്തെ പ്രാപ്തമാക്കുന്ന വികസന കാഴ്ചപ്പാടുകൾക്ക് അനുസൃതമായി സർവ്വീസ് മേഖല വളരണം.

ജനാധികാരസഭകളെ മറികടന്ന് ഗവൺമെന്റ് ഇതര ഏജൻസികളിലൂടെ (എൻജിഒ) വികസന

പദ്ധതികൾ നടപ്പിലാക്കുന്ന കേന്ദ്രനയങ്ങൾ അധികാരവികേന്ദ്രീകരണ പ്രക്രിയയെ പിന്നോട്ടടിപ്പിക്കും. ഇതിനെതിരെ ബഹുജന സമ്മർദ്ദം ഉയർന്നു വരണം.

ഉദ്യോഗസ്ഥ പുനർവിന്യാസ പ്രക്രിയ പൂർണ്ണതയിലെത്തണം. കൈമാറ്റം ചെയ്യപ്പെട്ട ജീവനക്കാരുടെ ദ്വിമുഖ നിയന്ത്രണം ഒഴിവാക്കി ഭരണം സുഗമമാക്കണം. ഇ-ഗവേണൻസ്, എം-ഗവേണൻസ് തുടങ്ങി വിവരസാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കണം. നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി, പദ്ധതി നിർവ്വഹണത്തിലെ കാലതാമസവും കെടുകാര്യസ്ഥതയും ഇല്ലായ്മ ചെയ്യണം.

മാറ്റം വന്നെങ്കിലും ഇതിന്റെ ഗുണഫലം പദ്ധതി നിർവ്വഹണത്തിൽ പൂർണ്ണമായി ദൃശ്യമാകുന്നില്ല. വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ, സാമ്പ്രദായിക രീതികളിൽ നിന്നും വ്യതിചലിക്കാനുള്ള വൈമുഖ്യം, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ പ്രതിബദ്ധതയില്ലായ്മ ഇവയൊക്കെ വികേന്ദ്രീകൃത ആസൂത്രണത്തെ തടസ്സപ്പെടുത്തുന്നുണ്ട്.

ഉദ്യോഗസ്ഥ ജനപ്രതിനിധി പരിശീലനം, പദ്ധതി അടിസ്ഥാനത്തിലുള്ള മോണിറ്ററിംഗ് സെല്ലുകളുടെ (പ്രോജക്ട് വൈസ്) രൂപീകരണവും ഫലപ്രദമായ പരിശോധനകളും തുടങ്ങി ചിട്ടയും സമയബന്ധിതവുമായ പ്രവർത്തനങ്ങളിലൂടെ ഇന്നത്തെ പോരായ്മകൾ മറികടക്കാനാകും. ജീവനക്കാരെ ഇതിന് സജ്ജമാക്കുന്നതിന് സംഘടനകൾക്ക് ഏറെ പങ്കുവഹിക്കാനാകുമെന്ന് യൂണിയൻ കരുതുന്നു.

# കുടിവെള്ളവും പൊതുമേഖലയും

**പി. എസ്. രാജേന്ദ്രബാബു**
*ദക്ഷിണമേഖലാ ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി*

തൊണ്ണൂറുകൾ മുതൽ തന്നെ ഈ സ്ഥാപനത്തിന്റെ ഘടനയിലും പ്രവർത്തന രീതിയിലും മാറ്റങ്ങൾ വരുത്താൻ ശ്രമം നടന്നു. 2001 ലാണ് ഈ ശ്രമങ്ങൾ ശക്തിയാർജിച്ചത്. പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റിയെപ്പറ്റി തയ്യാറാക്കിയ ധവളപത്രത്തിൽ ഈ സ്ഥാപനത്തെ പുന:സംഘടിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ള വിതരണത്തിന്റെ ഉത്തരവാദിത്വം ഉപഭോക്തൃസമിതികളെയും എൻ.ജി.ഒ കളെയും ഏൽപ്പിക്കുവാനും നഗരപ്രദേശങ്ങളിൽ വാട്ടർ അതോറിറ്റി bulk water supply മാത്രം നടത്താനും ഈ സ്ഥാപനത്തെ ഒരു കൺസൾട്ടൻസി സ്ഥാപനമാക്കി മാറ്റാനുമായിരുന്നു ധവളപത്രത്തിലെ ശുപാർശ. ആഗോളതലത്തിൽ ലോകബാങ്ക് വേൾഡ് വാട്ടർ കൗൺസിലും വേൾഡ് വാട്ടർ ഫോറവും ദേശീയ തലത്തിൽ ദേശീയ ജലനയവും മുന്നോട്ടു വച്ച നയങ്ങൾ തന്നെയായിരുന്നു ധവള പത്രത്തിന്റെതും.

എന്നാൽ ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമായ സമീപനമായിരുന്നു ഇക്കഴിഞ്ഞ അഞ്ച് വർഷക്കാലത്തേത്. കേരളത്തിലെ കുടിവെള്ള മേഖലയിൽ വൻതോതിലുള്ള മൂലധനനിക്ഷേപം വാട്ടർ അതോറിറ്റിയിലൂടെ നടന്നു. വർഷങ്ങൾക്കു മുമ്പ് എൽ ഐ സിയുടെ ധനസഹായത്തോടെ ആരംഭിച്ചശേഷം മുടങ്ങിക്കിടന്ന 36 ഗ്രാമീണ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നബാർഡിന്റെ സഹായത്തോടെയുള്ള 570 കോടി രൂപയുടെ പ്രത്യേക പാക്കേജ് (സ്പാൻ പദ്ധതി) പഴയ സ്കീമുകൾ പുന:രുദ്ധരിക്കുന്നതിന് ബഡ്ജറ്റിലൂടെ നൽകിയ സഹായം, മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായ ധനസഹായം തുടങ്ങിയവ എടുത്തു പറയേണ്ടവയാണ്. ഇപ്പോൾ ഏതാണ്ട് 280 പുതിയ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വാട്ടർ അതോറിറ്റിയുടെ സഞ്ചിത നഷ്ടത്തിൽ 1006 കോടി രൂപ എഴുതിത്തള്ളുകയും 845 കോടി രൂപ ഗവൺമെന്റിന്റെ ഗ്രാന്റാക്കി മാറ്റുകയും ചെയ്തു.

കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ നഗര പ്രദേശങ്ങളിൽ നടപ്പാക്കുന്ന ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ (JNURM), UIDSSMAT എന്നീ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുന്ന ചുമതല പൊതു സംവിധാനമെന്ന നിലയിൽ വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഈ മാതൃക ഇല്ല. JICA സഹായത്തോടെ നടന്നുവന്ന കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചു. ഇതിന്റെ മേൽനോട്ടത്തിനായി കൂടുതൽ തസ്തികകൾ അനുവദിച്ചു. 2006 മേയ് മുതൽ 2010 ജനുവരി വരെ 46 വൻകിട പദ്ധതികളും 185 ചെറുകിട ശുദ്ധജലവിതരണ പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിലൂടെ ഏതാണ്ട് 11 ലക്ഷം പേർക്ക് കുടിവെള്ളം എത്തിക്കാൻ സാധിച്ചിട്ടുണ്ട്.

ചെറുതും വലുതുമായ 1895 കുടിവെള്ള പദ്ധതികൾ വാട്ടർ അതോറിറ്റി നടത്തിവ

രുന്നുണ്ട്. ഏതാണ്ട് 2 ലക്ഷത്തോളം പൊതുടാപ്പുകൾ ഉണ്ടെന്നതും എടുത്തു പറയേണ്ടതാണ്. ഈ പദ്ധതികളിലൂടെ പ്രതിദിനം ഏതാണ്ട് 181.1 കോടി ലിറ്റർ (1811 എം എൽ ഡി) വിതരണം ചെയ്യുന്നു. ഒരു കിലോലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് ഏതാണ്ട് 10 രൂപ 33 പൈസ ചെലവാകുന്നുണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. എന്നാൽ സേവനമേഖലയെന്ന നിലയിൽ ഇതിന്റെ വളരെ ചെറിയ ഒരുഭാഗം മാത്രമാണ് വെള്ളക്കരമായി ഉപഭോക്താക്കളിൽ നിന്ന് പിരി ച്ചെടുക്കുന്നത്. ചിലവും വരുമാനവും തമ്മിലുള്ള അന്തരം പരിഹരിക്കാൻ ഗവൺമെന്റിന്റെ ഇടപെടൽ അനിവാര്യമാണ്. അതിലൂടെ മാത്രമേ ഈ പദ്ധതികൾ കാര്യക്ഷമതയോടെ പരിപാലിക്കാൻ കഴിയൂ.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തിൽ വൈവിധ്യവത്കരണം നടത്തി. ഇതിന്റെ ഭാഗമായി ഏറ്റെടുത്ത ചില പ്രവർത്തനങ്ങൾ താഴെ പറയുന്നു.

1. വാസ്കോൺ എന്ന പേരിൽ ഒരു കൺസൾട്ടൻസി വിഭാഗം ആരംഭിച്ചു. ഇത് തദ്ദേശ സ്ഥാപനങ്ങൾക്കടക്കം പ്രയോജ നകരമാകും. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി വാസ്കോണിനെ തെരഞ്ഞെടുത്തു കഴിഞ്ഞു.
2. കുപ്പിവെള്ളക്കമ്പോളത്തിൽ ഇടപെടാനുള്ള തീരുമാനമെടുത്തു. പൊതുമേഖലയിൽ ഒരു കുപ്പിവെള്ള ബ്രാന്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.
3. ഗുണനിലവാരപരിശോധനാ രംഗത്ത് അത്യാധുനീക ലബോറട്ടറി സൗകര്യങ്ങളോടെ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. ഈ സ്ഥാപനം ഗവേഷണം പ്രവർത്തനങ്ങളടക്കം ഏറ്റെടുക്കാൻ കഴിയത്തക്ക രീതിയിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.
4. പൊതുമേഖലയിൽ ഒരു പൈപ്പ് ഫാക്ടറി എന്ന ആശയം പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സ്ഥാപനശാക്തീകരണം**

JICA പദ്ധതിയുടെ ഭാഗമായ സ്ഥാപനശാക്തീകരണം കൺസൾട്ടൻസികളുടെ മാത്രം ചുമതലയാക്കാതെ വാട്ടർ അതോറിറ്റിയിലെ ഓഫീസർമാരുടെ സേവനം കൂടി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചു. സ്ഥാപനശാക്തീകരണത്തിന്റെ ഭാഗമായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു. ഓഫീസുകളിൽ വരുന്ന പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിനായി എല്ലാ സബ്ഡിവിഷൻ ഓഫീസുകളിലും ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചു. പൈപ്പ്ലൈനിലെ ലീക്കുകൾ യഥാസമയം പരിഹരിക്കുന്നതിനായി ബ്ലൂബ്രിഗേഡ് എന്ന ഔദ്യോഗികസംവിധാനം ആരംഭിച്ചു. പദ്ധതികൾ യഥാസമയം കാര്യക്ഷമതയോടെ പൂർത്തിയാക്കുന്നതിനായി കേന്ദ്രീകൃത പ്രോജക്റ്റ് ഡിവിഷനുകൾ രൂപീകരിച്ചു.

ഇ-ഗവേണൻസ് സ്ഥാപനശാക്തീകരണത്തിന്റെ സുപ്രധാനമായ ഒരു ഘടകമാണ്. ഇതിന്റെ ഭാഗമായി ഐ.ടി മാസ്റ്റർപ്ലാൻ രൂപീകരിക്കുകയും ബില്ലിംഗ് ആന്റ് റവന്യൂ സോഫ്റ്റ് വെയറായ ABACUS, കംപ്ലയിന്റ് റിഡ്രസ്സൽ സിസ്റ്റം (CRS) എന്നിവ തിരവനന്തപുരം നഗരത്തിൽ വിന്യസിക്കുകയും ചെയ്തു. എംപ്ലോയി ഇൻഫർമേഷൻ സിസ്റ്റം (EIS), ഫിനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം (FAS), പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം (PMS) എന്നിവ ടെസ്റ്റിംഗ് സ്റ്റേജിലാണ്. എല്ലാ ഓഫീസുകളും തമ്മിൽ നെറ്റ് വർക്ക് വഴി ബന്ധിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചു. കേരള ഗവൺമെന്റിന്റെ ഐ.ടി നയത്തിനനുസരിച്ചു തന്നെ ഇ-ഗവേണൻസ് പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

# സർഗ്ഗാത്മക യുവതത്തിനായുള്ള യുവജനക്ഷേമ പ്രവർത്തനങ്ങൾ

പി ശ്രീരാമകൃഷ്ണൻ

യുവത്വം ഒരുവയോഘട്ടമാണെങ്കിലും, അതൊരു മനോഭാവം കൂട്ടിയാണ്. ശാരീരിക യുവത്വത്തിന്റെ ഉത്സവമായിമാത്രം യൗവ്വനത്തെ പരിമിതപ്പെടുത്തുക എന്നതന്ത്രമാണ് കമ്പോളസാമ്പത്തിക ശാസ്ത്രം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. യുവത്വം ശാരീരികമായ ഊർജ്ജത്തിന്റെ ഒരു ഘട്ടം മാത്രമായികൂടാ. അത് സമഗ്രമായ സംഭാവനകളുടെ ഉറവിടം കൂടിയായിരിക്കണം.

യുവത്വത്തെ സർഗ്ഗാത്മമാക്കുക എന്നത് കേവലമായ ഒരു പദമോ, സങ്കൽപ്പമോ അല്ല. ഏതു സമൂഹത്തിന്റെയും വികസനത്തിന്റെ അവിഭാജ്യമായ ഘടകമാണത്. എന്നാൽ അത് വേറിട്ട രീതിയിൽ പ്രായോഗികമാക്കാനാവില്ല. സമൂഹത്തിന്റെ ശരിയായ, സമഗ്രമായ വികസന മുന്നേറ്റത്തിന്റെ ഭാഗമായാണ്, സർഗ്ഗാത്മക യൗവ്വനം യഥാർത്ഥ്യമാവുക.

കേരളവികസനത്തെക്കുറിച്ചുള്ള പഠനത്തിൽ, കേരളയുവത്വത്തിന്റെ സവിശേഷതകൾ പ്രധാനം തന്നെയാണ്. ഇന്ത്യയിലെ മറ്റേതൊരു യുവജന സമൂഹത്തേക്കാളും, വിദ്യാസമ്പന്നരായ യുവത്വമാണ് കേരളത്തിലുള്ളത്. അതായത് വിദ്യാസമ്പത്ത് നിറഞ്ഞ മനുഷ്യവിഭവത്തിന്റെ ഒരു മഹാസംഭരണിയാണ് കേരളം എന്നർത്ഥം. അഭ്യസ്തവിദ്യരുടെ ഈ മഹാസംഭരണിയെ, ഉപയോഗപ്പെടുത്താനും, ഉൽപ്പാദന പ്രക്രിയയിൽ പങ്കാളികളാക്കാനുമാണ് കേരളവികസനം ലക്ഷ്യം വെക്കേണ്ടത്. കഴിഞ്ഞ രണ്ടു പഠനകോൺഗ്രസ്സുകളും ശരിയായനിലയിൽ ഈ വിഷയത്തെ അഭിസംബോധന ചെയ്തിട്ടുണ്ട്. കേരള വികസനത്തിന്റെ ഒരു ഘട്ടം പൂർത്തിയാവുന്ന, ഈ മൂന്നാം പഠന കോൺഗ്രസ്സിലും സമഗ്രമായ വിലയിരുത്തലുകളും, നിഗമനങ്ങളും ലക്ഷ്യംവെക്കുന്നതും അതു തന്നെയാണ്.

സർഗ്ഗാത്മകയൗവ്വനം സമഗ്രമാണ്. അത്, സമർത്ഥവും ഉൾകാമ്പുള്ളതുമായ വിദ്യാഭ്യാസ സംവിധാനം, ഉൽപ്പാദനപ്രക്രിയയിൽ സ്വയം സംഭാവനച്ചെയ്യാൻ അവസരം ഒരുകുന്ന തൊഴിൽമേഖലകൾ, സാമൂഹ്യജീവിതത്തിന്റെ ഭാഗമായ സംഘടന - സംഘജീവിതം, ശരിയായ സാംസ്കാരികാവബോധം, എല്ലാതരം ക്രിയത്മക ഭാവങ്ങളെയും കായികശേഷികളെയും വികസിപ്പിക്കാനുള്ള അവസരങ്ങൾ, ചൂഷണത്തെക്കുറിച്ചുള്ള ശരിയായധാരണ, ചൂഷണരഹിത സമൂഹത്തിനായുള്ള പ്രക്ഷോഭം, സാമൂഹിക അസമത്വങ്ങളെയും, അനാചാരങ്ങളെയുംക്കുറിച്ചുള്ള തിരിച്ചറിവ്, പുന:രുത്ഥാനപരതയുടെ അപകടങ്ങൾക്കെതിരായ നവോത്ഥാനബോദ്ധ്യങ്ങൾ, സ്ത്രീ - പുരുഷസമത്വത്തെക്കുറിച്ചുള്ള അവബോധം, എല്ലാവിജ്ഞാനശാഖകളും നേടാനുള്ള അവസരങ്ങൾ, എല്ലാതരം തൊഴിൽപരമായ പിരിമുറുക്കങ്ങളിൽ (Occupational Lazards) നിന്നുമുള്ള വിമോചനം തുടങ്ങി സമഗ്രമായിതന്നെ എല്ലാ യാന്ത്രികതകളിൽ നിന്നും മോചനം നേടുമ്പോഴാണ് യൗവ്വനം സുരഭിലവും സർഗ്ഗാത്മകവുമായി വികാസം പ്രാപിക്കുക. ഇത്തരമൊരു വികസനം യുവജനമേഖലയിൽ മാത്രമായി, വളർത്തിയെടുക്കുക സാദ്ധ്യമാവില്ല. സമൂഹത്തിന്റെ ഉൽപ്പാദനബന്ധങ്ങളിലൂള്ള അടിമുടി പരിഷ്ക്കാരത്തിലൂടെയും, എല്ലാ മേഖലകളിലും സംഭവിക്കുന്ന ക്ഷേമ - വികസന പ്രവർത്തനങ്ങളിലൂടെയുമാണ്

അത് സംഭവിക്കുക. അതിനാൽ യുവജനക്ഷേമത്തെ കുറിച്ചുള്ള പ്രത്യേകമായ പഠനങ്ങൾക്ക് അൽപ്പം പരിമിതികളുണ്ട്.

കേരളവികസനം മേൽപ്പറഞ്ഞ വസ്തുക്കളുടെ പിൻബലത്തിൽ, സമ്പൂർണ്ണമാവണമെങ്കിൽ സാമൂഹ്യമാറ്റം അനിവാര്യംതന്നെയാണ്. സമൂഹത്തിലെ വിവിധ ഘടകങ്ങളെ നിയന്ത്രിക്കുന്ന സാമ്പത്തിക ശക്തിക്കൾക്കുള്ള മേൽക്കൈ, ഇന്ത്യൻ ഭരണവർഗ്ഗത്തിന്റെ കൃത്യമായ താൽപര്യങ്ങൾ ഇവയെ ബന്ധപ്പെടുത്തിമാത്രമേ അത് ചർച്ചചെയ്യാനും പരിഹാരം കണ്ടെത്താനും സാധി നക്കൂ. എന്നാൽ ഈ സാഹചര്യങ്ങൾക്കകത്തും, നടത്താവുന്ന ഇടപെടലുകളുടെ സാദ്ധ്യതകളാണല്ലോ കേരള പഠനകോൺഗ്രസ്സ് ലക്ഷ്യം വെക്കുന്നത്.

യുവജനക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച് 2005.നടന്ന പഠനകോൺഗ്രസ്സിൽ യുവജനക്ഷേമബോർഡിന്റെ പുന:സംഘാടനം (RE-VAMPING OF YOUNTH WELFAIRE BOARD) എന്ന ഒരു സെഷൻ സംഘടിപ്പിക്കപ്പെട്ടിരുന്നു. യുവജനക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും, ബോർഡിന്റെ പ്രവർത്തനങ്ങൾ നവീകരിക്കാനുമുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ ആ സെഷൻ മുന്നോട്ടുവെക്കുകയുണ്ടായി. കേരള വികസനത്തിൽ യുവജനങ്ങളുടെ പങ്ക് ഉറപ്പുവരുത്തുന്ന വിധത്തിൽ യുവജന ക്ഷേമപ്രവർത്തനങ്ങളെ വികസിപ്പിക്കുക എന്നതായിരുന്നു, ആ സംവാദം മുന്നോട്ടുവെച്ച പ്രധാന നിർദ്ദേശം.

2006 അധികാരത്തിൽവന്ന ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ആ നിർദ്ദേശങ്ങളോട് നല്ല നിലയിലാണ് പ്രതികരിച്ചത്. പുന:സംഘടിപ്പിക്കപ്പെട്ട, യുവജന ക്ഷേമബോർഡിൽ കേരളത്തിലെ പ്രധാന യുവജനസംഘടനകളുടെയെല്ലാം പ്രതിനിധികളെ ഉൾപ്പെടുത്തുകയുണ്ടായി. ചരിത്രത്തിലാദ്യമായി പ്രതിപക്ഷത്തുനിന്നുള്ള പ്രതിനിധിയെകൂടി ഉൾപ്പെടുത്തിയാണ് ബോർഡ് പുന:സംഘടിപ്പിക്കപ്പെട്ടത്. വികസന രംഗത്തെ യുവജനഐക്യം എന്ന ലക്ഷ്യത്തിലേക്കൊരു കാൽവയ്പ്പായിരുന്നു അത്.

സംസ്ഥാന യുവജനക്ഷേമബോർഡിനെ കേവലം ഒരു സർക്കാർ ബോർഡ് സംവിധാനം എന്ന പരിമിതിയിൽനിന്ന് പുറത്തുകൊണ്ടുവരിക എന്ന ദൗത്യമാണ് ആദ്യം നിർവ്വഹിക്കപ്പെട്ടത്. സർക്കാർ സംവിധാനം എന്നതിനപ്പുറം, കേരളത്തിലെ വിവിധല യുവജനസംഘടനകളുടെ ഒരു സംവാദവേദിയായി ബോർഡിനെ വിപുലീകരിച്ചു. വിവിധയുവജനസംഘടന നേതാക്കളെയും, യുവജനക്ലബ്ബ് പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വിവിധങ്ങളായ പരിശീലന, സംവാദ, സാംസ്കാരിക, തൊഴിൽ പരിശീലന പരിപാടികൾ നിത്യേനയെന്നോണം സംഘടിപ്പിക്കപ്പെട്ടു.

യുവശക്തി എന്ന സമഗ്രമായ ഒരു യുവജനക്ഷേമപദ്ധതിതന്നെ ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കി. ഇന്ത്യയിലിതാദ്യമായാണ് ഇത്തരമൊരു പദ്ധതിക്ക് സർക്കാർ മുൻകൈ എടുക്കുന്നത്. പദ്ധതിയുടെ ഭാഗമായി കേരളിലെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും യൂത്ത് കോ-ഓർഡിനേറ്റർമാർ നിയമിക്കപ്പെട്ടു. പ്രതിമാസം ഓണറേറിയം ലഭിക്കുന്ന ആയിരത്തിലധികം യുവജന കോ-ഓഡിനേറ്റർമാരുള്ള ഇന്ത്യയിലെ ഏക സംസ്ഥാനമാണിന്ന് കേരളം. എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും, യൂത്ത് കോ-ഓർഡിനേഷൻ കൗൺസിലുകൾ രൂപീകരിക്കണം. 11 അംഗങ്ങളുള്ള കൗൺസിലിൽ 4 യുവജന യൂത്ത് പ്രതിനിധികൾ, 4 യുവജന സംഘടനാ നേതാക്കൾ, 3 വികസന രംഗത്തെ വിധക്തർ എന്നിവരെ ഉൾപ്പെടുത്തണം. സാധ്യമായ എല്ലാ വികസന - സാംസ്കാരിക - കായിക - തൊഴിൽ പരിശീലന പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്ന സംവിധാനമായി ഈ കൗൺസിലിനേയും, തദ്ദേശസ്ഥാപനങ്ങളിൽ ആരംഭിക്കുന്ന യൂത്ത് സെന്ററുകളേയും മാറ്റുക എന്നതാണ് ലക്ഷ്യമിട്ടത്. പദ്ധതിയെ അതെ അളവിൽ പ്രയോഗികമാവണമെങ്കിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും നേതൃത്വവും അനുവാര്യമാണ്. തദ്ദേശ സർക്കാരുകൾ താൽപര്യം പ്രകടിപ്പിച്ച കേന്ദ്രങ്ങളിലെല്ലാം യൂത്ത് സെന്ററുകൾ അത്ഭുതകരമായ പ്രവർത്തനമികവാണ് പ്രകടിപ്പിച്ചത്. ലേബർ ബാങ്കുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, എംപ്ലോയിമെന്റ്, എജ്യൂക്കേഷൻ ഗൈഡൻസ് ബ്യൂറോ, സാംസ്കാരിക കായിക സംഗമങ്ങൾ, പരീക്ഷാ പരിശിലന കേന്ദ്രങ്ങൾ, പഠനസഹായി, തൊഴിൽ

എംപ്ലോയിമെന്റ് എക്സ്ചേഞ്ച്, ഫിനിഷിംഗ് സ്കൂളുകൾ, യൂത്ത് പാർക്ക് (കൊടകര മോഡൽ) എന്നിങ്ങനെ വിഷാലമായ സാധ്യതകളാണ് ഈ പദ്ധതി വഴിതുറന്നിട്ടത്. കുടുംബശ്രീ സംഘടനയുമായും, യുവജനസംഘടനകളുമായും ചേർന്ന്, യൂത്ത് സെന്ററുകളെ ഏറ്റവും ചടുലവും സർഗ്ഗാത്മകവുമാക്കി വളർത്തിയെടുക്കുക എന്നതാണ് യുവജനക്ഷേമരംഗത്തെ ആനിവാര്യമായ ഒരു കടമയാണ്. യുവജനക്ഷേമ രംഗത്തെ എല്ലാ പ്രവർത്തനങ്ങളെയും വിസ്തരിക്കുന്നില്ലെങ്കിലും, ഏറ്റവും ശ്രദ്ധേയമായ മറ്റൊരുതുടക്കത്തെ കുറിച്ചുകൂടി ഇവിടെ പ്രതിപാധിക്കാതെ തരമില്ല. WORLD FEDARATION OF DEMOCRATIC YOUTH (WFDY) സംഘടിപ്പിക്കുന്ന ആഗോള യുവജന ഉൽസവത്തിന്റെ മാതൃകയിൽ, കേരള യൂത്ത്ഫോറം എന്ന നവീന പരിപാടിക്ക്, ഈ സർക്കാർ യുവജനക്ഷേമബോർഡ് വഴി തുടക്കം കുറിച്ചു.

ഇതിനകം മൂന്ന് യൂത്ത്ഫോറങ്ങളാണ് സംഘടിപ്പിക്കപ്പെട്ടത്. തിരുവനന്തപുറത്തും എറണാകുളത്തും, മലപ്പുറത്തുമായാണ് ഫോറങ്ങൾ സംഘടിപ്പിച്ചത്. 10 ദിവസം നീണ്ടുനിൽക്കുന്ന യൂത്ത് ഫോറ ത്തിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും, യുവജന ക്ലബ്ബുകളിൽനിന്നും, യുവജന സംഘടനകളിൽനിന്നുമുള്ള പ്രതിനിധികളാണ് ഒത്തുചേർന്നത്. കേരള വികസനവും യുവജനങ്ങളും, പാഴായിപോകാത്ത യൗവ്വനം എന്നീ കേന്ദ്ര വിഷയങ്ങളിൽ ഊന്നിയ നൂറുകണക്കിന് സെക്ഷനുകളിലായി പതിനായിരക്കണക്കിന് യുവജനപ്രവർത്തകരാണ് യൂത്ത്ഫോറത്തിൽ അണിചേർന്നത്. 3 ഫോറങ്ങളിലുമായി ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിൽ നിന്നുള്ള യുവജനസംഘങ്ങളും പങ്കാളികളായി. കേരളത്തിലെ യുവജനസംഘടനകളിലെ, രാഷ്ട്രീയ വ്യതിയാനങ്ങളുടെ ധ്രുവീകരണങ്ങളെ മറികടന്ന യുവജന സംഗമവേദിയായി യൂത്ത് ഫോറ ത്തെ വിജയിപ്പിക്കുന്നതിൽ അസാധാരാണമായ മികവാണ് ബോർഡിന് പ്രകടിപ്പിക്കാനായത്. ഒരേസമയം നിരവധി കേന്ദ്രങ്ങളിൽ 150ൽ അധികം വിഷയങ്ങളിൽ യുവജനങ്ങൾക്ക് സംവാദ വേദിയൊരുക്കുകയും, വികസനത്തെ സംബന്ധിച്ച സമഗ്രമായ കാഴ്ച്ചപ്പാട് പ്രധാനം ചെയ്യുകയുമാണ് യൂത്ത്ഫോറങ്ങൾവഴി നിർവ്വഹിക്കപ്പെട്ടത്. വളരെ ഗൗരവമായും പക്വവുമായാണ് കേരളത്തിലെ യുവജനസംഘടന നേതൃത്വങ്ങൾ ഈ പരിപാടികളോടെല്ലാം സമീപിച്ചതും സഹകരിച്ചതും. 2008 ൽ എറണാകുളത്ത് ചേർന്ന യൂത്ത് ഫോറം 08, കേരളത്തിനൊരു യുവജനനയത്തിന്റെ കരട് ചർച്ചചെയ്ത് അംഗീകരിച്ച് സർക്കാറിന് സമർപ്പിക്കുകയുണ്ടായി.

യുവജനക്ഷേമരംഗത്തെ നവീനങ്ങളായ ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, നേതൃത്വപരിശീലന പരിപാടികൾ ദേശീയ ഉദ്ഗ്രഥന വേദികൾ, തൊഴിൽപരിശീലന പദ്ധതികൾ, പ്രഫഷണൽ കോളേജ് വിദ്യാർത്ഥികളായുള്ള പ്രത്യാക പരിശീലന പരിപാടികൾ, ജാലകം പദ്ധതി, ജോബ് ഫയറുകൾ, വ്യക്തിചിന്താവികസന പദ്ധതികൾ, നാടൻ കലാവികസനം, പട്ടികവർഗ്ഗ വികസന പദ്ധതികൾ തുടങ്ങി സമഗ്രവും സർഗ്ഗാത്മാകവുമായ യുവജനവികസനത്തെ ലക്ഷ്യംവെച്ച പദ്ധതികൾ നിരവധിയാണെങ്കിലും ഇവിടെ വിസ്തരിക്കുന്നില്ല. യുവജനക്ഷേമരംഗത്തെ കൂടുതൽ ഉത്തേജിപ്പിക്കാനും ചലനാത്മകമാക്കാനും സഹായകമായ ചിലനിർദ്ദേശങ്ങൾ കൂടി പരിഗണനാർഹമാണ്.

1. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ സ്ഥാപിക്കപ്പെട്ട യൂത്ത് കോ-ഓർഡിനേഷൻ കൗൺസിലുകൾ, യൂത്ത് കോ-ഓർഡിനേറ്റർമാർ, യൂത്ത് സെന്ററുകൾ എന്നീ സംവിധാനങ്ങളെ കൂടുതൽ ശക്തമാക്കുക - വിപുലീകരിക്കുക.
2. ജില്ലാടിസ്ഥാനത്തിൽ വികസനരംഗത്തെ യുവജനകൂട്ടായ്മ ഉറപ്പുവരുത്തനായി കോ-ഓഡിനേഷൻ കൗൺസിലുകൾ രൂപീകരിക്കുക.
3. സ്പോർട്സ് കൗൺസിൽ - യുവജനക്ഷേമ ബോർഡ് പ്രവർത്തനങ്ങളെ ഏകോപിക്കുക.
4. സ്പോർട്സ് ഡയറക്ടറേറ്റിനെ യുവജനക്ഷേമബോർഡിന്റെ ഭാഗമായി പുനഃക്രമീകരിക്കുക.
5. തൊഴിൽവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, സാംസ്ക്കാരിക വകുപ്പ് സാമൂഹ്യക്ഷേമവകുപ്പ് എന്നിവയും യുവജനക്ഷേമ പ്രവർത്തനങ്ങളുമായി ഏകോപന സംവിധാനം ഉറപ്പുവരുത്തുക.
6. കേരളാ യൂത്ത്ഫോറത്തെ, കേരളയുവത്വത്തിന്റെ ഏറ്റവും വലിയ ഒത്തുചേരലായി വിപുലീകരിക്കുക.

7. വനിതാ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ, വിവരാവകാശ കമ്മീഷൻ എന്നീ മാതൃകയിൽ കേരളായൂത്ത് കമ്മീഷൻ ജുഡീഷ്യൽ അധികാരത്തോടെ രൂപീകരിക്കുക. യുവജനങ്ങളുടെ തൊഴിൽപരവും വിദ്യാഭ്യാസപരവുമായ എല്ലാ പ്രശ്നങ്ങളിലും ഇടപെടാൻ അധികാരമുള്ള ഘടന ഉറപ്പുവരുത്തുക.
8. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അടിമുടി പുന:സംഘടിപ്പിക്കുക. എല്ലാതരം തൊഴിലവസരങ്ങളേയും (സ്വകാര്യ മേഖല ഉൾപ്പെടെ) വിദ്യാഭ്യാസ അവസരങ്ങളെയും ഏകോപിപ്പിക്കുന്ന കരുത്തുറ്റ സംവിധാനമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മാറ്റുക.
9. MASS SKILL DEVELOPMENT PROGRAMകൾ സംഘടിപ്പിക്കുക. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമല്ലാത്ത ഇത്തരം എല്ലാ പരിശീലന പദ്ധതികളെയും ഏകോപിപ്പിക്കാനും നേതൃത്വം കൊടുക്കാനും നോർക്കയുമായി ചേർന്ന്, പ്രീ -ഡിപ്പാർച്ചർ ഓറിയന്റേഷൻ കോഴ്സുകൾ ഉൾപ്പെടെ വിപുലീകരിക്കാനും യുവജനക്ഷേമബോർഡിന് അവസരമൊരുക്കുക.
10. യുവജനങ്ങൾ സ്വതന്ത്രമായി, സംഘമായി നടത്തുന്ന സ്വയംതൊഴിൽ പരിശീലന, ഉൽപ്പാദന പരിപാടികൾക്ക് സഹായങ്ങൾ, വിപണനം എന്നിവ ഉറപ്പുവരുത്തുക
11. കേരളോത്സവവിജയികൾക്ക്, പി.എസ്.സി. പരീക്ഷയിൽ ഗ്രേസ്മാർക്ക് അനുവദിക്കാൻ തീരുമാനിക്കുക.

മേൽപറഞ്ഞ നിലയിൽ യുവജനക്ഷേമ പ്രവർത്തനങ്ങളെ നവീകരിക്കുമ്പോൾ വികസന രംഗത്ത് യുവജനവങ്കാളിത്തം ഉറപ്പുവരുത്താൻ സാദ്ധ്യതകൾ വർദ്ധിക്കും. എന്നാൽ കേരളവികസനത്തിൽ യുവജനപങ്കാളിത്തം വർദ്ധിപപ്പിക്കണമെങ്കിൽ യുവജനസംഘടനകൾ ആവയുടെ പ്രവർത്തനരീതിയുടെ അലകും പിടിയും മാറ്റിയെടുക്കേണ്ടതുണ്ട്.

കക്ഷി- രാഷ്ട്രീയത്തിന്റെ കള്ളികളിൽ കെട്ടിവരിയപ്പെട്ട യുവത്വം, വികസനം പ്രശ്നങ്ങളിലെങ്കിലും ഒരുമിക്കാനുള്ള വിശാലമനസ്കത പ്രകടിപ്പിക്കണം. അതിനായി യുവജനസംഘടനകൾ നേതൃത്വം കൊടുക്കണം. കേരള വികസനത്തിന്റെ മുഖ്യദൗർബല്യം, അതിന് ഉത്പ്പാദനമേഖലയിൽ മുന്നേറ്റം കുറവാണെന്നതാണ്. സർക്കാരുകളുടെയും, രാഷ്ട്രീയനേതൃത്വത്തിന്റെയും പിൻബലവും നേതൃത്വവും ഇതിനുവേണം. എന്നാൽ അതുമാത്രംകൊണ്ട് അപ്രകാരം പരിഹരിക്കാനാവില്ല. യുവജനസംഘടനകൾ അതിനുകൈമെയ് മറന്ന് രംഗത്തിറങ്ങണം. എന്നാൽ അനുഭവങ്ങൾ തെളിയിക്കുന്നത്, കേരളത്തിലെ യുവജനസംഘടനകൾ ഇനിയും അതിന് പക്വമായിട്ടില്ല എന്ന് തന്നെയാണ്. സ്വന്തം രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കപ്പുറം, നാടിന്റെ വികസനത്തിനായി ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത കേരളത്തിലെ ഒരുയുവജന സംഘടനക്കും ഇനിയും ബോധ്യമായിട്ടില്ല. ഈ അവസ്ഥമാറണം. അതിനുള്ള ആരോഗ്യം യുവജനസംഘടനകൾ പ്രകടിപ്പിക്കുന്നതുവരെ യുവജനക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവ്വഹിക്കാനാവില്ല.

യുവജനസംഘടനകളെ അതിനു സജ്ജമാക്കും വിധം. വിശാലമായ യുവജനപ്രസ്ഥാനം എന്ന ലക്ഷ്യം ഈ സർക്കാർ മുന്നോട്ടുവെച്ചുവെങ്കിലും അത് വേണ്ടത്ര ഫലപ്രദമായി എന്നു വിലയിരുത്താനാവില്ല. സർഗ്ഗാത്മകത യൗവ്വനം എന്ന ലക്ഷ്യം സ്ഥാപിക്കണമെങ്കിൽ, അത്തരമൊരുവിശാലബോധത്തിലേക്ക് യുവജനസംഘടനകൾക്ക് വളരാനാവണം.

# CONSERVING KERALA'S TRIBAL HERITAGE: SOME CRITICAL REFLECTIONS

Conservation of Kerala's cultural heritage is given much attention but that of tribal heritage is not. The reason is that not much tribal heritage has survived to be conserved especially, if heritage is viewed in the limited sense of colourful arts and rituals and aesthetic expressions in built material or performances. In such a sense, Kerala's tribal heritage has very little that would interest the tourist's gaze and encourage the world to conserve such heritage. In such limited sense, tribal heritage of Kerala would be perhaps limited to the *gaddika* of Adiyan community, *mangalam kali* of Mavilan and Thachanadan mooppan, *theyyam* of Mavilan, *chattupattu* of Kanikkar, *koothu* of Mannan and Irula and Paniya dances. Even these are not mere art forms, but ritualistic and curative performances. They have multiple purposes: enhancing social wellbeing through reinforcing social solidarity of the collective, keeping alive cultural memories, invoking communal deities and rekindling a faith in the tribal deities' efficacy for cure to diseases that are not treatable in the plural medical system because of their etiology falling in the domain of cosmic forces; or as life cycle rituals emphasize a message to the person who is in a *liminal stage*—as Van Gennep or Victor Turner would describe—being transported into another status, as in the case in the *mangalam kali* the unmarried person gets transported into the status and role of a husband or wife. Communal bonding or conflict resolution happens in the *theyyam* or messages given out to the community through the *thottam* invokings serve to keep alive certain memories and values. Conserving such art forms that have a superior purpose and subliminal inner meanings involve contextualizing them with the meanings and messages that speak of a superior cultural logic of the community—ecological, social, religious or cosmic to mention a few. Tribal art forms of Kerala may not compare with mohiniyattom or kathakali in their artistic regalia and colour richness but the cultural expressions and meanings if explicated, they are equally or more fascinating as they open our minds to the diverse meaning systems in the tribal heritage and the ecologically sensitive value system. More than that there is also the indigenous knowledge of the tribal communities that gives lessons for human survival and preservation of biodiversity. We have not forgotten the Andaman tribes who, during the Tsunami outbreak, took refuge deep inside the forest and survived heeding to the warnings they received from nature while people who had no such ecological wisdom but depended only on technological advances, perished in large numbers. The world would be a better place if we respect and conserve the heritage of the tribal people, documenting them. In the Wayanad region, there is the Kurichiyan whose traditional irrigation system with its natural purification methods was founded on the preservation of sacred groves that nurtured botanical species that conserved water in them and habitat, and the lie of the land. The so-called technological advancements or modernized living that brought on constructions obstructing the natural flow of water has dried up many of their naturally replenishing tanks and destroyed their irrigation system that maintained wetlands and a

biodiversity. The indigenous aromatic rice varieties of Geerakasala and Gandhakasala and the organic cultivation of the indigenous seed varieties also demand new methods of calculating cost-effectiveness. Govt of India honoured the Kuruman and the Kurichiyans tribes with Plant Genome Saviour Community Award in 2008, but their joint family heritage that offered a home to all, the single, the orphans, the invalids and the aged and prevented destitution of its members and kept alive a self-sustained and integrated agricultural-animal husbandry system, is fast eroding due to several reasons. Similarly, the Paniyan community today is considered a community of lazy drifters but their heritage really is of a very hard working people that earned them the name Paniyan that made feudal lords compete to keep them even putting in place a system of bondedness. These are just two instances of communities forced into a sense of shame at their legacy, of untouchability or polygamy once practiced, or a bonded enslavement of the ancestors. Heritage conservation, to my mind is conservation of not beautiful artifacts, craft or art forms, but of a legacy one can be proud of and values of their ancestors that can inspire the younger generations and can hope to instill in future generations. Such pride of the community in their heritage cannot be kept alive through an isolated honour bestowed on them, but can only come from a deeper and wider appreciation of their contribution to human survival and the consequent pride the youngsters can feel for their past and a desire to keep alive such knowledge. In the case of the tribal people of Kerala, people with simple lives but superior ecological wisdom, sense of sharing, system of reciprocities and of conflict resolutions and peace-keeping mechanisms that ensured mutual survival and offer lessons for sustainablility of diverse species, this alone would be an appropriate appreciation of heritage.

# A STRATEGIC PLAN FOR REHABILITATION OF DEAF AND HARD OF HEARING PERSONS

**Dr. Pavithran**

The greatest challenge the deaf and hard of hearing persons face in their life is their inability to communicate with fellow beings. Though the underlying problem for this situation is generally perceived as due to lack of hearing and speech, it is not entirely true. The non development of language is the most important reason for this predicament. A person with no language cannot communicate even if he has speech and hearing. But a person with language can communicate even if he has no hearing and speech.

Hearing provides the primary source for the acquisition of speech and language skills in a child with normal hearing. Studies have shown that there are lot of biological factors that influence language development and the period from birth to 2 years is critical for language acquisition. There are specialized neural structures in the brain that are dependent on auditory stimulation for their emergence and proper functioning. A child who is deprived of appropriate auditory and language stimulation during the critical period will never attain his best potential of language. But a child whose hearing loss is detected sufficiently early and who undergoes appropriate early intervention program do develop language, many a time like his normal peers.

It is obvious that the first few years in the life of a deaf or hard of hearing child are the most critical period for the development of speech and language. The first step is therefore, to detect hearing loss as early as possible.

Though the importance of early detection is well understood the average age of detection of hearing loss even in developed countries is two-and-a-half years. Children with mild to moderate hearing loss tend to be diagnosed even later, at age four and above. It is in this context that universal hearing screening is gaining momentum worldwide. Developed Countries like United States of America has legislation (New Born Hearing Screening and Intervention Act 1999) which make the states mandatory to do screening of new borns.

Advancements in technology have made it possible to conduct screening as a routine check up. Non invasive technology exists nowadays to screen babies who are only minutes old for hearing loss. Oto Acoustic Emission Analyser is a handy tool which is widely used.

The newborn screening for hearing impairment as a routine check has not made any strides in India. However, screening can be done at least for high risk infants as a first step. National Institute of Speech & Hearing (NISH) has conducted hearing screening of 5000 high risk new borns at SAT Hospital Trivandrum as a pilot study for a project funded by the Department of Science & Technology, Government of India. The screening identified 45 children with suspected hearing loss who were further evaluated at NISH. The hearing loss of fourteen children has since been confirmed.

The result of pilot study is pointer to the need for screening of all the risk cases. Ideally all newborns must be screened for hearing loss as a routine measure. However, this will require setting up of huge infrastructure and the services of many qualified personnel. It is proposed therefore that all district and Taluk Hospitals shall be equipped with a center for screening so that a substantial part of the risk cases can be screened.

NISH started this project in 2007 with the commissioning of Early Detection Centre at District Hospitals Kannur and Manjeri in 2007. The modes operandi was NISH would procure the equipment for screening, maintain them and would provide training to staff nurse deputed by Health Department. The Centre will function under the control of Health Department.

The methodology was found to be successful and the facility has been subsequently extended to all the district hospitals of the State.

Once the impairment is detected the child should be trained to use his residual hearing to the maximum extent possible. An appropriate hearing aid has to be fitted and he has to undergo a structured curriculum to acquire normal speech and language. The Pre School and Parent Guidance Centre is a concept which is increasingly becoming popular as an early intervention centre. Studies have shown that children who are identified early and receive appropriate intervention can develop age – appropriate language and have a much better chance of success in later life.

NISH has a Preschool which is functioning for the last twelve years. Deaf or hard of hearing children below the age of 3 years are admitted for rehabilitation. Ninety two children from this school have so far been integrated into mainstream education and seventy children are undergoing the program now.

Ideally every deaf or hard of hearing child must undergo a pre school education program before he/she enters for formal school education. It is necessary to provide facilities for this in all parts of the State.

The General Education Department can convert one of the existing primary school in every district facing closure to a Pre School. NISH would supply the Pre School Curriculum and could provide training to the teachers.

**The action plan is therefore**

(i) to set up facilities for hearing screening of all new borns

(ii) to set up Pre School facilities for all children who are found to have hearing loss with the cooperation of General Education department

The success of Pre School training depends on many factors and so some children may not develop enough language skills to undergo mainstream education. They will require special education.

Cochlear implant is an option which is becoming increasingly popular for those who do not get benefit from hearing aids. The State could formulate appropriate scheme to meet the huge expenses involved for the implant.

The proposed strategy if implemented in full spirit will provide a new lease of life to the deaf and hard of hearing children and will minimize the need for special schools which never fulfilled their expected role.

# ഇന്ത്യയിലെ തോട്ടം മേഖലയുടെ വികസനത്തിന് പുതിയൊരു പരിപ്രേക്ഷ്യം

**പ്രൊഫ. കെ.ജെ. ജോസഫ്**

*(കോ-ഓർഡിനേറ്റർ, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിലെ ദേശീയ തോട്ടവിള ഗവേഷ പരിപാടി)*

തോട്ടം മേഖലയുടെ ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലെ യഥാർത്ഥ പ്രാധാന്യം മനസ്സിലാക്കി ഇപ്പോഴത്തെ പ്രശ്നങ്ങളെ പരിഹരിച്ച് മുന്നോട്ടു പോകുവാൻ ഉതകുന്ന രീതിയിലുള്ള നിരവധി നിർദ്ദേശങ്ങൾ സി.ഡി.എസ് ഉത്തരവാദിത്തപ്പെട്ടവർക്ക് സമർപ്പിച്ചിട്ടുണ്ട്. അവയെ ആവർത്തിക്കുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയുടെ സാർവ്വത്രിക വളർച്ചാ തന്ത്രത്തിന്റെ ആണിക്കല്ലായ തോട്ടം മേഖലയിലെ ഇപ്പോഴത്തെ സ്ഥിതി ഇനിയും തുടരുവാൻ ഇത്തരത്തിൽ അനുവദിച്ചുകൂടാ. ഇപ്പോൾ നാം അവലംബിക്കുന്ന പരമ്പരാഗത ഉൽപ്പാദന ഘടകങ്ങളിൽ ഊന്നിയുള്ള ഉൽപ്പാദനത്തിനു പകരം അറിവിലൂന്നിയുള്ള ഉൽപ്പാദനരീതിയിലേക്ക് മാറണം. ബോർഡുകളുടെ പ്രധാന കടമ കർഷകരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള അറിവും സാങ്കേതിക വിദ്യയും ലഭ്യമാക്കുക എന്നതാണ്. സബ്സിഡി വിതരണമാകാൻ പാടില്ല.

ആഗോളവൽക്കരണത്തിന്റെ പശ്ചാലത്തിൽ, സർക്കാരിന്റെ പ്രധാന കടമ കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുക എന്നതായിരിക്കണം. അതിനുവേണ്ടി ഏറ്റവും കുറഞ്ഞത് 1000 കോടി രൂപയെങ്കിലും ഉള്ള ഒരു വിലസ്ഥിരതാ ഫണ്ട് അടിയന്തിരമായി രൂപീകരിക്കണം. സാർവ്വത്രിക വളർച്ചയിലേക്ക് ഉള്ള ഈ മേഖലയുടെ സംഭാവന പരിഗണിക്കുകയും ഇപ്പോൾ ഈ മേഖലയ്ക്ക് യാതൊരുവിധ സ്ബസിഡിയും ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കുകയും ചെയ്യുമ്പോൾ മേൽപ്പറഞ്ഞ തുക വളരെ ചെറുതാണെന്നു കാണാം. വിലയിടിയുമ്പോൾ മേൽപ്പറഞ്ഞ തുകയും കർഷകരുടെ ആനുപാതികമായ സംഭാവനയും കൂടിച്ചേർത്താൽ ഒരു ഹെക്ടറിന് 2000 രൂപ എന്ന തോതിലെങ്കിലും നഷ്ടപരിഹാരം കൊടുക്കുവാൻ സാധിക്കും. സംതുലിത പ്രാദേശിക വികസനം ലാക്കാക്കുന്ന 11 – ാം പദ്ധതിയിൽ തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനും, ആധുനികവൽക്കരണത്തിനും വേണ്ടി 5000 കോടി രൂപയെങ്കിലും വകയിരുത്തേണ്ടതായിരുന്നു. ഈ ഫണ്ട് ആധുനികവൽക്കരണത്തിന് ഉപയോഗിക്കുന്ന മുതൽമുടക്കിന്റെ പലിശയിനത്തിലേക്കായി നീക്കിവയ്ക്കാം. എല്ലാ കാര്യവും സർക്കാരിന്റെ തലയിൽ കെട്ടിവയ്ക്കുന്ന രീതിയും മാറണം. തോട്ടവിളകളുടെ സമഗ്ര വികസനത്തിന് സ്വകാര്യ പങ്കാളിത്തം കൂടിയേതീരൂ. കരാർ കൃഷിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൂടാതെ ബോർഡുകൾക്ക് കർഷകർ കൊടുക്കുന്ന സെസ്സ് ഇന്നത്തെ രീതി മാറ്റി വിലയുടെ നിശ്ചതശതമാനമാക്കുകയും വേണം.

ആധുനിക സാങ്കേതികവിദ്യയും പരമ്പരാഗത മേഖലയും നൂതനത്വത്തിലൂന്നി സമന്വയിച്ചാൽ വിവിധതലത്തിലുള്ള അസമത്വം കുറച്ച് സമഗ്ര വികസനം സാധ്യമാണ് എന്നാണു പറഞ്ഞുവന്നത്. കൂടാതെ, മേൽപ്പറഞ്ഞ രീതിയിലുള്ള

വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കിയാൽ ഇന്ത്യയുടെ തോട്ടം മേഖല ലോകത്തിലെ അവികസിത രാജ്യങ്ങൾക്ക് ഒരു മാതൃകയാകുമെന്നും ഇന്ത്യയുടെ സാർവ്വത്രിക വളർച്ചാ പദ്ധതിക്ക് കാര്യമായ മുതൽക്കൂട്ടാകുമെന്നതിനും തർക്കത്തിനിടയില്ല. എന്നാൽ സി.ഡി.എസ് പോലുള്ള സ്ഥാപനങ്ങൾ കേവലം ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിലൂടെയോ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിലൂടെയോ ഇക്കാര്യങ്ങൾ സാധ്യമാകും എന്ന ധാരണയും പാടില്ല. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഇന്ത്യ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളികളായ സാമൂഹിക, സാമ്പത്തിക, പ്രാദേശിക അസമത്വങ്ങളെ നേരിടുന്നതിൽ തോട്ടം മേഖലയുടെ പങ്ക് നയകർത്താക്കളെ ബോധ്യപ്പെടുത്തേണ്ട കടമ ബന്ധപ്പെട്ട ജനപ്രതിനിധികളിലും തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളിലും, വിവിധ ബോർഡുകളിലും നിക്ഷിപ്തമാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരുടേയും, ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങൾ കൊണ്ടു മാത്രമേ നാം വിഭാവനം ചെയ്യുന്ന തോട്ടം മേഖലയുടെ ആധുനികവൽക്കരണം സാധ്യമാകൂ.

# വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും പൊതു വിദ്യാഭ്യാസവും

മല്ലിക.കെ.എം

പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്തിനു വേണ്ടിയാണോ നിലകൊള്ളുന്നത് പ്രസതുത ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുംവിധം വിദ്യാലയ അന്തരീക്ഷം ചിട്ടപ്പെടുത്തണം.

അതിന് ...

- അറിവിനെ അനുഭവങ്ങളുമായി ബന്ധപ്പെടുത്തണം.. പഠനം ആഹ്ലാദകരമാകണം.
- സ്വാതന്ത്ര്യവും ജനാധിപത്യപരവുമായ അന്തരീക്ഷം കുട്ടിക്ക് ലഭിക്കണം. കുട്ടിയെ വ്യക്തിയായി പരിഗണിക്കണം.
- സ്വന്തം താല്പര്യവും കഴിവും കണ്ടെത്തുന്നതിന് അനുഗുണമാകുംവിധം നിരവധി പഠന മേഖലകളും തൊഴിൽ മേഖലകളും കുട്ടിയ്ക്ക് പരിചയപ്പെടാൻ കഴിയണം.
- സംവാദാത്മകമായ അന്തരീക്ഷം സ്കൂളിൽ ഉണ്ടാവണം.
- ആശയവിനിമയത്തിന് ശക്തമായഭാഷാനൈപുണി ആർജ്ജിക്കണം.
- ഇടപെടാനും സംഘടിക്കാനും പ്രകടിപ്പിക്കാനും നിരവധി അവസരങ്ങൾ ഉണ്ടാകണം.
- പഠനാനുബന്ധ പ്രവർത്തനങ്ങൾ പഠന പ്രവർത്തനങ്ങൾ ആകണം.
- സ്കൂൾ സമൂഹത്തിന്റേതാകണം.

ഇതിനുവേണ്ടി സ്കൂൾ സംവിധാനം ഏതു വിധത്തിലാണ് ക്രമപ്പെടുത്തേണ്ടത്. നിലവിലുള്ള അവസ്ഥയുടെ പരിമിതികൾ എന്ത് എന്നെല്ലാം പരിശോധിക്കണം.

**ഭൗതിക സൗകര്യങ്ങൾ :** സ്കൂളിന്റെ നടത്തിപ്പിന് ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ഭൗതിക പരിസരം. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ലാബ്, ലൈബ്രറി സംവിധാനങ്ങൾ, കളിസ്ഥലം, ടോയ്‌ലറ്റുകൾ, പാചകപ്പുര, യാത്രാ സംവിധാനങ്ങൾ, സ്മാർട്ട് റൂം, ഐ.ടി. ലാബുകൾ എന്നിവ ല ്യമാക്കണം. എസ്.എസ്.എ., ആർ.എം.എസ്.എ. മറ്റു സർക്കാർ സംവിധാനങ്ങൾ എന്നിവ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായല്ല പണം വിതരണം ചെയ്യുന്നത്. ആയതിനാൽ വലിയ സ്കൂളുകളുടെ നടത്തിപ്പ് പ്രതിസന്ധി നേരിടുന്നുണ്ട്.

**ക്ലാസ് റൂം അന്തരീക്ഷം :** ക്ലാസ് മുറികളിൽ കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്തണം. ശരാശരി 30 കുട്ടികൾ ആവാം. ക്ലാസ്സ് ലൈബ്രറി, ക്ലാസ്സ് ലബോറട്ടറി എന്നിവ സജ്ജീകരിക്കാനും ഉല്പന്നങ്ങൾ സൂക്ഷിക്കാനും ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാവണം. ഗ്രൂപ്പ് പ്രവർത്തനം ക്ലാസ്സിൽ നടക്കുന്നതിന് യോജിച്ച ക്രമീകരണം ഘടനാപരമായി ഉണ്ടാകണം. ക്ലാസുകൾ വൈദ്യുതീകരിക്കണം.

**പഠനപ്രവർത്തനങ്ങൾ :**വ്യത്യസ്ത വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് അനുയോജ്യമായ പാഠ്യപ്രവർത്തനങ്ങൾ കണ്ടെത്തണം.

**ശാസ്ത്ര പഠനം :**ശാസ്ത്ര പഠനം നിർബന്ധമായും പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തിയാവണം. കുട്ടിയ്ക്ക് നേരിട്ട് പരീക്ഷണങ്ങളിൽ ഏർപ്പെടാൻ കഴിയണം. ഇന്ന് അധ്യാപകർ പരീക്ഷണം കാണിച്ചുകൊടുക്കുന്ന രീതിതന്നെ നിലനിൽക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട നിരവധി പരീക്ഷണങ്ങളുടെ ലിസ്റ്റ് ക്ലാസ്സിൽ പ്രദർശിപ്പിക്കാൻ കഴിയണം. പരീക്ഷണ കുറിപ്പുകൾ കുട്ടി തയ്യാറാക്കണം. പ്രകൃതി നിരീക്ഷണത്തിനുള്ള അവസരം ലഭ്യമാക്കണം. അവയും രേഖപ്പെടുത്തണം.

**സാമൂഹ്യ ശാസ്ത്രം :** പ്രദേശിക ചരിത്ര രചനയ്ക്ക് അവസരം ഉണ്ടാകണം. ദിനാചരണങ്ങളെ പഠനപ്രവർത്തനമായി മാറ്റാൻ കഴിയണം. ചർച്ചകൾക്കും സെമിനാറുകൾക്കും നിരവധിയവസരങ്ങൾ സൃഷ്ടിക്കപ്പെടണം. ചരിത്രപ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങളും സ്ഥാപനങ്ങളും വ്യക്തികളും കുട്ടിയ്ക്ക് പരിചിതമാകണം. ഇന്ന് ചുരുക്കം അവസരങ്ങൾ മാത്രമേ സമൂഹമായി

നേരിട്ട് ബന്ധപ്പെടാൻ കുട്ടിയ്ക്ക് ലഭിയ്ക്കാറുള്ളൂ.

**ഗണിതശാസ്ത്രം :** താരതമ്യേന ജീവിത സ്പർശിയല്ലാത്തവിധത്തിലാണ് കൈകാര്യം ചെയ്യപ്പെടുന്നത്. വിഷയത്തിന്റെ പ്രത്യേകത ഒരു കാരണമാണ്. പ്രശ്നോന്നിത സമീപനം ഗണിതത്തിൽ ഉൾച്ചേർക്കാൻ അധ്യാപകർക്ക് കഴിയുന്നില്ല. മുന്നൊരുക്കം പരമപ്രധാനമാണെന്നതും അധ്യാപക പരിശീലനങ്ങൾ അപര്യാപ്തമാണ് എന്നതും ഇതിനു കാരണമാണ്. ആവശ്യമെങ്കിൽ ഉള്ളടക്കത്തിൽ മാറ്റം വരുത്തുന്ന കാര്യം ആലോചിക്കണം.

**ഭാഷ :** മാതൃഭാഷയിൽ മെച്ചപ്പെട്ട പഠനപ്രവർത്തനങ്ങൾ നിലനിൽക്കുന്നു. കുട്ടികളെ ഭാഷാ പ്രയോഗത്തിന്റെ വ്യത്യസ്ത തലങ്ങളുമായി ബന്ധപ്പെടുത്താൻ അധ്യാപകർക്ക് കഴിയുന്നുണ്ട്. നിരവധി അവസങ്ങൾ കിട്ടുന്നു എന്നത് അവരുടെ സൃഷ്ടിപരമായ കഴിവുകൾ വളർത്താൻ പര്യാപ്തമാകുന്നുണ്ട്. ഈ സ്ഥിതി ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകളിലേയ്ക്കും വ്യാപിപ്പിയ്ക്കാനാവശ്യമായ നടപടികൾ ശക്തമാക്കണം.

**മൂല്യനിർണയം :** എസ്.എസ്.എൽ.സി. റിസൽറ്റ് ഒരു ഹൈസ്കൂളിന്റെ മുഖ്യ അജണ്ടയായി മാറിയിട്ടുണ്ട്. എല്ലാവരെയും വിജയിപ്പിക്കുക, പരമാവധി ഉയർന്ന ഗ്രേഡ് ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിന് പഠനപ്രക്രിയയുടെ ശാസ്ത്രീയ രീതികൾ മാറ്റിനിർത്തപ്പെടുന്നു. എസ്.എസ്എൽ.സി. മൂല്യനിർണ്ണയം വേണ്ടവിധം ശാസ്ത്രീയമായല്ല നടക്കുന്നത്. നിരന്തര മൂല്യനിർണ്ണയം അവഗണിക്കപ്പെടുന്നു. കുട്ടികളുടെ എണ്ണക്കൂടുതൽ അധ്യാപകരെ നിസ്സഹായരാക്കുന്നുണ്ട്. പ്രൈമറി ഘട്ടത്തിൽ മൂല്യനിർണയത്തിന്റെ അവസ്ഥ താരതമ്യേന മെച്ചമാണ്.

**മോണിട്ടറിങ് :** ക്ലാസതല പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്ന സംവിധാനം ദുർബ്ബലമാണ്. ഹെഡ്മാസ്റ്ററെ മാത്രം ആശ്രയിച്ചാണ് നടക്കുന്നത്. ഹെഡ്മാസ്റ്ററുടെ മറ്റു ഉത്തരവാദിത്തങ്ങൾക്കിടയിൽ ഏറ്റവും അവഗണിക്കേണ്ടിവരുന്നതും മോണിറ്ററിങ് തന്നെ. എച്ച്.എം.മാരുടെ മോണിറ്ററിങ് വിലയിരുത്തപ്പെടണം.

**അധ്യാപക പരിശീലനങ്ങൾ:** പരിശീലനങ്ങൾക്ക് യാന്ത്രികത ഉണ്ടാകുന്നു. കൊടുക്കൽ വാങ്ങൽ പ്രക്രിയ വേണ്ടവിധത്തിൽ നടക്കുന്നില്ല. സമഗ്രാസൂത്രണം ഫലപ്രദമാകുന്നില്ല. പങ്കെടുക്കുന്ന അധ്യാപകർക്ക് ക്ലാസ്സ്തല ആസൂത്രണത്തിന് ഉപയോഗപ്പെടുന്ന വിധം പരിശീലനം മെച്ചപ്പെടണം. പരിശീലനങ്ങളുടെ ദൗർബ്ബല്യം അധ്യാപകരുടെ പങ്കാളിത്തത്തെ പ്രതികൂലമായി ബാധിക്കുന്നു. ഹെഡ്മാസ്റ്റർമാരുടെ പരിശീലന മൊഡ്യൂൾ പ്രൈമറി അധ്യാപകരെ കേന്ദ്രീകരിച്ചുമാത്രമായിമാറുന്നുണ്ട്. പരിശീലനങ്ങളിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിയ്ക്കപ്പെടുന്നുണ്ടോ എന്ന പരിശോധന പിന്നീട് ഉണ്ടാകുന്നില്ല. ഓഫീസ് സംവിധാനം ശക്തമല്ലാത്തത് ഹെഡ്മാസ്റ്റർമാരുടെ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുണ്ട് – വലിയസ്കൂളുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും.

**തൊഴിൽ നൈപുണി :** സെക്കന്ററി തലത്തിൽ ഏതെങ്കിലും തൊഴിൽ പരിശീലനം ലഭിക്കാനുള്ള അന്തരീക്ഷം ഓരോ സ്കൂളിലും ഉണ്ടാകണം. വ്യത്യസ്ത തൊഴിലുകൾ പരിചയപ്പെടുത്തിക്കൊവണം അത്. വിദ്യാഭ്യാസ കാലഘട്ടത്തിൽ ആവശ്യം വേണ്ടതായശ്രദ്ധ, കൃത്യത, ആവിഷ്കാരത്തിനുള്ള അവസരം, ഏകാഗ്രത, സാങ്കേതിക ജ്ഞാനം എന്നിവ ഇതിലൂടെ കുട്ടിക്ക് ലഭ്യമാകുന്നു. തൊഴിലിനോടുള്ള സമീപനം സമൂഹത്തിന്റെ ആവശ്യവുമായി ബന്ധപ്പെടുത്താൻ കഴിയുന്നു. ഹയർ സെക്കന്ററി ഘട്ടത്തിൽ നിരവധി തൊഴിൽ പരിശീലനങ്ങൾക്ക് അവസരം ഉണ്ടാകണം. എന്നാലത് ഉന്നതപഠനത്തിന് തടസ്സമാകരുത്.

നിരവധി സ്വാശ്രയ സ്ഥാപനങ്ങൾ ഉയർന്ന് വരികയും ആ സ്ഥാപനങ്ങളുടെ പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, എന്നിവ പൊതുവിദ്യാലയങ്ങളിലെ അധ്യാപകരുടെ ചുമതലയിലാവുകയും ചെയ്യുന്നത് പൊതുവിദ്യാലയങ്ങളുടെ കാര്യക്ഷമത കുറയ്ക്കാൻ ഇടയാക്കുന്നു. ഓപ്പൺ സ്കൂളിന്റെ ചുമതലയും തുല്യതാപരീക്ഷകളുടെ നടത്തിപ്പും ഇതുപോലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബാധ്യതയാകുന്നു. വിവിധങ്ങളായ മേളകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടും പഠന ദിവസങ്ങൾ സ്കൂളിന് നഷ്ടപ്പെടുത്തേണ്ടി വരുന്നു. ഇത്തരം വിഷയങ്ങൾ സജീവ ചർച്ചയ്ക്ക് വിധേയമാകേണ്ടതുണ്ട്.

# OPEN ACCESS PUBLICATION: BARRIER FREE ACCESS TO ACADEMIC KNOWLEDGE

**Dr.B.Ekbal**

There are two main barriers for access to information and knowledge the price barrier and copy right and licensing barrier. Open Access Publications break these barriers, the price barrier by making academic publications available on line free and the copy right and licensing barrier by developing new copyright and licensing rules.

Open-access (OA) literature therefore is digital, online, free of charge, and free of most copyright and licensing restrictions. What make it possible are the internet and the consent of the author or copyright-holder. In most fields, scholarly journals do not pay authors, who can therefore consent to OA without losing revenue. OA is entirely compatible with peer review, and all the major OA initiatives for scientific and scholarly literature insist on its importance. Just as authors of journal articles donate their labor, so do most journal editors and referees participating in peer review.

It should be understood that OA literature is not free to produce though it is less expensive to produce than conventionally published literature. But OA demonstrates that there are better ways to raise resources than by charging readers and creating access barriers.

**Open Access Materials**

There are two primary vehicles for delivering OA to research articles: OA Journals (OAJ) and OA Archives (OAA) or repositories. OAA or repositories do not perform peer review, but simply make their contents freely available to the world. They may contain un refereed preprints, refereed post prints, or both. Archives may belong to institutions, such as Universities and academic departments and laboratories Authors may archive their preprints without anyone else's permission, and a majority of journals already permit authors to archive their post prints. When archives comply with the metadata harvesting protocol of the Open Archives Initiative (OAI), then they are interoperable and users can find their contents without knowing which archives exist, where they are located, or what they contain. There is now open-source software for building and maintaining OAI-compliant archives and worldwide momentum for using it. Since server space and technicians are enough for archiving the costs of an archive become negligible.

Apart from research articles, archives and repositories OA also place in the net such materials as Raw data and Metadata, Source Materials, Digital Representations, Pictorial and Graphical Materials and Scholarly Multimedia Materials

**Peer Review**

OAJ perform peer review and then make the approved contents freely available to the world. In fact the peer review process and results are far better than that of the print journals. The peer review follows the existing norms of two reviewers with statistician. Since the peer review is done

online it is very rapid. OAJ publish signed comments of the reviewers online and hence the review process becomes very transparent. The Usage Evaluation and Impact Factor methodology become more objective and reliable since the download figurers and the citation in journals apart from core journals can be monitored very easily.

**Open Access Expenses**

The expenses of OAP consist that of peer review, manuscript preparation, and server space. OAJ manage the expenses by various means, subsidy from Governments, payment by Universities for their research papers published in the OPJ, advertisements that are selected on the basis of lack of conflict of interests etc. OAJ can also charge a processing fee on accepted articles, to be paid by the author or the author's sponsor employer, or funding agency. OAJ that charge processing fees usually waive them in cases of economic hardship like the researchers in developing countries. OAJ with institutional subsidies tend to charge no processing fees. Some institutions and consortia arrange fee discounts. Some OA publishers waive the fee for all researchers affiliated with institutions that have purchased an annual membership. Thus there is lots of room for creativity in finding ways to pay the costs of a peer-reviewed OAJ.

**Open Access Copy Rights**

The copyright and licensing barriers are broken by following rules modeled after the General Public License or Copy Left developed by Richard Mathew Stallman and his colleagues of the Free Soft Ware Movement and the Creative Commons principles formulated by Lawrence Lessig. In conventional publications the copyright is automatically transferred to the publishers whereas in OA the copyright continues to be with the authors.

In OA the author(s) grant to all users a free right of access to use, the work in digital medium subject to proper attribution of authorship.

A complete version of the work is deposited in an online repository that is supported and maintained by an agency that seeks to enable OA. As per the copy right rules followed by most of the OA publishers anyone is free to copy, distribute, and display the work, to make derivative of and work sand to make commercial use of the work, under the following conditions, (a) the original author must be given credit (b) for any reuse or distribution, it must be made clear to others what the license terms of this work are. Here the copyright rule followed is called ***Attribution.***

**Advantages of Open Access Publications**

OAP have several advantages over the print model. First of all it is free for all. The peer review process is fast and efficient. The OAJ articles have high visibility and authors can keep copy right and hence in control of their publications. Since the online publications are all archived permanent records of the publications can be preserved. Searching and retrieving of the articles of OAJ are easy and quick. Above all it will break the monopoly of the corporate publishing houses and permit the free and efficient flow of academic knowledge and information.

**International Regulations**

The International policies, rules and regulations on OA were developed by initiatives such as Budapest Open Access Initiative organised by the Open Society Institute (2002), Glasgow Declaration of the International Federation of Library Associations (2002) and the Berlin Declaration on Open Access to Knowledge in sciences and humanities (2003). UN World Summit on Information Society held in Tunisia in 2005 endorsed OA and the UK Parliament Committee recommended in the academic institutions in UK OA initiatives in 2004.

**International Open Access Publishers**

The major OA publications are managed by BioMed Central (www.**biomedcentral**.com), Budapest OA initiative (http://www.**soros.org/ openaccess**), Public Library of Science (http:// www.**plos**.org/), Scholarly Publishing and Academic Resources Coalition (http:// www.**arl.org/sparc**), Wikipedia, the cooperative encyclopedia (www.**wikipedia**.org) and the Gutenberg Project (www.**gutenberg**.org).

The Directory of Open Access Journals (http:/

/www.doaj.org) covers free, full text, quality controlled scientific and scholarly journals of all subjects and languages. There are now 3687 journals in the directory. Currently 1264 journals are searchable at article level. As of October, 2008, 211911 articles are included in the DOAJ service.

**Indian Open Access Initiatives**

OAP is very relevant to India because of the low access to international journals and the low visibility of the papers of published by Indian scientists. Fortunately several Indian publishers have already adopted the OA philosophy for the electronic versions of their journals. Unlike some open-access journals in other countries, in which authors pay to publish their papers, Indian OAJ use government grants and subscriptions to their print version to cover publishing costs.

All the 10 journals of the Indian Academy of Sciences, as well as the four journals of Indian National Science Academy (INSA), are OAJ. INSA has produced free-access electronic versions of back volumes for all its journals, and the Indian Academy of Sciences is also attempting a similar 'retro-digitisation'. The Journal of the Indian Institute of Science is also available in this form back to its very first issue, published in 1914. The Indian Medlars Centre of the National Informatics Centre, New Delhi, is bringing out electronic versions of 22 biomedical journals, all of them accessible without subscription. The Medlars Centre also has an online bibliographic database, www.indmed.nic.in, providing titles and abstracts of articles from 77 Indian biomedical journals.

OA needs to be complemented by setting up interoperable institutional archives, which allow researchers to make versions of their articles publicly available online both before and after publication. An additional attraction of such archives is that they would raise the profile of Indian research. At present, research originating in an Indian laboratory and published in expensive journals all too often goes unnoticed, even by other researchers in India. Creating institutional archives of such

work would help to integrate it into the global knowledge base, to reduce the isolation of our scientists and to improve opportunities for international collaboration.

**Kerala: Possibilities**

Kerala with the availability of high bandwidth connectivity, high PC penetration, presence of Research Institutions and Universities and higher education institutions has a lot of potential for initiating OAP. Universities and higher educational institutions can archive in their websites the academic articles, research theses and project reports of their academia. Higher Education Council can take steps to establish a Kerala Open Access Publication Initiative linking all the higher education institutions and the Research Institutes in Kerala.

# ഹെൽത്ത് ടൂറിസവും കേരളീയ ആയുർവേദ ചികിത്സകളും

**ഡോ. എസ്സ്. ദീലീപ് കുമാർ**
*ഡയറക്ടർ, വേദ ഗ്രൂപ്പ്, ഓമല്ലൂർ, പത്തനംതിട്ട*

കേരളത്തിലേക്കെത്തിച്ചേരുന്ന വിദേശികളിൽ നല്ലൊരു ശതമാനം ആയുർവേദ ചികിത്സ തേടുന്നവരാണ്. ആധുനിക ചികിത്സാ രീതി കൊണ്ട് ഫലപ്രദമായി പരിഹരിക്കാൻ കഴിയാത്ത പല രോഗാവസ്ഥകൾക്കും ആയുർവേദ ചികിത്സയിലൂടെ ശമനം ലഭിക്കുമെന്ന പ്രതീക്ഷയാണ് ഇതിന് ആധാരം. ആധുനിക സ്പെഷ്യാലിറ്റി ചികിത്സയേക്കാൾ ഫലപ്രദമായ കേരളീയ ചികിത്സാക്രമങ്ങൾ തങ്ങളുടെ വിനോദസഞ്ചാര യാത്രക്കൊപ്പം കുറഞ്ഞ ചിലവിൽ സാദ്ധ്യമാക്കുന്നതായി വിനോദ സഞ്ചാരികൾ സാക്ഷ്യപ്പെടുത്തുന്നു.

നേത്രചികിത്സ, ബാലചികിത്സ, അസ്ഥി-മർമ്മ ചികിത്സ, വിഷചികിത്സ, മാനസിക രോഗ ചികിത്സ, ഗർഭിണീ-പ്രസവാനന്തര പരിരക്ഷ, മൃഗ ചികിത്സ എന്നിവയിൽ കേരളത്തിന്റെ പ്രത്യേക സംഭാവനകൾ ഏറെ ഫലപ്രദവും സാർവ്വത്രിക അംഗീകാരം നേടിയതുമാണ്. ആധുനിക ചികിത്സാരീതിയുടെ വരവോടെ ഭരണതലത്തിൽ ആയുർവേദത്തിന് നഷ്ടമായ പ്രോത്സാഹനത്തിനും പരിരക്ഷയ്ക്കുമപ്പുറം ഗുണഭോക്താക്കളുടെ സംതൃപ്തിയാണ് ഈ ചികിത്സാക്രമങ്ങളുടെ സ്വീകാര്യതയും നിലനിൽപ്പും സാദ്ധ്യമാക്കിയത്. ചില പ്രമുഖ ചികിത്സകരും വൈദ്യ കുടുംബങ്ങളും സമുദായങ്ങൾ തന്നെയും ഇത്തരം ചികിത്സകളുടെ പര്യായമായി അറിയപ്പെടുന്നു. ഇവരുടെ ചികിത്സാരീതികളും ഔഷധയോഗങ്ങളും അവരവരുടെ രഹസ്യമായി നിലനിറുത്തിപ്പോരുന്നു. അതിനാൽ ആയുർവേദ വിദ്യാഭ്യാസ - ചികിത്സാ പദ്ധതികളുടെ മുഖ്യധാരയിലേക്ക് ഇവ വന്നിട്ടില്ല. മാനവരാശിയുടെ നന്മയ്ക്ക് ഉതകുന്ന ഈ അറിവുകൾ അത് കൈകാര്യം ചെയ്യുന്നവരുടെ അന്ത്യത്തോടെ നഷ്ടപ്പെട്ടുപോകുകയോ ഭാഗികമായി മാത്രം അനന്തര തലമുറയിലേക്ക് പകർന്നു കിട്ടുകയോ ചെയ്യുന്നു. അവിദഗ്ദ്ധരിലേക്ക് പകരുന്ന അല്പ വിജ്ഞാനം ചികിത്സാപചയത്തിലേക്ക് നയിക്കുന്നു. പ്രത്യേക ചികിത്സാക്രമങ്ങൾ സ്വന്തം നിലയിൽ നവീകരിച്ച് പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന ഉദാഹരണങ്ങളുമുണ്ട്.

അമൂല്യങ്ങളായ അറിവുകൾ സമാഹരിച്ച് കാലാനുസൃതമായി നവീകരിച്ച് സംരക്ഷിക്കേണ്ടത് ഒരു പരിഷ്കൃത സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. പ്രകൃതിയിലേക്ക് മടങ്ങാനുള്ള ആധുനിക കാലഘട്ടിന്റെ താല്പര്യവും ആയുർവേദ ശാസ്ത്രത്തിന്റെ വർദ്ധിച്ചുവരുന്ന അംഗീകാരവും സമന്വയിപ്പിക്കുന്നത് കേരളത്തിന് പ്രയോജനകരമായ ഒരു വികസന മാതൃകയായിരിക്കും.

അന്യം നിന്നുപോകുന്ന വിശിഷ്ടമായ ചികിത്സകൾ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ടവരെ ബോദ്ധ്യപ്പെടുത്തി ഇത്തരം ചികിത്സാ രീതികളുടെ വിശദാംശങ്ങൾ ശേഖരിക്കണം. പ്രാഥമിക അവലോകനത്തിനു ശേഷം ഒരു അതിവിദഗ്ദ്ധ സമിതിയുടെ അംഗീകാരം തേടിക്കൊണ്ട് പരമ്പരാഗത സവിശേഷതകൾ സംരക്ഷിച്ചുകൊണ്ടു തന്നെ ആധുനിക കാലഘട്ടത്തിന് ഇണങ്ങുന്ന പ്രയോഗ പദ്ധതി തയ്യാറാക്കണം. വിശിഷ്ടമായ വിവരങ്ങൾ നൽകുന്നവർക്ക് അർഹമായ റോയൽറ്റി നൽകി ഇവ പേറ്റന്റ് ചെയ്യാവുന്നതാണ്.

ശാസ്ത്രീയമായി തയ്യാറാക്കുന്ന ചികിത്സാ പദ്ധതി ഫലപ്രദമായി പ്രയോഗിക്കുവാൻ സർക്കാർ തലത്തിലും സ്വകാര്യ രംഗത്തുമുള്ള ചികിത്സകർക്ക് ആവശ്യമായ തുടർ വിദ്യാഭ്യാസവും പ്രായോഗിക പരിശീലനവും നൽകണം. ഇതിനാവശ്യമായ പഠനസാമഗ്രികൾ, വിദഗ്ദ്ധർ, പഠനകേന്ദ്രങ്ങൾ എന്നിവയും തീരുമാനിക്കണം. പഠിതാക്കളിൽ നിന്ന് ഫീസ് വാങ്ങാവുന്നതാണ്. കേരളത്തിന്റെ സവിശേഷ ചികിത്സാരീതികൾ സർക്കാർ തലത്തിൽ ആധികാരികമായി പ്രചരിപ്പിക്കാം. ആയുർവേദ കോളജുകളുടെയും ഭാരതീയ ചികിത്സാ വകുപ്പിന്റേയും പ്രവർത്തനങ്ങളുമായി ഇവ സമന്വയിപ്പിക്കാം. സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുകയും ആധുനിക സൗകര്യങ്ങളുള്ള ചികിത്സാലയങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ സബ്സിഡി അനുവദിക്കുകയും വേണം.

സർക്കാർ-സ്വകാര്യ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ മുഴുവൻ സേവനം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്താം. വിദഗ്ദ്ധരടങ്ങിയ ഒരു ഭരണ നിർവ്വഹണ സമിതിയും അവർ നിയോഗിക്കുന്ന ഉപ സമിതികൾക്കും വിവര സമാഹരണം മുതലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും നടപ്പിലാക്കുവാനും കഴിയും. ഏകീകൃത ചികിത്സാ പദ്ധതിയും പെരുമാറ്റ രീതികളും ഉറപ്പുവരുത്തുക, ചിട്ടയായ പ്രവർത്തന അവലോകനത്തിലൂടെ മെച്ചപ്പെട്ട പ്രവർത്തനം, കേരളത്തിന്റെ പ്രത്യേക ചികിത്സാപദ്ധതികൾ ഭാവി തലമുറയ്ക്ക് പ്രയോജനകരമാകുന്ന ഗവേഷണ പ്രവർത്തനങ്ങൾ, വൈദ്യശാസ്ത്ര തത്ത്വങ്ങളും രോഗികളുടെ അവകാശങ്ങളും സംരക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്തുക എന്നിവയെല്ലാം ഭരണ നിർവ്വഹണ സമിതിയുടെ ചുമതലകളാകും. കേരളീയ ചികിത്സാക്രമങ്ങൾ ഹെൽത്ത് ട്യൂറിസവുമായി വിജയകരമായി സമന്വയിപ്പിക്കുന്നത് കേരള വികസനത്തിന് ഗുണകരമാകുക തന്നെ ചെയ്യും.

# WOMEN EMPOWERMENT

TK. ANANDI

- In Kerala over years, only the structure of the family has been transformed,- from joint to nuclear- and not the content or the concept of the family.
- The demographic profile is changing with increase in aged population, so also the student migration and the household has only aged parents or parents aged 45+ living in isolation.
- Families are highly patriarchal in character, with very little autonomy to women or children. Authority/dependent relationship exists between male and female. In the literate Kerala the traditional role of a woman remains the same, and precisely it is believed that the family is her prime place and traditional social and moral values passes through her to the next generation.
- Personal affairs like marriage are still between families not between individuals.
- Familial duties and household chores are the sole responsibility of women. Democratization of the family is still a distant dream. Housewifisation also is increasing and in the case of Kerala it is the educated housewife. (a big chunk of educated unemployed)
- In this social set up, among those taking up the responsibility of the local self governments, 50% are women.
- It is the duty of the society to provide her with facilities to serve the people effectively. Leadership training alone is not enough, for it will empower her to take up the issues, function with more efficiency, but who will provide her with a better material base in which she can serve the people without bothering about her family, kith and kin. How can she be relieved of her familial/domestic "duties" which takes lions' share of her creative energy? The existing familial values and structure should undergo revolutionary changes to help her to serve the people with all her potential. How ? How it can it be done? What values can be changed?
- Some suggestions/loud thinking are placed before you for discussion.

# തുടർ വിദ്യാഭ്യാസം കേരളത്തിൽ- നേട്ടങ്ങളും വെല്ലുവിളികളും

പ്രൊഫ.കെ.ശ്രീധരൻ

**എന്ത് വേണം ?**

സമൂഹത്തെ മുഴുവൻ സാങ്കേതിക സാക്ഷര രാക്കുന്നതിനും അവരിൽ സംരംഭകത്വമനോ ഭാവവും പ്രത്യുന്മതിത്വവും സർവധാ ആത്മവി ശ്വാസവും വളർത്തുന്നതിനും സഹായിക്കുന്ന ഒരു വിദ്യാഭ്യാസ പദ്ധതിയാണ് കേരളത്തിന് ഇല്ലാതെ പോയത്. ഇത്തരം ഒരു അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി, പ്രത്യേകിച്ച്, പ്രാഥമിക വിദ്യാഭ്യാസഘട്ടവും സെക്കന്ററി വിദ്യാഭ്യാസ ഘട്ടവും കഴിഞ്ഞ് പുറത്തുവരുന്നവർക്ക് വ്യാപക മായ തോതിൽ ഇവിടെ വികസിപ്പിക്കേണ്ടിയിരി ക്കുന്നു. ഇത് തുടർച്ചയായി വികസിക്കുന്നതും സമൂഹത്തിലെ മുഴുവൻ ആളുകൾക്കും പ്രയോജ നപ്പെടുത്താൻ കഴിയുന്നതും ആയ ഒരു വിദ്യാഭ്യാ സ പദ്ധതിയായിരിക്കണം. നമ്മുടെ പൊതുവിദ്യാ ഭ്യാസ പദ്ധതിക്ക് ഇത് ഉൾക്കൊള്ളാനാവില്ല എന്ന് സുവിദിതം. മറ്റൊരു സമാന്തര വിദ്യാഭ്യാസ പദ്ധതിയാണ് ഉരുത്തരിഞ്ഞുവരേണ്ടത്.

ഈ വിദ്യഭ്യാസ പദ്ധതി തീർത്തും കാലികമാ യിരിക്കണം. അതായത് നിരന്തരമായ പരിവർ ത്തനത്തിന് വഴങ്ങുന്ന ഒരു സുസംഘടിത രൂപമാ ണ് ഉണ്ടാവേണ്ടത്. സാങ്കേതിക വിദ്യയുടെ ഇന്നത്തെ വളർച്ചയുടെ നിരക്കിനൊപ്പം ചുവട് വെച്ച് മുന്നോട്ട് നീങ്ങാൻ അതിന് കഴിയണം. സമൂഹത്തിന്റെ ഇന്നത്തെ ആവശ്യങ്ങളാകില്ല നാളത്തേത്. ഇന്നത്തെ ആഗ്രഹങ്ങളുമാകില്ല നാളത്തേത്. കാലത്തിനൊപ്പം ഉൽപാദക വ്യൂഹ ങ്ങൾക്ക് വികസിച്ച് മുന്നേറാൻ കഴിയാതെ വരുമ്പോഴാണ് വൈദേശിക ഉൽപന്നങ്ങളുടെയും ഉൽപാദന വ്യവസ്ഥകളുടേയും തള്ളിക്കയറ്റം ഉണ്ടാകുന്നതും അത് നാടിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്നതും. പല വിദേശ രാജ്യങ്ങളിലും ഇത് നാം കണ്ടതാണ് കേരളത്തിലും ഇപ്പോൾ ഇതുതന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

നാട്ടിൽ ഇന്ന് തൊഴിലവസരങ്ങൾ ധാരാള മുണ്ട്. അവ പ്രയോജനപ്പെടുത്താൻ നമ്മുടെ യുവതീ യുവാക്കൾക്ക് കഴിയാതെ പോകുന്നത് അതിനുവേണ്ട പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശ ങ്ങളും ലഭിക്കാത്തതുകൊണ്ടാണ്. നിർവ്വഹിക്ക പ്പെടാതെ തൊഴിലുകൾ നഷ്ടമായിപ്പോകുന്ന സ്ഥിതിയാണിത്. ചില ഉദാഹരണങ്ങൾ മാത്രം നോക്കാം.

കേരളത്തിലെ 60 ലക്ഷം കുടുംബങ്ങളിൽ പകുതി കുടുംബങ്ങളിലും അടുത്ത 5 വർഷത്തി നുള്ളിൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കേണ്ടിവരും. ഒരു പ്ലാന്റ് നിർമ്മാണത്തിന് 6 ഓ 7 ഓ സ്കിൽഡ് തൊഴിൽ വേണം. സംസ്ഥാ നത്ത് 2 കോടി തൊഴിൽ ദിനങ്ങൾ! ചുരുങ്ങിയ 1 ലക്ഷം പേർക്ക് 5 വർഷത്തേക്ക് പുതുതായി തൊഴിൽ ലഭിക്കാം. പക്ഷേ ഇതു ചെയ്യാനുള്ള സംവിധാനങ്ങളും ആൾക്കാരും ഇല്ല. ഇതു പോലെ മഴവെള്ള സംഭരണി നിർമ്മാണം, സോളാർ ടെക്നീഷ്യൻ, പുകയില്ലാത്ത ദക്ഷത യേറിയ അടുപ്പുനിർമ്മാണം തുടങ്ങി എത്രയെത്ര മേഖലകളിലാണ് പരിശീലനം ലഭിച്ചവരില്ലാതെ തൊഴിൽ ചെയ്യപ്പെടാതെ പോകുന്നത്.

പേഴ്സണൽ കമ്പ്യൂട്ടർ കേരളത്തിൽ വ്യാപ കമാവുകയാണ്. അഭ്യസ്ഥവിദ്യരായ മുഴുവൻ പേർക്കും അടുത്ത ഏതാനും വർഷത്തിനുള്ളിൽ

പേഴ്സണൽ കമ്പ്യൂട്ടറുകളുണ്ടാകും. ഇവയുടെ സർവ്വീസിംഗ്. ഹാർഡ് വേർ മെയിന്റനൻസ്, സോഫ്റ്റ് വേർ ഡവലപ്പ്മെന്റ്, സോഫ്റ്റ് വേർ അപ്ലിക്കേഷൻസ്, വെബ്ഡിസൈനിങ് തുടങ്ങിയ മേഖലകളിൽ ഉണ്ടാകാനിടയുള്ള തൊഴിലവസരങ്ങൾ തിട്ടപ്പെടുത്താൻ കഴിയുന്നതിനലും അപ്പുറമാണ്. ഇലക്ട്രോണികസ് വ്യവസായം, ഓഡിയോ-വീഡിയോ ടെക്നീഷ്യൻ, ഡിജിറ്റൽ ടെക്നീഷ്യൻ... ഇവയെല്ലാം പരിശീലനം ലഭിച്ച വിദഗ്ധരുടെ സേവനത്തിന് കാത്തിരിക്കുകയാണ്.

സർവ്വീസ് മേഖലയാണ് അതിവേഗം വികസിച്ചുവരുന്ന മറ്റൊന്ന്. 75 വയസ്സ് കഴിഞ്ഞ 4 ലക്ഷത്തോളം പേർ കേളത്തിലുണ്ട്. അവരിൽ പകുതി പേർക്കെങ്കിലും ഹോം നേഴ്സിങ്ങ് പരിശീലനം ലഭിച്ചവരുടെ സേവനം ആവശ്യമുണ്ട്. ഇതുപോലെ ചൈൽഡ്ഹുഡ് കേർ, പ്രസവാനന്തര ശുശ്രൂഷ തുടങ്ങിയ മേഖലകളിലും പരിശീലനം ലഭിച്ചവരുടെ സേവനം ആവശ്യമായുണ്ട്.

ഉല്പാദന മേഖലയാണ് പുതിയ സാങ്കേതിക വിദ്യയുടേയും അതിന്റെ പ്രയോക്താക്കളുടേയും സേവനം ലഭിക്കാതെ തളർന്നുകൊണ്ടിരിക്കുന്നത്. ഫ്രൂട്ട് പ്രോസസ്സിങ് ആന്റ് പ്രീസർവേഷൻ മേഖലയിൽ വേണ്ടത്ര പരിജ്ഞാനമുള്ളവരില്ലാത്തതിനാലും എന്റർപ്രുണർഷിപ്പിന്റെ അഭാവത്താലും നാട്ടിലുണ്ടാകുന്ന ചക്ക, മാങ്ങ എന്നിവയിൽ വലിയൊരു ഭാഗവും നശിച്ചുപോവുകയാണ്. വെജിറ്റബിൾ പ്രിവർവേഷൻ, ടിഷ്യൂകൾച്ചർ, ഓയ്സ്റ്റർ കൾച്ചർ, ഓർമെന്റൽ ഫിഷറീസ് ഫ്ലോറികൾച്ചർ, ഹോർട്ടികൾച്ചർ,.... തുടങ്ങി നിരവധി മേഖലകൾ ഇവിടെ പ്രയോജനപ്പെടുത്താതെ പോകുന്നത് പരിശീലനം ലഭിച്ചവരുടെ അഭാവം മൂലമാണ്. അലങ്കാവസ്തുക്കൾ, കൗതുക വസ്തുക്കൾ, പുത്തൻ ആഭരണങ്ങൾ എന്നിവയുടെ നിർമ്മാണം ഇന്റീറിയർ ഡക്കറേഷൻ, സൗന്ദര്യ രൂപീകരണം തുടങ്ങിയ സൗജന്യ സാങ്കേതിക വിദ്യയും നല്ല പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇവിടെയും തൊഴിൽ പരിശീലനത്തിന് സംവിധാനമില്ല എന്നതാണ് പ്രധാന ന്യൂനത.

ഈ ന്യൂനത പരിഹരിക്കാൻ ഔപചാരിക വിദ്യാഭഅയാസത്തിനാകില്ല. സമാന്തരമായി വിപുലമായ മറ്റൊരു സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം ഇവിടെ ആരംഭിക്കണം.

നമ്മുടെ പോളിടെക്നിക്കുകൾ, കമ്മ്യൂണിറ്റി പോളിടെക്നിക്കുകൾ, വൊക്കേഷണൽ സ്കൂളുകൾ, മറ്റ് സാങ്കേതിക സ്ഥാപനങ്ങൾ, കൃഷിവിദ്യാകേന്ദ്രങ്ങൾ..... തുടങ്ങി ഒട്ടനവധി സാങ്കേതിക സ്ഥാപനളിലുള്ള വൈദഗ്ധ്യവും വിഭവങ്ങളും സംയോജിപ്പിച്ചാൽ മേൽപറഞ്ഞ വിവിധ മേഖലകളിലുള്ള വൈദഗ്ധ്യ പോഷണം സാധ്യമാക്കാം. സാക്ഷരതാ പ്രസ്ഥാനത്തിന്റെ സ്വാഭാവികമായ തുടർച്ചയും വളർച്ചയും എന്ന നിലയ്ക്ക് ആസൂത്രണം ചെയ്യേണ്ടാതണ് ഈ നൈപുണ്യ പോഷണ പരിപാടി.

### തുല്യതയും പൗരവിദ്യാഭ്യാസവും

ഇന്ന് കേരളത്തിൽ സാക്ഷരതാ മിഷൻ നടപ്പാക്കുന്ന തുല്യതാ പദ്ധതിയോടൊപ്പം നടപ്പാക്കേണ്ട കാര്യങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. അവയോടൊപ്പം തന്നെ തുല്യതാ പദ്ധതിയെയും ബഹുദൂരം മുന്നോട്ടു കൊണ്ടുപോകണം. അടുത്ത ഏതാനും വർഷത്തിനുള്ളിൽ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസവും താല്പര്യമുള്ള മുഴുവൻ പേർക്കും പത്താം തരം വരെ പഠിക്കാനുള്ള അവസരവും സൃഷ്ടിക്കപ്പെടണം. സാക്ഷരതാ ശേഷിയുടെ സ്ഥിരീകരണം, ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന പഠന പ്രക്രിയ, പൗര വിദ്യാഭ്യാസം, എന്നീ സങ്കല്പങ്ങളും തുല്യതയോടൊപ്പം യാഥാർത്ഥ്യമാക്കാൻ കഴിയുന്ന ഒരു തുടർ വിദ്യാഭ്യാസ പദ്ധതിയാണ് വികസിപ്പേക്കണ്ടത്. ഇവിടെയും ഗ്രന്ഥശാല സംഘവും മറ്റ് പുരോഗമന ശാസ്ത്ര-സാമൂഹ്യ -യുവജന പ്രസ്ഥാനങ്ങളും വലിയ പങ്കു വഹിക്കേണ്ടിവരും. നമ്മുടെ ഗ്രന്ഥശാലകളോരോന്നും പഠന കേന്ദ്രങ്ങളായി രൂപപ്പെടുന്ന ഒരു സ്ഥിതി വിശേഷമാണ് സൃഷ്ടിക്കപ്പെടേണ്ടത്. അതൊടൊപ്പം നമ്മുടെ പൊതു വിദ്യാലയങ്ങളിൽ രാവിലെയും വൈകുന്നേരവും മറ്റ് ഒഴിവു ദിനങ്ങളും ഈ പഠനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താനുള്ള ആസൂത്രണം ചെയ്യണം.

ഉത്കൃഷ്ടമായ സാംസ്കാരിക ജീവിതത്തിന് ആവശ്യമായ പൗരബോധം, യുക്തിചിന്ത, പരിസ്ഥിത ബോധം, ശുചിത്വബോധം, പ്രപഞ്ചവീ

ക്ഷണം, സാമൂഹ്യബോധം, മതനിരപേക്ഷത, ജനാധിപത്യ ബോധം എന്നിവയെല്ലാം ബഹുജനങ്ങളിൽ വളർത്തുന്നതിനുള്ള ആസൂത്രിതവും വ്യവസ്ഥാപിതവുമായ ഒരു വിദ്യാഭ്യാസ പദ്ധതി തുടർ വിദ്യാഭ്യാസത്തിൽ ഉൾച്ചേരണം. സമൂഹത്തിൽ വളർന്നുവരുന്ന ഉപഭോഗത്വര, തീവ്രവാദം, വർഗ്ഗീയത, അഴിമതി, മദ്യാസക്തി, ചൂതാട്ട മനോഭാവം, മാറിവരുന്ന ജീവിത ശൈലികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്നിവയെല്ലാം നിരന്തരം സമൂഹമധ്യത്തിൽ ചർച്ച ചെയ്യുന്നതിനും സ്വയം നവീകരക്കപ്പെടുന്നതിനും ഉള്ള ഒരു ഘടനാ സംവിധാനം സൃഷ്ടിക്കൽ നമ്മുടെ തുടർ വിദ്യാഭ്യാസത്തിന്റെ അജണ്ടയിൽ വരണം. ഓരോ പ്രദേശത്തെയും ബുദ്ധിജീവികൾ, കലാസാംസ്കാരിക പ്രവർത്തകർ, അധ്യാപകർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, കാർഷിക വിദഗ്ധർ, പരമ്പരാഗത മേഖലയിലെ വിദഗ്ധർ തുടങ്ങിയവരെയൊക്കെ ഈ പരിപാടിയുടെ നേതൃത്വ നിരയിലേക്ക് കൊണ്ടുവരാൻ കഴിയണം. ഗ്രന്ഥശാലകളോടൊപ്പം ക്ലബ്ബുകൾ, കലാസാംസ്കാരിക വേദികൾ, സ്പോർട്സ് ക്ലബ്ബുകൾ തുടങ്ങിയവയൊക്കെ ഈ പഠന പദ്ധതിയുടെ കേന്ദ്രങ്ങളായി മാറണം.

അതിവിശാലമാണ് തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യങ്ങളും കർമ്മപരിപാടികളും. അത് ഉയർത്തുന്ന വെല്ലുവിളികളും അതി ബൃഹത്താണ്. നമ്മുടെ പൊതു വിദ്യാഭ്യാസ പ്രക്രിയയിൽ ഒരു സമാന്തര ധാര സൃഷ്ടിക്കുക എന്നതാണ് അതിന്റെ പ്രത്യേകത. ഇത്തരമൊരു സമാന്തര ധാര ലോകത്തെവിടെയും ഉള്ളതായി അറിവില്ല. ഇതിന് സമാനതകളോ മാതൃകകളോ ഇല്ല. എന്നാൽ കേരളത്തിന്റെ വികസന പ്രക്രിയയിൽ ഈ വിദ്യാഭ്യാസ ധാരയ്ക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. സമൂഹത്തിന്റെ മുഴുവൻ സർഗ്ഗശേഷി ഉണർത്തിക്കൊണ്ടും പ്രാദേശിക കൂട്ടായ്മകളിലൂടെ കരുത്ത് നേടിയും ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിലും സംസ്ഥാന അടിസ്ഥാനത്തിൽ സമഗ്രമായി ആസൂത്രണം നിർവ്വഹിച്ചും കൊണ്ട് മാത്രമേ ഇത് വിജയിപ്പിക്കാനാകൂ. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ സമൂഹത്തിലെ മുഴുവനാളുകൾക്കും പങ്കാളിത്തമുള്ളതും ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്നതുമായ ഒരു സാമൂഹ്യ വിദ്യാഭ്യാസ പദ്ധതിയായി തുടർ വിദ്യാഭ്യാസത്തെ പരിവർത്തനം ചെയ്യുക എന്നതാണ് ഈ രംഗത്ത് നമ്മുടെ മുമ്പിലുള്ള വെല്ലുവിളി.....

# THE KERALA SCENARIO IN E-GOVERNANCE:PROMISE AND CHALLENGE

**Anand Parthasarathy**

Kerala has been a leader among Indian states in harnessing Information Technology to reach the citizen with a full slate of services. Many of these solutions have been developed in-house by the concerned departments, with little outside professional help - and all of them are consistent with the state's declared policy of adopting free and open software systems. Among the notable solutions being deployed are:

*"Sevana"* the application for Civil Registration of births, deaths and marriages of developed by Information Kerala Mission (IKM) has been deployed with great success, across local government bodies in the state. Such registration is mandatory and Kerala has a consistent record of more than 90 percent registration of births and deaths. Kiosks have been set up in the lobbies of hundreds of hospitals for easy reporting of births and deaths. In the case of births, certificates are issued before the mother is discharged from the hospital). All five municipal Corporations in Kerala; all 53 municipalities, the only cantonment in the state ( in Kannur) and all 999 gram panchayats have deployed the Sevana application.

*Swabhiman,* is a new IT enabled service initiative for the people of Kozhikode. It covers most common service needs: plumbing, carpentry, coconut tree climbing, Refrigeration & air conditioner repair, TV & electronics, electrical wiring/ repairing and gas stove repairing. Kozhikode residents can call a phone number; send an SMS or place a request on the website to get the service within one hour. A BSNL landline number (0495-2372666); a 24 hour automated SMS receiving system (94464 60600) and a user-friendly website (www.swabhiman.gov.in) have been provided. The request is immediately registered and an acknowledgement is sent to the customer's number with the details of the registration.All these services are provided at a nominal cost of Rs.100 and a transport fee of Rs. 50 per house visit.

In 2009, the state became the first in India to implement mandatory e-filing of VAT Returns by all registered dealers. Exactly nine months later on September 1 2009, the state claimed the distinction of being the first to introduce mandatory e-payment by all dealers registered with a TIN number. By December 1 that year, this was extended to registered dealers under the KGST Act.

Conducting entrance examinations for 13 different, professional degree courses, where options exercised, exceed 300,000, is a logistic challenge best addressed by Information Technology... which is what Kerala's Commissioner for Entrance Examinations has done. The office of the Commissioner for Entrance Examinations Conducts the following 13 different Entrance Examinations every year: Engineering Agriculture Medical Degree Courses;LLB (3 year and 5 year); B. Pharm Lateral Entry; M. Pharm; LLM; MCA; PG Allopathy, Homoeo, Ayurveda, Dental, Nursing and Medical Courses and PG Medical Super Specialty Courses. Centralized Allotment Process for Professional Courses...

Since 2008, the Higher Secondary Education Department of the Kerala government has put in place a Single Window, Centralized Allotment process for seats in higher secondary classes in 1261 schools( 740 government and 521 aided), helping to place 414,000 student-applicant. This has virtually eliminated malpractices and ensured that over 98% of the seats are filled – doing full justice to quotas for scheduled castes and tribes as well as for differently-abled students.

By any national measure, the Kerala Public Service Commission is an awesome operation. Arguably the largest recruitment agency in India, it processes about 4 million applications per year for recruitment to various posts in the service of the state and its organizations. The online services of Kerala Public Service Commission includes the KPSC Website; Online application; Online admission ticket; e-version of answer scripts and publication of examination marks. The Official website, has a tremendous hit record: Over four crore ( 40 million) per month on average.

Online Applications were launched in Jan 2007; applications with photograph introduced in 2008; Online admission tickets were introduced in 2009 — over 900,000 Online admission tickets have been delivered till date. They can be downloaded ( in PDF format) by entering the allotted barcode and the date of birth of the candidate. The number of posts notified, are expected to cross 400 this year. Many posts attract huge responses: an assistant salesman in the Civil Supplies Corporation attracted 3,82,000 applicants in 2010.

Kerala's public transport corporation (KSRTC) has embraced IT and the Internet to create friendlier, more efficient interfaces with her customers. An online booking site; electronic ticket dispensers... and even a Facebook page created by her fans! Complementing the online facilitation, KSRTC has introduced Electronic Ticketing Machines for issue of bus tickets, for all its services replacing the conventional cumbersome method of manual ticketing. KSRTC has been the first among all Indian state transport undertakings to put in place electronic ticket dispensers. ETMs operate for all types of services, viz. City, Ordinary, Fast Passenger, Super Fast and all other upper class services. The ETMs are light weight, having RFID facility with soft touch keys and are very handy and user friendly.

A visit to the KSRTC portal is today both rewarding and interesting for the wealth of information it provides and the facilitation it provides for the hassle-free planning of journeys. Gone are the days when state-run transport systems meant uncomfortable journeys and poor timekeeping. The new image of the KSRTC is symbolised as much by its user-friendly booking system as by its brand new fleet of low floor buses, air conditioned Volvo buses and nee generation carriers funded by the Jawaharlal Nehru National Urban Renewal Mission.

The Ration distribution system in Kerala is seeing profound change – harnessing cutting edge computer technologies to reach nearly 7 lakh card holders. A Ration Card Management System (RCMS) —a work flow based solution for all citizen services – has been implemented in all 69 Taluk and City Rationing Offices in the State. Every application has a unique application number for further reference.e-services: Citizens can now apply on-line for various services related to ration card, like: application for new ration card, addition of members, deletion of members, change of address, renewal of ration cards etc. They can apply directly or through any of the 3000 Citizen Service Centre (Akshaya Centres) in Kerala. The applications submitted on-line is processed on priority and the applicant can collect the card from the Taluk Supply office the very next day. Facility for citizens and officials to view the status of applications is built in — and SMS alerts on the status of application are also on the cards. The software is capable of accepting payment related the transaction from any cash counter of civil supplies department or Akshaya centres.

A comprehensive slate of citizen friendly e-services from a web portal; info-kiosks in all RTO offices and a final push towards total automation of its operations across 60 offices in the state - that is the Kerala Motor Vehicles Department today. www.keralamvd.gov.in is the official web site of the Motor vehicles department. The site is developed on open source content management platform 'Joomla'. The site offers useful information through its static pages and dynamic pages, and offers various online citizen centric services through its dynamic interactive pages.

This is just a flavour of the way Kerala institutions are harnessing the Web and the computer to empower her citizens. The challenge lies in building on these tools, year on year, till Kerala becomes India's no. 1 state for the digital delivery of citizen services.

# അധികാര വികേന്ദ്രീകരണവും സാമൂഹ്യസംഘടനകളും

എൻ. ജഗജീവൻ

അധികാര വികേന്ദ്രീകരണ നടപടികൾക്ക് വേഗത കൂട്ടുന്നതിനും വ്യവസ്ഥാപിതമാക്കുന്നതിനും ജനകീയാസൂത്രണ പ്രസ്ഥാനം നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. പ്രാദേശിക ആസൂത്രണത്തിന് ഒരു രീതി ശാസ്ത്രം വികസിപ്പിക്കുന്നതിനും ഇത് ഉപകരിച്ചു. മാത്രമല്ല, വികസന പരിപാടികളുടെ ആസൂത്രണ-നിർവഹണ-മോണിറ്ററിംഗിനെ സംബന്ധിച്ച് ജനകീയ വിദ്യാഭ്യാസ പരിപാടിയായി ജനകീയാസൂത്രണ പ്രസ്ഥാനം പ്രവർത്തിച്ചിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റേയും അധികാര വികേന്ദ്രീകരണത്തിന്റെയും നേട്ടങ്ങളുടെ പട്ടിക ഇവിടെ പരിശോധിക്കാൻ ശ്രമിക്കുന്നില്ല. എന്നാൽ ഇത് സംബന്ധിച്ച് ഉയർന്നു വരുന്ന ചില വിമർശനങ്ങൾ പരിശോധിക്കേണ്ടതുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള വിമർശനങ്ങൾ**

1. ജനപങ്കാളിത്തം കുറയുന്നു
2. ഗ്രാമസഭകൾ നിർജീവമാകുന്നു
3. സുതാര്യത കുറയുന്നു
4. അഴിമതി വർദ്ധിക്കുന്നു
5. ഉല്പാദന മേഖലയിൽ കാര്യമായ സംഭാവന ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല (ഈ രംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്ന് വാദിക്കുന്ന പണ്ഡിതരും ഉണ്ട് - ഇതിനോട് യോജിപ്പില്ല).
6. സേവന മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർവഹിക്കാവുന്ന ചുമതല അർത്ഥപൂർണ്ണമായി നിർവഹിക്കാൻ കഴിയുന്നില്ല.
7. റഗുലേറ്ററി ചുമതലകൾ ഫലപ്രദമായി നിർവഹിക്കുന്നില്ല.

വിമർശനങ്ങളുടെ പട്ടിക ഇങ്ങിനെ നീളുന്നു. എന്നാൽ ഇക്കഴിഞ്ഞ ഗ്രീൻ കേരള എക്സ്പ്രസ്സിൽ പങ്കെടുക്കുന്ന പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മേൽപ്പറഞ്ഞ വിമർശനങ്ങളുടെ പുനഃപരിശോധന ആവശ്യപ്പെടുന്ന ഒട്ടനവധി മാതൃകകൾ കാണാൻ സാധിക്കും. മേൽ സൂചിപ്പിച്ച വിമർശനങ്ങളെ പൂർണ്ണമായും തള്ളിക്കളയുന്നില്ല. എന്നാൽ ഇവയ്ക്ക് ആധാരമായ ഘടകങ്ങൾകൂടി ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. ഇതിൽ സംസ്ഥാന ഭരണകൂടത്തിന്റെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ഭാഗത്തു നിന്നുണ്ടാകുന്ന വീഴ്ചകളും പങ്ക് വഹിക്കുന്നു. ഒപ്പം പഞ്ചായത്ത് ഭരണസംവിധാനത്തിന്റെയും പ്രാദേശിക രാഷ്ട്രീയ നേതൃത്വത്തിന്റെയും പരിമിതികൾ.

**ചില പരിമിതികൾ**

1. കടുത്ത ഡിപ്പാർട്ട്മെന്റലിസം
2. വകുപ്പുകളുടെ പരമ്പരാഗത സ്കീമുകളിൽ നിന്നും വഴിമാറുന്നതിനുള്ള വൈമുഖ്യം
3. വകുപ്പുകളുടെ സാങ്കേതിക വൈദഗ്ദ്ധ്യം ഉയർത്തുന്നതിലും വിനിയോഗിക്കുന്നതിലുമുള്ള വിമുഖത
4. വികസനപ്രവർത്തനങ്ങളുടെ ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കുന്നതിനും പുതിയ സങ്കേതങ്ങൾ കണ്ടെത്തുന്നതിലും വികസിപ്പിക്കുന്നതിലുമുള്ള പരിമിതി.
5. മദ്ധ്യവർക്ഷവിഭാഗം പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ നിന്നു അകന്നു നിൽക്കുന്ന ശൈലി.
6. പ്രാദേശിക വികസന പ്രശ്നങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രാദേശിക ഘടകങ്ങളുടെ അജണ്ടയിലും പ്രവർത്തനപരിപാടിയിലും വേണ്ടത്ര ഉൾപ്പെടാത്തത്.
7. നമ്മുടെ ഗ്രാമസഭകളുടെ ഭൗതികവും ജനസംഖ്യാപരവുമായ വലിപ്പം ഗ്രാമസഭാ പ്രവർത്തനത്തിലുംപങ്കാളിത്തഭരണ പ്രക്രിയയ്ക്കും തടസ്സം സൃഷ്ടിക്കുന്നു. ഗ്രാമസഭകൾക്ക് ഭരണ

പ്രക്രിയയിൽ നേരിട്ട് പങ്കെടുക്കാൻ കഴിയാത്ത അവസ്ഥ.

8. നിലവിലുള്ള വാർഡ് സങ്കല്പം സമഗ്രവികസനത്തിന്റെ കാഴ്ചപ്പാട് വളരുന്നതിനും പ്രായോഗികമാക്കുന്നതിനും തടസ്സം സൃഷ്ടിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യങ്ങളെ അതിജീവിക്കുന്നതിന് നിലവിലുള്ള പ്രവർത്തനത്തിലും സമീപനത്തിലും ചില മാറ്റങ്ങൾ കൊണ്ടു വരേണ്ടതുണ്ട്. ഇതിൽ ഭരണകൂടത്തിന്റെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ഭാഗത്തു നിന്നുണ്ടാകേണ്ട നടപടികളെക്കുറിച്ച് ഇവിടെ വിശകലനം ചെയ്യുന്നില്ല. എന്നാൽ തദ്ദേശഭരണ സ്ഥാനപങ്ങളുടെ പ്രവർത്തനത്തിൽ സ്വീകരിക്കേണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കുന്നു. നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വർദ്ധിച്ച അധികാരങ്ങൾ ലഭിച്ചിട്ടുണ്ട് എന്നതുപോലെ തന്നെ സത്യമാണ്, അവയുടെ ഉത്തരവാദിത്തങ്ങളും പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട് എന്നത്. ഈ അധികാരങ്ങൽ കൈയാളുന്നതിനും ചുമതലകൾ നിറവേറ്റുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനകീയാടിത്തറ വികസിപ്പിച്ചേ പറ്റൂ. പഞ്ചായത്ത് പ്രദേശത്ത് വിവിധ രൂപത്തിലുള്ള പൊതുസാമൂഹിക സംഘടനാ സംവിധാനങ്ങൾ ഇന്ന് ശക്തമായി പ്രവർത്തിക്കുന്നു. ഏതെങ്കിലും ഒരു സാമൂഹിക സംഘടനാ സംവിധാനത്തിൽ അംഗമല്ലാത്തവർ വിരളമാണ്. ഉല്പാദന മേഖലയിലും സേവന മേഖലയിലും വിവിധ രൂപത്തിലുള്ള സാമൂഹ്യ സംഘടനകളുണ്ട്. ഇതിൽ ഉല്പാദകരുടെയും സേവന ഗുണഭോക്താക്കളുടെയും വിവിധ രൂപത്തിലുള്ള കൂട്ടായ്മകൾ ശക്തവുമാണ്. ഇതോടൊപ്പം ഗവേഷണ- വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സംഘടനകളും ഉൾപ്പെടുന്നു. ഇതിനുപുറമെ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ത്രിതല സംഘടനാ സംവിധാനവും (പാടശേഖര സമിതികൾ, കർഷക സമിതികൾ, സ്ഥാപനതല സമിതികൾ (സ്കൂൾ, അങ്കണവാടി, ആശുപത്രി തുടങ്ങിയവ), പൗരസമിതികൾ, വികസന സമിതികൾ, സാംസ്കാരിക സമിതികൾ, റസിഡൻസ് അസോസിയേഷൻ, യുവജന സംഘടനകൾ തുടങ്ങിയവ). ഒരു പഞ്ചായത്ത് പ്രദേശത്തെ മേൽപ്പറഞ്ഞ സംഘടനകളുടെ പട്ടിക തയ്യാറാക്കിയാൽ കുടുംബശ്രീ സംഘടനാ സംവിധാനത്തെ മാറ്റി നിർത്തിയാൽ തന്നെ 50 നും 200 നും ഇടയിലുള്ള സംഘടനകളെ കാണാൻ സാധിക്കും. ഇത്തരം സംഘടനാ സംവിധാനങ്ങളെ ഫലപ്രദമായി പ്രാദേശിക ഭരണത്തിൽ കണ്ണിചേർക്കുക എന്നത് വലിയൊരു സാധ്യതയാണ്. ഉല്പാദനവും തൊഴിലുമായി ബന്ധപ്പെട്ട സംഘടനകൾ, സേവന മേഖലയുമായി ബന്ധപ്പെട്ട സംഘടനകൾ, അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട സംഘടനകൾ, സാംസ്കാരിക പ്രവർത്തനവുമായി ബന്ധപ്പെട്ട സംഘടനകൾ തുടങ്ങി വിവിധ രൂപത്തിലുള്ള ഭഗവകാശികളുടെഭ കൂട്ടായ്മകൾ പ്രാദേശിക ഭരണ സംവിധാനത്തിന്റെ സാമൂഹിക ശൃംഖലയായി രൂപപ്പെടുത്തേണ്ടതുണ്ട്. വികസന പ്രവർത്തനങ്ങളിൽ സമഗ്രസമീപനം വികസിപ്പിക്കുന്നതിനും സാമൂഹിക ആസ്തികളുടെ സംരക്ഷണ മേൽനോട്ടത്തിനും വിപുലമായ സാമൂഹിക ഉത്തരവാദിത്തം വളർന്നു വന്നേ മതിയാകൂ. ഇന്ന് നമ്മുടെ ഗ്രാമസഭകളിലേക്ക് എത്തുന്ന ഭൂരിപക്ഷം പേരും വ്യക്തിഗത ആനുകൂല്യങ്ങളുടെ ആകർഷണതയിലാണ് എത്തിചേരുന്നത്. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിലും പരിസ്ഥിതിക്കിണങ്ങുന്ന വികസന പ്രവർത്തനങ്ങളുടെ ആവിഷ്കാരത്തിലും സാമൂഹ്യനീതിയിലധിഷ്ഠിതമായ ക്ഷേമപ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിലും ഗ്രാമസഭകളുടെ നിലവിലുള്ള പ്രവർത്തനങ്ങൾക്ക് മാറ്റം വരണം. ഈ മാറ്റം കൊണ്ടുവരുന്നത് നേരത്തെ സൂചിപ്പിച്ച സാമൂഹിക സംഘടനകൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും. വിവിധ രൂപത്തിലുള്ള സംഘടനാ സംവിധാനങ്ങളുടെ പ്രതിനിധികളും ജനപ്രതിനിധികളും ചേരുന്ന ഒരു പ്രവർത്തക സംഘം വാർഡ് തലത്തിലും പഞ്ചായത്ത് വികസന പ്രവർത്തനങ്ങളുടെ ആവിഷ്കാരത്തിനാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിനുള്ള വിവിധ രൂപത്തിലുള്ള സംഘടനകളുടെ ഏകോപനം പഞ്ചായത്ത് തലത്തിലും കൊണ്ടുവരുന്നതിലൂടെ നിലവിലുള്ള വികസന ഭരണ സംവിധാനത്തെ കൂടുതൽ വിപുലപ്പെടുത്താൻ സാധിക്കും.

# DISABILITY AND SOCIAL SECURITY IN KERALA

**Dr.Manju S.Nair**
*Reader, Department of Economics, University of Kerala*

Persons with disabilities constitute the largest minority group in the world. These groups, presently called as differently abled persons, are very often excluded from mainstream activities in every society, and their participation in various socio-cultural, economical, political or religious activities is very meagre, when compared to able bodied persons. Majority of the disabled persons face numerous problems to survive in this competitive world. The existence of chronic poverty is regarded as the common feature associated with disability. According to Yeo (2001)[1], "disabled persons are disproportionately amongst the poorest of poor in all parts of the world". People with disabilities are poor because, they are denied access and opportunities most basic to human development- education, income and self esteem (Edmonds, 2005)[2]. Many studies have found that disability and poverty have a two way relationship since disability adds the risk of poverty and conditions of poverty increases the risk of disability (Elwan, 1999)[3]. Since higher disability is associated with higher poverty, poverty reducing social safety nets clearly have a role to play with regard to disability. This role is three-fold. First of all, it is obvious that social safety nets may play a poverty alleviation role (relief) by providing resources to the poor with disabilities. If the poverty alleviation target of social safety nets is to be met, it is essential that persons with disabilities are included in such programs, since they are more likely to be poor compared to persons without disabilities. Secondly, beyond poverty alleviation, social safety nets have a long-term poverty reduction and development role. This may take place in different ways; including by providing insurance that may allow for risky behaviours, which lead to productivity and growth; and by reducing inequities that lead to long term asset depletion, and thus compromise economic growth. If social safety nets do not reach persons with disabilities, they can disadvantage persons with disabilities and contribute to increased inequality between those with and without disabilities. This in turn can compromise long term poverty reduction and development. Finally, given that poverty can lead to disability, social safety nets can play a prevention role with regard to disability. This prevention role has two dimensions: impairment prevention and disability prevention, where disability is understood in terms of a deprivation of capabilities. Cash and food transfer programs can help prevent impairments that arise because of malnutrition. Cash transfers conditional on the use of health care services or health fee waivers and subsidies may prevent impairments by encouraging vaccinations or improvements in birth practices. In addition, livelihood programs and cash and in-kind transfers that assist persons in obtaining assistive devices or personal care may expand the capability set of persons with impairments, and thus prevent their impairment from depriving them of capabilities. In this respect, safety nets can prevent an impairment from being disabling. Against this background the paper probes into the socio economic conditions of the disabled in Kerala and the outreach and effectiveness of social security

programmes in improving their livelihood conditions.

**Results**

Surveys show that in India the persons with disabilities constitute a significant portion of the population. The census of India 2001, estimates that 2.13 percent of the total population are disabled, i.e. about 21 million persons, of which 74.81percent live in rural area and 25.19 percent in urban areas. The Census data also shows that literacy rate among the persons with disabilities are low, compared to the general population, ie. 49.31 percent and 64.8 percent respectively (Census of India, 2001)[4]. Kerala has a total disabled population of 8.6 lakhs, of which 75.25 percent live in rural areas and 24.75 percent in urban areas. The disability rate in Kerala is higher than the national level that is 2.7 percent. The literacy rate among the disabled persons is also higher in Kerala (65.91%) than the national average (Census of India 2001)[5]. However the work participation rates of the disabled persons in Kerala is lower than the corresponding all India levels.

To examine the socio-economic conditions of the disabled and their awareness and coverage of social security measures primary data from three hundred disabled persons belonging to three disability categories namely visual disability locomotive disability and speech/hearing disability was collected from three districts i.e. Trivandrum, Ernakulam and Malappuram districts with due representation given to rural-urban areas. Analysis shows that the socio-economic conditions of the disabled in Kerala measured in terms of education, health status, income, occupational status, assets, social capital etc is very deplorable as compared to the general population. Poverty levels among the disabled population are very high and gender inequality is also very rampant.

Study also shows that the level of coverage and financial protection provided by the range of social protection interventions offered to disabled persons appears to be minimal. Even though the People with disabilities Act commits governments to reservation of not less than three percent in all poverty alleviation schemes this has not happened in any of the schemes. One of the factors driving the apparently poor outcomes on public works with regard to disabled appears to be very low awareness. Survey shows that around ninety percent of the disabled people in Kerala are not aware of the reservation on public works schemes. The PWD act also provides for unemployment allowance schemes for the disabled registered with employment exchanges for more than two years who have not found employment. But in Kerala a majority of the disabled are not aware of the existence of employment exchanges or special employment exchanges meant for them. Regarding social pension for the disabled primary analysis shows that most of the disabled are under the coverage of this scheme but the amount is meagre and is not given on time thus limiting the purpose of the pension. To access the disability social pension or unemployment allowance it is first necessary to have a disability certificate. Shortcomings in the identification and certification systems and low awareness are the reasons given by the disabled who are not availing social pension. Thus the coverage and outreach of social protection and security measures availed by the disabled in Kerala is limited. Necessary steps including familiarizing implementing officials and PRI representatives of the commitments under the PWD Act, raising awareness of schemes and PWD entitlements, formation and capacity building of PWD SHGs etc can change the situation. However it should be understood that although social safety nets play important and varied roles with respect to disability, it is important to note that social safety nets are not expected to entirely solve the poverty problem for persons with disabilities. The welfare of persons with disabilities is affected by disability related policies and legislations. In particular, inclusive employment, education and health policies need to be designed and implemented.

# ശുചിത്വവും - മാലിന്യസംസ്ക്കരണവും

ധനഞ്ജയൻ കെ മച്ചിങ്ങൽ

ശുചിത്വത്തിന്റെ കാര്യത്തിൽ വളരെ കേമന്മാരെന്ന് മേനിനടിക്കുന്ന ഒരു ജനസമൂഹമാണ് മലയാളികൾ. ദേഹശുചീകരണത്തിൽ ഇത് ഏറെക്കുറെ ശരിയുമാണ്. എന്നാൽ സ്വന്തം ദേഹം ശുദ്ധിവരുത്തുക എന്നതിൽ കവിഞ്ഞ് മറ്റൊന്നും ചെയ്യാൻ മലയാളി താല്പ്പര്യപ്പെടുന്നില്ല. സ്വന്തം വീട്ടിലെയും ശുചിത്വകാർഷത്തിൽ ഒരു പക്ഷെ താല്പ്പര്യം കൂടികാട്ടിയെന്നുംവരാം. അതിനുമപ്പുറം ഈ പ്രശ്നത്തിലും തഥൈവ. ശുചിത്വവും -മാലിന്യസംസ്ക്കരണവും എന്നത് സമൂഹത്തിന്റെകൂടെ ഒരു പ്രശ്നമെന്നതായി കാണുവാൻ മലയാളി ഇന്നും ശ്രമിച്ചു കാണുന്നില്ല. വ്യക്തിഗത ശുചിത്വത്തെക്കുറിച്ചല്ല ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. പരിസര ശുചീകരണവും അതുപോലെതന്നെ സമൂഹത്തിനെ അലട്ടിക്കൊണ്ടിരിക്കുന്ന മാലിന്യ സംസ്ക്കരണത്തെക്കുറിച്ചുമാണ് പ്രതിപാദിക്കാൻ മുതിരുന്നത്.

ഒരു പ്രധാന പ്രശ്നമായി കേരളത്തിൽ കണ്ടുവരുന്നത് മാലിന്യ ശേഖരണത്തിന്റെ കാര്യത്തിലാണ്. മാലിന്യശേഖരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാക്കിമാറ്റാനുള്ള നിയമവ്യവസ്ഥകൾ നിലവിൽവരണം. അത്തരത്തിലുള്ള നിയമവ്യവസ്ഥകൾ ഉണ്ടെങ്കിൽ അവ കർശനമായും നടപ്പിലാക്കുന്നതിനുള്ള സംവിധാനമുണ്ടായിരിക്കണം. ഗവൺമെന്റ് വക്താക്കളും രാഷ്ട്രീയ നേതൃത്വങ്ങളും ഇപ്പോൾ കാണുന്നത് ഇത് ജനങ്ങളുടെ കടമയായിട്ടാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തേണ്ടിയിരിക്കുന്നു. സംസ്കരണത്തിന്റെ കാര്യത്തിലായാലും, ശേഖരണത്തിന്റെ കാര്യത്തിലായാലും നൂതനസാങ്കേതിക വിദ്യകൾ നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഇത് കേരളത്തിൽ പ്രധാനപ്പെട്ട കോർപ്പറേഷനുകളിൽ അടക്കം ശേഖരണത്തിനും സംസ്ക്കരണത്തിനും ഉപയോഗിക്കപ്പെടുന്ന സംവിധാനങ്ങൾ വളരെ പഴഞ്ചതും, അപ്രായോഗികവുമായ സംവിധാനങ്ങളാണ്. ഈ കാര്യത്തിൽ ഒരു പൊളിച്ചെഴുത്ത് നടക്കേണ്ടിയിരിക്കുന്നു. അങ്ങനെ വന്നാൽ നൂതന സംവിധാനങ്ങൾ പ്രയോഗിക്കപ്പെട്ടാൽ മാലിന്യ ശേഖരണവും സംസ്ക്കരണവും ഒരു പ്രശ്നമമേ അല്ലാതെവരും. ഒരു പക്ഷേ സംസ്ക്കരണശാലകളിൽ നന്നും വ്യാവസായിക അടിസ്ഥാനത്തിൽ പാചകവാതകവും വൈദ്യുതിയും ഉല്പ്പാദിപ്പിക്കപ്പെടാനുള്ള സാദ്ധ്യതകളെക്കുറിച്ചും പരിശോധിക്കപ്പെടേണ്ടതാണ്. ഒരുപക്ഷേ പരിഷ്കൃത രാജ്യങ്ങളിലെ ഇത്തരം സംവിധാനങ്ങൾക്ക് അടുത്തകാലത്തായി തിരിച്ചടികൾ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലു കാരണം മറ്റൊന്നുമല്ല. ബോധവൽക്കരണത്തിന്റെ ഫലമായി ഉല്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ തോത് ദിവസേനയെന്നോണം കുറഞ്ഞ് കൊണ്ടിരിക്കുന്നു. കേരളത്തിൽ ഇപ്പോൾ ഈ സ്ഥിതിയില്ല. എന്നിരുന്നാലും മാലിന്യ ഉൽഭവസ്ഥലങ്ങിലെ വേർതിരിക്കലിനും ശേഖരണത്തിന്റെ കാര്യത്തിലും ഇനിയും വേണ്ടത്ര രീതിയിലുള്ള ബോധവൽക്കരണം നടന്നു കഴിഞ്ഞിട്ടില്ല. ഈ രംഗത്ത് ഇനിയും ഫലപ്രദമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ജനം ഇനിയും ഈ കാര്യത്തിൽ വിമുഖത പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ കർശനമായ നിയമ വ്യവസ്ഥകളിലൂടെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു. പൊതുസ്ഥലങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പല പരിഷ്കൃത രാജ്യങ്ങളിലും തുടക്കത്തിലെ ഇത്തരം ബുദ്ധിമുട്ടുകൾ നേരിടേണ്ടതായിവരുന്നുവെന്ന വസ്തുത മറന്നുകൂട. അതി

നെയെല്ലാം അതിജീവിച്ചുകൊണ്ടാണ് അത്തരം രാജ്യങ്ങൾ ഇന്ന് മാലിന്യസംസ്കരണത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. നമുക്കും എന്തുകൊണ്ട് ഇത്തരം സംവിധാനങ്ങൾക്ക് രൂപംകൊടുത്തുകൂട. നമ്മുടെ സാമൂഹ്യപ്രവർത്തകരും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനങ്ങളും, ഗവൺമെന്റേതര സ്ഥാപനങ്ങളും, അതുപോലെതന്നെ ശാസ്ത്രജ്ഞന്മാരും മറ്റും ഈ കാര്യത്തിൽ വേണ്ടത്ര കാഴ്ചപ്പാടോടുകൂടിയല്ല പ്രവർത്തിക്കുന്നതെന്ന വസ്തുത വളരെ ദു:ഖകരമാണ്. ഇത്തരത്തിലുള്ള മാനസിക അവസ്ഥയ്ക്കാണ് ആദ്യമായിട്ടൊരു മാറ്റംവരുത്തേണ്ടത്. അങ്ങനെ വന്നാൽ മാലിന്യ സംസ്കരണം കൂടുതൽ എളുപ്പമുള്ളതാക്കിതീർക്കാൻ കഴിയും. അവരെല്ലാംതന്നെ ഏതോ സമ്മർദ്ദത്തിനുവഴങ്ങി പ്രവർത്തിക്കുന്നതെന്ന തോന്നലാണ് ഇപ്പോൾ നിലവിലുള്ളത്. സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് ഈ കാര്യത്തിൽ മുൻകൈ എടുക്കേണ്ടത്.

മറ്റൊരു പ്രധാന പ്രശ്നം കേരളത്തിൽ ഇപ്പോൾ ഫലപ്രദമായ ദ്രാവകമാലിന്യനിർമ്മാർജ്ജനത്തിന് വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല എന്നാണ്. സ്വീവേജ് ട്രീറ്റ്മെന്റിനെപ്പറ്റി ഇന്നും നമ്മൾ ബോധവാന്മാരല്ല. ഏതെങ്കിലും കോർപ്പറേഷനുകളിലോ, മുനിസിപ്പാലിറ്റികളിലോ, പഞ്ചായത്തുകളിലോ ഇതിനുള്ള സംവിധാനങ്ങൾ ഇന്നും ഏർപ്പെടുത്തി തുടങ്ങിയിട്ടില്ല. ഓരോ വീട്ടിലും, ഫ്ളാറ്റിലും പൊതുകെട്ടിടങ്ങളിലും ഹോട്ടലുകളിലും ദ്രാവകമാലിന്യ നിർമ്മാർജ്ജനത്തിന് ഉതകുന്ന രീതിയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. ഉത്ഭവ സ്ഥലത്തുനിന്നും ദ്രാവകമാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി ഒരു പൊതു സംസ്കരണശാലയിൽ കൊണ്ടുവന്ന് സംസ്കരിക്കുക എന്നതാണല്ലോ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരത്തിലുള്ള പ്ലാന്റുകൾ ഓരോ പഞ്ചായത്തിലും, ചെറുപട്ടണങ്ങളിലും, പട്ടണങ്ങളിലും, കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും നിർമ്മിക്കണം. അങ്ങനെ വന്നാൽ ദ്രാവകമാലിന്യങ്ങളും ശേഖരിക്കപ്പെടുകയും സംസ്കരിക്കപ്പെടുകയും ചെയ്യും. ഇവിടെയും സംസ്കരണം വ്യാവസായിക അടിസ്ഥാനത്തിൽ ചിന്തിക്കാവുന്നതാണ്. സ്വകാര്യ പങ്കാളിത്തത്തോടുകൂടിതന്നെ ഇത്തരം സംവിധാനങ്ങൾക്ക് രൂപം കൊടുക്കാവുന്നതാണ്. ഇനിയെങ്കിലും പ്ലാനിംഗ് ബോർഡുകളും, ആർകിടെക്റ്ററുകളും, നിർമ്മാണ കമ്പനികളും ദ്രവമാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ ബോധവാന്മാരാകുകയും, അവർ രൂപകല്പന ചെയ്യുന്ന പദ്ധതികളിൽ ഇവ നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾക് രൂപം കൊടുക്കുകയും വേണം. അങ്ങനെ വന്നാൽ എല്ലാ രീതിയിലുള്ള മാലിന്യങ്ങൾ സംസ്കരിക്കപ്പെടുകയും, കേരളം ഒരു മാലിന്യമുക്ത പ്രദേശമായി വളരുകയും ചെയ്യും.

# കുടിയേറ്റത്തൊഴിലാളികളും മനുഷ്യാവകാശ ലംഘനങ്ങളും

പി എം ജാബിർ

### ചൂഷണം സർവ്വത്ര - ഗൾഫ്

അന്യരാജ്യങ്ങളിൽ തൊഴിൽ തേടുന്നവർ അതിനു ശ്രമം തുടങ്ങുമ്പോൾ തന്നെ പല തരത്തിലുളള ചൂഷണങ്ങൾക്കു വിധേയരാവുകയാണ്. നാട്ടിലെ റിക്രൂട്ടിംഗ് ഏജൻസികളുടെ പക്കൽ നിന്നും തുടങ്ങുന്ന പീഢന പരമ്പര, ഭീമമായ തുക വിസക്കു കൊടുക്കേണ്ടിവരിക, ഗൾഫിൽ എത്തിപ്പെട്ടാൽ കാരാറിനു വിരുദ്ധമായ വേതന വ്യവസ്ഥയും മറ്റു സൗകര്യങ്ങൾക്കും സമ്മതിക്കേണ്ടി വരിക അങ്ങനെ പോകുന്നു പട്ടിക.

ഗൾഫിലെ സാഹചര്യങ്ങളിൽ വളരെയധികം ദുരിതപൂർണമായ അവഷളസ്ഥലകളിലൂടെയാണ് കുടിയേറ്റ തൊഴിലാളികൾ കടന്നു പോകുന്നത്. അടിമവ്യവസ്ഥിതിയെ നാണിപ്പിക്കുന്ന വിധത്തിലുള്ള സ്പോൺസർഷിപ്പേ സംവിധാനമാണ് ഒട്ടുമിക്ക ഏഇഇ കളിലുമുള്ളത്. ബ്ലൂ കോളർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ 3ഉ (Dirty, Degrading and Dangerous ) വർക്കേർസ് എന്നാണ് വിശേഷിപ്പിക്കുന്നത്. ദിവസവും 15 മുതൽ 18 മണിക്കൂർ വരെ 7 ദിവസവം തുടർച്ചയായി യാതൊരു വിധ സുരക്ഷാസംവിധാനങ്ങളുമില്ലാത്ത, ആരോഗ്യ സംരക്ഷണ പദ്ധതികളും ഇല്ലാത്ത സാഹചര്യങ്ങളിലാണ് ഒരു സാധാരണ കുടിയേറ്റ തൊളിലാളി പണിയെടുക്കേണ്ടി വരുന്നത്. ഇവക്കെല്ലാം പുറമേയാണ് ഗൾഫ് രാജ്യങ്ങളിൽ തൊഴിലാളിക്കു നേരിടേണ്ടി വരുന്ന വേതന വ്യവസ്ഥയിലെ അപാകതകൾ. മിക്ക തൊഴിലാളികൾക്കും മാസങ്ങളോളം വേതനം ലഭിക്കാറില്ല. ഇനി ലഭിക്കുകയാണെങ്കിൽ തന്നെ അവ ഒപ്പിട്ട കരാർ പ്രകാരം ആയിരിക്കണമെന്നില്ല. റിക്രൂട്ടിംഗ് ഏജൻസികൾക്കും മറ്റും നൽകാനായി കിടപ്പാടം വിറ്റു പണം ഉണ്ടാക്കി ഗൾഫിൽ വരുന്ന തൊഴിലാളി പിന്നീടെന്തു ദുരിതം സഹിക്കേണ്ടി വന്നാലും സ്വന്തം രാജ്യത്തു അടച്ചു തീർക്കേണ്ടി വരുന്ന കടത്തേക്കുറിച്ചോർത്ത് പീഢനങ്ങൽ സഹിക്കാൻ തയ്യാറാവുകയാണ് പതിവ്.

### ഗാർഹിക തൊഴിലാളികൾ

കുടിയേറ്റക്കാർക്കിടയിൽ ഏറ്റവും അധികം പീഢനം സഹിക്കേണ്ടിവരുന്നത് ഗാർഹിക തൊഴാലാളികളാണ്. മനുഷ്യമനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന വിധത്തിലും സാംസ്കാരസമ്പന്നരായ സമൂഹത്തെ ലജ്ജിപ്പിക്കും വിധത്തിലുള്ള പീഢനങ്ങളാണ് ഒരു ഗാർഹിക തൊഴാലാളി സഹിക്കേണ്ടി വരുന്നത്. സ്പോൺസറിന്റെ പീഢനം സഹിക്കവയ്യാതെ അധികാരികളെ സമീപിച്ച ഒരു ഗാർഹിക തൊഴിലാളിയെ ഇതു ഞാൻ വിലക്കു വാങ്ങിച്ച സ്വന്തം വസ്തുവാണ് അതിനെ എന്തു ചെയ്യണം എന്നു തീരുമാനിക്കാനുള്ള അധികാരം എനിക്കാണ് എന്നു എന്റേയും അധികാരികളുടെയും മുൻപിൽ വച്ച് ഒരുമടിയും കൂടാതെ പറയാൻ പോലും ഒരു സ്പോൺസർ തയ്യാറായി. ഇത്തരം നിരവധി കേസുകളാണ് ദിനം പ്രതി സംഭവിക്കുന്നത്. സ്പോൺസറിന്റെ കരാളഹസ്തത്തിൽ നിന്നു രക്ഷനേടി എംബസികളിൽ എത്തുന്ന തൊഴിലാളിയാകട്ടെ സ്പോൺസർ കെട്ടിച്ചമക്കുന്ന വ്യാജ കേസുകളിലെ ശിക്ഷയും കൂടി അനുഭവിച്ചതിനു ശേഷമേ വെറും കൈയ്യോടെ പൂർത്തീകരിക്കാനാകാത്ത സ്വപ്നങ്ങളുടെ ഭാരവും പേറി നാട്ടിൽ തിരികെ പോകുന്നത്.

**നിയമങ്ങൾ നോക്കുകുത്തികൾ അധികാരികൾ നിസ്സംഗർ**

UN ന്റെയും ILO യുടെയും പ്രമേയങ്ങളിൽ വളരെ വ്യക്തമായി കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും അവയൊന്നും ഒരു രാജ്യവും പാലിക്കുന്നില്ല എന്ന വസ്തുതയാണുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ ഇടപെടേണ്ട തൊഴിലാളി സംഘടനകൾ സാംസ്കാരിക സാമൂഹിക സംഘടനകൾ എല്ലാറ്റിനുമുപരി എംബസ്സികൾ തികഞ്ഞ നിസ്സംഗതയാണ് പാലിക്കുക. സഹായം എത്തിക്കേണ്ട എല്ലാ അധികാരികളും പുറം തിരിഞ്ഞു നിൽക്കുന്ന അവസ്ഥയാണ് ഒരു സാധാരണ കുടിയേറ്റത്തൊഴിലാളിക്കു നേരിടേണ്ടി വരുന്നത്.

തൊഴിൽദാതാവ് പാസ്സപോർട്ട് കൈവശം വെക്കാൻ പാടില്ല എന്നു നിയമമുണ്ടെങ്കിൽ പോലും 99% കേസുകളിലും തൊഴിൽദാതാവാണു പാസ്സപോർട്ട് കൈവശം വയ്ക്കുന്നത്. ഇതു തൊഴിലാളിയെ ചങ്ങലക്കിടുന്നതിനു തുല്യമാണ്, അവന്റെ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കുകയാണ് ഇതിലൂടെ സംഭവിക്കുന്നത്. ഇതു പാടില്ല എന്നു അന്താരാഷ്ട്ര സംഘടനകൾ പറയുന്നുണ്ടെങ്കിലും ആരും പാലിക്കാറില്ല. 1990 ലെ ഡച്ച കുടിയേറ്റ തൊഴിലാളി അവകാശ പ്രമേയം ഇന്ത്യ അംഗീകരിച്ചിട്ടില്ല എന്നു മുൻപു സൂചിപ്പിച്ചല്ലോ. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ നമ്മൾ സ്വയം അംഗീകരിക്കാത്ത ഒരു അന്താരാഷ്ട്ര നിയമത്തെ എങ്ങനെ നമുക്കു മറ്റു രാജ്യങ്ങളെക്കൊണ്ടു അംഗീകരിപ്പിക്കാനാവും ?

തൊഴിൽദാതാവിന്റെ പീഢനം സഹിക്കേണ്ടി വരുന്ന കുടിയേറ്റ തൊഴിലാളി തികച്ചും നിസ്സഹായനായാണ് ജീവിക്കുന്നത്. അവനു സഹായം എത്തിക്കേണ്ട എംബസ്സികൾ മിക്ക കേസുകളിലും തികഞ്ഞ നിസ്സംഗത പാലിക്കുകയാണ് പതിവ്. അതിനുള്ള ഉത്തമ ഉദാഹരണമാണ് ലുമദയുടെ മരണം. സ്പോൺസർക്കെതിരെ പരാതിപ്പെടുന്ന അല്ലെങ്കിൽ പരാതിപ്പെടാൻ തയ്യാറാകുന്ന തൊഴിലാളിക്കു യാതൊരുവിധ സഹായവും എംബസ്സികൾ നൽകാൻ തയ്യാറാവില്ല. തൊഴിലാളികൾക്കുള്ള വ്യവഹാരങ്ങൾ നടത്താനുള്ള വിദഗ്ധ സഹായം നൽകുന്നതു പോയിട്ടു കുറഞ്ഞപക്ഷം വ്യവഹാരങ്ങൾക്കാവശ്യമായ ദ്വിഭാഷികളെ ഏർപ്പെടുത്തന്നതിൽ പോലും എംബസ്സികൾ പരാജയപ്പെടുകയാണ് പതിവ്.

ഒമാനിൽ തൊഴിൽദാതാവു പാസ്പോർട്ട് കൈവശം വക്കുന്നതു നിരോധിച്ചിട്ടുണ്ട് എന്നാൽ ഇതു ലംഘിക്കുന്നവരെ ശിക്ഷിക്കാനുള്ള നിയമ വ്യവസ്ഥയില്ല. ഇത്തരത്തിലുള്ള വിചിത്രമായ സ്ഥിതികളാണ് മിക്ക ഏഇഇ കളിലും കണ്ടു വരുന്നത്.

ഒട്ടു മിക്ക കുടിയേറ്റ തൊഴിലാളികൾക്കും മെഡിക്കൽ ലീവ്, ആനുവൽ ലീവ്, മെഡിക്കൽ ഇൻഷുറൻസ്, സുരക്ഷാ സംവിധാനങ്ങൾ എന്നിവ പലപ്പോഴും നിഷേധിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയൊന്നും പരിഹരിക്കാൻ വേണ്ട നടപടികൾ എടുക്കാൻ എംബസ്സികൾക്ക് സാധിക്കാറില്ല.

**പരിഹാരങ്ങൾ നിർദേശങ്ങൾ**

പ്രവാസികളുടെ മനുഷ്യാവകാശ പ്രശ്നങ്ങൾ നിരവധിയാണ്. ഇന്ന് പ്രവാസി സമൂഹത്തിന്റെ അടിയന്തര പ്രശ്നങ്ങളായി അവതരിപ്പിക്കപ്പെടുന്ന മറ്റെല്ലാപ്രശ്നങ്ങളെക്കാളും ഗൗരവമേറിയതാണ് പ്രവാസിയുടെ മനുഷ്യാവകാശ പ്രശ്നങ്ങൾ. രാഷ്ട്രീയപരമായ ഇഛാശക്തിയും കാര്യക്ഷമമായ ഔദ്യോഗിക സംവിധാനങ്ങളും ഉണർന്നു പ്രവർത്തിക്കുന്ന ഒരു സാഹചര്യമുണ്ടായാലേ ഇവക്കു പരിഹാരം കാണാൻ സാധിക്കുകയുള്ളു. എങ്കിലും അടിയന്തര ശ്രദ്ധ പതിയേണ്ടുന്ന ചില നിർദേശങ്ങൾ സൂചിപ്പിക്കാതെ വയ്യ.

സ്വന്തം രാജ്യത്തു നിന്നു വിദേശ മണ്ണിൽ തൊഴിൽ അന്വേഷിച്ചു പോകുന്നവർക്കു സ്വന്തം രാജ്യത്തു തന്നെ കൗൺസിലിംഗ് നൽകാനുള്ള സംവിധാനം ഉണ്ടാവണം. ഒരിക്കൽ വീഴ്ച വരുത്തിയ റിക്രൂട്ടിംഗ് ഏജൻസിയെ കരിം പട്ടികയിൽ ഉൾപ്പെടുത്തണം. കുടിയേറ്റത്തൊഴിലാളികളെ സംബന്ധിച്ച ഡച്ച, കഘഛ നിയമങ്ങൾ അംഗീകരിക്കാൻ ഇന്ത്യ തയ്യാറാകണം. എംബസ്സികൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം. കൗൺസിലർ സഹായം വിവേചനരഹിതമായിരിക്കണം. നിയമസഹായം കാര്യക്ഷമമാക്കണം. അന്താരാഷ്ട്ര നിയമങ്ങൾ ലംഘിക്കപ്പെടാതിരിക്കാൻ മോണിറ്ററിംഗ് സംവിധാനങ്ങൾ വേണം.

സാമൂഹിക സാംസ്കാരിക തൊഴിലാളി സംഘടനകൾക്കൊപ്പം എംബസ്സികൾ കൂടുതൽ ഒത്തൊരുമിച്ച് പ്രവർത്തിക്കണം. വിദേശ മണ്ണിൽ നിസ്സഹായനായി ദുരിതം അനുഭവിക്കുന്ന കുടിയേറ്റ തൊഴിലാളിയെ സഹായിക്കുക എന്നത് എംബസ്സിയുടെ ഒരു പ്രധാന കർത്തവ്യമാകണം. അവന്റെ മനുഷ്യാവകാശ പ്രശ്നമായിരിക്കണം എംബസ്സിയുടെ അടിയന്തര ശ്രദ്ധ അർഹിക്കേണ്ടത് മുടന്തൻ ന്യായങ്ങൾ പറഞ്ഞു അതിൽ നിന്നും ഒഴിഞ്ഞു മാറാൻ എംബസ്സികൾ തുനിയരുത്.

കുടിയേറ്റതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ മാധ്യമങ്ങൾ പ്രത്യേക ബാന്റിൽ ( Gulf, Europe ) പെടുത്താതെ പ്രൈം ടൈമിൽ ഉൾപ്പെടുത്തണം. ഇതിലൂടെ കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ എല്ലാവർക്കും അതർഹിക്കുന്ന പ്രാധാന്യത്തോടെ മനസിലാക്കുന്നതിന് അവസരമൊരുക്കണം.

വിദേശ രാജ്യങ്ങളിലേക്കു കുടിയേറുന്നവരെക്കുറിച്ച് ഇടക്കിടെ സർവ്വേകളും അവരുടെ ജീവിത സാഹചര്യങ്ങളെക്കുറിച്ച് പഠനങ്ങളും നടത്തുകയും അവയുടെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ എടുക്കുകയും വേണം.

രാജ്യത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനു പ്രവാസികൾ ചെയ്യുന്ന സംഭാവനകൾ നിസ്സാരമല്ല. എന്നാൽ നീതിയും മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെടുന്ന അതീവ ദയനീയമായ ജീവിതസാഹചര്യങ്ങളിലാണു ബഹുഭൂരിപക്ഷം പ്രവാസികളും ജീവിതം തള്ളിനീക്കുന്നതെന്ന പരമാർത്ഥം കണ്ടില്ലെന്നു നടിക്കാൻ ഭരണകൂടത്തിനോ അതിന്റെ ചുമതലപ്പെട്ട അധികാരികൾക്കോ അധികകാലം കഴിയുമെന്ന് തോന്നുന്നില്ല.

# കുടുംബശ്രീ - നാടിന്റെശ്രീ

അഡ്വ. പി. അയിഷാ പോറ്റി എം.എൽ.എ

കേരള സംസ്ഥാനത്ത് കുടുംബശ്രീ മിഷൻ ഔപചാരികമായി പ്രവർത്തനം ആരംഭിച്ചത് 1998 വർഷത്തിലാണ്. സ. നായനാർ സർക്കാരിന്റെ കാലത്ത് പിറവിയെടുത്ത കുടുംബശ്രീ സംവിധാനം രൂപപ്പെടുത്തുന്നതിന് നേതൃത്വപരമായ പങ്ക് വഹിച്ചത് അന്നത്തേയും ഇന്നത്തേയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയായ സ. പാലൊളി മുഹമ്മദ്കുട്ടിയാണ്. ത്രിതല സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെ സ്ത്രീശാക്തീകരണം പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യനിർമ്മാർജ്ജനം എന്നിവയ്ക്കുവേണ്ടി പ്രവർത്തിക്കുകയായിരുന്നു കുടുംബശ്രീയുടെ ലക്ഷ്യങ്ങൾ.

പതിനായിരത്തിൽ താഴെമാത്രം അയൽക്കൂട്ടങ്ങളുമായി പ്രവർത്തനം ആരംഭിച്ച കുടുംബശ്രീ ഇന്ന് പത്ത് ലക്ഷത്തിൽപ്പരം അയൽക്കൂട്ടങ്ങളിലായി 35 ലക്ഷത്തിലധികം വനിതകളുടെ കൂട്ടായ്മയായി മാറിയിരിക്കുകയാണ്. 1250 കോടിയോളം രൂപയുടെ മഹാനിക്ഷേപമുള്ള കുടുംബശ്രീ ഏഷ്യയിലെ മാത്രമല്ല ലോകത്തിലെ തന്നെ ഏറ്റവും വലിയ അയൽക്കൂട്ട സംരംഭമാണ്. സമ്പത്തും അധികാരവും വികേന്ദ്രീകരിച്ചാൽ സമൂഹത്തിൽ വലിയ മാറ്റംവരും എന്നതിന്റെ തെളിവാണ് കുടുംബശ്രീ.

കഴിഞ്ഞ പന്ത്രണ്ട് വർഷകാലയളവിനുള്ളിൽ വലിയൊരു ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ് കുടുംബശ്രീ. സ്ത്രീകളിലൂടെ കുടുംബങ്ങളിലേക്കും കുടുംബങ്ങളിലൂടെ സമൂഹത്തിലേക്കും വികസനത്തിന്റെ സന്ദേശം എത്തിക്കുന്നു, സ്ത്രീശാക്തീകരണ രംഗത്തെ സമാനതകൾ ഇല്ലാത്ത മഹാത്ഭുതമാണ് ഇന്ന് കുടുംബശ്രീ. മലയാളികളുടെ കൊച്ചുവർത്തമാനങ്ങളിൽ മാത്രമല്ല സർക്കാരിന്റെ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലും ബജറ്റ് നിർദ്ദേശങ്ങളിൽപോലും സ്ഥാനം പിടിച്ച പേരാണ് ഇന്ന് കുടുംബശ്രീ.

1998 മുതൽ 2008-09 വരെ ആകെ 50.48 കോടി രൂപയാണ് കുടുംബശ്രീ ചെലവിട്ടത്. 2009-10 ൽ 100 കോടി രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നിടത്ത് 121.88 കോടി രൂപ ചെലവഴിക്കുകയുണ്ടായി. 2010-11 ൽ 50 കോടി രൂപ കൂടി സംസ്ഥാന സർക്കാർ വകയിരുത്തിയിരുന്നു. ഇത് സൂചിപ്പിക്കുന്നത് ഭാവിനാളുകളിൽ സംസ്ഥാനത്തിന്റെ വിവിധതലങ്ങളിലുള്ള വികസന പ്രക്രിയകളിൽ നിർണായ ഭാഗധേയങ്ങൾ നിർവ്വഹിക്കുന്നതിന് കുടുംബശ്രീയെക്കൂടി ഉപയോഗപ്പെടുത്തും എന്നുള്ളതിന്റെ വ്യക്തമായ സൂചനയാകാം.

നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ കുടുംബശ്രീ അതിന്റെ ലക്ഷ്യത്തിലേയ്ക്ക് ഏറെ മുന്നേറിയിട്ടുണ്ടെങ്കിലും നിരവധിയായ പരിമിതികൾമൂലം ആത്യന്തികലക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് ഇനിയും കാതങ്ങൾ പിന്നിടേണ്ടതുണ്ട്. കുടുംബശ്രീയുടെ നേതൃത്വമേൽനോട്ടസഹായ സംവിധാനത്തിനായി പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനവും കുടുംബശ്രീയുമായുള്ള ബന്ധം മെച്ചപ്പെടുത്തുക അത്യന്താപേക്ഷിതമാണ്. ഇതിലേയ്ക്കുള്ള ചുവടുവെയ്പ്പാണ് കുടുംബശ്രീയുടെ പരിഷ്ക്കരിച്ച ബൈലാഭേദഗതി. പ്രസ്തുത ഭേദഗതിയിലൂടെ എ.ഡി.എസ്. സംവിധാനത്തെ കൂടു

തൽ ശക്തവും ത്വരിതവും സുതാര്യവുമാക്കാൻ സാധിച്ചിട്ടുണ്ട്.

സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളുടെ ഉപഭോക്താക്കൾ, സൂക്ഷ്മസംരംഭകർ എന്നീ നിലകളിൽ നിന്നും ചെറുകിട ഉൽപ്പാദകർ എന്ന നിലയിലേക്കുള്ള സ്ത്രീകളുടെ ഉയർച്ചയ്ക്ക് കുടുംബശ്രീ കാരണമായി. കേരളത്തിന്റെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ മുഖ്യപങ്കാളി എന്ന നിലയിൽ കുടുംബശ്രീ ഏറ്റെടുത്ത് വിജയിപ്പിക്കുന്ന പദ്ധതികൾ നിരവധിയാണ്. മാലിന്യ നിർമ്മാർജ്ജനം ചെയ്യുന്നതു മുതൽ ഐ.റ്റി. മേഖലയിൽ വരെയുള്ള നൂതനമായ പ്രോജക്ടുകൾക്ക് കുടുംബശ്രീ രൂപംനൽകാൻ തുടങ്ങി. സംസ്ഥാനത്ത് ദേശീയ തൊഴിലുറപ്പ് പദ്ധതി അഴിമതിരഹിതമാക്കി മികച്ച രീതിയിലേക്ക് മാറ്റാൻ കഴിഞ്ഞത് ഈ പദ്ധതിയുടെ നടത്തിപ്പിൽ കുടുംബശ്രീയുടെ പങ്കാളിത്തം ഉറപ്പുവരുത്തിയതിനാലാണ്. ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ നാം അപകടകരമായ സ്ഥിതിവിശേഷം നേരിടുമ്പോൾ തരിശുനിലങ്ങളെ പൊന്നണിയിക്കുന്നതിനായും പച്ചക്കറി, പഴം ഉൽപ്പാദനരംഗങ്ങളിലും കുടുംബശ്രീ നടത്തുന്ന കുതിച്ചുചാട്ടം മലയാളികളുടെ കണ്ണ് തുറപ്പിക്കുന്നതിന് പര്യാപ്തമാണ്. കാർഷികവൃത്തികളിൽ ഏർപ്പെടുന്ന കുടുംബശ്രീ യൂണിറ്റുകളിൽ പച്ചക്കറികൃഷി വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള പദ്ധതികൾക്ക് ഉദാരവ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നത് പ്രോത്സാഹനമായിരിക്കും.

വിവിധ സംരംഭങ്ങളുടെ വികസനത്തിനായി സി.ഡി.എസ്. നടത്തുന്ന ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗുകൾ കൂടുതൽ വ്യാപിപ്പിച്ചും സി.ഡി.എസ്. കർമ്മപദ്ധതി പ്രായോഗികതലത്തിൽ എത്തിച്ചും ബാങ്കുകൾ സഹകരണസ്ഥാപനങ്ങൾ എന്നിവരും കുടുംബശ്രീ അയൽക്കൂട്ടങ്ങളുമായുള്ള ഇടപാടുകൾ സുഗമമവും സുതാര്യവുമാക്കി നിലവിലെ പലിശനിരക്ക് പകുതിയോളം കുറയ്ക്കുന്നതിലൂടെയും കുടുംബശ്രീ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാകും. അയൽക്കൂട്ടങ്ങളെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യനിർമ്മാർജ്ജ പദ്ധതിയിൽ നടപ്പാക്കുന്നതിനുള്ള സംഘടനാ ചട്ടക്കൂടായി ഉപയോഗിച്ചും ഫിഷറീസ് ഗ്രാമവികസന വകുപ്പുകളും വനിതാ സ്വയംസഹായ സഹകരണ സംഘങ്ങൾ നടപ്പാക്കുന്ന പരിപാടികൾ കുടുംബശ്രീയുമായി സംയോജിപ്പിച്ചും സമഗ്ര പോലുള്ള സംരംഭങ്ങളുടെ വ്യാപനം വഴിയും സംസ്ഥാനത്ത് അത്ഭുതകരമായ മാറ്റങ്ങൾ സംജാതമാക്കാൻ സാധിക്കും.

130 ലേറെ ഉൽപ്പന്നങ്ങൾ കുടുംബശ്രീ വിപണിയിൽ എത്തിച്ചിട്ടുണ്ട്. എന്നാൽ ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും ഇക്കാലത്ത് വിദേശഉൽപ്പന്നങ്ങൾ നമ്മുടെ കുഗ്രാമങ്ങളെ വരെ കീഴടക്കിയിട്ടുള്ള സാഹചര്യത്തിൽ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ തനിമയും പരിശുദ്ധിയും കേരളീയരിൽ രൂഢമൂലമാക്കുന്നതിനുള്ള വിപണനതന്ത്രങ്ങൾക്ക് രൂപം കൊടുക്കുകയും ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനും കൂടുതൽ നടപടികൾ ഉണ്ടാകണം.

കുടുംബശ്രീ വായ്പാ സംവിധാനത്തിന്റെ സാധ്യതകൾ മനസ്സിലാക്കി അത് മുതലെടുക്കുന്നതിനായി ചില സങ്കുചിതവും സംഘടിതവുമായ ഗ്രൂപ്പുകൾ ശ്രമങ്ങൾ നടത്തുന്നതിനെക്കൂടി ഈ അവസരത്തിൽ നാം തിരിച്ചറിയണം. കുടുംബശ്രീ ഒരു സർക്കാർ സംവിധാനമാണ്. മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് കേന്ദ്രഗവൺമെന്റിന്റെ പുരസ്ക്കാരം വരെ ലഭിച്ചിട്ടുണ്ട്. സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന വിഭാഗങ്ങൾ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരോടൊപ്പം സമൂഹത്തിൽ മധ്യവർഗ്ഗകുടുംബങ്ങളിലെ സ്ത്രീജനങ്ങളേയും കൂടി കുടുംബശ്രീയുടെ കണ്ണികളാക്കിയാൽ ഭാവി കേരളത്തിന്റെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ മുഖ്യപങ്കാളി കുടുംബശ്രീ തന്നെയായിരിക്കും എന്നത് അവിതർക്കമാണ്.

# ആധുനിക കേരള നിർമ്മിതിയിൽ പ്രവാസികളുടെ പങ്ക് സാധ്യതകളും വെല്ലുവിളികളും

**P.T. KUNHIMOHAMMED**
*Film Maker, Former Member Legislative assembly*

ആധുനികലോകം രൂപപ്പെടുന്നതിനു മുമ്പു തന്നെ പ്രവാസം മാനവചരിത്രത്തിൽ- അതിന്റെ വളർച്ചയിലും വികാസത്തിലും - ഒരു പ്രമുഖ പങ്കു വഹിച്ചിരുന്നതായി കാണാം. ഇങ്ങിനെയുണ്ടായ ഇടകലരലുകളും കൊള്ളക്കൊടുക്കലും മനുഷ്യ രാശിയുടെ ആധുനിക കാലഘട്ടത്തിലേക്കുള്ള വളർച്ചയിലും അതിനടിത്തറയായിത്തീർന്ന ആശ യ പരിസര സൃഷ്ടിയിലും സാമ്പത്തികാടിത്തറ യൊരുക്കുന്നതിലുമെല്ലാം കാര്യമായ പങ്കു വഹി ച്ചിരുന്നു. അക്കാലങ്ങളിൽ പലപ്പോഴും പ്രകൃതി പ്രതിഭാസങ്ങളോ, യുദ്ധങ്ങളോ ഒക്കെയായിരുന്നു പ്രവാസത്തിന്റെ ഗതിയെ മുഖ്യമായും നിയന്ത്രി ച്ചിരുന്നത്.

എന്നാൽ ആധുനിക മുതലാളിത്തഘട്ടം പിറന്നു വീഴുകയും പടിഞ്ഞാറൻ യൂറോപ്പ മൂലധന താല്പര്യങ്ങൾക്കായി കൊളോണിയൽ നയങ്ങളിലേക്ക് കടക്കുകയും ചെയ്തതോടെ പ്രവാസത്തിന്റെ സ്വഭാവത്തിലും ഗണ്യമായ മാറ്റം വന്നു. മുടക്കുന്ന മൂലധനത്തിന് കൂടുതൽ ലാഭം നേടാനായി അത് ജനങ്ങളെ കൂട്ടമായി പിടികൂടി അടിമച്ചന്തകളിൽ വിൽക്കുകയോ, കൂട്ടമായി അടിച്ചോടിച്ച് പ്രവാസികളാക്കുകയോ ചെയ്തു. ഒപ്പം അതു സൃഷ്ടിച്ച കടുത്ത സാമ്പത്തിക ഉച്ചനീചത്വങ്ങളും ഒട്ടനവധി ജനവിഭാഗങ്ങളെ പ്രവാസികളാക്കാൻ നിർബന്ധിതരാക്കി.

തമിഴരുടെയും മറ്റും കുടിയേറ്റങ്ങളിൽ നിന്നു വ്യത്യസ്തമായി ഏറെ മലയാളികളും കുടി യേറിയനാടുകളിൽ സ്ഥിരവാസമുറപ്പിക്കാതെ, അവിടെ നിന്നു സമാഹരിച്ച സമ്പത്തുമായോ അല്ലാതെയോ കേരളത്തിലേക്കുതന്നെ തിരിച്ചെ ത്തുകയായിരുന്നു. കേരളത്തിന് അതിലൂടെ ഒരു പുതിയ സാമ്പത്തിക സ്രോതസ്സ് തുറന്നുകിട്ടി. എന്നാൽ സാമ്പത്തിക് സ്രോതസ്സ തുറക്കുക മാത്രമല്ല ചെയ്തത്, കേരളത്തിലേക്ക് പുതിയ പരിഷ്കാരങ്ങളും പുതിയ വീക്ഷണങ്ങലും കൊണ്ടുവരികയും ചെയ്തു. ഭക്ഷണം, വസ്ത്രം, ഭവനനിർമാണം, ആരോഗ്യ ശുചിത്വ ശീലങ്ങൾ എന്നിവയിലെല്ലാം പുതിയ കാറ്റും വെളിച്ചവും കൊണ്ടുവരുന്നതിൽ അവരവരുടേതായ പങ്കു വഹിച്ചിട്ടുണ്ട്. ഇങ്ങനെ കേരളത്തിൽ നിന്നു കുടിയേറിയവരിൽ മഹാഭൂരിപക്ഷവും സാമൂ ഹ്യഘടനയിൽ തരം താഴ്ന്ന വിഭാഗങ്ങളിൽ പ്പെചട്ടവരോ സാമ്പത്തികമായി താഴ്ന്ന നിലവാര ത്തിലുള്ളവരോ ആയിരുന്നു. ഇത്തരം വിഭാഗ ങ്ങൾ കേരളത്തിൽ പുതിയ തൊഴിൽ മേഖലകൾ ക്കു തന്നെ രൂപം കൊടുക്കുന്നതിന് മുമ്പന്തിയിൽ നിന്നപ്പോൾ (മുഖ്യമായും വ്യവസായ- തോട്ടം മേഖലകളിൽ) കേരളത്തിലെ പരമ്പരാഗത ജാതി ഘടനയിൽ വിള്ളൽ വീഴുത്തുന്നതിലും കാരണ ക്കാരായി. കേരളത്തിലെ സാമൂഹ്യ നവോത്ഥാന ശക്തികളെ ബലപ്പെടുത്തുന്നതിലും അവർ കാതലായ പങ്കുവഹിച്ചിട്ടുണ്ട്. ശ്രീ നാരായണ ഗുരു, മുഹമ്മദ് അബ്ദുറഹിമാൻ, എ. കെ. ജി തുടങ്ങിയവർ വിദേശ മലയാളി കേന്ദ്രങ്ങളിൽ സന്ദർശനം നടത്തുകയും കേരളത്തിന്റെ പുരോഗ മനപരമായ മാറ്റങ്ങൾക്കായി പ്രവാസികളുടെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയുമുണ്ടായി.

രണ്ടാംലോക മഹായുദ്ധത്തെത്തുടർന്ന് കൊളോണിയൽ നാടുകൾക്ക് സ്വാതന്ത്ര്യം

ലഭിച്ചതോടെ പ്രവാസത്തിന്റെ സ്വഭാവത്തിലും മാറ്റം വന്നു. പല പഴയകാല പ്രവാസ കേന്ദ്രങ്ങളിൽ നിന്ന് അവർക്കു തിരിച്ചു വരേണ്ടി വരികയോ അല്ലെങ്കിലവിടങ്ങളിൽ സ്ഥിരതാമസമുറപ്പിക്കുകയോ വേണ്ടിവന്നു. എന്നാൽ പശ്ചിമേഷ്യയിലെ വമ്പിച്ച എണ്ണ സ്രോതസ്സിന്റെ കണ്ടെത്തൽ ആഫ്രോ ഏഷ്യൻ രാജ്യങ്ങളിലെ കുടിയേറ്റത്തെയും രാഷ്ട്രീയത്തെയും കാര്യമായി മാറ്റിമറിച്ചു. പശ്ചിമേഷ്യ ഒരിക്കൽ കൂടി ലോകത്തിന്റെ തന്നെ മർമ്മ പ്രധാന കേന്ദ്രങ്ങളിലൊന്നായി. ആഫ്രോ ഏഷ്യൻ രാജ്യങ്ങളിൽ നിന്നെന്നപോലെ യൂറോപ്പിൽ നിന്നുപോലും ഇവിടങ്ങളിലേക്ക് കുടിയേറ്റമുണ്ടായി. വളരെ പിന്നോക്കം കിടന്ന ഗൾഫ് രാജ്യങ്ങളിലേക്ക് താരതമ്യേന പിന്നേക്കം കിടന്നിരുന്ന ജനവിഭാഗങ്ങൾ തന്നെയായിരുന്നു കുടിയേറിയത് എന്നതാണ് വസ്തുത.

കേരളത്തിലും ഇതിന്റെ അലയടികലെത്തി. വളരെ മുമ്പുകാലത്തുതന്നെ അറബികളുമായുണ്ടായിരുന്ന വ്യാപാരബന്ധവും സൗഹൃദവും മലയാളികൾക്ക് മറ്റു പല രാജ്യങ്ങളിൽ നിന്നുമുള്ളയാളുകളെക്കാൾ കൂടിയ സ്വീകാര്യതയുണ്ടാക്കി. കേരളത്തിൽ ശക്തിപ്പെട്ടുവന്ന ജന്മിത്ത വിരുദ്ധ പുരോഗമന രാഷ്ട്രീയം 1957ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ അധികാരത്തിലെത്തിക്കുകയും അത് നേരെ തിരിച്ച് ഭൂബന്ധങ്ങളിലും സാമൂഹ്യബന്ധങ്ങളിലും സാമ്പത്തിക തലങ്ങളിലും മുമ്പേതന്നെ മുന്നോട്ടു വച്ചിരുന്ന പുരോഗമന കാഴ്ചപ്പാടുകളെ സ്ഥാപനപരമായി ഉറപ്പിക്കുകയും ചെയ്തു.

60കളോടെ ഗൾഫിലേക്കുള്ള മലയാളികളുടെ കുടിയേറ്റം ആരംഭിക്കുകയും 70 കളോടെ ആ പ്രവണതയ്ക്കു ശക്തി കൂടുകയും ചെയ്തു. 80 കളിലും 90 കളിലും കൂടുതൽ ശക്തിയാർജ്ജിച്ച ഈ കുടിയേറ്റം കേരളത്തിലെ എല്ലാ മേഖലകളെയും സമൂലമായി ബാധിക്കുകയുണ്ടായി. ഇന്ത്യയിലേക്ക് ഇന്നെത്തിക്കൊണ്ടിരിക്കുന്ന ചഞ്ചക പണത്തിന്റെ നാൽപതു ശതമാനവും മലയാളികളുടേതാണ് എന്നത് ഇതിന്റെ വ്യാപ്തിയും വൈപുല്യവും വ്യക്തമാക്കുന്നുണ്ട്. 80 കളോടും 90 കളോടും കൂടി യൂറോപ്പ്, അമേരിക്ക, ആസ്ട്രേലിയ തുടങ്ങി മറ്റു കേന്ദ്രങ്ങളിലേക്കും തൊഴിൽ തേടിയുള്ള പ്രവാസത്തിന്റെ പുതിയ വാതിലുകൾ തുറക്കുകയുണ്ടായിട്ടുണ്ട്.

60 മുതൽ കേരളീയ സമ്പദ്ഘടനയിൽ പ്രവാസികൾ കൊണ്ടു വരുന്ന പണം ഉണ്ടാക്കാൻ തുടങ്ങിയ മാറ്റത്തെ അക്കാലങ്ങളിൽ സാമഹ്യ/രാഷ്ട്രീയ നേതൃത്വങ്ങൾ കാര്യമായി കണക്കിലെടുക്കുകയുണ്ടായില്ല. അത് താല്കാലികമായി മാത്രമുണ്ടായ ഒരു മാറ്റമാണെന്നും അതുകൊണ്ടു തന്നെ അതിനെ ഗൗരവപൂർവ്വം ഗൗനിക്കേണ്ടതില്ലെന്നുമായിരുന്നു പൊതുവഭിപ്രായം.

എന്നാൽ നിരവധി പതിറ്റാണ്ടുകൾ കഴിയുകയും കേരളത്തിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സും തൊഴിൽ സാധ്യതയുമായി കുടിയേറ്റം മാറുകയും ചെയ്തിട്ടും പ്രയേണ ഇന്നും ഈ മനോഭാവത്തിൽ മാറ്റം വന്നിട്ടില്ല എന്നത് ഞെട്ടിക്കുന്ന കാര്യമാണ്. കേരളത്തിന്റെ ഉല്പാദന മേഖലകളായ കൃഷി, വ്യവസായം എന്നത് പ്രായേണ മുരടിച്ചു നില്ക്കുകയും, അതിൽ നിന്ന് ലഭ്യമാകുന്നതിലേറെ വരുമാനം വിദേശമലയാളിൽ നിന്ന് ലഭിക്കുന്ന സ്ഥിതി വർഷങ്ങളായി നിലനിൽക്കുകയും ചെയ്തിട്ടും കേരളത്തിന്റെ ഭാവി ആസൂത്രണത്തിൽ, ഭാവിവികാസത്തിൽ, ആരോഗ്യകരമായി എങ്ങനെ ഈ സാധ്യതകൾ ഉപയോഗപ്പെടുത്താമെന്നതിനെക്കുറിച്ച് ഗൗരവമുള്ള ചർച്ചകൾ പോലും നടക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

കേരളത്തിന്റെ ജി. ഡി. പിയിൽ ഒറ്റക്കെടുത്താൽ ഏറ്റവും വലിയ സംഭാവന വിദേശത്തു നിന്നുള്ള പണം വരാവെണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. കേരളത്തിന്റെ സേവന മേഖലകളിൽ കറങ്ങുന്ന പണം മുഖ്യമായും ഔദ്യോഗികവും അനൗദ്യോഗികവുമായ സ്രോതസ്സുകളിലൂടെ എത്തുന്ന വിദേശപ്പണമാണെന്നും കണക്കാക്കപ്പെടുന്നുണ്ട്. എന്നാൽ ഔദ്യോഗിക സ്രോതസ്സുകളിലൂടെ വരുന്ന പണത്തിന്റെ പോലും ശരിയായ കണക്ക് ഇവിടെ ലഭ്യമല്ല. ഇന്ത്യയിലേക്ക് 55 ബില്യൻഡോളർ വിദേശത്തുനിന്നും പണമടച്ചതിൽ 40 ശതമാനം മലയാളികളുടേതാണെന്നും ഒരഭ്യൂഹമുണ്ട്. എന്നാലിതിലെത്രഭാഗം കേരള സമ്പദ്ഘടനയിൽ വന്നു ചേരുന്നുവെന്നതിനെക്കുറിച്ചും കൃത്യമായ ധാരണയൊന്നുമില്ല. ഔദ്യോഗിക സ്രോതസ്സുകളിലൂടെ വരുന്നതിനേക്കാളേറെപ്പണം

അനൗദ്യോഗിക മേഖലയിലൂടെ വരുന്നുണ്ട് എന്ന യാഥാർത്ഥ്യം ആരും നിഷേധിക്കുമെന്ന് തോന്നുന്നില്ല.

ഇതിന്ന് കേരളത്തെ സംബന്ധിച്ച് വലിയ ഒരനുഗ്രഹവും വെല്ലുവിളിയുമാണ്. ഒരു വശത്ത് കേരളത്തിന്റെ ഉയർന്ന സാമ്പത്തിക സാമൂഹ്യ സ്ഥിതി അതുറപ്പിക്കുന്നു. മറുവശത്ത് ഇത് ഉണ്ടാക്കുന്ന സമാന്തരസമ്പദ്ഘടനയും അതുമായി ബന്ധപ്പെട്ട ക്രിമിനൽ- മാഫിയ പ്രവർത്തനങ്ങൾ മുതലുള്ള പ്രശ്നങ്ങളും കേരളീയ സാമൂഹ്യ ജീവിതത്തിന് വലിയ ഭീഷണിയുമാണ്.

മറ്റൊരുതലത്തിലും ചർച്ച ചെയ്യപ്പെടേണ്ടതായ ഗൗരവപ്പെട്ട പ്രശ്നങ്ങളിതുണ്ടാക്കുന്നു. പുറത്തേക്ക് കയറ്റിയയക്കേണ്ട മനുഷ്യ വിഭവ ശേഷിയെ പരുവപ്പെടുത്തിയെടുക്കൽ മാത്രമായി നമ്മുടെ വിദ്യാഭ്യാസമേഖലയോടുള്ള സമീപനം, പ്രയേണ, മാറുന്നു. കേരളമെന്നത് വൃദ്ധർക്കും വരുമാനമില്ലാത്ത ആശ്രിതർക്കും താമസിക്കാനുള്ള ഒരിടം മാത്രമെന്ന മനോഭാവം ഏറിയും കുറഞ്ഞും കടന്നു വരികയും ചെയ്യുന്നു. ഇതുണ്ടാക്കുന്ന സാമൂഹ്യ- സാംസ്കാരിക പ്രത്യാഘാതങ്ങളൊന്നും ഇവിടെ ചർച്ച ചെയ്യപ്പെടുന്നതേയില്ല.

കേരളം നേടിയെടുത്ത സാമൂഹ്യ സാംസ്കാരിക നേട്ടങ്ങളെ സംരക്ഷിക്കാനും, പുതുക്കിപ്പണിയാനും പ്രവാസികളെയും പ്രവാസികൾ കൊണ്ടുവരുന്ന വരുമാനത്തെയും വിവിധ തലങ്ങളിൽ കണക്കിലെടുത്തുകൊണ്ടുള്ള ശരിയായ ഒരാസൂത്രണം ഉണ്ടാകേണ്ടതുണ്ട്. അതില്ലെങ്കിൽ ഗുണകരമാകാവുന്ന ഈ സാദ്ധ്യതകൾ പ്രതിലോമ പ്രവണതകൾക്ക് വളം വെക്കുന്ന സ്ഥിതിയുണ്ടായേക്കാം. അങ്ങനെയുണ്ടായാൽ പ്രവാസികളെയല്ല പഴചാരേണ്ടത്. മറിച്ച് ഉത്തരവാദപ്പെട്ടവരുടെ ഉത്തരവാദിത്തരാഹിത്യത്തെയാണ്.

ഔദ്യോഗിക കേന്ദ്രങ്ങളിലെ ഈ അനാസ്ഥക്കും ഉത്തരവാദിത്യരാഹിത്യത്തിനും ഒരു ചെറിയ ഉദാഹരണം മാത്രം ഇവിടെ ചൂണ്ടിക്കാട്ടാനാഗ്രഹിക്കുകയാണ്. എയറിന്ത്യാ അടക്കമുള്ള വിമാനക്കമ്പനികൾ മലയാളികളെ യഥേഷ്ടം കൊള്ളയടിക്കുന്നത് ഇക്കാലമത്രയായിട്ടും തടയാൻപോലും ഉത്തരവാദപ്പെട്ടവർക്ക് കഴിഞ്ഞിട്ടില്ല.

പ്രവാസത്തിന്റെ അനന്ത സാധ്യതകളെ ജനാധി പത്യ കേരളത്തിന്റെ ഭാവി വളർച്ചക്കും മുന്നോട്ടു പോക്കിനുമായ ഏതുവിധം ഉപയോഗപ്പെടുത്താ മെന്നതാണ് നാം നേരിടുന്ന പ്രശ്നം. കേരള ത്തിന്റെ ഉല്പാദന മേഖലകളെ സജീവമാക്കാൻ പ്രവാസികളുടെ നിക്ഷേപത്തെ എങ്ങനെ മൂലധനമായിമാറ്റാമെന്നതാണ് മുഖ്യവെല്ലുവിളി. ഒപ്പം തന്നെ തൊഴിൽക്കമ്പോളങ്ങളിലെ മത്സരത്തിൽ പിടിച്ചു നിന്നുകൊണ്ട് പ്രവാസത്തിന്റെ സാധ്യതകളെ തുടർന്നും എങ്ങനെ ഉപയോഗിക്കാമെന്ന പ്രശ്നവുമുണ്ട്. ഇന്നേവരെയുള്ള രീതിയിൽ ചില ചടങ്ങു ചർച്ചകളിലൊതുക്കാതെ പ്രായോഗിക തലങ്ങളിലേക്ക് പരിവർത്തിപ്പിക്കാൻ കാര്യ മാത്ര പ്രസക്തമായ ചർച്ചകളും, അതിനുപരി നടപടികളും ഉണ്ടാകേണ്ടതുണ്ട്..

# ടൂറിസം വികസനം - മറ്റൊരു സമീപനം

ധനഞ്ജയൻ കെ മച്ചിങ്ങൽ

കേരള ടൂറിസം വകുപ്പ് രൂപ കല്പന ചെയ്തിട്ടുള്ള നയങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് തന്നെ വിനോദസഞ്ചാര വ്യവസായരംഗത്ത് അനുവർത്തിക്കേണ്ടതായ ചില പ്രധാനവും പ്രായോഗികവുമായ നടപടികളെ കുറിച്ച് പ്രതിപാദിക്കുന്നതിനാണ് ഇവിടെ ശ്രമിക്കുന്നത്. പ്രധാനമായും മൂന്ന് രംഗത്തെ വികസനത്തെക്കുറിച്ചാണ് വിവക്ഷിക്കുന്നത്

**ബീച്ച് ടൂറിസം.**

ലോകവിനോദസഞ്ചാര മേഖലയിൽ കൊല്ലങ്ങൾക്കു മുമ്പ് തന്നെ കേരളം ഒരു പ്രത്യേക സ്ഥാനം നേടിയെടുത്തുരിക്കുകയാണ്. ഈ അനുകൂല സാഹചര്യം നമ്മൾ തികച്ചും പ്രയോജനപ്പെടുത്തേണ്ടതാണ്. ലോകവിനോദസഞ്ചാരികൾ എന്നും പുതിയ മേച്ചൽ സ്ഥലങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നവരാണ്. ബീച്ച് ടൂറിസം രംഗത്ത് ഹാവായിയും , ഫ്ളോറിഡയും , സ്പെയിനിലെ ദീപസമൂഹങ്ങളും , തുർക്കിയിലെ തീരപ്രദേശങ്ങളും ബ്രസീലിലെ മനോഹര ബീച്ചുകളും അവർക്ക് ഇനിയും പുത്തൻ ഉണർവ് പകർത്തുന്നില്ല. അതുപോലെ തന്നെ ഏഷ്യൻ വൻകരയിലെ മാലിദ്വീപുകളും തായ്ലാന്റിലെയും ഇന്തോനേഷ്യയിലെയും, ശ്രീലങ്കയിലെ യും കടലോര പ്രദേശങ്ങൾ അവർക്ക് മടിപ്പ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിലാണ് ലോകവിനോദസഞ്ചാരികൾ പുത്തൻ ബീച്ചുകളെ കണ്ണുവച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന് ലഭിച്ചിട്ടുള്ള 600 കിലോമീറ്റർ ദൂരത്തോളം വരുന്ന കടലോരപ്രദേശത്തിൽ മിക്ക പങ്കും ലോക നിരവാരമുള്ള ബീച്ചുകളാണ്. ലോകവിനോദ സഞ്ചാരികളെ പണം ചിലവഴിക്കാൻ തയ്യാറുള്ള സഞ്ചാരികളെ ഇവിടെയ്ക്കും ആകർഷിക്കുവാൻ നമ്മൾക്ക് കഴിയണം. തീരദേശനിവാസികളെയോ, അല്ലെങ്കിൽ മത്സ്യബന്ധന തൊഴിലാളികളെയോ അലോസരപ്പെടുത്താതെ തന്നെ നമുക്കതിനു കഴിയും. പല പ്രദേശങ്ങളിലും തിരഞ്ഞെടുത്ത 2 ബീച്ചുകളിൽ ലോകനിലവാരമുള്ള ബീച്ച് റിസോർട്ടുകൾക്ക് രൂപ കല്പന ചെയ്യുക എന്നതാണ് മുഖ്യമായും ഈ രംഗത്ത് ചെയ്തു തീർക്കേണ്ടത്. അതിനായി വേണ്ടി മറ്റു പശ്ചാത്തല സൗകര്യങ്ങളും- വെള്ളം, വെളിച്ചം, റോഡ് തുടങ്ങിയവ- മെച്ചപ്പെടുത്തേണ്ടതുണ്ട്. ഉദാഹരണത്തിന് തൃശ്ശൂർ ജില്ലയിൽ കൈപമംഗലം മുതൽ മലപ്പുറം ജില്ലയിലെ വെളിയംങ്കാട് വരെയുള്ള 54 കിലോമീറ്റർ ദൂരത്തിലുള്ള കടലോര പ്രദേശത്ത് ചുരുങ്ങിയത് 100 മുറികളെങ്കിലും ഉള്ള 10 അന്തർദേശീയ നിലവാരമുള്ള റിസോർട്ടുകൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. അതുവഴി 1000 മുറികളെങ്കിലും കൂടുതലായി കേരളത്തിൽ നിലവിൽ വരും. ചുരുങ്ങിയത് 2500 ചെറുപ്പക്കാർക്കെങ്കിലും നേരിട്ടും ആയിരക്കണക്കിന് മറ്റുള്ളവർക്ക് നേരിട്ടുമല്ലാതെയുമുള്ള ജോലിസാധ്യതയും വർദ്ധിക്കും.

**ഗ്രമീണ/പൈതൃക ടൂറിസം/**
**മലയോര ടൂറിസം.**

വളരെയേറെ ചർച്ചചെയ്യപെടുകയും,നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു മേഖലയാണിത് ടൂറിസം രംഗത്ത്. പക്ഷേ ശാസ്ത്രീയമായ ഒരു വികസനത്തിന്റെ അപര്യാപ്തത ഈ രംഗത്ത് വേണ്ട പുരോഗതിക്ക് വഴിതെളിച്ചിട്ടില്ല. ലോകവിനോദ സഞ്ചരികളുടെരുചിഭേദങ്ങൾക്ക് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു.പുത്തൻ തലമുറക്കളിൽ പെട്ടവരും പഴയതലമുറക്കളിൽ പെട്ടവരും ഒരു പോലെയാണിപ്പോൾ ഗ്രമീണ/

പൈതൃക ടൂറിസത്തിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നത്.

കേരളത്തിലെ ഒരോ ഗ്രാമത്തിനും അതിന്റെതായ പ്രതേകതകളുണ്ട്.അവ എതെന്ന് കണ്ടുപിടിച്ച് ആ പ്രത്യേകതകളെ സംരംക്ഷിക്കുന്നതിനും,അതുപോലെ തന്നെ ആകർഷിക്കപ്പെടുന്നനുമുള്ള സംവിധാനങ്ങളാണ് രൂപകല്പനചെയ്യണ്ടത്. അതിനായിവേണ്ടത് പശ്ചാതലസൗകര്യവികസനമാണ്.റോഡിന്റെയും വെളിച്ചത്തിന്റെയും,വെള്ളത്തിന്റെയും കാര്യത്തിൽ കേരളത്തിലെ ഓരോ ഗ്രാമവും സമ്പൂർണ്ണതയിലേക്ക് നീണ്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഏറ്റവും വേഗത്തിൽ നിർമ്മിക്കപെടേണ്ടതായ പ്രധാനമായൊരു പശ്ചാത്തലസൗകര്യവും ഹോട്ടൽ മുറികളാണ്. 25 മുറികളെങ്കിലുമുള്ള അന്തർദേശീയ നിലവാരമുള്ള ചെറിയ ഹോട്ടലുകളാണ് ഈ ഗ്രാമപ്രദേശങ്ങളിൽ കേന്ദ്രീകരിക്കപ്പെടേണ്ടത്. അതുപോലെതന്നെ ടൂറിസ്റ്റുകൾ എത്തിച്ചേർന്നാൽ അവരെ നാടുകാണിക്കുന്നതിനുള്ള ഗൈഡുകളും - വിവിധ ഭാഷകൾ സംസാരിക്കുന്ന ഗതാഗത സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

**ഹെൽത്ത് ടൂറിസം**

ഇവിടെ ഉദ്ദേശിക്കുന്നത് ആയൂർവ്വേദത്തെക്കുറിച്ചല്ല. ആയൂർവ്വേദം ഒരുപരിധിവരെ വളർന്നുകഴിഞ്ഞിരിക്കുകയാണ്. - ഉദ്ദേശിക്കപ്പെടുന്നത് ആധുനിക ചികിത്സാരംഗത്തെക്കുറിച്ചാണ്. സാമ്പത്തിക മാന്ദ്യത്തിന്റെയും കുഴപ്പങ്ങളുടെയും ഭാഗമായി പല യൂറോപ്യൻ രാജ്യങ്ങളിലെയും ഇൻഷ റൻസ് കമ്പനികൾ പലതും പൂട്ടി കൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ സാമൂഹ്യ സുരക്ഷതയുടെ കാര്യത്തിൽ പലവിധത്തിലുള്ള ജനവിരുദ്ധമായ നടപടികൾ സ്വീകരിക്കാൻ ഇത്തരത്തിലുള്ള കമ്പനികൾ നിർബന്ധിതപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പല കമ്പനികളും കണ്ണിനും, പല്ലിനും ഉണ്ടായിരുന്ന ഇൻഷ്വറൻസ് പദ്ധതികൾ തന്നെ പാടെ പിൻവലിച്ചിരിക്കുകയാണ്. ഇതിന്റെ ഫലമായി യൂറോപ്പിലെ സാധാരണ ജനങ്ങൾക്ക് കണ്ണിന്റെ ചികിത്സയിലായാലും, പല്ലിന്റെ ചികിത്സയിലായാലും വൻതുകകൾ ചിലവഴിക്കേണ്ടി വരുന്നു. ഒരു സാധാരണകാരനെ സംബന്ധിച്ചിടത്തോളം വൻതുകകളാണിത്-താങ്ങാൻ പറ്റാത്ത തുകകൾ. അതുകൊണ്ടുതന്നെ അവർ പുറം രാജ്യങ്ങളിലെ ചികിത്സാ സൗകര്യങ്ങൾ തേടികൊണ്ടിരിക്കുകയാണ്. ഈ സാഹചര്യമാണ് ഇന്ത്യയെ പോലെയുള്ള പ്രത്യേകിച്ചും കേരളത്തെപോലെയുള്ള പ്രദേശങ്ങളുടെ പ്രാധാന്യം ശ്രദ്ധിക്കപ്പെടുന്നത്. പല യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും കണ്ണിന്റെയും, പല്ലിന്റെയും ചികിത്സകൾക്ക് പലരും കേരളത്തിലേക്ക് വരാൻ താല്പര്യപെടുന്നുണ്ട്, ഇപ്പോൾ കുറഞ്ഞ തോതിൽ വന്നു കൊണ്ടിരിക്കുന്നുമുണ്ട്. ഈ വരവിന്റെ വർദ്ധനവ് ലക്ഷ്യമിടുകയെന്നതാണ് കേരള ടൂറിസം വികസനത്തിന്റെ കാര്യത്തിൽ ഈ മേഖലയിൽ ചെയ്യാനുള്ളത്. അതിനായി ആധുനിക ചികിത്സാ സൗകര്യങ്ങളോടുകൂടിയ നിരവധി അന്തർദേശീയ നിലവാരമുള്ള ക്ലീനിക്കുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ സേവന സന്നദ്ധതയുള്ള ഡോക്ടർമാരും നേഴ്സിംഗ് സ്റ്റാഫും ഉണ്ടാകേണ്ടിയിരിക്കുന്നു. രോഗികൾ ഇവിടെ എത്തിയാൽ അവർക്ക് രണ്ടാഴ്ചയോ മൂന്നാഴ്ചയോ സൗകര്യപ്രദമായി താമസിക്കുന്നതിനുള്ള ഹോട്ടൽ സൗകര്യങ്ങളും യാത്രാ സൗകര്യങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

# FAMILY, SOCIETY AND POWER

**Prof. (Dr.) D.Sheela M.D. (Ay.)**
*Principal, Ayurveda College, Ollur, Thrissur*

Family is the Socio economic unit of the society.

Concept of family changed according to the change of society radically from the consanguine family of the old to the nuclear family of the new.

Society had changed from the primitive Savagery to Barbarism and Civilisation and then now to Industrialization. The types of family also changed accordingly.

Power in the family as well as in the society mainly depended on the ownership of property and economics.

The division of work in the family determined the power of decision making in the family. Female worked on household jobs which was uncounted. Male worked in money yielding jobs and become women and men-persists in the family and the society.

In health care also this differentiation exists. Even though biologically female needs m ore care because of reproduction and bringing up children, male are giving more healthcare inside the family as they are the bread seekers.

New attempts to empower with gender sensitive social acceptance and enabling them with financial ownership is promoting the power of their decision making. But the work participation in the household still remains as female oriented. Hence the work load of women had become two folded. When women are brought forward to the mainstream public and political leadership their workload transformed to three or four folded.

Socioeconomic scenarios are addressed with plans and projects of local bodies with enough gender sensitivity. But the implementation as well as the utilization still remains male oriented.

Empowering female with knowledge and training with proper guidance, is not yet fulfilled. Hence providing the above conditions, inequality of power can be avoided ensuring the equality in the society.

# വൈകല്യമുള്ളവരോടുള്ള ഉത്തരവാദിത്വം

**റൊസാരിയോ എലിസബത്ത്**
*എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ*

സമൂഹത്തിലെ എറ്റവും അശരണർ - വൈകല്യമുള്ളവരും, അനാഥ ശിശുക്കളും, വയോവൃദ്ധരുമാണ്. മറ്റേതൊരു വിഭാഗത്തിനും ഇന്ദ്രിയ പ്രവർത്തനവും ചലന ശേഷിയുള്ളതുകൊണ്ട് മനസ്സുല്ലെങ്കിൽ എന്തെങ്കിലും ഒരു തൊഴിൽ ചെയ്തു ജീവിക്കുവാനാകും.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഒരു വീട്ടിലുല്ലെങ്കിൽ മാതാപിതാക്കളു ടെയും, ബന്ധുജനങ്ങളുടേയും ജീവിതം ദുരിതപൂർണ്ണമാണ്. വിധിയാണെന്ന് സ്വയം സാന്ത്വനിച്ച് ഇവർ ദിവസങ്ങൾ പിന്നിടുമ്പോൾ, മറ്റുള്ളവരെപ്പോലെ ഒന്നും ചെയ്യാനാകാതെ, പരസഹായം കൂടാതെ ദൈനംദിന പ്രവൃത്തികൾ നിർവ്വഹിക്കുവാൻ സാധിക്കാതെ, കരുണയുള്ള മനസ്സുകളെ തേടി, സാമൂഹിക പ്രതിബദ്ധതയുള്ളതും മാറ്റങ്ങൾ വരുത്തുവാൻ കരുത്തുമുള്ള രാഷ്ട്രീയ പ്രതിഭകളുടെ ധീരമായ തീരുമാനങ്ങളെയും കാത്ത് വേഴാമ്പലുകളായി കാലചക്രം പിന്നിടുന്ന വൈകല്യമുള്ള സഹോദരങ്ങൾ.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു സാമൂഹ്യ സുരക്ഷാരംഗത്ത് കേരളം വളരെയേറെ പുരോഗതി കൈവരിച്ചിട്ടുണ്ട്. വൈകല്യമുള്ളവർക്കു വേണ്ടിയും ഒട്ടേറെ പദ്ധതികൾ ചെയ്യുവാൻ സാധിച്ചത് ചാരിതാർത്ഥ്യമുളവാക്കുന്നതാണ്.

2001-ലെ സെൻസസ് പ്രകാരം കേരളത്തിൽ 8,60,794 വൈകല്യമുള്ളവർ ഉണ്ടെന്നു കണക്കാക്കിയിരിക്കുന്നു. ഇതിൽ തിരുവനന്തപുരം ജില്ലയിൽ 92,963, കൊല്ലം 82,922, പത്തനംതിട്ട 35,280, ആലപ്പുഴ 63,539, കോട്ടയം 55,732, ഇടുക്കി 36,143, എറണാകുളം 79,234, തൃശ്ശൂർ 74,615, പാലക്കാട് 65,329, മലപ്പുറം 88,430, കോഴിക്കോട് 81,853, വയനാട് 18,401, കണ്ണൂർ 57,931, കാസർഗോഡ് 28,422 എന്നിങ്ങനെപോകുന്നു ജില്ല തിരിച്ചുള്ള കണക്കുകൾ.

സർക്കാർ ജോലി ലഭിക്കുവാൻ 3% സംവരണം നടത്തിയത്, പെൻഷൻ വർദ്ധനവ്, വികലാംഗ സദനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയത്, സാധ്യമായവർക്കെല്ലാം ആവശ്യമായ ഉപകരണങ്ങൾ നൽകുവാൻ സാധിച്ചത്, പ്രാഥമിക വിദ്യാഭ്യാസം മുതൽ ഉന്നതവിദ്യാഭ്യാസം വരെ നേടുവാൻ സാധ്യമാകുന്നതരത്തിൽ സംവിധാനങ്ങൾ ചെയ്തിട്ടുള്ളത്, പുനരധിവാസ കേന്ദ്രങ്ങൾ, യാത്രാ സൗകര്യങ്ങൾ, സർക്കാർ അർദ്ധ സർക്കാർ ഓഫീസുകളിൽ ജോലിക്കും, അന്വേഷണങ്ങൾക്കും, മറ്റു ആവശ്യങ്ങൾക്കും സമീപിക്കുവാൻ ഉതകുന്ന സംവിധാനങ്ങൾ, തൊഴിൽ സംരംഭങ്ങൾ പഠിക്കുന്നതിനും, നടത്തുന്നതിനും വേണ്ടുന്ന പരിശീലനങ്ങൾ, സ്ഥാപനങ്ങൾ, കുറഞ്ഞ പൈസയ്ക്കു ഭൂമി, വീട് എന്നിങ്ങനെ ഇവർക്കായി അനവധി കാര്യങ്ങൾ നാം ചെയ്തു.

വൈകല്യമുള്ളലർക്ക് ആനുകൂല്യങ്ങൾ ലഭ്യമാകണമെങ്കിൽ അവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും, ഐഡന്റിറ്റി കാർഡും ഉണ്ടായിരിക്കണം. കേരളം പിറന്നിട്ട് കഴിഞ്ഞ 2009 ആഗസ്റ്റ് വരെ 1,31,923 പേർക്ക് മാത്രമാണ് തിരിച്ചറിയൽ കാർഡ് ലഭ്യമായിരുന്നത്. ഒരു തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിന് വൈകല്യമുള്ളവർ കഷ്ടപ്പാട് ഏറെ അനുഭവിച്ചിരുന്നു. ഈ ദുരവസ്ഥയ്ക്ക് പരിഹാരം കാണുവാൻ ഈ സർക്കാരിന്റെ

നിശ്ചയദാർഢ്യത്തിനു കഴിഞ്ഞു. കേരളത്തിലെ 999 പഞ്ചായത്തുകളിലും, 56 മുൻസിപ്പാലിറ്റികളിലും, 5 കോർപ്പറേഷനുകളിലും മെഡിക്കൽ ബോർഡുകൾ രൂപീകരിച്ച് വൈകല്യ നിർണ്ണയം നടത്തുവാനും, തത്സമയം തന്നെ മെഡിക്കൽ സർട്ടിഫിക്കറ്റും, തിരിച്ചറിയൽ കാർഡും നൽകുന്നതിനും സംസ്ഥാനത്തെ മുഴുവൻ വൈകല്യമുള്ളവർക്കും മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകി അർഹമായ ആവശ്യങ്ങൾക്കും ആനുകൂല്യങ്ങൾക്കും ഇവരെ അർഹരാക്കുവാൻ പര്യാപ്തമായ ഒരു ധീര തീരുമാനം സർക്കാർ എടുക്കുകയും, ഈ ചുമതല കേരള സാമൂഹ്യ സുരക്ഷാമിഷനിലൂടെ പൂർത്തീകരിച്ചത് ഇവരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ചെയ്ത ധീരമായ കാൽവെയ്പ്പാണ്.

ഒരു മെഡിക്കൽ സർട്ടിഫിക്കറ്റും, തിരിച്ചറിയൽ കാർഡും സ്വന്തം വീടിന്റെ പരിസരത്തുനിന്നും വാങ്ങുവാൻ എല്ലാവർക്കും അവസരം ഒരുക്കിയതിലൂടെ വിദ്യാഭ്യാസം നേടുവാൻ, ജോലി തേടുവാൻ, ചെറിയ സംരംഭങ്ങൾ തുടങ്ങുവാൻ കുറഞ്ഞ പലിശയ്ക്ക് ലോൺ തരപ്പെടുത്തുവാൻ, കെ. എസ്. ആർ. റ്റി. സി. ബസുകളിൽ സഞ്ചരിക്കുവാൻ, വിവാഹ സഹായത്തിനായുള്ള സഹായം ലഭിക്കുവാൻ, പെൻഷൻ ലഭിക്കുവാൻ തുടങ്ങിയ ഒട്ടനവധി ആനുകൂല്യങ്ങൾ ലഭിക്കുവാൻ ഈ മെഡിക്കൽ സർട്ടിഫിക്കറ്റും, തിരിച്ചറിയൽ കാർഡും ആധികാരിക രേഖയാക്കി ഉജ്ജ്വലമായ ഒരു സർക്കാർ ഉത്തരവിലൂടെ പരിരക്ഷ നൽകിയതും വൈകല്യമുള്ളവരെ ബഹുദൂരം മുന്നോട്ടു സഞ്ചരിക്കുവാൻ പര്യാപ്തമാക്കിയതും തിളക്കമുള്ള നേട്ടമാണ്.

വികസിത രാജ്യങ്ങളിൽ പരിപൂർണ്ണമായ സംരക്ഷണം എല്ലാ മേഖലയിലും വൈകല്യമുള്ളവർക്കു ലഭിക്കുന്നുണ്ട്. ഈ പദ്ധതി പൂർത്തീകരിച്ചതോടെ വൈകല്യ പരിപാലനത്തിനും, ക്ഷേമത്തിനും, സുരക്ഷിതത്വത്തിനും കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മാതൃകാപരമായി മുന്നേറ്റം നടത്തി. കേരളം ദുർബല ജനവിഭാഗ പരിപാലനയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിൽ നിൽക്കുന്നതുപോലെ വൈകല്യമുള്ള സഹോദരങ്ങളുടെ ജീവിത നിലവാരം ഉന്നതമായ നിലയിൽ എത്തിക്കുന്നതിന് ഇവരുടെ സമ്പൂർണ്ണ ഉന്നമനത്തിനായി ഇനിയും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടത് ഉത്തരവാദിത്വമുള്ള ഏവരുടെയും കടമയാണ്.

# APPLICATION OF SCIENCE AND TECHNOLOGY IN RESOLVING RESOURCE USE CONFLICT: A CASE OF VEMBANAD LAKE, KERALA

**Srikumar Chattopadhyay**

*Centre for Earth Science Studies, Thiruvananthapuram*

Apart from providing invaluable ecological services the Vembaand estuary in Kerala is a direct source of livelihood for a large section of people particularly those drawing sustenance from agriculture, fisheries, lime shell collection, tourism and transport. The fertile agricultural land along the southern and eastern border of this estuary not only supplies food for the local people but also contribute to the food basket of the State. Thanneermukkom barrage was constructed across this estuary in late seventies to prevent salt water intrusion in the paddy field during non-monsoon season. The southern part of this estuary is virtually a fresh water body facilitating paddy cultivation through out the year. While paddy growers were benefitted the fisher folk, lime shell collectors, and aqua- culturists are facing hardship. This has given rise to conflicts in resource use, which is manifested through variations in closing period of the Thanneermukkom barrage over the years. In the early years the barrage was closed for six months which has come down to three months in some years. Ecological degradation of the estuarine water is another problem affecting human lives. How do we reap the benefit of the barrage and at the same time restore the ecological condition of the water body, so that fish and aquatic lives are sustained? This paper intends to discuss these issues and highlight role of science and technology in resolving the conflicts.

# ഭക്ഷ്യസുരക്ഷാനിയമവും കേരളവും

അഡ്വ: എ. സമ്പത്ത് എം.പി

രണ്ടാം യുപിഎ സർക്കാരിന്റെ രണ്ടാം വാർഷികമാവുമ്പോഴും സഫലമാകാത്ത ഒരു സ്വപ്ന പദ്ധതി യാണ് ഭക്ഷ്യസുരക്ഷാനിയമം. 15-ാം ലോകസഭാ തെരഞ്ഞെടുപ്പിനുശേഷം ചേർന്ന പാർലമമെന്റിന്റെ ആദ്യത്തെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്തു കൊണ്ട് രാഷ്ട്രപതി പ്രതിഭാസിംഗ് ദേവി പട്ടീൽ എടുത്തുപറഞ്ഞ പരിപാടികളിലൊന്നാണിത്.

ഭക്ഷ്യമേഖല അടിയന്തിര പ്രാധാന്യമുള്ളതും സാധാരണക്കാരും നിശ്ചിതവരുമാനക്കാരുമായ കുടുംബങ്ങളുടെ ആരോഗ്യ സുരക്ഷയെ ബാധി ക്കുന്നതുമാണ്. ഭാരതത്തിലെ ആകെ ജനസംഖ്യ യുടെ പകുതിയോളം ദാരിദ്ര്യരേഖയ്ക്ക് താഴെ യാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. കൃത്യമായ എണ്ണത്തിന്റെയും ശതമാനത്തിന്റെയും കാര്യത്തിലേ തർക്കമുള്ളൂ. ആസൂത്രണ കമ്മീ ഷന്റെ തന്നെ റിപ്പോർട്ടനുസരിച്ച് ശരാശരി ദാരിദ്ര്യം 37.2% ആണ്. ഗ്രാമീണമേഖലയിലെ 41.8% ഉം നഗരമേഖലയിലെ 25.7% ഉം ജനങ്ങൾ ദരിദ്രരാണ്. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിനു മുമ്പ് പുറത്തിറങ്ങിയ സാമ്പത്തിക സർവ്വേ റിപ്പോർട്ട് 2009-2010 high double digit food inflation (വർദ്ധിച്ച തോതിലുള്ള ഇരട്ട അക്ക ഭക്ഷ്യ വിലക്കയറ്റം) നെ കുറിച്ച് പ്രതിപാദിച്ചു കൊണ്ടാണ് ആരംഭിക്കുന്നതുതന്നെ (ഖണ്ഡിക 1.4, പേജ് 3, അധ്യായം-1) 2010 ജനുവരി 30 ലെ സ്ഥിതിവച്ച് പ്രാഥമിക ഭക്ഷ്യവസ്തുക്കൾക്ക് 17.9 % വും ഇന്ധനം, ഊർജ്ജം, വെളിച്ചം മുതലായ വക്ക് 10.4% വും വിലവർദ്ധനവുണ്ടായതായി സമ്മ തിക്കുന്നു.

വരുമാനത്തിന്റെ പകുതിയോളവും ഭക്ഷണ ത്തിന് മാത്രമായി ചെലവഴിക്കേണ്ടിവരിക! പ്രതി ശീർഷ വരുമാനത്തിന്റെയും ഉപഭോഗത്തിന്റേയും വളർച്ചാനിരക്കിൽ സമീപകാലത്ത് കുറവാണു ണ്ടായത്. (യഥാക്രമം 2007-08 ൽ 8.1% വും 8.3% ൽ നിന്ന് 2008-09 ൽ 3.7% വും 5.4% വും 2009-10 ൽ 5.3% വും 2.7% ആയി വളർച്ച മുരടിച്ചു.) ഏതാണ്ട് 233.88 ദശലക്ഷം ടൺ ഭക്ഷ്യധാന്യം 2008-09ലും 230.78 ദശലക്ഷം ടൺ 2007-08 ലും 217.28 ദശലക്ഷം ടൺ 2006-07 ലും ഉൽപാദനമു ണ്ടായി. എന്നാൽ 2009-10 ലെ ഖാരിഫ് വിളവെ ടുപ്പ് കാലത്ത് മാത്രം മൊത്തം കൃഷിഭൂമിയുടെ 6.5% (46.18 ലക്ഷം ഹെക്ടർ) കുറഞ്ഞു.

അരി, ഗോതമ്പ്, മറ്റ് ഭക്ഷ്യധാന്യങ്ങൾ, പയ റുവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, പഞ്ചസാര, പരുത്തി എന്നിവയുടെ കൃഷിഭൂമിയുടെ വളർച്ചാ നിരക്കും, ഉൽപാദന വളർച്ചാനിരക്കും ജന സംഖ്യാ വർദ്ധന നേരിടുന്ന ഒരു വികസ്വര രാഷ്ട്ര ത്തിന് ഒട്ടും ആശ്വാസകരമല്ല.

2011 ആരംഭത്തിലും സ്ഥിതി വീണ്ടും പഴ യതു തന്നെ. 2010 വർഷാന്ത്യത്തിൽ ഭക്ഷ്യവില സൂചിക 12.13% ൽ എത്തി. ഉള്ളിവില അനിയന്ത്രി തമായി വർദ്ധിച്ചതാണ് കാരണമെന്ന് ധനമന്ത്രി പ്രണബ് മുഖർജി. ഉള്ളി വിലയിൽ മാത്രം 33.48% വർദ്ധന! പഴവർഗ്ഗങ്ങൾക്ക് 20.15% മുട്ട, മൽസ്യം, മാംസം എന്നിവയ്ക്ക് 19.35% പച്ചക്കറികൾക്ക് 15.54%, പാൽ 17.83% എന്നിങ്ങനെ വിലകൂടിയെന്ന് കേന്ദ്രസർക്കാർ തന്നെ പറയുന്നു.

എന്നാൽ വില വർദ്ധന തടയാനായി ഫല പ്രദമായ യാതൊരു നടപടികളും കൈക്കൊ ള്ളാൻ ഭാരത സർക്കാർ തയ്യാറായിട്ടില്ല. ഭക്ഷ്യ മേഖല കമ്പോളശക്തികളുടെ യഥേഷ്ട വിഹാര ത്തിനായി തുറന്നുകൊടുത്തിരിക്കയാണ്. റീട്ടെ യിൽ വ്യാപാര രംഗത്തേക്ക് വമ്പൻ കമ്പനികളാണ്

കടന്നുവരുന്നത്. ഉൽപാദനം, ശേഖരണം, കടത്ത്, സംഭരണം, വിപണനം, ലഭ്യത, വില - ഇവയെല്ലാം നിയന്ത്രിക്കുന്നത് അക്കൂട്ടരായിരിക്കും.

ഭൂപരിഷ്കരണമുൾപ്പെടെയുള്ള കാർഷിക പരിഷ്കരണനടപടികൾ രാജ്യത്ത് നിലച്ചമട്ടാണ്. കർഷകന് 4% പലിശനിരക്കിൽ കൃത്യമായി വായ്പയും ഇൻഷ്വറൻസും സാങ്കേതിക സഹായങ്ങളും നൽകുന്ന കാര്യം മുൻഗണനയിലുള്ളതല്ല. ഗ്രാമീണ മേഖലയിൽ ആകർഷണീയമായ തൊഴിലവസരങ്ങളും കൃത്യമായ വേതനവും നൽകാൻ കേന്ദ്രസർക്കാർ അലംഭാവം കാട്ടുന്നു. കൃഷിഭൂമി തന്നെ വൻതോതിൽ റിയൽ എസ്റ്റേറ്റ് ആവശ്യങ്ങൾക്കായി ചുളു വിലയ്ക്ക് വൻകിട കമ്പനികൾ വാങ്ങിക്കൂട്ടുകയോ പല സംസ്ഥാന സർക്കാരുകളും ലാന്റ് അക്വസിഷൻ ആക്ട് ഉപയോഗിച്ച് വിവിധ ആവശ്യങ്ങൾക്കായി ഏറ്റെടുക്കുകയോ ചെയ്യുന്നു.

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പ്രവർത്തനങ്ങൾ മരവിപ്പിക്കുകയോ, സ്വകാര്യവൽക്കരണത്തിന്റെ പാതയിലേക്ക് തള്ളിവിടുകയോ ചെയ്യുന്നു. (നാലു കോടിയോളം ടൺ ഭക്ഷ്യധാന്യം സംഭരിക്കപ്പെടുന്നതിൽ പകുതി ഗോതമ്പും പകുതി അരിയുമാണ്. പഞ്ചസാര, പയറുവർഗ്ഗങ്ങൾ മുതലായവ എഫ്.സി.ഐ. ഇപ്പോൾ സംഭരിക്കാറില്ല!)

രണ്ടാം യുപിഎ സർക്കാരിന്റെ കാലത്തെ അതിരൂക്ഷമായ വിലക്കയറ്റത്തിന് പ്രധാന കാരണം പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവാണ്. ഏഴു തവണയാണ് ഇതുവരെയായി പെട്രോളിന് വില കൂട്ടിയത്. ചരിത്രത്തിലെ തന്നെ റെക്കാർഡാണിത്. കരിഞ്ചന്തയും പൂഴ്ത്തിവയ്പും ഏറുകയും പൊതുവിതരണ സമ്പ്രദായം പാടെ തകർക്കപ്പെടുകയുമാണ്. ഭക്ഷ്യകമ്പോളത്തിൽ ഊഹക്കച്ചവടം നാട്ടുനടപ്പായി. പൂഴ്ത്തിവയ്പുകാരും കരിഞ്ചന്തക്കാരും മുമ്പ് വ്യക്തികളായിരുന്നെങ്കിൽ ഇന്ന് വൻകിട വ്യവസായ കുത്തകകളാണ്. നിയമങ്ങളൊന്നും അവരെ വേട്ടയാടാറില്ല. നിത്യോപയോഗ വസ്തുക്കളുടെ കുതിച്ചുയരുന്ന വിലകൾ സാമാന്യ ജനങ്ങളെ വേട്ടയാടുന്നുതാനും.

കേരളത്തിന്റെ സമ്പദ്ഘടനയിൽ സർക്കാരിന്റേയും പൊതുമേഖലയുടെയും സഹകരണ സ്ഥാപനങ്ങളുടെയും സ്വാധീനവും പ്രസക്തിയും പ്രശംസനീയമാണ്. രാജ്യത്തെ ഏറ്റവും മെച്ചപ്പെട്ട സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായത്തെയാണ് എപിഎൽ, ബിപിഎൽ കാർഡ് വിഭജനത്തിലൂടെ കേന്ദ്രം തകർത്തത്. രാജ്യത്തെ ബിപിഎൽ മാനദണ്ഡങ്ങൾ പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുക്കുന്നില്ല. ആ കണക്കുകൾ പലപ്പോഴും തർക്കങ്ങൾക്കിടയാക്കുന്നുമുണ്ട്. യഥാർത്ഥ ബിപിഎൽ കാർ മിക്കപ്പോഴും ബ്യൂറോക്രാറ്റിക് അനാസ്ഥയോ, താൽക്കാലികമായ പ്രതിഭാസങ്ങളോ കാരണം എപിഎൽ ആക്കപ്പെടുന്നു. എപിഎൽ കാർഡുകാരുടെ ഭക്ഷ്യധാന്യ വിഹിതമാകട്ടെ, പലപ്പോഴും വിലക്കൂടുതലുമാണ്. ഇതാണ് റേഷൻ ഓഫ് ടേക്ക് (off-take) സംബന്ധിച്ച കേന്ദ്ര-സംസ്ഥാന തർക്കങ്ങൾക്ക് നിദാനമാകുന്ന ഒരു ഘടകം. പ്രതിമാസം 25 കിലോഗ്രാം ഭക്ഷ്യധാന്യം മൂന്ന് രൂപാ നിരക്കിൽ ബിപിഎൽ കാർക്ക് നൽകലാണ് ആദ്യം പ്രഖ്യാപിക്കപ്പെട്ട ഭക്ഷ്യസുരക്ഷാബില്ലിന്റെ കാതൽ. ആ ബിൽ ഇപ്പോഴും ചർച്ചകളിൽ കുടുങ്ങിക്കിടപ്പാണ്. കേരളമാകട്ടെ, 35 കിലോഗ്രാം വീതം രണ്ടുരൂപാ ക്രമത്തിൽ നൽകാൻ ആരംഭിച്ചുകഴിഞ്ഞു. തമിഴ്നാട് ഭക്ഷ്യമിച്ച സംസ്ഥാനമാണ്. അവർ ഭക്ഷ്യസുരക്ഷാ നിയമത്തിനുകീഴിൽ എങ്ങനെയാണ് ഇനി മെച്ചം പ്രകടനം കാഴ്ചവയ്ക്കുക?

എന്നാൽ കേരളമാകട്ടെ, സംസ്ഥാന പുന:സംഘടനയ്ക്കുശേഷം നെൽകൃഷി ചെയ്യുന്ന ഭൂമിയുടേയും അതിന്റെ ഉൽപാദനത്തിലും കുറവ് രേഖപ്പെടുത്തിവരുന്നു. (അതിന് നിരവധി കാരണങ്ങളുണ്ട്.) ഇപ്പോൾ നമ്മുടെ സംസ്ഥാനത്തിനാവശ്യമുള്ള നെല്ലരിയുടെ 90% അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഗോതമ്പും പഞ്ചസാരയും തേങ്ങ, എണ്ണ ഒഴികെയുള്ള ഭക്ഷ്യയെണ്ണയും പയർ, ഉഴുന്ന്, പരിപ്പ്, കടല മുതലായവയും ഏതാണ്ട് പൂർണ്ണമായും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. പച്ചക്കറി, മുട്ട, മാംസം, പാൽ എന്നിവയ്ക്കും നാം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. നല്ലൊരു ഭക്ഷ്യകമ്പോളമായി മാത്രമാണ് കുത്തക വ്യാപാരികൾ കേരളത്തെ കാണുന്നത്. ഇന്ധന വിലയിലെ വൻവർദ്ധനവ് തിരിച്ചുപോക്കില്ലാത്ത വിലക്കയറ്റമാണ് ഈ രംഗത്തുണ്ടാക്കിയിരിക്കുന്നത്.

ഭക്ഷ്യ സുരക്ഷാനിയമത്തിന്റെ ബാധ്യതകൾ സംസ്ഥാന സർക്കാരുകൾക്കുമേൽ കെട്ടിവയ്ക്കാനും പ്രസംഗവേദി സ്വന്തമാക്കാനുമാണ് യുപിഎ സർക്കാരിന്റെ ശ്രമം. വാസ്തവത്തിൽ പൊതുവിതരണ സമ്പ്രദായം രാജ്യത്തെമ്പാടും ഉടനടി ശക്തമാക്കുകയാണ് വേണ്ടത്. അല്ലാതെ ഇപ്പോൾ ആലോചനയിലിരിക്കുന്ന ഭക്ഷ്യകൂപ്പണുകളും മറ്റ് സബ്സിഡി കൂപ്പണുകളും വിതരണം ചെയ്യലല്ല. ഭക്ഷ്യാവശ്യങ്ങൾക്കുള്ള സാധനങ്ങളിൽ എപിഎൽ, ബിപിഎൽ വ്യത്യാസം പാടില്ല. കേരളത്തിലെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം പരിഷ്കരിക്കാനും ശക്തിപ്പെടുത്താനും കേന്ദ്ര സർക്കാർ എല്ലാ വിധ സഹായവും നൽകണം. ഊഹക്കച്ചവടക്കാരുടെ ഒളിയും മറ കേമറശിഴ സമ്പ്രദായങ്ങളുമായി ഏറ്റുമുട്ടി മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൂടിയ വിലയ്ക്ക് ഭക്ഷ്യവസ്തുക്കൾ സംസ്ഥാന ഗവൺമെന്റ് വാങ്ങി കുറഞ്ഞ വിലയ്ക്ക് ആഭ്യന്തര കമ്പോളത്തിൽ ലഭ്യമാക്കുന്നതിന് വഹിക്കുന്ന ചെലവിന്റെ ഒരു പങ്ക് കേന്ദ്ര സർക്കാരും വഹിക്കണം. (സമീപകാലത്ത് ഉള്ളി കയറ്റുമതിക്കാർക്ക് കയറ്റുമതി സബ്സിഡിയും പിന്നീട് ഇറക്കുമതിക്ക് നികുതിയിളവും നൽകിയ കേന്ദ്രത്തിന് ഇക്കാര്യത്തിൽ മാത്രമെന്തേ പിടിവാശി?)

ഇന്ത്യൻ കാർഷിക, ഭക്ഷ്യമേഖലകളിൽ വമ്പൻ ബഹുരാഷ്ട്ര കുത്തകകളും ഇന്ത്യൻ കുത്തകകളും പിടിമുറുക്കുകയാണ്. ഭാരതസർക്കാർ തന്നെയാണ് അതിനുള്ള വഴിയൊരുക്കുന്നതും. കഴിഞ്ഞ നൂറ്റാണ്ടിലെ ബ്രിട്ടീഷിന്ത്യയിലെ ബംഗാൾ ക്ഷാമം മോശപ്പെട്ട കാലവസ്ഥയോ, വിളവെടുപ്പ് ചതിച്ചതുകൊണ്ടോ ആയിരുന്നില്ലാ എന്നോർക്കുക. ലക്ഷക്കണക്കിന് മനുഷ്യർ വിശന്ന് പൊരിയുകയും പട്ടിണിമൂലം മരിച്ചുവീഴുകയും ചെയ്യുമ്പോഴും ഭക്ഷ്യഭണ്ഡാരങ്ങൾ നിറഞ്ഞുകുമിഞ്ഞ് കിടക്കുകയായിരുന്നു!

# കേരളം മാലിന്യ മുക്തമാക്കാൻ എന്തൊക്കെ ചെയ്യാം

സി. ജയകുമാർ

മലയാളികളെ പൊതുവെ വൃത്തിയുള്ള വരായും വൃത്തിബോധമുള്ളവരായും കാണു ന്നവരാണ് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളും ജനതയും. വ്യക്തി ശുചിത്വത്തിലെ അതീവ ജാഗ്രത കാരണം നമ്മുടെ കമ്പോളങ്ങളിലെ വില്പനയിൽ ശുചിത്വവും വൃത്തിയുമായി ബന്ധപ്പെട്ട ഉല്പന്നങ്ങൾക്ക് നല്ല മാർക്കറ്റ് ഷെയർ ഉണ്ട് എന്നത് മറ്റൊരു കാര്യം. സാമൂഹിക ശുചിത്വത്തിന്റെ ഉത്തരവാദിത്വത്തിലും പൊതു സ്ഥലങ്ങൾ വ്യക്തിയാക്കി സൂക്ഷിക്കാനും നമുക്ക് പക്ഷെ തീരെ താത്പര്യമില്ലായെന്നത് ഈ സമൂഹത്തിന്റെ അപചയ സൂചനയായി കാണാൻ തയ്യാറാവണം.

കഴിഞ്ഞ രണ്ടിലധികം ദശകമായി നമ്മുടെ നാട്ടിൽ നടപ്പിലാക്കിയ മാലിന്യ നിർമ്മാർജ്ജന പദ്ധതികളെല്ലാം തന്നെ അതുകൊണ്ട് ചിതറി ക്കിടന്നിരുന്ന മാലിന്യങ്ങളെ ശേഖരിച്ച് ഒരിടത്ത് എത്തിക്കാൻ സംവിധാനമൊരുക്കുന്നതിൽ ഏറെ ശ്രദ്ധിക്കുകയും വിജയിക്കുകയും ചെയ്തു. അങ്ങനെ ഓരോ പ്രദേശത്തിനും അവിടത്തെ നാറുന്ന ഇടങ്ങളെ സൃഷ്ടിക്കാനും മാലിന്യക്കൂമ്പാരങ്ങളുണ്ടാക്കാനും ഇടയായി എന്നതു കൊണ്ട് മാലിന്യ മുക്തമാക്കാനുള്ള വഴിയിലേക്ക് നാം വളരെ പതുക്കെയാണ് പോകുന്നത് എന്ന് പറയേണ്ടിവരും. ഇന്ത്യയ്ക്ക് തന്നെ മാതൃകയായ വളരെ പുരോഗമനപരമായ ഒരു ശുചിത്വകേരള നയം നമുക്കുണ്ട്. വേസ്റ്റ്ബിന്നിൽ തുടങ്ങി കേന്ദ്രീകൃത സംവിധാനങ്ങളുടെ പരാജയത്തി ലെത്തി നിൽക്കുന്നതാണ് മാലിന്യ നിർമ്മാർ ജ്ജന പ്രവർത്തനങ്ങൾ. വീടുകളിലെ മാലിന്യ ങ്ങൾ ശേഖരിച്ച് വാഹനങ്ങളിലെത്തിക്കുന്ന കുടുംബശ്രീയുടെയും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായ ഇടപെടലുകൾ ഏകോകിപ്പിച്ച് ഒരു സമഗ്ര വിഭവങ്ങൾ കൈകാ ര്യം ചെയ്യുന്ന പദ്ധതിയാക്കാൻ നമുക്ക് മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളെ പുനസംവി ധാനം ചെയ്യേണ്ടതുണ്ട്. പാഴ്‌വസ്തുക്കളെ കൈകാര്യം ചെയ്യുന്ന പരിപാടിയിലേക്ക് നമ്മുടെ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ മാറിയി ല്ലെങ്കിൽ നാറുന്ന ഇടങ്ങൾക്കിടയിലെ ജനക്കൂ ട്ടത്തിലേക്കാണ് നമ്മുടെ യാത്ര.

പാഴ്‌വസ്തുക്കളെ കൈകാര്യം ചെയ്യാൻ ആദ്യം തന്നെ അവയുടെ ഉറവിടത്തു തന്നെയോ ഉത്ഭവസ്ഥാനത്ത് തന്നെയോ ഉണ്ടാക്കുന്നവരുടെ പങ്കാളിത്തത്തോടെ അവ വേർതിരിച്ച് ശേഖരി ക്കാൻ സംവിധാന മുണ്ടാക്കേണ്ടിയിരിക്കുന്നു. എളുപ്പം ജൈവവിഘടനത്തിനു വിധേയമാകുന്ന വസ്തുക്കളെ അതതു പ്രദേശത്തു തന്നെ നിർ മ്മാർജ്ജനം ചെയ്ത് വിഭവങ്ങൾ ആക്കി മാറ്റാൻ നമുക്ക് സംവിധാനങ്ങൾ ഉണ്ടാക്കേണ്ടിയിരി ക്കുന്നു. ഇങ്ങനെ ചെയ്യാൻ പറ്റാത്തവയെ പ്രാദേശിക Resource Recovery Centre സ്ഥാപിച്ച് റിപ്പയർ ചെയ്യാനോ പുനർ നിർമ്മിക്കാനോ പുനരുപയോഗ ഉല്പന്നങ്ങളുണ്ടാക്കാനോ പറ്റണം. ഇവയെല്ലാം ചെയ്യാൻ പറ്റിയാൽ നമ്മുടെ ഇന്നത്തെ പ്രശ്നത്തിന്റെ 90% ത്തോളം പരിഹരി ക്കാൻ കഴിയും. മാലിന്യങ്ങൾ കൊണ്ടുപോകാൻ (Transport) വേണ്ടി വരുന്ന ചെലവുകളും മാലിന്യക്കൂമ്പാരം ഒഴിവാക്കുന്നതു വഴിയുള്ള പ്രത്യക്ഷവും പരോക്ഷവുമായ ചെലവുകൾ

ഒഴിവാകുന്നതും മാത്രം കണക്കാക്കിയാൽ ഇത്തരം പുനർ സംവിധാനം നമുക്ക് വളരെയധികം ലാഭകരമായ ഒന്നായിത്തീരും.

മാലിന്യങ്ങൾ കൊണ്ടുപോകുന്നതും (Transport) കത്തിക്കുന്നതും (Burning) വലിച്ചെറിയുന്നതും (Dumping) പൂർണ്ണമായി ഇല്ലാതാക്കാൻ കഴിഞ്ഞാൽ കേരളം മാലിന്യമുക്തമാകുന്നതിന്റെ ദൃശ്യമാകുന്ന അളക്കാവുന്നസൂചനകളായ നമ്മുടെ പാഴ്വസ്തു കൈകാര്യം ചെയ്യുന്ന മാറിയിരിക്കും. പ്ലാസ്റ്റിക്കിനു കൊടുക്കുന്ന സബ്സിഡി പരമ്പരാഗത ഉല്പന്നങ്ങൾക്കും വസ്തുക്കൾക്കും കൊടുക്കുകയോ അല്ലെങ്കിൽ പ്ലാസ്റ്റിക്കിന്റെ സബ്സിഡി നിർത്തുകയോ ചെയ്യണം. വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക്, ബാറ്ററികൾ, ഫ്ളൂറസെന്റ് വിളക്കുകൾ, മരുന്നുകൾ തുടങ്ങി മാരക വസ്തുക്കളെ കൈകാര്യം ഉല്പാദകരുടെ ഉത്തരവാദിത്വത്തിൽ Extended Producers Responsibility (EPR) നടപ്പിലാക്കാൻ പറ്റിയാൽ പിന്നെ കേരളത്തിന്റെ മാലിന്യനിർമ്മാർജ്ജനം ഇന്നുള്ളതിന്റെ 2-3 % മാത്രമായി ചുരുങ്ങും. അത് കൈകാര്യം ചെയ്യാൻ സംവിധാനങ്ങളുണ്ടാക്കാൻ നമുക്ക് സാങ്കേതിക വിദ്യകൾ തന്നെ ധാരാളമുണ്ട്.

നാം ഇന്നനുഭവിക്കുന്ന മാലിന്യ പ്രശ്നം ഒരു സമൂഹത്തിന്റെ പാഴ്വസ്തുക്കളോടുള്ള വികലമായ കാഴ്ചപാടിന്റെ സൃഷ്ടിയാണ്. അതുകൊണ്ടുതന്നെ പാഴ്വസ്തുക്കളെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുകയും അനാവശ്യ വർദ്ധനഉണ്ടാകാത്ത രീതിയിലേക്ക് നമ്മുടെ ഉപഭോഗ സംസ്കാരത്തെ മാറ്റുകയും ചെയ്യുകയെന്നത് മാലിന്യനിർമ്മാർജ്ജനത്തിന് ഇന്ന് ഏറ്റവും അത്യാവശ്യം. നിർഭാഗ്യവശാൽ ഇത്തരം പ്രവർത്തനങ്ങൾ ചെറിയ ചില പരീക്ഷണങ്ങളും തുടക്കങ്ങളുമായി ചുരുങ്ങി എന്നതിനെ മാറ്റി മുഖ്യധാരാ പ്രവർത്തനമാക്കാൻ നമുക്ക് അടുത്ത 5വർഷത്തേക്കൊരു കർമ്മ പദ്ധതിയുണ്ടാക്കിയാൽ തീരുന്നതേയുള്ളൂ മാലിന്യപ്രശ്നം.

# തൊഴിൽസംരക്ഷണ ക്ഷേമരംഗം

കെ.പി. മേരി

കേരളം, ബംഗാൾ, ത്രിപുര സംസ്ഥാനങ്ങളിലെ ഇടതുപക്ഷ ഗവൺമെന്റുകൾ ഈ കാലഘട്ടത്തിൽ നടപ്പിലാക്കിയ സാമൂഹ്യസുരക്ഷാ നടപടികൾ ശ്രദ്ധേയവും മാതൃകാപരവുമാണ്. ഈ ഗവൺമെന്റുകൾ നടപ്പിലാക്കിയ നിയമപരിഷ്ക്കാരങ്ങളും നീതിനിർവ്വഹണങ്ങളും വിപുലപ്പെടുത്തുകയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. പണിയെടുക്കുന്നവരുടെയും പ്രതിസന്ധി നേരിടുന്നവരുടെയും ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കാനും സംരക്ഷിക്കാനും ഉതകുന്ന നടപടികൾ വിപുലപ്പെടുത്തുന്നതിൽ ഗവൺമെന്റിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചേ മതിയാകൂ. തകർച്ച നേരിടുന്ന ദുർബ്ബലജനവിഭാഗങ്ങളുടെ സംരക്ഷണം സ്വന്തം ഉത്തരവാദിത്വമായി ഏറ്റെടുക്കുന്ന ഒരു നയസമീപനം തന്നെ ഗവൺമെന്റുകൾക്ക് ഉണ്ടായേ തീരു. അതുവഴി മാത്രമേ കേരളത്തിന്റെ പുരോഗതിയും അതിജീവനവും ഉറപ്പാക്കുവാൻ കഴിയുകയുള്ളൂ. ഇതിന് സഹായകരമായ ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

- കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്കും സാധാരണ ജനങ്ങൾക്കും കുറഞ്ഞ നിരക്കിൽ ഭക്ഷ്യവസ്തുക്കൾ നൽകുന്നതിനുള്ള സംവിധാനം വിപുലപ്പെടുത്തുക.
- വർദ്ധിച്ചുവരുന്ന ചികിത്സാചെലവുകൾ താങ്ങാൻ കഴിയാത്ത തൊഴിലാളി വിഭാഗങ്ങൾക്കും സാധാരണ ജനങ്ങൾക്കും ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ ഉതകുന്ന സൗകര്യങ്ങൾ വിപുലപ്പെടുത്തുക. ഈ വിഭാഗങ്ങളുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലപ്പെടുത്തുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.
- സാധാരണക്കാരന്റെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.
- സംസ്ഥാനത്ത് തൊഴിലാളികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും രൂപം കൊടുത്തിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും കാലാനുസൃതമായി ഭേദഗതികൾ വരുത്തി വിപുലപ്പെടുത്തേണ്ടതുണ്ട്.
- തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ ബാധ്യതപ്പെട്ട തൊഴിൽവകുപ്പ് വിപുലപ്പെടുത്തണം.
- ആവശ്യാനുസരണം തൊഴിലാളികളെ ലഭിക്കാത്ത നിരവധി മേഖലകളുണ്ട് (കാർഷിക മേഖല). ഓരോ മേഖലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് ലേബർ ബാങ്കുകൾ സ്ഥാപിക്കണം. ഇതുവഴി തൊഴിൽസംരക്ഷണവും ക്ഷേമപ്രവർത്തനങ്ങളും ഉറപ്പാക്കാം.
- തൊഴിലെടുക്കുന്ന സ്ത്രീകളിൽ 96 % വും പണിയെടുക്കുന്നത് തൊഴിൽ സുരക്ഷയും സാമൂഹ്യസുരക്ഷയും വരുമാന സുരക്ഷയും ഇല്ലാത്ത അസംഘടിത മേഖലയിലാണ്. അസംഘടിത മേഖല കേന്ദ്രീകരിച്ച് തൊഴിലവസരങ്ങളുടെ പരമാവധി വളർച്ചയ്ക്ക് പ്രത്യേക നയങ്ങളും പരിപാടികളും അംഗീകരിച്ച് നടപ്പിലാക്കണം. തൊഴിലാളികൾക്ക് സുരക്ഷാ ക്ഷേമനിധി ഫണ്ട് ഏർപ്പെടുത്തുക. ഈ മേഖലയിലെ സ്ത്രീകൾക്ക് മിനിമം കൂലിയും 8 മണിക്കൂർ ജോലി സമയവും ഉറപ്പാക്കാൻ കഴിയണം. കൂടാതെ ഈ വിഭാഗം തൊഴിലാളികൾക്ക് വീടുനിർമ്മാണം, ആരോഗ്യ - വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, പ്രസവാനുകൂല്യങ്ങൾ, അബോർഷൻ

ആനുകൂല്യങ്ങൾ എന്നിവ നൽകേണ്ടതാണ്.

- എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാക്കുക. തൊഴിലാളികളായ സ്ത്രീകൾക്ക് ഇ.എസ്.ഐ. കൂടാതെ ക്യാൻസർ, ടി.ബി. ഹോസ്പിറ്റലുകളിൽ പ്രത്യേക പരിഗണന നൽകുക.
- തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ നൽകുന്നതോടൊപ്പം പ്രാദേശിക സർക്കാരുകളുടെ മേൽനോട്ടത്തിൽ വൃദ്ധപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുക.
- ഗ്രാമ-നഗര പ്രദേശങ്ങളിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്കായി കുറഞ്ഞ നിരക്കിൽ ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ/ തോട്ടങ്ങൾ/ ഫാക്ടറികളോടനുബന്ധിച്ച് കുട്ടികളുടെ പരിപാലനം ലക്ഷ്യമാക്കി ശിശുപരിപാലന കേന്ദ്രവും ഡേ കെയർ സ്ഥാപനങ്ങളും സ്ഥാപിക്കുക. കുട്ടികൾക്ക് മുലയൂട്ടാനുള്ള സമയവും സൗകര്യവും ഉറപ്പാക്കേണ്ടതാണ്. പരിശീലനം സിദ്ധിച്ച നേഴ്സ്/ ആയമാരെ ഇവിടങ്ങളിൽ നിയമിക്കുക. കുട്ടികളുടെ പരിരക്ഷ ഉറപ്പാക്കുന്നതിനായി കൃത്യമായ ഇവാലുവേഷൻ നടത്തേണ്ടതാണ്.
- തൊഴിലെടുക്കുന്ന സ്ത്രീകളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുക.
- തൊഴിൽ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കായി പ്രത്യേക ടോയ്‌ലറ്റ്, വിശ്രമമുറി എന്നിവ സ്ഥാപിക്കേണ്ടതാണ്.
- സമുദ്രനിരപ്പിൽ നിന്നും 3000-5000 അടി വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന തോട്ടം മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് യാത്രാ സൗകര്യം നൽകാൻ തൊഴിലുടമ ബാദ്ധ്യസ്ഥരാണ്. അത് നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ കഴിയണം. കൂടാതെ തൊഴിലാളികളുടെ മാനസിക സമ്മർദ്ധം കുറയ്ക്കാൻ കൗൺസിലിംഗും റിക്രിയേഷനും നിർബന്ധമാക്കുക. സ്ത്രീ തൊഴിലാളികളുടെ വീടുകളിൽ കൗൺസിലർമാർ സന്ദർശിച്ച് ആരോഗ്യ- ശുചിത്വ- പോഷണത്തേക്കുറിച്ചും തൊഴിലവകാശ നിയമങ്ങളേക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- കടുത്ത ചൂഷണത്തിന് വിധേയരാകുന്ന ഒരു വിഭാഗമാണ് പീടികതൊഴിലാളികളായ സ്ത്രീകൾ. കുറഞ്ഞ വേതനത്തിന് 8 മണിക്കൂറിലധികം സമയം ജോലി ചെയ്യാൻ നിർബന്ധിതരാകുന്ന ഈ വിഭാഗത്തിന് യാതൊരു വിധ സാമൂഹ്യസുരക്ഷയും ലഭിക്കുന്നില്ല. പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ പോലും സൗകര്യങ്ങൾ ഇല്ല. നിലവിലുള്ള ഷോപ്പ് ആക്ട് ഭേദഗതി ചെയ്ത് പരിഷ്ക്കരിക്കണം. ലേബർ ഡിപ്പാർട്ടുമെന്റിന്റെ ശക്തമായ ഇടപെടൽ അനിവാര്യമാണ്.
- സമൂഹം അണുകുടുംബങ്ങളായി മാറിയതോടെ കുട്ടികളുടെയും പ്രായമായവരുടെയും പരിപാലനം മുഖ്യപ്രശ്നമായി മാറിയിരിക്കുകയാണ്. ഇവിടെ വീട്ടുജോലിക്കാർ, ഹോം നേഴ്സ് എന്നിവരുടെ പ്രസക്തി വർദ്ധിക്കുന്നു. കടുത്ത ചൂഷണത്തിനും ശാരീരിക പീഢനത്തിനും വിധേയരാകേണ്ടിവരുന്ന ഇവരുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇവർക്ക് നിയമങ്ങളും ചട്ടങ്ങളും ക്ഷേമനിധിയും ഉണ്ടാകേണ്ടിയിരിക്കുന്നു. മാത്രമല്ല, ലേബർ ഡിപ്പാർട്ടുമെന്റും സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റും ആരോഗ്യ വകുപ്പും ചേർന്ന് കേരളത്തിലെ ഹോം നേഴ്സ്, വീട്ടുജോലിക്കാർ എന്നിവർക്കായി ഒരു പോളിസി രൂപീകരിക്കേണ്ടതാണ്.
- കൈതൊഴിലാളികളും സ്വയം തൊഴിൽ കണ്ടെത്തുന്നവരും ഏറെയും സ്ത്രീകളാണ്. ഇവർക്കാവശ്യമായ ക്ഷേമപദ്ധതികളും ഇൻഷ്വറൻസും നൽകേണ്ടതാണ്. അതോടൊപ്പം ഇവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സൗജന്യനിരക്കിൽ വിപണി ഏർപ്പെടുത്തിക്കൊടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടാവുന്നതാണ്. അതോടൊപ്പം വായ്പ നൽകാനായി ഒരു പ്രത്യേക നിധി രൂപീകരിക്കാവുന്നതാണ്.
- വനിതാക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും മേൽനോട്ടം വഹിക്കാൻ ജില്ലാതലത്തിൽ വനിതകൾക്ക് മുൻതൂക്കമുള്ള സമിതികൾ രൂപീകരിക്കുക.

- കയർ, സിമന്റ്, ക്വാറി, മത്സ്യസംസ്ക്കരണം, പ്ലാന്റേഷൻ, ബീഡി, കൺസ്ട്രക്ഷൻ, കെമിക്കൽസ് തുടങ്ങിയ നിരവധി മേഖലകളിൽ തൊഴിൽജന്യ രോഗങ്ങൾ വ്യാപകമാകുന്നു. ഇവയ്ക്ക് പരിഹാരം കാണാൻ ശാസ്ത്രീയ പഠനവും പരിഹാര സംവിധാനവും ഉണ്ടാകണം.
- തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതോടൊപ്പം കൂലി വർദ്ധിക്കേണ്ടത് അനിവാര്യമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷാ നിയമങ്ങൾ ബാധകമാക്കുക.
- ഐ.സി.ഡി.എസ്., എൻ.ആർ.എച്ച്.എം., സ്കൂൾ പാചകം, സർവ്വശിക്ഷാ അഭിയാൻ തുടങ്ങിയ സാമൂഹ്യസുരക്ഷ ലക്ഷ്യമിടുന്ന ഗവൺമെന്റ് പദ്ധതികൾ സർവ്വീസ് മേഖലകളായിട്ടാണ് പരിഗണിക്കപ്പെടുന്നത്. എന്നാൽ ഈ മേഖലയ്ക്ക് ന്യായമായ പ്രതിഫലമോ നിയമ പരിരക്ഷകളോ ലഭിക്കുന്നില്ല. ഈ മേഖലകളിലെ പ്രവർത്തകരോട് തികഞ്ഞ അനീതിയാണ് കാണിക്കുന്നത്. ഇതിന് പരിഹാരം കണ്ടേ മതിയാകൂ.
- രാത്രികാല ജോലിക്ക് നിയോഗിക്കപ്പെട്ട സ്ത്രീകൾക്ക് ആവശ്യമായ സുരക്ഷയും സംരക്ഷണവും യാത്രാ സൗകര്യവും ഉറപ്പ് വരുത്തുവാൻ തൊഴിലുടമയ്ക്ക് ഉത്തരവാദിത്വമുണ്ട്. ഈ ഉത്തരവാദിത്വം നിയമപര ബാദ്ധ്യതയായി നിർവ്വഹിക്കപ്പെടണം.
- തൊഴിലിടങ്ങളിലെ ലൈംഗീക പീഢനം വർദ്ധിച്ചു വരുന്നുണ്ട്. ഇത് അവസാനിപ്പിക്കുവാൻ നിലവിലുള്ള നിയമങ്ങൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം കാര്യക്ഷമമായ നടപടികൾ കൂടി ഉണ്ടാകേണ്ടതാണ്.
- ഐ.ടി. മേഖലകളുടെ പ്രത്യേകതകൾ പരിഗണിച്ച് ഈ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ജോലിസമയം ക്രമീകരിക്കുന്നതിനും മാനസിക പിരിമുറുക്കത്തിന് പരിഹാരം കാണുന്നതിനും നിയമസംരക്ഷണം ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിക്കണം.
- തൊഴിൽരംഗത്തെ ലിംഗവിവേചനം പൂർണ്ണമായി അവസാനിപ്പിക്കണം. വനിതകൾക്ക് സ്ഥലംമാറ്റം, പ്രമോഷൻ, ട്രെയിനിംഗ് എന്നിവയിലെ വിവേചനം ഒഴിവാക്കുക. ജോലിയും കുടുംബ ബന്ധങ്ങളും പൊരുത്തപ്പെടുത്തി കൊണ്ടുപോകാൻ അവസരം നൽകുകയും ചെയ്യുക.
- വനിതാ കമ്മീഷനിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ പ്രതിനിധിയെ കൂടി ഉൾപ്പെടുത്തുക.
- സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ കമ്മിറ്റികളിൽ, തൊഴിലാളി ക്ഷേമ, ട്രേഡ് യൂണിയൻ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വേദികളിൽ ഒരു സീറ്റ് വനിതയ്ക്ക് നൽകുക.
- തൊഴിലാളികൾക്കിടയിലേക്ക് ജാതിമത ശക്തികൾ കടന്നു കയറുന്നത് നിരുത്സാഹപ്പെടുത്തണം. തൊഴിലാളികളുടെ ഐക്യത്തെയും വിലപേശൽ ശക്തിയെയും ഇല്ലാതാക്കുന്ന ഈ പ്രവണത സ്വാഭാവികമായും തൊഴിലാളികളുടെ അവകാശങ്ങളും സുരക്ഷയും ക്രമേണ ഇല്ലാതാക്കും.

# തോട്ടം തൊഴിലാളികൾ

**പി എസ് രാജൻ**

കേരളത്തിൽ തേയില, റബ്ബർ, ഏലം, കാപ്പി, കശുമാവ്, എണ്ണപ്പന തോട്ടങ്ങളിലായി രണ്ടരലക്ഷത്തിലധികം തൊഴികൾ പണിയെടുക്കുന്നു. അവരിൽ ഭൂരിപക്ഷം സ്ത്രീ തൊഴിലാളികളാണ്. പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം തൊഴിലാളികൾക്ക് തോട്ടങ്ങളിൽ തന്നെ താമസസൗകര്യം, ചികിത്സാ സൗകര്യം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവ തോട്ടം ഉടമകളുടെ ചെലവിൽ ചെയ്തുകൊടുക്കണം. ആഗോളവത്ക്കരണത്തിന്റെ ഭാഗമായ ഉദാരവത്ക്കരണ നടപടികൾ നിമിത്തം നാം കയറ്റുമതി ചെയ്യുന്ന തോട്ടവിളകൾ അന്യരാജ്യങ്ങളിൽ നിന്ന് ഇങ്ങോട്ട് ഇറക്കുമതി ചെയ്തതിന്റെ ഫലമായി തോട്ടം വ്യവസായം പൊതുവിലും, തേയില വ്യവസായം പ്രത്യേകിച്ചും പ്രതിസന്ധിയിലാവുകയും 22 തോട്ടങ്ങൾ അടഞ്ഞുപോവുകയും ചെയ്തു. ഘഉഎ ഏീ അധികാരത്തിൽ വന്നതിനെ തുടർന്ന് അവയിൽ 5 എണ്ണം ഒഴികെ തുറക്കാൻ കഴിഞ്ഞു. എന്നാൽ പ്രതിസന്ധിയുടെ കാലത്ത് വൻകിട കമ്പനികളടക്കം പ്രതിസന്ധിയുടെ മറവിൽ തൊഴിലാളികളുടെ അദ്ധ്വാന ഭാരം വർദ്ധിപ്പിക്കുകയും, ജ.ഘ അയ്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ജീവിത സൗകര്യങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തിക്കൊടുക്കാതിരിക്കുകയും ചെയ്തു

ഏറ്റവും വലിയ തേയില തോട്ടം മൂന്നാറിലെ ടാറ്റാ കമ്പനികളുടെതാണ്. തൊഴിലാളികൾക്ക് കൂടി ഷെയർ കൈ മാറി അവരെ കൂടി ഉൾപ്പെടുത്തി കണ്ണൻ ദേവൻ ഹിൽ പ്രൊഡ്യൂസിംഗ് കമ്പനി (KDHP) രൂപീകരിച്ച് ആ കമ്പനിയാണിപ്പോൾ തോട്ടം നടത്തുന്നത്. കമ്പനി ഇപ്പോൾ ലാഭകരമാണ്. തൊഴിലാളികൾക്ക് ബോണസിന് പുറമെ ഡിവിഡന്റും നൽകുന്നു. അവിടെ ഉൾപ്പെടെ കേരളത്തിലെ എല്ലാ തേയില തോട്ടങ്ങളിലും സ്ത്രീ തൊഴിലാളികൾ ജോലി സമയത്തിന് മുമ്പും, പിമ്പുമായി ഒരു കിലോഗ്രാം കൊളുന്ത് എടുത്തു കൊടുക്കുന്നതിന് 2 രൂപയും, 3 രൂപയും നൽകി പന്ത്രണ്ട് മണിക്കൂർ വരെ ജോലി ചെയ്യിച്ച് നല്ല സീസണിൽ 100 സഴ കൊളുന്ത് വരെ കൂടുതലായി എടുപ്പിച്ച് മിനിമം കൂലിക്ക് പുറമെ ദിവസേന 200 രൂ. മുതൽ 300 രൂ. വരെ അധികമായി നേടുന്നു. പക്ഷെ ഇത്തരം ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് അസ്ഥിസംബന്ധമായ രോഗങ്ങളും, ഗർഭാശയ രോഗങ്ങളും പിടിപെടുന്നു. തോട്ടം ഉടമകളാകട്ടെ തൊഴിലാളികൾ എടുക്കേണ്ട മിനിമം സ്റ്റാൻഡേർഡ് ഔട്ട്പുട്ട് 18സഴ, 21സഴ എന്നത് മാറ്റണം. അവർക്ക് 300സഴ വരെ എടുക്കാൻ കഴിയും. അതിനാൽ സ്റ്റാൻഡേർഡ് ഔട്ട്പുട്ട് വർദ്ധിപ്പിക്കണം എന്ന് വാദിക്കുന്നു.

ഇപ്പോൾ തേയില, കാപ്പിതോട്ടങ്ങളിലെ തൊഴിലാളികൾക്ക് 135.11രൂപയും,ഏലതോട്ടം തൊഴിലാളികൾക്ക് 146.50 രൂപയും, റബ്ബർതോട്ടം തൊഴിലാളികൾക്ക് 172.21 രൂപയും കൂലി ലഭിക്കുന്നുണ്ട്. 2011 സെപ്റ്റംബറിലാണ് ജഘഇ കരാറിന്റെ കാലാവധി അവസാനിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം തൊഴിലാളികളുടെ ജീവിത ചെലവ് ക്രമാതീതമായി വർദ്ധിച്ച സാഹചര്യം പരിഗണിച്ച് തൊഴിലാളികൾക്ക് 300 രൂപ ശബളം നൽകണമെന്നാവശ്യപ്പെട്ട് ഫെഡറേഷനുകൾ പുതിയ ഡിമാൻഡ് നൽകുകയാണ്. ജനുവരി 24-ന് ചേരുന്ന ജഘഇ യോഗത്തിൽ ഇത് സംബന്ധിച്ച

ചർച്ചകൾ ആരംഭിക്കും. (3) സൗജന്യ റേഷൻ, ചികിത്സാ സഹായം, കുടിവെള്ളം,വൈദ്യുതീകരണം, കുട്ടികൾക്ക് പഠനസഹായം, വിവാഹധന സഹായം തുടങ്ങിയവ റിലീഫ് കമ്മറ്റികളുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു. എല്ലാതോട്ടങ്ങളിലെയും തൊഴിലാളികൾക്ക് ഗവ: 2 രൂപക്ക് ഇപ്പോൾ അരി നൽകുന്നു

സംഘടിത പ്ലാന്റേഷനുകളിൽ നിലവിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മക്കൾ പൊതുവെ തോട്ടങ്ങളിൽ ജോലി ചെയ്യാൻ താൽപര്യപ്പെടുന്നില്ല PCKയുടെ കാലടി പ്ലാന്റേഷൻ, KDHPകമ്പനിയുടെ മൂന്നാറിലെ തോട്ടങ്ങൾ, T.R andT കമ്പനി വക മുണ്ടകയത്തെ തോട്ടങ്ങൾ തുടങ്ങിയ കേരളത്തിലെ നിരവധി തോട്ടങ്ങളിലെ തൊഴിലാളികൾ അവരുടെ ലയങ്ങളിൽ താമസിച്ച് പേരിനു മാത്രം താമസിക്കുന്ന തോട്ടങ്ങളിൽ പണിചെയ്തുകൊണ്ട് കൂടുതൽ ദിവസങ്ങളിൽ തോട്ടത്തിനു പുറത്തുപോയി കൂടുതൽ ശമ്പളത്തിനു പണിയെടുക്കുന്നു. ഇടുക്കി ജില്ലയിലെ ഏലതോട്ടങ്ങളിൽ പണിയെടുക്കാൻ ആളില്ലാത്തതിനാൽ തമിഴ്നാട്ടിൽ നിന്ന് ദിവസേന ജീപ്പിൽ തൊഴിലാളികളെ പണിക്ക് കൊണ്ടു വരുന്നു. അവർക്ക് തോട്ടത്തിലെ തൊഴിലാളികൾക്ക് നൽകുന്നതിനേക്കാൾ കൂടുതൽ കൂലി നൽകുന്നു. നേരത്തേ ജോലി അവസാനിപ്പിച്ച് വിടുന്നു. ഈ സ്ഥിതിവിശേഷം കേരളത്തിലെ പ്ലാന്റേഷനുകൾ തൊഴിലാളികളില്ലാതെ പ്രവർത്തനം താനേ നിലച്ചു പോകുന്ന അപകടകരമായ സ്ഥിതിവിശേഷം വരുന്ന പത്തു വർഷത്തിനുള്ളിൽ സംഭവിക്കുന്നതിനിടയാക്കും.

ആകർഷകമായ സേവന-വേതന വ്യവസ്ഥകൾ, മെച്ചപ്പെട്ട ജീവിത സാഹചാര്യങ്ങൾ ഇവ തൊഴിലാളികൾക്ക് നൽകികൊണ്ടും, പരമ്പരാഗത തോട്ടം കൃഷി രീതി മാറ്റി അത്യുൽപാദന ശേഷിയുള്ള തോട്ടം വിളകൾ കൃഷിയിറക്കിയും, ഫാക്ടറികൾ നവീകരിച്ചും, യന്ത്രവൽക്കരണം നടപ്പിലാക്കിയും, ഉല്പാദനത്തിന്റെ അളവും, ഉല്പന്നത്തിന്റെ ഗുണമേന്മയും വർദ്ധിപ്പിച്ചും മാത്രമേ പ്ലാന്റേഷൻ വ്യവസായത്തിന് കേരളത്തിൽ നില നിൽക്കാൻ സാധിക്കുകയുള്ളൂ.

പ്ലാന്റേഷന്റെ പരിധിയിൽ വരാത്ത 5 ഹെക്ടറിൽ താഴെയുള്ള തോട്ടങ്ങളിലെ തൊഴിലാളികൾക്കും 50 സെന്റിൽ താഴെയുള്ള ഉടമകൾക്കുമായി കേരളത്തിലെ ഏകദേശം 10 ലക്ഷത്തോളം പേർക്ക് പ്രയോജനപ്പെടുന്ന ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി ഘഉഎ ഗവ: ആരംഭിച്ചു. എന്നാൽ ഉടമകൾ തോട്ടം രജിസ്റ്റർ ചെയ്യാൻ തയ്യാറാകാത്തതും ക്ഷേമനിധി നടത്തിപ്പിന്റെ ചുമതലക്കാരനാനിധി നടത്തിപ്പിന്റെ ചുമതലക്കാരനായ (6)ചീഫ് പ്ലാന്റേഷൻ ഇൻസെപക്ടറും, അദ്ദേഹത്തിന്റെ കീഴിലുള്ള പ്ലാന്റേഷൻ ഇൻസെപ്കടറന്മാരും ഇക്കാര്യത്തിൽ വേണ്ടത്ര താൽപര്യവും കാണിക്കാതിരിക്കുകയും, അപേക്ഷകരായ തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് തിരിച്ചറിയൽ കാർഡ് നൽകാതിരിക്കുന്നതും, ക്ഷേമനിധി ബോർഡ് നിയമത്തിൽ പറയുന്ന തരത്തിൽ രൂപികരിക്കാതിരുന്നതും നിമിത്തം ഈ പദ്ധതി ആരംഭിച്ചതല്ലാതെ പ്രവർത്തനം മുമ്പോട്ട് പോയിട്ടില്ല.

# കേരളം: ആരോഗ്യമേഖല: വെല്ലുവിളികൾ സാധ്യതകൾ

ഡോ. ബി. ഇക്ബാൽ

വികസിത രാജ്യങ്ങൾക്ക് തുല്യമായ ആരോഗ്യ സൂചികകളുള്ള കേരള ആരോഗ്യമേഖല സാർവ്വദേശീയമായി ചർച്ചചെയ്യപ്പെട്ടുവരികയാണ്. സാമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ടിതമായ കേരളവികസനമാതൃകയുടെ ഏറ്റവും പ്രകീർത്തിക്കപ്പെടുന്ന സവിശേഷതയായി ചൂണ്ടിക്കാണിക്കാറുള്ളത് ആരോഗ്യവിദ്യാഭ്യാസ മേഖലകളിലെ നേട്ടങ്ങളാണ്.

പകർച്ചവ്യാധികളുടെ തിരിച്ചുവരവ്, ജീവിത രീതീ രോഗങ്ങളുടെ അമിതമായ വർധന, സർക്കാർ ആശുപത്രികളുടെ പിന്നോക്കാവസ്ഥ, സ്വകാര്യആശുപത്രികളുടെ അനിയന്ത്രിതമായ വളർച്ച, ആരോഗ്യ ചെലവിലെ വർധന വൃദ്ധജനങ്ങളുടെ ആരോഗ്യ പശ്നങ്ങൾ, സ്ത്രീകളുടെ സവിശേഷ ആരേഗ്യപ്രശ്നങ്ങൾ തൊഴിൽ ജന രോഗങ്ങൾതുടങ്ങിയവയാണ് കേരളത്തിൽ ആരോഗ്യമേഖല നേരിടുന്ന മുഖ്യപ്രശ്നങ്ങൾ.

പകർച്ചവ്യാധികൾ പുർണ്ണമായും നിയന്ത്രക്കുക, ജിവിത രീതീരോഗങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി തടയുകയും ഉചിതമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക, സ്വകാര്യ മേഖലയെ സാമൂഹ്യ നിയന്ത്രണത്തിനു വിധേയമാക്കുക, സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ആരോഗ്യ ചെലവു കുറക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിക്കുക, വൃദ്ധജന പരിപാലനത്തിനു സഹായകരമായ പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയ സമീപനങ്ങളായിരിക്കണം കേരളത്തിൽ നടപ്പിലാക്കേണ്ട ആരോഗ്യ നയത്തിന്റെ അടിസ്ഥാന ഘടകങ്ങൾ. ദുർബലജന വിഭാഗങ്ങൾക്ക് ആതുര സേവനം ഉറപ്പാക്കുന്നതിനു പുറമേ പകർച്ച വ്യാധികളുടെ വ്യാപനം തടയുന്നതിനും ജീവിതരീതി രോഗങ്ങൾ കാലേകൂട്ടി കണ്ടെത്തി പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും പ്രാഥമിക ദ്വിതീയ തലത്തിലുള്ള ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

### അധികാര വികേന്ദ്രീകരണം നേട്ടങ്ങൾ സാധ്യതകൾ

ജനപങ്കാളിത്തത്തോടെ മാത്രമേ വികസ്വരരാജ്യങ്ങൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ എന്നും അതിലേക്കള്ള അവശ്യഉപാധി ആരോഗ്യ മേഖലയിലെ ധനപരവും, ഭരണപരവും ,ആസൂത്രണപരവുമായ അധികാര വികേന്ദ്രീകരണവുമാണെന്ന് ലോകാരോഗ്യ സംഘടന 1991 ൽ പ്രസിദ്ധീകരിച്ച രേഖയിൽ വ്യക്തമാക്കിയിരുന്നു (Community Involvement in Health Development: Report of WHO Study Group: 1991). പദ്ധതി വിഹിതത്തിന്റെ മുപ്പതു ശതമാനത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വച്ചുകൊണ്ടും, പ്രാദേശികാസൂത്രണത്തിനുള്ള അധികാരം അവർക്കു നൽകികൊണ്ടും പ്രാഥമികാരോഗ്യകേന്ദ്രം മുതൽ ജില്ലാ ആശുപത്രികൾ വരെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികൊണ്ടും കേരളത്തിൽ ലോകാരോഗ്യസംഘടനയുടെ നിർദ്ദേശം വലിയൊരു അളവോളം നടപ്പിലാക്കികഴിഞ്ഞിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസം, പോഷകാഹാരം വിതരണം, പരിസര ശുചിത്വം, വൃദ്ധജനപരിപാ

ലനം, സാന്ത്വാനചികിത്സ, അടിസ്ഥാന സൗകര്യ വികസന ഗർഭപരിരക്ഷ, എച്ച്ഐവി എയ്ഡ്സ് ചികിത്സ-ബോധവൽക്കരണം, ജീവിതശൈലി രോഗപ്രതിരോധം തുടങ്ങി ഒട്ടനവധി മേഖലകളിലായി നിരവധി മികച്ച പ്രവർത്തനങ്ങൾ പഞ്ചായത്തുകളിൽ നടന്നുവരുന്നുണ്ട്.

ആരോഗ്യവകുപ്പിന്റേയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും പ്രവർത്തവങ്ങൾ കുറേകൂടി ഏകോപിപ്പിക്കാൻ കഴിഞ്ഞാൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾമുതൽ ജില്ലാ ആശുപത്രികൾ വരെയുള്ള സർക്കാർ ആശുപത്രിളുടെ പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടുത്താൻ കഴിയും. മെഡിക്കൽ കോളേജുകളിലെ സാമൂഹ്യാരോഗ്യ വിഭാഗം (Community Medicine Departments) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഉചിതമായ ആരോഗ്യ പ്രോജക്ടുകൾ തയ്യാറാക്കാൻ സഹായിക്കേണ്ടതാണ്. ആരോഗ്യ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും അതിനു സഹായകരമായ പഠനങ്ങളും സർവ്വേകളും നടത്തുന്നതിനും സാമൂഹ്യാരോഗ്യ വിഭാഗത്തിന് പഞ്ചായത്തുകളെ സഹായിക്കാൻ കഴിയു

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന ആരോഗ്യ പരിപാടികളുടെ മികവംഗീകരിക്കുമ്പോൾ തന്നെ പകർച്ചവ്യാധികളുടെ തുടർച്ചയായ സാന്നിധ്യം ഇനിയും നമുക്ക് വളരെയേറെ മുന്നോട്ടു പോവാനുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. ഡോക്ടർമാരെയും ആശുപത്രിജീവനക്കാരെയും നിയമിക്കുന്നതും വ്യന്യസിപ്പിക്കുന്നതും കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതും മരുന്നുകളും വലിയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതുമെല്ലാം ആരോഗ്യവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് നടക്കുന്നത്. ആശുപത്രികളുടെ മേലുള്ള ഭരണപരമായ ഇരട്ട നിയന്ത്രണം അധികാര വികേന്ദ്രീകരണ സാധ്യതകൾ കൂടുതൽ ഫലവത്താക്കുന്നതിൽ പലപ്പോഴും തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇത്തരം പരമിതികൾ വസ്തുനിഷ്ടമായി പരശോധിച്ച പരിഹാരം കണ്ടെത്തതാണ്.

**ഔഷധ ഫോർമുലറി. ചികിത്സാമാനണ്ഡങ്ങൾ**

മരുന്നുകളുടെ ഉപയോഗത്തേയും മറ്റും പറ്റി വിവരം ലഭിക്കുന്നതിനായി വാണിജ്യാടിസ്ഥാനത്തിലുള്ള പ്രസിദ്ധീകരണങ്ങളേയും മരുന്നുകമ്പനികളുടെ പ്രചരണ പത്രികകളേയുമാണ് ഡോക്ടർമാർ ആശ്രയിക്കുന്നത്. ഔഷധങ്ങളെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ വിവരങ്ങളടങ്ങിയ ഔഷധഫോർമുലറികൾ വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കി ഡോക്ടർമാർക്കും മറ്റാരോഗ്യപ്രവർത്തകർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ .കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് ബാധ്യതയുണ്ട്. കേരളത്തലറി 96 ലെ സർക്കാരിന്റെ കാലത്ത് 1999 ൽ ഒരു ഔഷധഫോർമുലറി (Keralaa State Drug Formulary- 1999) പ്രസിദ്ധീകരിച്ചിരുന്നു. ഇപ്പോൾ സർക്കാർ വീണ്ടും ഔഷധഫോർമുലറി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിരിക്കയാണ്. ഇതോടൊപ്പം ചികിത്സാ മാനദണ്ഡങ്ങളും നിർദ്ദേശകതത്വങ്ങളും (Treatment Guidelines and Protocols) ആവിഷ്കരിച്ചുനടപ്പിലാക്കിയാൽ ചികിത്സകൂടുതൽ യുക്തിസഹമാക്കാനും ചികിത്സാചിലവ് കുറക്കാനും കഴിയും.

**കേരളത്തിലൊരു ഔഷധഗവേഷണ കേന്ദ്രം**

ഇന്ത്യൻ പേറ്റന്റുനിയമത്തിൽ മാറ്റം വന്നതോടെ പഴയതുപോലെ മറ്റുരാജ്യങ്ങളിൽ ഗവേഷണം നടത്തി കണ്ടെത്തുന്ന നവീന ഔഷധങ്ങൾ മറ്റു രീതികളിലൂടെ ഉൽപാദിപ്പിക്കാൻ ഇന്ത്യക്കു കഴിയില്ല. സ്വാഭാവികമായും പിത്തൻ ഔഷധങ്ങളുടെ കുത്തക ബഹുരാഷ്ടാ മരുന്നു കമ്പനികളിൽ കേന്ദ്രീകരിക്കും. ഇന്ത്യയിലെ സ്വകാര്യ ഔഷധകമ്പനികളാവട്ടെ അടിസ്ഥാന ഔഷധഗവേഷണത്തിൽ തീരെ താതാപര്യം കാട്ടുന്നുമില്ല.

വിദേശകമ്പനികൾക്കുവേണ്ടി കരാർ ഗവേഷണവും ഔഷധപരീക്ഷണവും നടത്തുന്ന ഏജൻസികളായി അവർ മാറിക്കൊണ്ടിരിക്കയാണ്. കേന്ദ്രസർക്കാരാവട്ടെ ഇന്ത്യൻ പൊതുമേഖല ഗവേഷണ സ്ഥാപനങ്ങളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഔഷധഗവേഷണം നടത്തി സാധാരണക്കാർക്ക് താങ്ങാവുന്ന വിലക്ക് മരുന്നുകൾ ലഭ്യമാക്കാനുള്ള യാതൊരു ക്രമവും നടത്തുന്നതുമില്ല. ഈ സാഹചര്യത്തിൽ കേരളത്തിന്റെ പരമ്പരാഗത വൈദ്യ വിജ്ഞാനവും ഔഷധ സമ്പത്തും രാജീവ് ഗാന്ധി സെന്റർ

ഫോർ ബയോടെക്നോളജി, ട്രോപ്പിക്കൽ ബോട്ടണിക്കൽ ഗാർഡൻ ഓഫ് ഇന്ത്യ തുടങ്ങിയ ഗവേഷണസ്ഥാപനങ്ങളുടെ സാന്നിധ്യവും പ്രയോജനപ്പെടുത്തികൊണ്ട് ഒരു ആധുനിക ഔഷധ ഗവേഷണ സ്ഥാപനം കേരളത്തിൽ സ്ഥാപിക്കേണ്ടതാണ്.

**വൈദ്യ ഗവേഷണം**

മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സ്വകാര്യ ചികിത്സ അവസാനിപ്പിച്ചത് അഭിനന്ദനീയമായ നടപടിയാണ്. എന്നാൽ സ്വകാര്യ ചികിസ്ത നിർത്തലാക്കിയതു കൊണ്ടു മാത്രം സ്വാഭാവികമായി മെഡിക്കൽ കോളേജുകളിലെ ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടണമെന്നില്ല. അതിനുള്ള അന്തരീക്ഷം കരുപ്പിടിപ്പിക്കേണ്ടതായിട്ടുണ്ട്. ശ്രീ ചിത്ര തിരുനാൾ മെഡിക്കൽ സെന്റർ ഫോർ ബയോടെക്നോളജി, ട്രോപ്പിക്കൽ ബോട്ടണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി മെഡിക്കൽ കോളേജുകൾ അക്കാദമിക് ബന്ധം സ്ഥാപിക്കേണ്ടതാണ്. മെഡിക്കൽ കോളേജ് അധ്യാപകർക്ക് ഗവേഷണത്തിൽ പരിശീലനം നൽകുന്നതിനു പുറമെ വൈദ്യ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ഗവേഷണത്തിന് ഊന്നൽ നൽകുകയും വേണം. കേരളത്തിന്റെ സവിശേഷ ആരോഗ്യ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലും ഔഷധ ഗവേഷണ പരിപ്രേക്ഷ്യം തയാറാക്കാൻ വിദഗ്ദരുടെ യോഗം വിളിച്ചു ചേർക്കാൻ ആരോഗ്യ വകുപ്പ് മുൻ കൈയ്യെടുക്കണം. ഇതര വൈദ്യ ശാസ്ത്ര രംഗത്തുള്ളവരെയും ഇക്കാര്യത്തിൽ സഹകരിപ്പിക്കേണ്ടതാണ്.

**കേരളത്തിനൊരു ആരോഗ്യനയം**

ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളികളുടെ അടിസ്ഥാനത്തിൽ ഹ്രസ്വകാല ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടുള്ള ജനകീയവും ശാസ്ത്രീയവുമായ ഒരു ആരോഗ്യനയം രൂപീകരിക്കേണ്ടതാണ്. ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും, ജനകിയ പ്രസ്ഥാനങ്ങളും, ആരോഗ്യ പ്രവർത്തകരും ലക്ഷ്യബോധത്തോടെയും പ്രതിബദ്ധതയോടെയും ഒത്തുചേർന്നാൽ കേരളം നേരിടുന്ന ആരോഗ്യ പ്രതിസന്ധികൾ പരിഹരിച്ചുകൊണ്ട് വികേന്ദ്രീകൃതവും ജനപങ്കാളിത്തത്തോടുകൂടിയതുമായ (Decentralised and Participatory) ഒരു പുതിയ കേരള ആരോഗ്യ മാതൃക സൃഷ്ടിക്കാൻ സാധിക്കും.

# ഭരണ പരിഷ്ക്കാരവും ഇ-ഗവേണൻസും

എസ്.യു. രാജീവ്

കേരള സംസ്ഥാനത്ത് നാളിതുവരെ 3 ഭരണ പരിഷ്കാര കമ്മിറ്റികൾ രൂപീകരിക്കപ്പെടുകയും റിപ്പോർട്ടും ശുപാർശകളും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ ഒന്നാമത് കമ്മിറ്റി കേരളത്തിലെ ആദ്യമുഖ്യന്ത്രിയായിരുന്ന സഖാവ്.ഇ. എം.എസ്.ന്റെ നേതൃത്വത്തിൽ 1957-ൽ രൂപീകൃതമായി. രണ്ടാമത് ഭരണപരിഷ്കാര കമ്മിറ്റി ശ്രീ. എം.കെ.വെള്ളോടികളുടെ നേതൃത്വത്തിൽ 1965 -ലും 3-ാമത് കമ്മിറ്റി മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ.കെ.നയനാരുടെ നേതൃത്വത്തിൽ 1997 ലുമായിരുന്നു. ഈ ഭരണ പരിഷ്കാര കമ്മീഷൻ റിപ്പോർട്ടുകളുടെ ശുപാർശകൾ പൂർണ്ണമായും നടപ്പാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. എന്തുകൊണ്ട്?

1. ചടുല വേഗത്തിൽ ഉണ്ടാകുന്ന സാമൂഹ്യ സാഹചര്യങ്ങൾ ചില ശുപാർശകളെങ്കിലും കാലികമായ ഭേദഗതികളോടെ മാത്രമെ നടപ്പാക്കാൻ കഴിയൂ എന്ന സ്ഥിതി സംജാതമാക്കി.
2. അധികാര വികേന്ദ്രീകരണത്തോടെ സെക്രട്ടറിയറ്റിലെ സിംഹഭാഗം ജോലികളും താഴെ തലത്തിലേക്ക് കൈമാറ്റപ്പെടും എന്ന നിഗമനം ശരിയായിരുന്നില്ല. അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും ഉണ്ടായെങ്കിലും ഇതോലനുബന്ധിച്ച് സെക്രട്ടറിയറ്റ് തലത്തിൽ ചെയ്യേണ്ടതായ co-ordination, monitoring, control, State Performance Audit തുടങ്ങിയ സുപ്രധാനമായ സെക്രട്ടറിയറ്റ് ചുമതലകൾ കൂടുതലായി നിർവ്വഹിക്കേണ്ടി വന്നു.
3. പുതിയ കാലഘട്ടം ആവശ്യപ്പെട്ട സർവ്വീസുകൾ-പരിസ്ഥിതി, ദുരന്തനിവാരം, ഐ.ടി, ന്യൂനപക്ഷക്ഷേമം, ഭരണ നവീകരണം, സർക്കാർ തല അന്വേഷണ സംവിധാനങ്ങൾ-സെക്രട്ടറിയറ്റ് തലത്തിൽ രൂപീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടിവന്നു. ഇനിയും ഇത്തരത്തിൽ ഭരണകൂടത്തിലെ ആുലഃ Entity എന്ന നിലയിൽ കൂടുതൽ ഉത്തരവാദിത്തങ്ങൾ സെക്രട്ടറിയറ്റിന് ഏറ്റെടുക്കേണ്ടിവരും.
4. ഹർജികൾ/പരാതികൾ എന്നിവ സെക്രട്ടറിയറ്റിൽ ഫയലുകളാക്കി പരിശോധിക്കേണ്ടതില്ല എന്ന ശുപാർശയ്ക്ക് വിരുദ്ധമായി മന്ത്രിമാർ ഇത്തരം ഹർജികളിലും പരാതികളിൽ "പരിശോധിച്ച് സമർപ്പിക്കുക" ഉത്തരവുകൾ നൽകുന്നതിലൂടെ ഇത്തിം ഫയലുകളിന്മേലുള്ള ജോലികൾ ഒരു കാലഘട്ടത്തിലും കൂടുകയല്ലാതെ കുറയുകയുണ്ടായിട്ടില്ല. ജനനേതാക്കളാണ് മന്ത്രമാർ എന്ന നിലയിൽ ഇത് ഒരു പരിധി വരെ ഒഴിവാക്കാനും കഴിയില്ല.
5. ഭരണ സംവിധാനത്തിന്റെ തലച്ചോറായി പ്രവർത്തിക്കേണ്ട സെക്രട്ടറിയറ്റ് തന്നെ ആവശ്യമില്ല എന്ന തരത്തിലുള്ള വ്യാഖ്യാനങ്ങൾ ശരിയായ ദിശയിലുള്ള അഭിപ്രായങ്ങളല്ല. മറ്റു സുപ്രധാന പ്രവർത്തനങ്ങൾക്കൊപ്പം Policy formation drafting legislation, Laying down Rules & Procedures, Monitoring & Control, Acting as Appellate for all the admn. acting in Government, Co-coordinating legislature, Judicial, Interstate Inter governmental, Govt.department ഇവയിൽ ഒന്നും സെക്രട്ടറിയറ്റിൽ നിന്നും ഒഴിവാക്കാൻ കഴിയുന്നതല്ല.
6. താഴെ തലങ്ങളിൽ ഗവൺമെന്റ് വകുപ്പുകളിലും ആഫീസുകളിലും പരിഹാരം കാണാൻ

കഴിയാതിരുന്ന പ്രശ്നങ്ങൾ സർക്കാരിന് മുന്നിൽ വരുന്നതും പരിഹരിക്കുന്നതും ഒഴിവാക്കാൻ കഴിയുമോ? ഭരണ നടപടികൾ ഫലപ്രദമായി ജനങ്ങളിൽ എത്തിക്കേണ്ട line departments കൂടുതൽ കാര്യക്ഷമമാക്കണം.

7. വകുപ്പുതലവന്മാർ സർക്കാറിന്/ മന്ത്രിക്ക് സമർപ്പിക്കുന്ന ഫയലുകളിൽ തീരുമാനമെടുക്കാൻ കാലതാമസം ഉണ്ടാകുന്നതിന് പ്രധാന കാരണം എന്തൊക്കെയാണ്?
   1. സമർപ്പിക്കപ്പെട്ട വിഷയത്തിൽ തീരുമാനമെടുക്കുന്നതിനാവശ്യമായ വിവരങ്ങളും അനുബന്ധരേഖകളും ഉണ്ടായിരിക്കില്ല.
   2. സർക്കാരിൽ നിന്നും ഇക്കാര്യങ്ങൾ ആവശ്യപ്പെട്ട് കത്തയച്ചാൽ ഉടൻ പ്രതികരിക്കാൻ വകുപ്പ് തലവന്മാരുടെ ആഫീസിന് കഴിയുന്നില്ല.
   3. സാങ്കേതിക കാര്യങ്ങൾ അടങ്ങിയ ഫയലുകളിൽ വേണ്ടത്ര ആഴത്തിലുള്ള വിലയിരുത്തൽ നടത്താൻ സെക്രറിയറ്റ് സ്റ്റാഫിന് കഴിയുന്നില്ല എന്നത് ഒരു പരിധി വരെ ശരിയാണ്. എന്നാൽ ഇക്കാര്യത്തിൽ വകുപ്പ് തലനന്മാരുടെ ആഫീസും ഇതേ പോലെ തന്നെയാണ്. യഥാർത്ഥത്തിൽ സെക്രട്ടറി/മന്ത്രി തലത്തിൽ തീരുമാനമെടുക്കാൻ മതിയായത്ര വിവരങ്ങളും രേഖകളും ലഭ്യമാക്കി സമർപ്പിക്കുക മാത്രമാണ് സെക്രട്ടറിയറ്റ് സ്റ്റാഫ് ചെയ്യുന്നത്. സാങ്കേതിക കാര്യങ്ങളുടെ പരിശോധന ഈ തലത്തിൽ അനിവാര്യമല്ല. സെക്രട്ടറിയറ്റിലെ വിവിധ വകുപ്പുകളിൽ പ്രത്യേകമായി പരിശോധിക്കുന്ന രീതിക്കുപകരം ഫലപ്രദമായി കൂടിയാലോചന വഴി തീരുമാനമെടുക്കുന്ന രീതി ആവർത്തിക്കുന്നത് ഉചിതമായിരിക്കും.

8. സെക്രട്ടറിയറ്റിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ പുതിയ ഫയലുകളുടെ തീർപ്പാക്കലിന്റെ വേഗതയേയും ദോഷമായി ബാധിക്കുന്നു. ഇങ്ങനെ തീർപ്പാക്കാതെ അവശേഷിക്കുന്ന ഭൂരിഭാഗം ഫയലുകളും വകുപ്പു തലവന്മാരിൽ നിന്നോ, ജില്ലാ കളക്ടർമാരിൽ നിന്നോ, ബന്ധപ്പെട്ട വകുപ്പു ആഫീസുകളിൽ നിന്നോ, റിപ്പോർട്ട്/ മറുപടി ലഭിക്കാനുള്ളവയാണ്. സർക്കാരിൽ നിന്നും ആവശ്യപ്പെടുന്ന വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ ഓൺലൈൻ ഡിപ്പാർട്ട്മെന്റ്സ് വീഴ്ച വരുത്തുന്നത് സെക്രട്ടറിയേറ്റ് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും ആയതിനുള്ള പഴി സെക്രട്ടറിയേറ്റിന് ഏറ്റെടുക്കേണ്ടി വരികയും ചെയ്യുന്നു. കത്തുകൾ എഴുതുകയും മറുപടിക്ക് കാത്തിരിക്കുകയും ചെയ്യുന്ന യാന്ത്രിക ക്രിയയ്ക്ക് പകരം കൂടുതൽ പ്രൊഫഷണൽ ആയ രീതി പ്രാവർത്തികമാക്കണം. ഉയർന്ന തലത്തിലെ ഉദ്യോഗസ്ഥർ തമ്മിലുള്ള ബന്ധപ്പെടൽ ലിസ്റ്റ് ആധുനിക സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനുള്ള മനോഭാവം വളർത്തണം.

9. സെക്രട്ടറിയേറ്റിൽ കാലോചിതമായ പരിഷ്കാരങ്ങൾ അനിവാര്യമാണ്. ആധുനിക ലോകത്തിന് ഇങ്ങനെയുള്ള രീതികൾ പ്രാവർത്തികമാകണം. യാഥാർത്ഥ്യ ബോധത്തോടുകൂടിയതും കാലികമായതും ജനോന്മുഖമായതും എന്നാൽ ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായ പരിഷ്കരണ നടപടികളാണ് ഉണ്ടാകേണ്ടത്.

# മടിക്കൈ ഗ്രാമപഞ്ചായത്ത്: ജലജീവനം പരിപാടിയിലൂടെ കുടിവെള്ള സമൃദ്ധി

കാസറഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്ത് ഒട്ടനവധി തനത് വികസന മാതൃകകൾ രൂപീകരിച്ച് നടപ്പിലാക്കിയ പഞ്ചായത്താണ്. മികച്ച ഗ്രാമപഞ്ചായത്തിലുള്ള കേരളസർക്കാറിന്റെ സ്വരാജ്ട്രോഫി(2000), ഭൂഗർഭജലസംരക്ഷണത്തിനുള്ള കേന്ദ്രസർക്കാർ അവാർഡായ ഭൂമി ജൽ സംവർദ്ധൻ പുരസ്ക്കാർ (2007), പ്രകൃതി വിഭവ പരിപാലനത്തിൽ, സംസ്ഥാന ലാന്റ് യൂസ് ബോർഡിന്റെ മികച്ച ഗ്രാമപഞ്ചായത്തിനുള്ള അവാർഡ് (2009) മുതലായവ പഞ്ചായത്തിന് അതിന്റെ തനതായ വികസന പ്രവർത്തനങ്ങൾക്ക് കിട്ടിയ അംഗീകാരമാണ്.

സമൂഹത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽ മുഖ്യഗണത്തിൽ പെടുന്ന കുടിവെള്ള സുരക്ഷയ്ക്ക് ഗ്രാമപഞ്ചായത്ത്, വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ ജല പദ്ധതികളൊക്കെ 'ജലജീവനം' എന്ന പേരിലാണ് നടപ്പിലാക്കുന്നത്. അടിസ്ഥാനവിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് ഇവയുടെ ഏകോപിതവും, സമഗ്രവുമായ സംരക്ഷണം വഴിയുള്ള സുസ്ഥിര വികസനമാണ് ജലജീവനം പരിപാടിയുടെ ലക്ഷ്യം

**കുടിവെള്ള പ്രശ്നം**

മാനൂരിചാൽ, പനങ്ങാട്- മൂട്ട് ചാൽ, വാഴക്കോട് ചാൽ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന നീർച്ചാലുകൾ. ഇതിനെ അടിസ്ഥാനമാക്കി 6 നീർത്തടങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. മുഖ്യമായും ഒരു കാർഷിക ഗ്രാമമാണ് മടിക്കൈ. തുറന്ന കിണറുകളാണ് പ്രധാന കുടിവെള്ള സ്രോതസ്സ്. 1990 വരെ ജലക്ഷാമം തീർത്തും അനുഭവപ്പെടാതിരുന്ന പ്രദേശമാണിത്. എന്നാൽ അനിയന്ത്രിയതമായ വിഭവചൂഷണവും, പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിൽ വന്ന കുറവും കാരണം ജലസ്രോതസ്സുകളിൽ നിന്നും ആവശ്യത്തിന് ജലലഭ്യത ഇല്ലാത്ത അവസ്ഥ 1990 ൽ ഉണ്ടായി. ഇത് തുടർ വർഷങ്ങളിൽ രൂക്ഷമായ ജലക്ഷാമത്തിലേക്കും ഗാർഹീക-കാർഷിക ജല ആവശ്യത്തിനായി ജനങ്ങൾ ബുദ്ധിമുട്ടുന്ന അവസ്ഥയിലേക്കും നയിച്ചു. പഞ്ചായത്തിന്റെ പല ഗ്രാമസഭകളിലും മറ്റ് യോഗങ്ങളിലും ജലക്ഷാമം മുഖ്യ ചർച്ചാ വിഷയമാവുകയും, വേനൽകാലത്ത് ഗ്രാമപഞ്ചായത്ത് ലോറികളിൽ കുടിവെള്ള വിതരണം തുടങ്ങുകയും ചെയ്തു.

ജലലഭ്യത ഉറപ്പുവരുത്താനായി പുതിയൊരു വികസന കാഴ്ചപ്പാടിലേക്ക്

1998 ൽ സംസ്ഥാന സർക്കാരിന്റെ പശ്ചിമഘട്ട വികസന പദ്ധതിക്കു കീഴിൽ, പഞ്ചായത്തിലെ വെണ്ണന്നൂർ നീർത്തട വികസന പദ്ധതി ആരംഭിച്ചു. 2001 ൽ ഈ പദ്ധതി പൂർത്തിയായി. നീർത്തട പദ്ധതി നിർവ്വഹണം നടത്തിയിടങ്ങളിലെ ജലസ്രോതസ്സുകളിൽ ജലലഭ്യത കൂടുന്നുവെന്ന് നിരീക്ഷിക്കാൻ പറ്റി. നീർത്തടം അടിസ്ഥാനമാക്കിയുള്ള വികസനം വഴി ജലക്ഷാമം ശാശ്വതമായി പരിഹരിക്കാം എന്ന കാഴ്ചപ്പാടിലേക്ക് ഈ അനുഭവം ഗ്രമപഞ്ചായത്തിനെ നയിച്ചു.

ഈ സമയത്തു തന്നെയാണ് അന്ന് അധികാരത്തിലായിരുന്ന ഇടതുമുന്നണി സർക്കാർ വികസന പദ്ധതികളെ നീർത്തടാധിഷ്ഠിതമാക്കി മാറ്റുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടു കൂടി മൈക്രോ 17 നീർത്തട

ങ്ങൾ പഞ്ചായത്തിനകത്ത് വേർതിരിച്ചെടുത്ത് മാപ്പ് തയ്യാറാക്കി.

**കുടിവെള്ള പദ്ധതികളുടെ ആരംഭം**

പഞ്ചായത്തിനകത്തെ 5000 ത്തോളം വരുന്ന കുടുംബങ്ങളിൽ ഏകദേശം 1000 ഓളം കുടുംബങ്ങൾ കുടിവെള്ളത്തിനായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണെന്ന് ഗ്രാമപഞ്ചായത്ത് പ്രാഥമിക പഠനം വഴി കണ്ടെത്തി. 2002-2003 ൽ ആരംഭിച്ച രാജീവ് ഗാന്ധി ദേശിയ കുടിവെള്ള പദ്ധതി, സ്വജൽധാര- കക എന്നീ പദ്ധതികൾക്കു കീഴിൽ 17 സാമൂഹ്യ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി. കുടിവെള്ള പ്രശ്നം അനുഭവിക്കുന്ന മുഴുവൻ കുടുംബങ്ങളും ഇതിന്റെ ഗുണഭോക്താക്കളായി. കുടുംബങ്ങൾ ചേർന്ന് രൂപം കൊടുത്ത കുടിവെള്ള വിതരണ കമ്മിറ്റിയാണ് തുടക്കം മുതൽ ഈ പദ്ധതികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

ഇതു കൂടാതെ ഗ്രാമപഞ്ചായത്തിലെ വിവിധ പൊതുസ്ഥാപനങ്ങളെ വിവിധങ്ങളായ സേവനങ്ങൾക്ക് ആശ്രയിക്കുന്ന ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി സ്വജൽധാര -കക പദ്ധതിക്കു കീഴിലും, മഴവെള്ള കൊയ്ത്ത് പദ്ധതിക്കു കീഴിലും മേൽക്കൂര മഴവെള്ള സംഭരണികൾ നിർമ്മിച്ചു. 1.40 കോടി രൂപ ഈ പദ്ധതികൾക്കായി വിനിയോഗിച്ചു.

**കുടിവെള്ള സ്രോതസ്സുകളിൽ നിന്നും സ്ഥായിയായ ജല ലഭ്യത ഉറപ്പിക്കൽ**

കുടിവെള്ള പദ്ധതികളുടെ ഉപയോഗം ഏറ്റവും കൂടുതലായി വരുന്നത് വേനൽ കാലത്താണ്. കാരണം ഈ സമയത്താണ് കിണർ, കുളം, നീർച്ചാലുകൾ തുടങ്ങിയ ജലസ്രോതസ്സുകളിൽ ജലലഭ്യത കുറയുന്നത്. നാൾക്കുനാൾ കുറഞ്ഞു വരുന്ന ഭൂഗർഭ ജലവിതാനമാണ് ഇതിനുകാരണമെന്ന തിരിച്ചറിവിൽ നിന്നും, ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനായുള്ള പദ്ധതികളെക്കുറിച്ച് പഞ്ചായത്ത് ആലോചിച്ചു. ഇതിനായി നീർത്തടാധിഷ്ഠിത വികസന സമീപനം സ്വീകരിക്കാൻ പഞ്ചായത്ത് തീരുമാനിച്ചു. 2000 വർഷത്തിൽ നീർത്തട മാപ്പുകൾ തയ്യാറാക്കിയെങ്കിലും തുടർപ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താൻ സാധിച്ചിരുന്നില്ല.

**വിശദമായ നീർത്തട പഠനം, പദ്ധതി ആസൂത്രണം**

2004-05 സാമ്പത്തീക വർഷം കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനം, ജില്ലാ പ്ലാനിംഗ് ഓഫീസ് ജില്ലാ സോയിൽ സർവ്വേ ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്തിലെ 17 മൈക്രാവാട്ടർഷെഡുകളെ 6 എണ്ണമായി ഏകോപിപ്പിച്ച് ജനപങ്കാളിത്തത്തോടു കൂടെ വിശദമായ സാങ്കേതിക- സാമൂഹ്യ പഠനം നടത്തി. 6 നീർത്തടങ്ങളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് പശ്ചിമഘട്ട വികസന പരിപാടിക്കു കീഴിൽ 2005-06 സാമ്പത്തിക വർഷത്തിൽ സർക്കാരിന് സമർപ്പിക്കുകയും ഈ വർഷം മാർച്ചിൽ തന്നെ 4 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. വെണ്ണന്നൂർ നീർത്തടം ഇതേ പദ്ധതിക്കു കീഴിൽ പരിപാലനം നടത്തിയിരുന്നു. പുതുതായി അംഗീകാരം ലഭിച്ച 4 പദ്ധതികൾ 2005 -2008 കാലയളവിൽ നിർവ്വഹണം നടത്തുകയും ഇതിന് തുടർച്ചയായി 2009 ൽ കാരാക്കോട് നീർത്തട വികസന പദ്ധിക്കു കൂടെ അംഗീകാരം ലഭിക്കുകയും ചെയ്തു. നീലേശ്വരത്തെ സെന്റർ ഫോർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം പദ്ധതി നിർവ്വഹണത്തിൽ പഞ്ചായത്തിന് സാങ്കേതിക സഹായം നൽകി. ഇതോടെ മുഴുവൻ പ്രദേശവും നീർത്തടാധിഷ്ഠിത പദ്ധതിക്കു കീഴിൽ കൊണ്ടുവന്ന ആദ്യ ഗ്രാമപഞ്ചായത്തായി മടിക്കൈ മാറി. 3.03 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കിയത്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം**

പശ്ചിമഘട്ട വികസന പദ്ധതിയിൽ 7500 രൂപ മാത്രമേ ഒരു ഹെക്ടറിന് ചെലവഴിക്കാൻ പറ്റുമായിരുന്നുള്ളു. ഇങ്ങനെ വന്നപ്പോൾ പൂർണ്ണതോതിൽ മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ നടത്താൻ പറ്റാതെ വന്നു. ഈ വിടവ് നികത്തുന്നതിനായി മുഴുവൻ നീർത്തടങ്ങൾക്കുമായി മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പു പദ്ധതിയിൽ നീർത്തട മാസ്റ്റർ പ്ലാൻ ഉണ്ടാക്കി ഏകോപനം ഉറപ്പാക്കി.

# അധികാരവികേന്ദ്രീകരണം - ഭാവിപരിപ്രേക്ഷ്യം

എം. എ. ഉമ്മൻ

സുമാർ പതിഞ്ചുകൊല്ലം പിന്നിടുന്ന തദ്ദേശിയ ജനാധിപത്യം എങ്ങോട്ട്? ഭാവി പരിപ്രേക്ഷ്യം എന്തായിരിക്കണം? വളരെ പ്രസക്തമാണ് ഈ ചോദ്യങ്ങൾ. പ്രത്യേകിച്ചും ജനപ്രതിനിധികളുടെ ഒരു പുത്തൻ തലമുറ അധികാരമേറ്റെടുത്ത ഇപ്പോഴത്തെ ചരിത്രമുഹൂർത്തത്തിൽ. ജനാധിപത്യത്തിന്റെ പിള്ളതൊട്ടിലായി വിശേഷിപ്പിക്കപ്പെടുന്ന ആതൻസ് നഗരത്തിലെ ജനപ്രതിനിധികൾ ജനങ്ങളുടെ മുമ്പാകെ എടുത്തുപോന്നിരുന്ന പ്രതിജ്ഞാവാചകം ഇവിടെ ഉദ്ധരിയ്ക്കുക തികച്ചും പ്രസക്തമെന്നു ഞാൻ കരുതുന്നു.

We will strive increasing tp quicken the public sense of civil duty, that thus... we will transmit this city not only not less, but greater, better and more beautiful than it was transmitted to us. അത് ഇങ്ങനെ മൊഴിമാറ്റാം "പൗരധർമ്മത്തിന്റെ ആക്കം കൂട്ടാൻ ഞങ്ങൾ അനവരതം യത്നിക്കുകയും ..അങ്ങിനെ ഞങ്ങൾ ഈ പട്ടണത്തെ മുമ്പുള്ളതിനേക്കാൾ ചെറുതായിട്ടില്ല, മിറച്ച്, ഞങ്ങളെ ഏല്പിച്ചതിനേക്കാൾ കൂടുതൽ മഹത്തരവും ഉൽകൃഷ്ടവും, സുന്ദരവുമാക്കി മാറ്റുകയും ചെയ്യും". ഏതാണ്ട് 25 നൂറ്റാണ്ടുകൾക്ക് മുമ്പുള്ള ഈ പ്രതിജ്ഞാവാചകം ഭാവിപരിപ്രേക്ഷ്യത്തെക്കുറിച്ച് അന്വേഷിയ്ക്കുന്ന നമുക്കു ഒരു സാധനപാഠമാണ്, തന്റെ പ്രദേശത്തിന്റെ മഹത്വവും സൗന്ദര്യവും വളർത്താനുതകുന്ന പൗരബോധം തന്നെയാണ് നമുക്കും ഇന്നു പ്രധാനം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പങ്കെടുത്ത രാഷ്ട്രീയപാർട്ടികൾ തദ്ദേശതെരഞ്ഞടുപ്പിൽ അവതരിപ്പിച്ച പ്രകടനപത്രികകൾ വലിയ പ്രതീക്ഷയോ, വാഗ്ദാനമോ നല്കുന്നില്ല. ജനശാക്തീകരണവും, പങ്കാളിത്തവും, സ്വതന്ത്ര്യവുമായിരിക്കണം അവയുടെ മുഖമുദ്ര.

ഇൻഡ്യൻ ഭരണഘടനവിഭാവനം ചെയ്യുന്ന തദ്ദേശീയ ജനാധിപത്യം പലതുകൊണ്ടും അദ്വീതീയമാണ്. തദ്ദേശീയ സർക്കാരുകളെ സംബന്ധിച്ച പാശ്ചാത്യ ഗ്രന്ഥ സമുചയം പരിശോധിച്ചാൽ കേവലം അത്യാവശ്യ പൗരസേവനങ്ങൾ നല്കുന്ന ഏജൻസിമാത്രമായി അവയെ ചുരുക്കിയിരിക്കുന്നുവെന്നു വ്യക്തമാണ്. ജനങ്ങളെ അവരുടെ തദ്ദേശീയഭാവി നിർണ്ണയിക്കുന്ന പൗരസമൂഹമായിട്ടല്ല, മിറച്ച് വില കൊടുത്ത് സേവനം പറ്റുന്ന ഉപഭോക്താക്കൾ മാത്രമായിട്ടാണ് കാണുക. വികസന തദ്ദേശീയ സർക്കാരുകൾ എന്ന ഇൻഡ്യൻ ഭരണഘടനയുടെ ദർശനത്തിനു പുതിയ ഉണർവും, രൂപവും, ഭാവവും നല്കിയത് കേരളത്തിലെ ജനകീയാസൂത്രണമാണ്. പങ്കാളിത്ത ആസൂത്രണത്തിനു പുതിയ മാനം നല്കി ലോകശ്രദ്ധ പിടിച്ചു പറ്റി. എന്നാൽ കാലക്രമത്തിൽ അതിനു പല അപചയങ്ങൾ സംഭവിച്ചു. വികേന്ദ്രീകൃത ആസൂത്രണത്തേയും, വികസനത്തേയും വിലയിരുത്താൻ സർക്കാർ നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ നിന്നു വേണം ഭാവി പരിപ്രേക്ഷ്യത്തെക്കുറിച്ചുള്ള അന്വേഷണം തുടങ്ങേണ്ടതെന്നാണ് എനിയ്ക്കു തോന്നുന്നത്. കാരണം വികേന്ദ്രീകരണ ആസൂത്രണത്തിന്റെ കോട്ടങ്ങളും നേട്ടങ്ങളും അത് ചർച്ചചെയ്യുന്നുണ്ട്. അതിൽ നിന്നും മുമ്പോട്ടു പോകുമ്പോൾ ഓർക്കേണ്ട ചില കാര്യങ്ങൾ ബുള്ളറ്റ് രൂപത്തിൽ ചുവടെ ചേർക്കുന്നു.

**ജില്ലാതല വികസന പദ്ധതി- ഭാവി പരിപ്രേക്ഷ്യത്തിന്റെ താക്കോൽ**

1994 ലെ കേരളപഞ്ചായത്ത് നിയമത്തിന്റെ 175-ാം വകുപ്പും മുനിസിപ്പാലിന്റെ നിയമത്തിന്റെ 51(3) വകുപ്പും, ഗ്രാമപഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും ദീർഘവീക്ഷണമുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി

കൾക്ക് സമർപ്പിക്കണമെന്നു അനുശാസിക്കുന്നുണ്ട്. ഇക്കാര്യത്തിൽ നാം എത്ര കണ്ടു മുമ്പോട്ടു പോയി? കൊല്ലം ജില്ലാപഞ്ചായത്തിന്റേയും, ടൗൺപ്ലാനിംഗ് വകുപ്പിന്റേയും സംയുക്താഭിമുഖ്യത്തിൽ കൊല്ലം ജില്ലയ്ക്ക് ഒരു പ്ലാൻ തയ്യാറാക്കിയിട്ടുണ്ട് വളരെ ശ്ലാഘനീയമായ ഒരു ചുവടുവെപ്പാണ്.താഴെതട്ടിൽ അർത്ഥവത്തായ പ്ലാനുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കൊല്ലം മാതൃക മറ്റു 13 ജില്ലകളിലും പകർത്താൻ ശ്രദ്ധിക്കണം. ഡെവലപ്മെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി, ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പുകൾ, തുടങ്ങിയ സമിതികളുടെ പ്രവർത്തനം എങ്ങനെ യുക്തിസഹജവും, കാര്യക്ഷമവുമാക്കാമെന്ന് അന്വേഷിക്കേണ്ടതുണ്ട്. WCP (Women's Comparent Plan) യുടെ പ്രോജക്ടുകൾ പരിഹാസത്തിന്റെ ശരവ്യമായിരിക്കുന്നു അങ്ങിനെ പലതും. എങ്ങിനെ ഈ സ്ഥിതിവിശേഷം മാറ്റാമെന്ന് ചിന്തിക്കേണ്ടതുണ്ട്.

**സ്ഥിതിവിവരകണക്കുകളുടെ അടിത്തറ ഭദ്രമാക്കണം**

തദ്ദേശഭരണ സംവിധാനം നേരിടുന്ന ഏറ്റവും വലിയ വിപത്ത് സത്യസന്ധമായി കണക്കുകൾ സൂക്ഷിക്കുന്നസമ്പ്രദായത്തിന്റെ ബലഹീനതയാണെന്ന് ഞാൻ പറയും. നമ്മുടെ ആരോഗ്യ സ്ഥിതി വിവരകണക്കുകൾ വളരെ വേണ്ട വിധത്തിൽ സൂക്ഷിച്ചിരുന്നുവെങ്കിലും അവ ആസൂത്രണത്തിനും, മോണിറ്ററിംഗിനു വേണ്ടി നന്നായി പരിഷ്ക്കരിക്കേണ്ടതുണ്ട്. വാസ്തവത്തിൽ വളരെ മോശമായ സ്ഥിതിയിലാണ്. ആറ്റിൽ കളഞ്ഞാലും അളന്നുകളയണം. പൊതുധനം വിവേകത്തോടും, വിശ്വാസത്തോടും, കാര്യക്ഷമമായും ചെലവിടണമെന്നാണ്ആഡിറ്റിന്റെ അടിസ്ഥാന തത്വം.

**ബജറ്റിനു 'പുല്ലു' വിലയോ?**

Annual Financial Statement (AFS),DCB - തുടങ്ങിയ അടിസ്ഥാനരേഖകൾ തിരുത്താൻ ശ്രമിക്കുന്ന വർത്തമാനസ്ഥിതി എത്ര കണ്ടുഫലപ്രദമെന്ന് പരിശോധിക്കേണ്ടതാണ്. ബജറ്റ് ,ധന കാര്യമാനേജ്മെന്റിന്റെ ഉപകരണമല്ല. കേന്ദ്ര സംസ്ഥാനതലങ്ങളിൽ ബജറ്റിനു നൽകുന്ന പ്രാധാന്യം തദ്ദേശ സർക്കാർ തലത്തിൽ ഉണ്ടായേ മതിയാവൂ.

**കണക്കിനു വിലയില്ലെങ്കിൽ പൗരാവകാശരേഖക്ക് എന്തുപ്രസക്തി?**

**Transperency Guarantees എവിടെ?**

**Adversarial politics** അർത്ഥവത്തായി പ്രവർത്തിക്കണം. മറിച്ചാണ് സ്ഥിതിയെങ്കിൽ അത് പങ്കുപറ്റുരാഷ്ട്രീയത്തിലേക്കുള്ള രാജവീഥി തുറക്കും. അധികാരത്തിന്റെ രാഷ്ട്രീയത്തിൽ നിന്നു വികസനത്തിന്റെ രാഷ്ട്രീയത്തിലേക്ക് നീങ്ങണമെന്ന് ക്രാന്തദർശിയായ ഇ. എം. എസ് പറഞ്ഞതിന്റെ പൊരുൾ അടിവരയിട്ട് സ്മരിക്കേണ്ടതാണ്.

ഗ്രാമസഭ പ്രവർത്തനക്ഷമമാക്കണം ഗ്രാമസഭകളുടെ എണ്ണമല്ല, കാര്യക്ഷമതയാണ് പ്രസക്തം. ഒരുവർഷം രണ്ടു ഗ്രാമസഭകൾ നന്നായിനടന്നാൽ 15 വാർഡുള്ള ഒരു ഗ്രാമപഞ്ചായത്തിൽ 30 ഗ്രാമസഭ നടക്കും. വിശേഷാൽ ഗ്രാമസഭകൾ പിന്നെ അതായത് കർഷക സഭ, ധീവരസഭ (മത്സ്യതൊഴിലാളികൾ കൂടുതലുള്ള പഞ്ചായത്തുകളിൽ) എന്നിങ്ങനെ പല ഗ്രാമ സഭകൾ വിളിച്ചുകൂട്ടി പ്രശ്നങ്ങൾ ചർച്ച ചെയ്യാം. നമ്മുടെ കൃഷിയെ എങ്ങനെ പുനരുദ്ധരിക്കാം? വർദ്ധിച്ചു വരുന്ന വൃദ്ധസമൂഹത്തെ എങ്ങിനെ പരിപാലിക്കാം? അനുദിനമുണ്ടാകുന്ന അടിയന്തിര പ്രശ്നങ്ങൾക്ക് പരിഹാരം തേടിയുള്ള അന്വേഷണമാണ് കഞ്ഞിക്കുഴിയിലും, വെള്ളമുണ്ടയിലും, ഇടവക പഞ്ചായത്തിലും, തൃശ്ശൂരിലെ അടാട്ട് പഞ്ചായത്തിലും ഒക്കെ അരങ്ങേറിയത്. അത്തരം പ്രായോഗിക മുൻകൈകൾ നമ്മുടെ തദ്ദേശീയ ജനാധിപത്യത്തിന്റെ നിർമ്മാണശേഷിയുടെ പ്രകടനങ്ങളാണ്. കേരളത്തിലെ തദ്ദേശീയ സ്ഥാപനങ്ങൾ പരീക്ഷണങ്ങളുടെ പണിപ്പുര ആകുമ്പോഴാണ് പങ്കാളിത്ത ജനാധിപത്യത്തിനു അർത്ഥമുണ്ടാകുന്നത്. ജെ.എസ്. മിൽ പറയുന്നതുപോലെ ജനാധിപത്യം ചർച്ചയിലൂടെ യുള്ള ഭരണമാണ്. പൊതുയുക്തി നമ്മുടെ ജനാധിപത്യ സംസ്ക്കാരത്തിന്റെ സിരാകേന്ദ്രമായി ഇനിയും രൂപാന്തരപ്പെടേണ്ടിയിരിക്കുന്നു. പുതിയ മൂല്യങ്ങളും സാമൂഹികമാനദണ്ഡങ്ങളും ഉരുത്തിരിയേണ്ടിയിരിക്കുന്നു.

# കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡും പ്രവർത്തനവും

1974 ലെ കേരള കർഷക തൊഴിലാളി നിയമത്തിന്റെ എട്ടാം വകുപ്പനുസരിച്ച് കേരള കർഷക തൊഴിലാളി പ്രൊവിഡണ്ട് പദ്ധതിയ്ക്ക് രൂപം നൽകി. എന്നാൽ കർഷക തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കരുത്തുപകരുന്നതിനായി കർഷക തൊഴിലാളി പ്രൊവിഡണ്ട് പദ്ധതി നിർത്തൽ ചെയ്ത് 1990 ൽ കേരള കർഷക തൊഴിലാളി ക്ഷേമനിധിയ്ക്ക് സർക്കാർ രൂപം കൊടുത്തു. ക്ഷേമനിധിയുടെ ഭരണ നിർവ്വഹണത്തിനായി 1990 ജൂലായ് 5-ാം തീയതിയിലെ ജി.ഒ.(പി) 52/90 ഉത്തരവ് പ്രകാരം ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. കേരളത്തിലെ അസംഘടിതരായ തൊഴിലാളി, തൊഴിലുടമ, സർക്കാർ പ്രതിനിധികളായി 7 പേർ വീതം അടങ്ങുന്ന 21 അംഗ ഡയറക്ടർ ബോർഡിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

### രജിസ്ട്രേഷൻ

13803 തൊഴിലാളികൾ ഈ വർഷം അംഗങ്ങളായി. 1991-92 കാലഘട്ടത്തിൽ 347203 അംഗങ്ങളാണ് ബോർഡിൽ രജിസ്റ്റർ ചെയ്തത്. 2010 ഒക്ടോബറിലെ സ്ഥിതിവെച്ച് 2026920 അംഗങ്ങൾ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

### അംശാദായ, ഭൂവുടമ വിഹിതം ശേഖരണം

തൊഴിലാളികളിൽ നിന്നുള്ള അംശാദായവും ഭൂവുടമകളിൽ നിന്നുള്ള വിഹിതവുമാണ് ബോർഡിന്റെ ആരംഭം മുതൽ 2003 ആഗസ്റ്റ് വരെ 2 രൂപ നിരക്കിലും അതിനുശേഷം പ്രതിമാസം 5 രൂപയുമാണ് അംശാദായം ശേഖരിച്ചുവരുന്നത്. അംശാദായം 10 രൂപയായി വർദ്ധിപ്പിക്കണമെന്ന് ബോർഡ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂവുടമകളിൽ നിന്നും അര ഹെക്ടർ വരെ ഭൂമിയ്ക്ക് 10 രൂപ വീതവും ഒരു ഹെക്ടറിനു മുകളിൽ ഒരു ഹെക്ടർ വരെ ഭൂമിയ്ക്ക് 10 രൂപ വീതവും ഒരു ഹെക്ടറിനു മുകളിൽ ഓരോ ഹെക്ടറിനും 15 രൂപ വീതവുമാണ് ഭൂവുടമാ വിഹിതം ശേഖരിച്ചിരുന്നത്. ഭൂവുടമാ വിഹിതം വർദ്ധിപ്പിക്കണമെന്നുള്ള ബോർഡിന്റെ നിരന്തരമായ ആവശ്യം മാനിച്ച് ഭൂവുടമാവിഹിതം 40 ആറിന് മുകളിൽ ഓരോ ആറിനും 25 പൈസയാക്കി പുനർനിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

### ക്ഷേമാനുകൂല്യങ്ങൾ

കർഷകതൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി വിവിധ ക്ഷേമാനുകൂല്യ പദ്ധതികൾ ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ക്ഷേമനിധിയിലൂടെ ഇപ്പോൾ അംഗങ്ങൾക്ക് അനുവദിച്ച് കൊണ്ടിരിക്കുന്ന ക്ഷേമാനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

* 60 വയസ്സ് പൂർത്തിയാകുന്ന/മരണപ്പെടുന്ന ക്ഷേമനിധി അംഗങ്ങൾക്ക് നൽകുന്ന അതിവർഷാനുകൂല്യം (പരമാവധി 25,000/- രൂപ).
* മരണപ്പെടുന്ന ക്ഷേമനിധി അംഗങ്ങളുടെ നിയമാനുസൃത അവകാശിക്ക് അടിയന്തിര സഹായമായി 2,000/- രൂപ.
* വനിതകളായ ക്ഷേമനിധി അംഗങ്ങൾക്ക് 1,000/- രൂപ വീതം പ്രസവധനസഹായം.
* ക്ഷേമനിധി അംഗങ്ങൾക്ക് അപകടം, രോഗം മൂലമുണ്ടായ ചികിത്സയ്ക്ക് 5 വർഷത്തിലൊരിയ്ക്കൽ 1,000/-രൂപ വീതം ചികിത്സാ ധനസഹായം.

* ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം.
* തൊഴിലാളികൾക്ക് നൽകിവരുന്ന ക്ഷേമപദ്ധതികൾ സമഗ്രമായി പരിഷ്കരിക്കുന്നതിന് ബോർഡ് തീരുമാനിച്ച് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. നാളിതുവരെ 172.89 കോടി രൂപ അംഗങ്ങൾക്ക് വിവിധ ക്ഷേമാനുകൂല്യങ്ങളിയി നൽകിയിട്ടുണ്ട്.

### സർക്കാർ ധനസഹായം

ബോർഡിന് സർക്കാർ വിഹിതം ലഭിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നില്ല. ഇതുമൂലം മറ്റു ക്ഷേമനിധി ബോർഡുകൾക്ക് ലഭിക്കുന്നതുപോലെ സർക്കാർ വിഹിതം കർഷക തൊഴിലാളി ബോർഡിന് ലഭിക്കുകയുണ്ടായില്ല. തൊഴിലാളി ഭൂവുടമാവിഹിതമായി ഏകദേശം 86 കോടി രൂപയാണ് ബോർഡിന് സമാഹരിക്കാൻ കഴിഞ്ഞത്. ബോർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള 20 കോഡിയിലധികം വരുന്നതൊഴിലാളികൾക്ക് ക്ഷേമാശ്വാസം എത്തിക്കുക എന്നുള്ളത് ബോർഡിനെ സംബന്ധിച്ചിടത്തോളം ഭാരിച്ച ഉത്തരവാദിത്വമായി മാരി. ഈ സാമ്പത്തികസാഹചര്യം ബോർഡിന് സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൊണ്ടെത്തിച്ചു. ഇതുമൂലം ക്ഷേമാനുകൂല്യങ്ങൾ നിരന്തരമായി സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ആദ്യ കാലങ്ങളിൽ ആയത് ലഭിക്കുകയുണ്ടായി. 2000-2001 ൽ 5 കോടി രൂപ ബോർഡിന് സർക്കാർ അനുവധിച്ചു.അതിനുശേഷം 2006-2007 മുതൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ബോർഡിന് വലിയതോതിലുള്ള ധനസഹായം ലഭിച്ചത്. 124.36 കോടി രൂപ ബോർഡിന് സർക്കാർ അനുവദിച്ചു.ഇതിന് പുറമേ ബോർഡിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിന് സർക്കാർ മാച്ചിങ് ഗ്രാന്റ് അനുവധിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

### സാമ്പത്തികസ്ഥിതി

രാജ്യത്ത് നിലവിലുള്ള ഏറ്റവും വലിയ ക്ഷേമനിധി ബോർഡ് എന്ന നിലയിൽ ബോർഡിലൂടെ നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിന് സാമ്പത്തിക പ്രതിസന്ധി മൂലം ബോർഡിന് കഴിയുന്നില്ല. തൊഴിലാളികളിൽ നിന്നു ഭൂവുടമകളിൽ നിന്നുമായി പ്രതിവർഷം 8 കോടിയോളം രൂപയാണ് ബോർഡിന് ലഭിക്കുന്നത്. വിവിധ ക്ഷേമാനുകൂല്യങ്ങൾക്കായി 30 കോടി രൂപ ബോർഡിനാവശ്യമായി വരുന്നുണ്ട്. പ്രതിവർഷം ഏകദേശം 2 കോടിയിലധികം ഭരണപരമായ ചെലവുകൾക്കും ആവശ്യമാണ്. ഈ സാഹചര്യം ബോർഡിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലെത്തിച്ചു. ബോർഡ് നടപ്പാക്കുന്ന വിവിധ ക്ഷേമാനുകൂല്യങ്ങൾക്കായി ലഭിച്ച ലക്ഷക്കണക്കിന് അപേക്ഷകളിൽ വർഷങ്ങളോളമായി ആനുകൂല്യം നൽകാൻ കഴിഞ്ഞില്ല. 125 കോടിയോളം രൂപയുടെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്യാൻ കുടിശ്ശികയായത്. ഇത് ബോർഡിന്റെ പ്രവർത്തന ലക്ഷ്യത്തെ തന്നെ ഇല്ലായ്മ ചെയ്തു. ഈ സാഹചര്യം മറികടക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നത് അത്യന്താപേക്ഷിതമായി. ഇതിനുവേണ്ടി ബോർഡ് നിരവധിയായ പ്രൊപ്പോസലുകൾ സർക്കാരിനു സമർപ്പിച്ചു.

* ഭൂവുടമാ വിഹിതം വർദ്ധിപ്പിക്കുക
* തൊഴിലാളികളിൽ നിന്നുള്ള അംശാദായം വർദ്ധിപ്പിക്കുക
* തൊഴിലാളി വിഹിതത്തിനു തുല്യമായ തുക സർക്കാർ വിഹിതം അനുവധിക്കുക.
* ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ 1 ശതമാനം തുക സൈസ് ഏർപ്പെടുത്തുക.
* നിലവിലുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിന് സർക്കാർ ധനസഹായം അനുവദിക്കുക.

ഇതിൽ ക്ഷേമനിധിയിൽ നിന്ന് 2001 മുതൽ വിതരണം ചെയ്യാൻ ശേഷിച്ചിരുന്ന അതിവർഷാനുകൂല്യം നൽകുന്നതിനായി 114.9 കോടി രൂപ സർക്കാർ ബോർഡിനു അനുവധിച്ചു. ഭൂവുടമാ വിഹിതം വർദ്ധിപ്പിച്ചുകൊണ്ടും ബോർഡിന് മാച്ചിങ് ഗ്രാന്റ് അനുവധിച്ചുകൊണ്ടും സർക്കാർ ഉത്തരവായി. ഈ ഗവൺമെന്റ് ബോർഡിനനുവദിച്ച ഈ വലിയ സഹായം മൂലം തകർച്ച നേരിട്ടിരുന്ന ബോർഡ് വീണ്ടും അതിജീവനത്തിന്റെ പാതയിലാണ്.

* സാമ്പത്തിക പ്രതിസന്ധിമൂലം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുണ്ടായിട്ടുള്ള കാലതാമസം

* ക്ഷേമാനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള പോരായ്മ
* ജീവനക്കാരുടെ കുറവുമൂലം രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ രേഖകളും വിവരങ്ങളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുള്ള കാലതാമസം.
* ക്ഷേമനിധി ബോർഡിലൂടെ നടപ്പാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.
* 50 വയസ്സ് പൂർത്തിയായവർക്കും മരണപ്പെട്ടവർക്കും അതിവർഷാനുകൂല്യം 5800 രൂപ മുതൽ 75000 രൂപ വരെ.
* മരണപ്പെടുന്ന അംഗങ്ങളുടെ കുടുംബത്തിന് അടിയന്തിര സഹായമായി 5000 രൂപ
* വിവാഹധന സഹായം 2000 രൂപയിൽ നിന്ന് 5000 മായി വർദ്ധിപ്പിക്കുക
* സാധാരണ ചികിത്സയ്ക്ക് 5000 രൂപവരെയും മാരകരോഗബാധിതർക്ക് 50000 രൂപവരെയും ധനസഹായം.
* പ്രസവ ധനസഹായമായി 5000 രൂപ അനുവദിക്കുക
* ഉന്നത വിദ്യാഭ്യാസത്തിന് 5000 രൂപ ഒറ്റ തവണ ധനസഹായം

ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടികൾ വേഗത്തിലാക്കുന്നതിനുമായി കമ്പ്യൂട്ടർവത്കരണം അടിയന്തിരമായി പൂർത്തിയാക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള നിരവധിയായ പ്രവർത്തനങ്ങളിലൂടെ കർഷക തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും ഊന്നൽ നൽകി പ്രവർത്തന ലക്ഷ്യം കൈവരിക്കാനുള്ള പാതയിലാണ് ബോർഡ്.

**തൊഴിൽ സംരക്ഷണ ക്ഷേമരംഗം**

കേരളം,ബംഗാൾ, ത്രിപുര സംസ്ഥാനങ്ങളിലെ ഇടതുപക്ഷ ഗവൺമെന്റുകൾ ഈ കാലഘട്ടത്തിൽ നടപ്പിലാക്കിയ സാമൂഹ്യ സുരക്ഷാ നടപടികൾ ശ്രദ്ധേയവും മാതൃകാപരവുമാണ്. ഈ ഗവൺമെന്റുകൾ നടപ്പിലാക്കിയ നിയമപരിഷ്കാരങ്ങളും നീതിനിർവഹണങ്ങളും വിപുലപ്പെടുത്തുകയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. പണിയെടുക്കുന്നവരുടേയും പ്രതിസന്ധി നേരിടുന്നവരുടെയും ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കാനും സംരംക്ഷിക്കാനും ഉതകുന്ന നടപടികൾ വിപുലപ്പെടുത്തുന്നതിൽ ഗവൺമെന്റിന്റെ ശ്രദ്ധകേന്ദ്രീകരിച്ചേ മതിയാകൂ. തകർച്ച നേരിടുന്ന ദുർബ്ബല ജനവിഭാഗങ്ങളുടെ സംരക്ഷണം സ്വന്തം ഉത്തരവാദിത്വമായി ഏറ്റെടുക്കുന്ന ഒരു നയസമീപനം തന്നെ ഗവൺമെന്റുകൾക്ക് ഉണ്ടായേതീരൂ. അതുവഴി മാത്രമേ കേരളത്തിന്റെ പുരോഗതിയും അതിജീവനവും ഉറപ്പാക്കുവാൻ കഴിയുകയുള്ളു. ഇതിന് സഹായകരമായചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

- കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്കും സാധാരണ ജനങ്ങൾക്കും കുറഞ്ഞ നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ നൽകുന്നതിനുള്ള സംവിധാനം വിപുലപ്പെടുത്തുക.
- വർദ്ധിച്ചുവരുന്ന ചികിത്സാചെലവുകൾ താങ്ങാൻ കഴിയാത്ത തൊഴിലാളി വിഭാഗങ്ങൾക്കും സാധാരണ ജനങ്ങൾക്കും ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ ഉതകുന്ന സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.
- സാധാരണക്കാരന്റെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കുക.
- സംസ്ഥാനത്ത് തൊഴിലാളികളുടെ സുരക്ഷയ്ക്കും ക്ഷമത്തിനും രൂപം കൊടുത്തിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും കാലാനുസൃതമായി ഭേദഗതികൾ വരുത്തി വിപുലപ്പെടുത്തേണ്ടതുണ്ട്.
- തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ ബാധ്യതപ്പെട്ട തൊഴിൽവകുപ്പ് വിപുലപ്പെടുത്തണം.
- ആവശ്യാനുസരണം തൊഴിലാളികളെ ലഭിക്കാത്ത നിരവധി മേഖലകളുണ്ട് (കാർഷിക മേഖല). ഓരോ മേഖലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് ലേബർബാങ്കുകൾ സ്ഥാപിക്കണം. ഇതുവഴി തൊഴിൽ സംരക്ഷണവും ക്ഷേമ പ്രവർത്തനങ്ങളും ഉറപ്പാക്കാം.

- തൊഴിലെടുക്കുന്ന സ്ത്രീകളിൽ 96% വും പണിയെടുക്കുന്നത് തൊഴിൽ സുരക്ഷയുംസാമൂഹ്യ സുരക്ഷയും വരുമാന സുരക്ഷയും ഇല്ലാത്ത അസംഘടിത മേഖലയിലാണ്. അസംഘടിത മേഖല കേന്ദ്രീകരിച്ച് തൊഴിലവസരങ്ങളുടെ പരമാവധി വളർച്ചയ്ക്ക് പ്രത്യേക നയങ്ങളും പരിപാടികളും അംഗീകരിച്ച് നടപ്പിലാക്കണം. തൊഴിലാളികൾക്ക് സുരക്ഷാ ക്ഷേമനിധി ഫണ്ട് ഏർപ്പെടുത്തുക. ഈ മേഖലയിലെ സ്ത്രീകൾക്ക് മിനിമം കൂലിയും 8 മണിക്കൂർ ജോലി സമയവും ഉറപ്പാക്കാൻ കഴിയണം. കൂടാതെ ഈ വിഭാഗം തൊഴിലാളികൾക്ക് വീടുനിർമ്മാണം, ആരോഗ്യ - വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, പ്രസവാനുകൂല്യങ്ങൾ, അബോർഷൻ ആനുകൂല്യങ്ങൾ എന്നിവ നൽകേണ്ടതാണ്.
- എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. കൂടാതെ ക്യാൻസർ, ടി.ബി. ഹോസ്പിറ്റലുകളിൽ പ്രത്യേക പരിഗണന നൽകുക.
- തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ നൽകുന്നതോടൊപ്പം പ്രാദേശിക സർക്കാരുകളുടെ മേൽനോട്ടത്തിൽ വൃദ്ധപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുക.
- ഗ്രാമ-നഗര പ്രദേശങ്ങളിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്കായി കുറഞ്ഞ നിരക്കിൽ ഹോസ്റ്റൽ സൌകര്യങ്ങൾ ഏർപ്പെടുത്തുക.
- സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ/തോട്ടങ്ങൾ/ഫാക്ടറികളോടനുബന്ധിച്ച് കുട്ടികളുടെ പരിപാലനം ലക്ഷ്യമാക്കി ശിശുപരിപാലന കേന്ദ്രവും ഡേകെയർ സ്ഥാപനങ്ങളും സ്ഥാപിക്കുക. കുട്ടികൾക്ക് മുലയൂട്ടാനും സമയവും സൗകര്യവും ഉറപ്പാക്കേണ്ടതാണ്. പരിശീലനവും സിദ്ധിച്ച നേഴ്സ്/ ആയമാരെ ഇവിടങ്ങളിൽ നിയമിക്കുക. കുട്ടികളുടെ പരിരക്ഷ ഉറപ്പാക്കുന്നതിനായി കൃത്യമായ ഇവാലുവേഷൻ നടത്തേണ്ടതാണ്.
- തൊഴിലെടുക്കുന്ന സ്ത്രീകളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുക.
- തൊഴിൽ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കായി പ്രത്യേക ടോയ്ലറ്റ്, വിശ്രമമുറി എന്നിവ സ്ഥാപിക്കേണ്ടതാണ്.
- സമുദ്രനിരപ്പിൽ നിന്നും 3000-5000 അടി വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന തോട്ടം മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് യാത്രാ സൗകര്യം നൽകാൻ തൊഴിലുടമ ബാദ്ധ്യസ്ഥരാണ്. അത് നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ കഴിയണം. കൂടാതെ തൊഴിലാളികളുടെ മാനസിക സമ്മർദം കുറയ്ക്കാൻ കൗൺസിലിംഗും റിക്രിയേഷനും നിർബന്ധമാക്കുക. സ്ത്രീ തൊഴിലാളികളുടെ വീടുകളിൽ കൗൺസിലർമാർ സന്ദർശിച്ച് ആരോഗ്യ- ശുചിത്വ- പോഷണത്തേക്കുറിച്ചും തൊഴിലവകാശ നിയമങ്ങളേക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- കടുത്ത ചൂഷണത്തിന് വിധേയരാകുന്ന ഒരു വിഭാഗമാണ് പീടികതൊഴിലാളികളായ സ്ത്രീകൾ. കുറഞ്ഞ വേതനത്തിന് 8 മണിക്കൂറിലധികം സമയം ജോലി ചെയ്യാൻ നിർബന്ധിതരാകുന്ന ഈ വിഭാഗത്തിന് യാതൊരുവിധ സാമൂഹ്യസുരക്ഷയും ലഭിക്കുന്നില്ല. പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ പോലും സൗകര്യങ്ങൾ ഇല്ല. നിലവിലുള്ള ഷോപ്പ് ആക്ട് ഭേദഗതി ചെയ്ത് പരിഷ്ക്കരിക്കണം. ലേബർ ഡിപ്പാർട്ടുമെന്റിന്റെ ശക്തമായ ഇടപെടൽ അനിവാര്യമാണ്.
- സമൂഹം അണുകുടുംബങ്ങളായി മാറിയതോടെ കുട്ടികളുടെയും പ്രായമായവരുടെയും പരിപാലനം മുഖ്യപ്രസക്തി വർദ്ധിക്കുന്നു. കടുത്ത ചൂഷണത്തിനും ശാരീരിക പീഢനത്തിനും വിധേയരാകേണ്ടിവരുന്ന ഇവരുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇവർക്ക് നിയമങ്ങളും ചട്ടങ്ങളും ക്ഷേമനിധിയും ഉണ്ടാകേണ്ടിയിരിക്കുന്നു. മാത്രമല്ല, ലേബർ ഡിപ്പാർട്ടുമെന്റും സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റും ആരോഗ്യ വകുപ്പും ചേർന്ന് കേരളത്തിലെ ഹോം നേഴ്സ്, വീട്ടുജോലിക്കാർ എന്നിവർക്കായി ഒരു പോളിസി രൂപികരിക്കേണ്ടതാണ്.
- കൈതൊഴിലാളികളും സ്വയം തൊഴിൽ കണ്ടെത്തുന്നവരും ഏറെയും സ്ത്രീകളാണ്. ഇവർക്കാവശ്യമായ ക്ഷേമപദ്ധതികളും ഇൻഷുറൻസും നൽകേണ്ടതാണ്. അതോടൊപ്പം ഇവ

രുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സൗജന്യനിരക്കിൽ വിപണി ഏർപ്പെടുത്തിക്കൊടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടാവുന്നതാണ്. അതോ ടോപ്പം വായ്പ നൽകാനായി ഒരു പ്രത്യേക നിധി രൂപീകരിക്കാവുന്നതാണ്.

- വനിതാക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കാര്യക്ഷമമാക്കുന്നതിനും മേൽനോട്ടം വഹിക്കാൻ ജില്ലാതലത്തിൽ വനിതകൾക്ക് മുൻതൂക്കമുള്ള സമിതികൾ രൂപീകരിക്കുക.
- കയർ, സിമന്റ്, ക്വാറി, മത്സ്യസംസ്കരണം, പ്ലാന്റേഷൻ, ബീഡി, കൺസ്ട്രക്ഷൻ, കെമിക്കൽസ് തുടങ്ങിയ നിരവധി മേഖലകളിൽ തൊഴൽജന്യ രോഗങ്ങൾ വ്യാപകമാകുന്നു. ഇവയ്ക്ക് പരിഹാരം കാണാൻ ശാസ്ത്രീയ പഠനവും പരിഹാര സംവിധാനവും ഉണ്ടാകണം.
- തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതോടൊപ്പം കൂലി വർദ്ധിക്കേണ്ടത് അനിവാര്യമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷ നിയമങ്ങൾ ബാധകമാക്കുക.
- ഐ.സി.ഡി.എസ്., എൻ.ആർ.എച്ച്.എം., സ്കൂൾ പാചകം, സർവ്വശിക്ഷാ അഭിയാൻ തുടങ്ങിയ സാമൂഹിക സുരക്ഷ ലക്ഷ്യമിടുന്ന ഗവൺമെന്റ് പദ്ധതികൾ സർവ്വീസ് മേഖലകളായിട്ടാണ് പരിഗണിക്കപ്പെടുന്നത്. എന്നാൽ ഈ മേഖലയ്ക്ക് ന്യായമായ പ്രതിഫലമോ നിയമപരിരക്ഷകളോ ലഭിക്കുന്നില്ല. ഈ മേഖലകളിലെ പ്രവർത്തകരോട് തികഞ്ഞ അനീതിയാണ് കാണിക്കുന്നത്. ഇതിന് പരിഹാരം കണ്ടേ മതിയാകൂ.
- രാത്രികാല ജോലിക്ക് നിയോഗിക്കപ്പെട്ട സ്ത്രീകൾക്ക് ആവശ്യമായ സുരക്ഷയും സംരക്ഷണവും യാത്രാ സൗകര്യവും ഉറപ്പ് വരുത്താൻ തൊഴിലുടമയ്ക്ക് ഉത്തരവാദിത്വമുണ്ട്. ഈ ഉത്തരവാദിത്വം നിയമപര ബാദ്ധ്യതയായി നിർവ്വഹിക്കപ്പെടണം.
- തൊഴിലിടങ്ങളിലെ ലൈംഗീക പീഢനം വർദ്ധിച്ചു വരുന്നുണ്ട്. ഇത് അവസാനിപ്പിക്കുവാൻ നിലവിലുള്ള നിയമങ്ങൾ ശക്തിപ്പെടുത്തേണ്ടതിനോടൊപ്പം കാര്യക്ഷമമായ നടപടികൾ കൂടി ഉണ്ടാകേണ്ടതുണ്ട്..
- ഐ.ടി. മേഖലകളുടെ പ്രത്യേകതകൾ പരിഗണിച്ച് ഈ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ജോലിസമയം ക്രമീകരിക്കുന്നതിനും മാനസിക പിരിമുറക്കത്തിന് പരിഹാരം കാണുന്നതിനും നിയമസംരക്ഷണം ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിക്കണം.
- തൊഴിൽരംഗത്തെ ലിംഗവിവേചനം പൂർണ്ണമായി അവസാനിപ്പിക്കണം. വനിതകൾക്ക് സ്ഥലംമാറ്റം, പ്രമോഷൻ, ട്രെയിനിംഗ് എന്നിവയിലെ വിവേചനം ഒഴിവാക്കുക. ജോലിയും കുടുംബ ബന്ധങ്ങളും പൊരുത്തപ്പെടുത്തി കൊണ്ടുപോകാൻ അവസരം നൽകുകയും ചെയ്യുക.
- വനിതാ കമ്മീഷൻ തൊഴിലെടുക്കുന്ന സ്ത്രീകളുടെ പ്രതിനിധിയെ കൂടി ഉൾപ്പെടുത്തുക.
- സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ കമ്മിറ്റികളിൽ, തൊഴിലാളി ക്ഷേമ, ട്രേഡ് യൂണിയൻ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വേദികളിൽ ഒരു സീറ്റ് വനിതയ്ക്ക് നൽകുക.

തൊഴിലാളികൾക്കിടയിലേക്ക് ജാതിമത ശക്തികൾ കടന്നു കയറുന്നത് നിരുത്സാഹപ്പെടുത്തണം. തൊഴിലാളികളുടെ ഐക്യത്തെയും വിലപേശൽ ശക്തിയെയും ഇല്ലാതാക്കുന്ന ഈ പ്രവണത സ്വഭാവികമായും തൊഴിലാളികളുടെ അവകാശങ്ങളും സുരക്ഷയും ക്രമേണ ഇല്ലാതാക്കും.

# DENTISTRY-THE POSSIBILITIES AND CHALLENGES AHEAD

**DR.N.O. VARGHESE**

*Principal, Government dental College, Thiruvanathapuram*

For the past one decade; the awareness of dentistry all over India, especially in Kerala was improving very fast. The number of teaching institutions increased about twenty times now than in seventies. Also the numer of dental clinics and hospital in India and Kerala had increased many fold.

Till 2002; we had only two Govt. Dental colleges, admitting total 80 students for BDS course. One at Trivandrum started in the year 1959 and other at Kozhikode started in 1982. Now we have one more college in the government sector, at Kottayam started in 2002. Since our government promoted privazation in the medical education field, at present we have 19 (nineteen) private dental colleges in addition to the three government colleges. Also we have one private college having deemed to be University status, altogether admitting 1200 students (approximately) every year for the BDS course. All the three government colleges and few private colleges started offering Post Graduate education in dentistry.

According to the statistics put forward by the Kerala Dental Council; nearly 8000 dental surgeons are registered with the State Dental council and approximately 6000 doctors are working in Kerala. Since the population of Kerala is 3 cores plus, there is approximately one dental surgeon available for 5000 people in Kerala. Since the dental doctors are concentrated in the urban areas the ratio may be 1:3000; and at the rural areas there is scarcity of dental surgeons.

The Dental Council of India has decided not to start new dental colleges in the country and plan to enhance the Post graduate coure all over the nation. The dental colleges should be attached to Medical Colleges. Now many Dental Colleges do not have Medical Colleges attaches to it.

In developed countries, getting the dental speciality treatment is not that easy. Our state government owned dental colleges and hospital are well equipped. The Dental colleges attached to the Medical Colleges are having sufficient teaching staff and all types of speciality treatments available. Patients coming with Road Traffic Accidents are well attended, treaded in dental colleges and the pat nets are admitted in the medical college wards. Root canal treatment, Implant logy, Bridge fabrication, fixed orthodontic therapy, laser application treatment etc. are available in all the three colleges. The Govt. Dental College, Trivandrum had been rated 15th position among the total 290 colleges all over India.

All the District and Taluk hospitals in Kerala is having dental units. The dental surgeons post should be created in CHC's and the School Dental Health Programme and education will definitely improve the awareness and in future can reduce the dental diseases.

The most important problem faced by the Trivandrum Govt. Dental College is lack of space

for development. The colleges do not have the surgical Inpatient Ward and Ladies Hostel. If better facilities and space is available, we can compete with the institutions of other states and of other developed countries. We have research facilities here; Post graduate researches are also going on. This centre has to be recognized as a centre of excellence in dentistry. This is possible only by increasing the space and added facilities.

We can collaborate with the Dental companies, Dental Associations and seek the sponsorship from the huge business firms in the dental manufacturing field.

The State Dental Council should be given more power, and they should be more active. At present the state Council is registering the names of new doctors. The main authority is vested in the Dental Council of India only. The DCI should dissipate the power to the state council too; so that unethical practices should be stopped. The private dental clinics should have sufficient infrastructural facilities, there should be provision for infection control, provision for biomedical waste management etc. starting of new Dental clinics should be under the control of State Council and they have to ensure proper facilities to such clinics. People should not get carried away by the unethical advertisements, publicity by certain clinics and doctors. The State Dental Council should control all these.

The cost of material should be reduced so that the common people may get all speciality treatment less expensive. Importing dental materials and machineries should be devoid of excess tax; so as to bring down the treatment expenses.

# EDUCATION IN PHARMACEUTICAL SCIENCES: CHALLENGES AND OPPURTUNITIES

**Prof. M.A.Kuriachan**
*Prof&Head, College of Pharmaceutical Sciences, Medical College, Trivandrum.*

Medicines being of vital importance, their formulation, manufacture, handling, storage and dispensing, need a through and specialized knowledge of a professionally qualified and competent pharmacist. Registered pharmacist is considered as an inevitable part of the health care professional team. Entry of persons in to this noble profession is restricted by the enactment of Pharmacy act 1948, and the quality of pharmacy education, examinations to be qualified and the nature and period of training are regulated through the constitution of central and state pharmacy councils.

Pharmacy education (B.Pharm Degree) in Kerala state was started in 1967 in college of Pharmaceutical Sciences, Govt. medical college Trivandrum and post graduate course (M. Pharm) was started in 1984 in the same institution. Diploma in Pharmacy (D.Pharm) was started in the year 1968 in govt medical college Kozhikode. Now there are four institutions in the government sector medical college Trivandrum, Kozhikode, Kottayam and Alappuzha- imparting D.Pharm course, three imparting B.Pharm- medical college Trivandrum, Kozhikode and Kottayam- and Two institutions- medical college Trivandrum and Kozhikode- imparting M Pharm course. A total of 200 D.Ppharm, 120 B.Pharm and 46 M.Pharm students are graduating from these government institutions every year. In addition to this, one self financing institution (SME) under Mahatma Gandhi University and around 24 private institutions are engaged in providing D.Pharm and B.Pharm degree courses. About 1000 D.Pharm holders, 1500 B.Pharm and 150 M.Pharm Graduates are qualifying from these institutions every year.

Although the medical profession in developed through the last six decades in India the profession of Pharmacy has not attained its due status or its potential in the3 current global scenario is not yet fully utilized in our country. It is time for us to upgrade our level of Pharmacy education to the global standards and to search for new avenues in pharmaceutical research in our state.

## A. INSTITUTIONS

### 1. Directorate of Pharmacy Education

In order to monitor the pharmacy education in the state it is advantageous to institute a directorate of pharmacy education in the state. It also becomes essential since a large number of examinations are to be conducted in various centres and the number of pharmacy educational institutions is increasing every year.

### 2. Centre of Excellence

College of Pharmaceutical Sciences, Medical college Trivandrum, the pioneer institute in kerala state imparting pharmacy education at all levels- diploma, degree, post graduate and Ph.D- and successfully producing qualified pharmacy professionals for the last four decades may be upgraded to the level of a centre of excellence.

### 3. Infrastructure facilities

The available facilities in all government pharmacy institutions may be improved to meet the global standards. Introduction of smart class rooms, full-fledged practical halls, internet

facilities, modern libraries etc will help the students to keep abreast with the national and international needs.

## B. FACULTY

Recent introduction of UGC and AICTE norms in the pharmacy education will help maintaining the qualification of faculty members.

### 1. Training of faculty members

Being industry oriented courses (B.Pharm and M.Pharm), faculty members may be permited to obtain industrial training in their respective fields.

### 2. Quality Improvement Programme

One of the government pharmacy education institutions may be recognized as a centre for QIP and the faculty members may be encouraged to attend the programme at regular intervals.

### 3. Faculty exchange programme

Introduction of faculty exchange programme with other reputed national and international universities will help to improve the awareness of faculty members.

## C. RESEARCH PROMOTION

In order to promote research in Pharmaceutical Sciences a new Institution similar to that of NIPER (National Institute for Pharmaceutical Education and Research) may be started in the state.

College of Pharmaceutical Sciences, Trivandrum is having adequate infrastructure facilities for research in pharmaceutical sciences. Collaborative projects with industry must be promoted to enhance research in following areas.

### 1. Natural Products

Being a centre of biodiversity, it is necessary to promote research in our state on medicinal compounds from natural sources and to obtain patents in due course.

### 2. Formulation Development

The existing facilities could be utilized to conduct research in this field in collaboration with industry.

## D. PUBLIC ORIENTED PROJECTS

### 1. In-house hospital manufacturing units & quality control laboratories

Such units may be introduced in all government medical colleges under control of pharmacy institutes to manufacture essential generic drug products for the use in hospitals. Financial commitment for introduction of such units will be meager compared to the expenses for their purchase every year. Human resources of the institute could be used for functioning of the unit and in turn it provides hands on experience to post graduate students also.

### 2. Toxicology department and Drug information centres

Similar to such departments introduced in Medical College Trivandrum, it may be introduced in all government medical colleges to improve patient care in cases of poisoning. DIC will help the general public to obtain vital information about medicines and poisons.

# ഭാഷയും സാങ്കേതിക വികാസവും

ഡോ പി. കെ. പോക്കർ

സംസ്ക്കാരവും ഭാഷയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നിരവധി പഠനങ്ങൾ വന്നു കഴിഞ്ഞു. ഭാഷാ ദേശീയതയെക്കുറിച്ച് മാർക്സിസ്റ്റ് - ലെനിനിസ്റ്റുകൾ മുന്നോട്ടു വച്ച കാഴ്ചപ്പാടിനെ ബലപ്പെടുത്തുന്നതാണ് പുതിയ നിഗമനങ്ങൾ. എന്നാൽ അതിലുപരി സംസ്ക്കാരത്തിന്റെ അനിവാര്യഭാഗമെന്ന നിലയിലോ കൂട്ടായ്മയുടെ വിനിമയ ഉപാധിയെന്ന നിലയിലോ മാത്രമല്ല ജീവിതം തന്നെ നിർണയിക്കുന്നതിൽ ഭാഷ വഹിക്കുന്ന പങ്കിനെക്കുറിച്ചാണ് ഇന്ന് ഏറെ ചർച്ചകൾ ദാർശനികർക്കിടയിൽ നടക്കുന്നത്.

ഭാഷയുടെ ഘടനയും സമൂഹത്തിന്റെ ഘടനയും വിഭിന്നമല്ലെന്ന് സൂചിപ്പിക്കുന്ന ഭാഷാശാസ്ത്രജ്ഞരുടെ നിഗമനം ഗൗരവമുള്ളതാണ്. ഭാഷയുടെ ലിഖിതരൂപവും ഭാഷണരൂപവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും പുതിയ പഠനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഒരു കുട്ടിയുടെ എന്നപോലെ സമൂഹത്തിന്റെയും പെരുമാറ്റം ഭാഷയിലൂടെയാണ് രൂപപ്പെടുന്നത്. കേരളീയ സമൂഹത്തിൽ പത്തൊമ്പതാം നൂറ്റണ്ടിലോ ഇരുപതാം നൂറ്റാണ്ടിലോ ഉപയോഗിച്ച മലയാളമല്ല ഇന്ന് ഉപയോഗിക്കുന്നത്. മലയാള ഭാഷ 'മംഗ്ലീഷായെന്ന്' പരിതപിക്കുന്നവർ 1950 കൾക്കുമുമ്പ് കേരളീയർ സംസാരിക്കുകയോ, എഴുതുകയോ ചെയ്ത ഭാഷയെക്കുറിച്ച് വസ്തുനിഷ്ഠമായി വിശകലനം ചെയ്തിട്ടുണ്ടോ എന്ന കാര്യം സംശയമാണ്.

മലയാളഭാഷയിൽ പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലും നിലനിന്ന ധാരാളം വാക്കുകൾ ഇന്ന് അപ്രത്യക്ഷമായിട്ടുണ്ട്. സാമൂഹികമായ മുന്നേറ്റവും സാംസ്കാരികമായ ചലനങ്ങളും ഭാഷയെ മാറ്റുന്നതിൽ നിർണായകമായ പങ്കുവഹിക്കുന്നു. ആദ്യകാല മലയാളഭാഷയിൽനിന്ന് ഒരു 'ഖണ്ഡം' എടുത്ത് വിശകലനം ചെയ്താൽ മാത്രം ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്. ഭാഷയുടെ പരിഛേദതലം (cross section) അപഗ്രഥിച്ചുകൊണ്ട് സംസ്കാരത്തെ നിർണയിക്കാമെന്ന ആധുനികോത്തര ദാർശനികരുടെ നിഗമനം വാസ്തവത്തിൽ സൈദ്ധാന്തികമായും പ്രായോഗികമായും ശ്രദ്ധയർഹിക്കേണ്ട കണ്ടെത്തലാണ്. ഭാഷയിൽ സംഭവിച്ചതും സംഭവിക്കേണ്ടതുമായ മാറ്റത്തെ മുൻനിർത്തി കേരളീയ ജീവിതപരിസരത്തെ വിശകലനം ചെയ്യാനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തുന്നത്.

സാമൂഹികമായ മുന്നേറ്റങ്ങൾ കൊണ്ടും ഉല്പാദന ഉപകരണങ്ങളുടെ വികാസം കൊണ്ടും ഭാഷ മാറ്റത്തിന് വിധേയമാകുമെന്നതിൽ സംശയമില്ല. കേരളത്തിൽ അധിനിവേശവിരുദ്ധസമരങ്ങളും ജാതി മേൽക്കോയ്മാവിരുദ്ധ പ്രക്ഷോഭങ്ങളും ഭാഷയിലെ മാറ്റങ്ങളിൽ നിർണായകമായിരുന്നു. എൺപതുകൾക്കുശേഷം ദൃശ്യമാധ്യമങ്ങളുടെയും കമ്പ്യൂട്ടർ ഇന്റർനെറ്റ്, മൊബൈൽ ഫോൺ ശൃംഖലകളുടെയും വ്യാപനവും ഭാഷയിൽ വമ്പിച്ച മാറ്റങ്ങൾക്ക് നിദാനമായിട്ടുണ്ട്. ഭാഷ മാറുന്നതിലോ 'മംഗ്ലീഷാവുന്നതിലോ' വേവലാതിപ്പെടുകയല്ല, മാറുന്ന ഭാഷയെ കാലത്തോടും സ്ഥലത്തോടും ചേർത്തു നിലനിർത്താനുള്ള ബോധപൂർവ്വമായ ശ്രമമാണ് നടത്തേണ്ടത്.

# ജ്ഞാന നിർമ്മിതിയും തൊഴിൽ നൈപുണിയും

ആർ.വി.ജി.മേനോൻ

## പ്രാരംഭം

വിദ്യാഭ്യാസത്തിന് എല്ലാക്കാലത്തും രണ്ട് വ്യക്തവും വ്യത്യസ്തവും ആയ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നുവല്ലോ. ഒന്ന് തീർച്ചയായും വ്യക്തിത്വ വികസനം ആണ്. ഓരോ കുട്ടിയേയും നല്ല മനുഷ്യനും നല്ല പൗരനും (സ്ത്രീയും പുരുഷനും) ആയി വളർത്തി എടുക്കണം. അതോടൊപ്പം ഉള്ള രണ്ടാമത്തെ ലക്ഷ്യം ഓരോ കുട്ടിയും സമൂഹത്തിന് ആവശ്യമായ ഏതെങ്കിലും ഉൽപ്പന്നമോ സേവനമോ നൽകാൻ വേണ്ട നൈപുണിയും ആർജിച്ചിരിക്കണം എന്നതായിരുന്നു. സമൂഹത്തിലെ ഓരോ അംഗത്തിന്റേയും തൊഴിൽ ജാതി അനുസരിച്ച് തീരുമാനിച്ചിരുന്ന കാലത്ത് അതുകൊണ്ട് തന്നെ വിദ്യാഭ്യാസവും ജാതിയുടെ അടിസ്താനത്തിൽ ആയിരുന്നു.ഉയർന്നവരെന്നു അഭിമാനിച്ചിരുന്നവർ ബൗദ്ധികമായ മേഖലകളിൽ മാത്രം വ്യാപരിക്കുകയും 'താഴ്ന്ന' ജാതിക്കാർ കായിക അധ്വാനം ആവശ്യമായ തൊഴിലുകളിൽ ഏർപ്പെടുകയും ആയിരുന്നു പതിവ്.ക്രമേണ ഇത് വെള്ളം കടക്കാത്ത വിഭജനം ആയി മാറുകയും അധ്വാനിക്കുന്നവർക്ക് സൈദ്ധാന്തികമായ അറിവ് നിഷേധിക്കപ്പെടുന്ന അവസ്ഥ വരെ എത്തുകയും ചെയ്തു എന്ന് നമുക്ക് അറിയാം. ഇതിന്റെ മറുപുറം, തിയറി അറിയുന്നവർക്ക് പ്രായോഗിക പരിജ്ഞാനം ഇല്ലാതെയും പോയി എന്നതാണ്. ഇത് പൊതുവെ എല്ലാ സമൂഹങ്ങളിലും ഉണ്ടായ ഒരു അവസ്ഥയായിരുന്നു. സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ഒരു ചേർച്ച പടിഞ്ഞാറൻ നാടുകളിൽ ഉണ്ടായത് വ്യവസായ വിപ്ലവത്തെ തുടർന്ന് ആയിരുന്നു. അറിവ് ആനന്ദത്തിനും അലങ്കാരത്തിനും മാത്രമല്ല, ലാഭം ഉണ്ടാക്കാനും ഉതകും എന്ന് യൂറോപ്യന്മാർ മനസിലാക്കിയതോടെ അറിവനോടുള്ള അവരുടെ മനോഭാവം മാറി. സർവ്വകലാശാലകളിൽ നിന്ന് അയിത്തം കല്പിച്ച് മാറ്റി നിരത്തിയിരുന്ന കൃഷി, കച്ചവടം,നിർമ്മാണം തുടങ്ങി സകല വിഷയങ്ങൾക്കും മാന്യത കൈവന്നു. ജ്ഞാന നിർമ്മിതി 'സ്പോൺസർ' ചെയ്യാൻ വ്യവസായികൾ മത്സരിച്ചു മുന്നോട്ട് വന്നു. വിദ്യാഭ്യാസവും ഉത്പാദന മേഖലകളും തമ്മിൽ ജൈവബന്ധം ഉറച്ചു. മത്സരാധിഷ്ടിത സമൂഹത്തിൽ ഏറ്റവും മികച്ച വിദഗ്ധരെ കണ്ടെത്തി അവർക്ക് ഏറ്റവും മികച്ച പരിശീലനം നല്കി തൊഴിൽ മേഖലയിൽ എത്തിക്കേണ്ടത് ലാഭം ഉണ്ടാക്കാൻ അത്യന്താപേക്ഷിതം ആയിരുന്നതുകൊണ്ട് അറിവിനുള്ള അവസരം എല്ലാവർക്കും കൊടുക്കുക എന്നത് സമൂഹത്തിന്റെ ആവശ്യം ആയി. ജന്മം കൊണ്ടും ധനസ്ഥിതി കൊണ്ടും ഉണ്ടായിരുന്ന അസമത്വങ്ങളെ മിറകടക്കാൻ അങ്ങനെ അറിവ് സഹായകമായി. ബൂർഷ്വാ ജനാധിപത്യത്തിന്റെ വളർച്ചയ്ക്കും അത് വഴി വച്ചു.

ദൗർഭാഗ്യവശാൽ ഇതൊന്നും ഇന്ത്യയിൽ സംഭവിച്ചില്ല. ഇവിടെ വ്യവസായവിപ്ലവം തനതായി ഉണ്ടാകുന്നതിനുപകരം ഇംഗ്ലണ്ടിൽ നടന്ന വ്യവസായ വിപ്ലവത്തിന്റെ ഇര ആകുകയായിരുന്നു ഇന്ത്യ. അതുകൊണ്ട് തന്നെ അറിവിന്റെ പ്രയോഗത്തിലൂടെ ഉത്പാദനരംഗത്ത് സംഭവിക്കേണ്ട വികാസം ഇന്ത്യയിൽ ഉണ്ടായില്ല. അതിന് ഉതകുന്ന വിദ്യാഭ്യാസ സമ്പ്രദായവും ഇവിടെ വികസിച്ചു വന്നില്ല.

### സ്കൂൾ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ

വിദ്യാഭ്യാസത്തിലെ ഈ വിടവ് ഒരു പുതിയ കണ്ടുപിടിത്തമൊന്നും അല്ല. കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ തന്നെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ തിരുവിതാം കൂറിൽ ഒരു പൊള്ളുന്ന പ്രശ്നം ആയികഴിഞ്ഞിരുന്നു എന്നത് പലർക്കും ഒരത്ഭുതം ആയിരിക്കും അതേപ്പറ്റി പഠിച്ചു നിർദ്ദേകം നൽകാൻ 1933-ൽ വിദ്യാഭ്യാസ പരിഷ്കരണ സമിതി (Education reforms കമ്മിറ്റി) എന്ന പേരിൽ ഒരു കമ്മിറ്റി നിയോഗിക്കപ്പെട്ടു. അവരുടെ ഒരു സുപ്രധാന നിർദ്ദേശം ഹൈസ്കൂൾ വിദ്യാഭ്യാസത്തെ തൊഴിലധിഷ്ടിതം ആക്കുക എന്നതായിരുന്നു. ഉന്നത വിദ്യാഭ്യാസത്തിനു അഭിരുചിയുള്ള ഒരു വിഭാഗത്തെ മാത്രം അതിന് തയ്യാറാക്കുകയും ബാക്കി ഉള്ള വരെ ഏതെങ്കിലും തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുംവിധം പരിശീലനം നൽകുകയും ചെയ്യുക എന്നതായിരുന്നു അവരുടെ ശുപാർശ അത് സ്വീകരിക്കപ്പെട്ടില്ല എന്ന് പറയേണ്ടതില്ലല്ലോ. പ്രശ്നം കൂടുതൽ രൂക്ഷം ആയപ്പോൾ വീണ്ടും 1945-ലെ മറ്റൊരു കമ്മറ്റിയെ നിയോഗിച്ചു: വിദ്യാഭ്യാസ പുനസംഘടന സമിതി- Education Re-Organisation Committee(EROC). ഈ കമ്മറ്റിയും സെക്കന്ററി വിദ്യാഭ്യാസ രംഗത്ത് വൈവിധ്യവത്കരണം വേണമെന്ന് ശുപാർശ ചെയ്തു. അക്കാഡമികം എന്നും ടെക്നിക്കൽ എന്നും രണ്ട് ധാരകൾ വേണം എന്നും ടെക്നിക്കൽ ധാരയിൽ തൊഴിൽപരമായ പരിശീലനം ആണ് നൽകേണ്ടത് ശുപാർശ ചെയ്തു. അക്കാഡമികം എന്നും രണ്ട് ധാരകൾ വേണം എന്നും ടെക്നിക്കൽ ധാരയിൽ തൊഴിൽപരമായ പരിശീലനം ആണ് നൽകേണ്ടതെന്നും ആയിരുന്നു അവരുടെ നിർദ്ദേശം. അവരുടെ ഒരു സുപ്രധാന നിരീക്ഷണം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഉന്നത വിദ്യാഭ്യാസത്തിനു കുട്ടികളെ തയ്യാറാക്കുക മാത്രം ആണെന്ന കാഴ്ചപ്പാട് ശരിയല്ലെന്നും,ബഹുഭൂരിപക്ഷം കുട്ടികളുടെ കാര്യത്തിലും സ്കൂൾ തലത്തോടെ അവരുടെ വിദ്യാഭ്യാസം അവസാനിക്കുന്നു എന്നതുകൊണ്ട് അവരെ ജീവിതത്തിനു തയ്യാറാക്കൽ ആണ് കൂടുതൽ പ്രസക്തം എന്നും ആയിരുന്നു. ദൗർഭാഗ്യകരം എന്നു പറയട്ടെ, ഇത് ഗൗരവമായി എടുക്കപ്പെട്ടില്ല. തീരുമാനം എടുക്കേണ്ട വർഗത്തെ സംബന്ധിച്ചിടത്തോളം തങ്ങളുടെ കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിന് പോകേണ്ടവർ ആണെന്ന കാഴ്ചപ്പാട് നിലനിന്നതാകാം ഇതിന് കാരണം.

### ടെക്നിക്കൽ സ്കൂളുകളും വൊക്കേഷണൽ ഹയർസെക്കന്ററിയും

പിന്നീട് കാതലായ മാറ്റം വരുന്നത് ടെക്നിക്കൽ സ്കൂളുകളിലും സ്ഥാപനങ്ങളിലും ആണ്. ടെക്നിക്കൽ ഹൈസ്കൂളുകളിൽ പഠിച്ചു വരുന്ന കുട്ടികളെ പറ്റി വളരെ നല്ല അഭിപ്രായം ആണ് തൊഴിൽ ദാതാക്കളുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത്. പക്ഷെ വളരെക്കുറച്ചു എൻജിനീയറിംഗ് ട്രേഡുകൾ മാത്രമേ അവയുടെ പരിധിയിൽ വന്നിരുന്നുള്ളൂ. ഇതേ തുടർന്ന് നടപ്പാക്കിയ വൊക്കേഷനൽ ഹയർ സെക്കൻഡറിയുടെ കാര്യത്തിലും ട്രേഡുകളുടെ പരമിതി വലിയൊരു പ്രശ്നം ആണ്. പക്ഷെ അതിന് കാരണം വൊക്കേഷണൽ വിഷയങ്ങളോടൊപ്പം ഹയർ സെക്കന്ററിയുടെ ശാസ്ത്രവും പഠിക്കാൻ അവരെ അനുവദിക്കുന്നതാണ്. ഇത് കോഴ്സിനു പ്രിയം വർദ്ധിക്കാനോ കുറേ അധ്യാപകർക്ക് ജോലി കിട്ടാനോ ഉതകുമായിരിക്കാം; പക്ഷെ വൊക്കേഷണൽ കോഴ്സിന്റെ പ്രസക്തിയെയും ഫലപ്രാപ്തിയെയും ആണ് ഇത് നശിപ്പിക്കുന്നത്. ഇത് എല്ലാവർക്കും ബോധ്യം ആയിട്ടുണ്ട് എന്നു ഭാവിക്കുന്നുണ്ടെങ്കിലും മാറ്റം വരുത്താൻ ഇതുവരെ ആരും തയ്യാറായിട്ടില്ല എന്നത് ഖേദകരമാണ്. ഈ സമ്പ്രദായം കേരളത്തിലും മാർഗ്ഗദർശി ആണെന്നത് ഒട്ടും ഭൂഷണം അല്ല തന്നെ.

### ചെയ്യേണ്ടത്

വൊക്കേഷണൽ ധാരയിൽ ഇന്നുള്ള നൂറോളം കോഴ്സുകൾക്ക് പകരം ആയിരക്കണക്കിനു കോഴ്സുകൾ ഉണ്ടായേ തീരൂ. സമൂഹത്തിൽ ആവശ്യമുള്ള എല്ലാ തൊഴിൽ മേഖലകൾക്കും വേണ്ട ഔപചാരികമായ പരിശീലനം കൊടുക്കാനുള്ള സംവിധാനം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഉണ്ടാകണം. വൊക്കേഷണൽ എന്നത് മണ്ടൻമാർക്കുള്ള കോഴ്സ് അല്ല, തൊഴിൽ വൈദഗ്ധ്യം നേടാൻ ആഗ്രഹിക്കുന്നവർക്കുള്ളതാണ് എന്ന ബോധ്യം കുട്ടികൾക്ക് വരം

എങ്കിൽ ആ കോഴ്സ് കഴിഞ്ഞ് ഇറങ്ങുന്നവർക്ക് നല്ല വരുമാനം ഉണ്ടാക്കാൻ കഴിയുകയും സമൂഹത്തിൽ മാന്യത കിട്ടുകയും വേണം. നല്ല വരുമാനം ഉണ്ടാക്കാൻ കഴിയുന്ന ഒരുപാട് തൊഴിൽ മേഖലകൾ ഇപ്പോൾ ലഭ്യമാണ്. വരുമാനം ഉള്ളവർക്ക് മാന്യതയും കിട്ടും എന്ന നിലയിലേക്ക് നമ്മുടെ സമൂഹം മാറുകയുമാണ്. പക്ഷേ പ്രശ്നം ഇങ്ങനെയുള്ള പുതിയ തൊഴിൽ മേഖലകൾക്ക് ആവശ്യമായ അറിവും പ്രയോഗിക പരിശീലനവും കൊടുക്കാൻ വേണ്ട വിധത്തിലുള്ള ഉടൻ പ്രതികരണശേഷിയും വഴക്കവും (Flexibity) നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയ്ക്ക് ഇല്ലാ എന്നതാണ്. വിപണിയുടെ ആവശ്യത്തിനനുസരിച്ച് പുതിയ കോഴ്സ് രൂപകല്പന ചെയ്ത് ഉടനുടൻ നടപ്പാക്കാനും ആവശ്യം കുറയുമ്പോൾ അത് മാറ്റി വേറെ കോഴ്സ് ആരംഭിക്കുനും കഴിയുന്നവിധത്തിൽ നമ്മുടെ വൊക്കേഷണൽ വിദ്യാഭ്യാസ സംവിധാനം മാറേണ്ടതുണ്ട്. പുതിയ കോഴ്സ് ആവശ്യം ഇല്ലെങ്കിലും തുടരേണ്ടതായും വരും. അധ്യാപകരുടെ ജോലി സ്ഥിരത ആണല്ലോ നമുക്ക് കുട്ടികളുടെ ഭാവിയെക്കാൾ പ്രധാനം!

ഇതിനുള്ള പരിഹാരം ഇതുപോലുള്ള പുതുതലമുറ വൊക്കേഷനൽ കോഴ്സുകൾക്ക് സ്ഥിരം അധ്യാപകരെ വയ്ക്കാതെ കരാർ അടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തുക എന്നതാണ്. അത് പാർട്ടൈമും ആകാം. തങ്ങളുടെ തൊഴിൽ മേഖലയിൽ വൈദഗ്ധ്യവും അംഗീകാരവുമുള്ള പ്രൊഫഷണലുകളെ ആയിരിക്കണം അങ്ങനെ നിയമിക്കുന്നത്. അതുപോലെ പ്രധാനം ആണ് തൊഴിൽ സ്ഥാപനവും ആയി ബന്ധപ്പെടുത്തി മാത്രമേ തൊഴിൽ കോഴ്സുകൾ തുടങ്ങാവൂ. ഇത്തരം സംഘാടന പ്രവർത്തനങ്ങൾക്കും അത്യാവശ്യം വേണ്ട തിയറി പഠിപ്പിക്കാനും മാത്രമേ സ്ഥിരം അദ്ധ്യാപകർ ഉണ്ടാകു. എങ്കിൽ മാത്രമേ ആയിരക്കണക്കിനുള്ള കോഴ്സുകൾ കൈകാര്യം ചെയ്യാൻ വൊക്കേഷണൽ സംവിധാനത്തിന് കഴിയൂ.

ഫലപ്രദമായ തൊഴിൽ പരിശീലനത്തിനും പ്രായോഗിക അനുഭവ ജ്ഞാനം ലബ്യമാക്കുന്നതിനും നല്ല ചെലവ് വരും. ഇന്ന് വലിയ ചൂഷണം ആണ് ഈ രംഗത്ത് നടക്കുന്നത്. അതിന്റെ ഫലമായി നല്ല തൊഴിൽ മേഖലകൾ കാശുള്ളവർക്ക് മാത്രമായി സംവരണം ചെയ്യപ്പെടുന്ന അവസ്ഥ വന്നുകൂടിയിട്ടുണ്ട്. ഇതിനുള്ള പരിഹാരം പലിശയില്ലാത്ത വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുക മാത്രമാണ്; പാസ്സായി ജോലി കിട്ടിയിട്ട് തിരിച്ചടയ്ക്കണം എന്ന വ്യവസ്ഥയിൽ, ഗുണമേന്മയുള്ള വിപണിയ്ക്ക് ആവശ്യമായ തൊഴിലുകൾ തിരഞ്ഞെടുത്താൽ വായ്പ തിരിച്ചടവ് പ്രശ്നം ആകേണ്ടതില്ല. ആ ഉത്തരവാദിത്തം ആണ് കോഴ്സ് സംഘാടകർ ഏറ്റെടുക്കേണ്ടത്.

ഇത്തരം ഒരു സംവിധാനം വന്നു കഴിഞ്ഞാൽ, പൊതു ഹയർ സെക്കന്ററിയിലെയ്ക്കും ഉന്നത വിദ്യാഭ്യാസത്തിലേയ്ക്കും പോകുന്നവരുടെ എണ്ണം ഗണ്യമായി കുറയും എന്നത് ഉറപ്പാണ്. അത് തീർച്ചയായും ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിലേയ്ക്കും നയിക്കും.

# ദേശീയ വിദ്യാഭ്യാസപരിഷ്കാരങ്ങൾ കേരളത്തിൽ പ്രയോഗിക്കുമ്പോൾ

**ഡോ. ജെ. പ്രസാദ്**
*വൈസ് ചാൻസലർ, ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി*

കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ 1968- ലെ ദേശീയ വിദ്യാഭ്യാസനയം അതിന്റെ എല്ലാ അർത്ഥത്തിലും നടപ്പിൽ വരുത്താൻ ഒരു കാലത്തും കേന്ദ്ര സർക്കാർ മുതിർന്നിട്ടില്ല. അതിലെ പ്രസക്തമായ ഒട്ടേറെ നിർദ്ദേശങ്ങൾ നടപ്പാക്കപ്പെടാതെ ഇപ്പോഴും അവശേഷിക്കുന്നു. 1986-ലെ വിദ്യാഭ്യാസനയത്തിൽ രാജ്യത്തെ വിദ്യാഭ്യാസരംഗം നേരിടുന്ന വെല്ലുവിളികളും അവയുടെ പരിഹാരങ്ങളും ഒരുപോലെ ചൂണ്ടിക്കാണിയ്ക്കുകയുണ്ടായി. പരിഹാരനിർദ്ദേശങ്ങൾ മിക്കവയും ആഗോളവൽക്കരണ, സ്വകാര്യവൽക്കരണ, ഉദാരവൽക്കരണ നയങ്ങളിൽ ഊന്നിക്കൊണ്ടുള്ളതായിരുന്നു. അവയും വേണ്ടത്ര ഗൗരവത്തിൽ സർക്കാർ കണ്ടിരുന്നില്ല. ഫലമോ സ്വതന്ത്ര ഇന്ത്യയിൽ പ്രാഥമിക വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും നേടാൻ കഴിയാതെ പോയവരുടെ എണ്ണം നാൾക്കുനാൾ പെരുകിവന്നു. 2002 ൽ 86-ാം ഭരണഘടനാഭേദഗതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിച്ച വിദ്യാഭ്യാസാവകാശനിയമംപോലും (6-14) നിയമ വിധേയമാക്കാൻ ഏഴുവർഷം വേണ്ടിവന്നു.

42-ാം ഭരണഘടനാഭേദഗതിവഴി വിദ്യാഭ്യാസം സമവർത്തിപ്പട്ടികയിലായതോടെ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമായി 1986-ലെ വിദ്യാഭ്യാസനയത്തിനുശേഷം ഇന്ത്യൻ പാർലമെന്റോ കേന്ദ്രവിദ്യാഭ്യാസ ഉപദേശക സമിതിയോ സമഗ്രമായി ചർച്ചചെയ്തംഗീകരിച്ച ഒരു നയം ഉണ്ടായിട്ടില്ല. എൻ.ഡി.എ. ഭരണകാലത്തെ അംബാനി- ബിർള റിപ്പോർട്ടിന്റെയും (2000) യു.പി.എ. ഭരണകാലത്തെ ദേശീയവിജ്ഞാനക്കമ്മീഷൻ റിപ്പോർട്ടിന്റെയും (2009) പ്രൊഫ. യശ്പാൽകമ്മിറ്റി റിപ്പോർട്ടിന്റേയും (2009) അടിസ്ഥാനത്തിൽ അതത് സർക്കാരുകൾക്ക് താൽപര്യമുള്ള നിർദ്ദേശങ്ങളാന് നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതും. ഈ മൂന്നു റിപ്പോർട്ടുകളിൽ ആദ്യത്തെ രണ്ടും ഒരർത്ഥത്തിൽ ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. യശ്പാൽ കമ്മിറ്റി റിപ്പോർട്ടിലെ ജനപക്ഷനിർദ്ദേശങ്ങളെ ഒഴിവാക്കി ജനവിരുദ്ധനിർദ്ദേശങ്ങൾ മാത്രം നടപ്പിൽ വരുത്താനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ മൂന്നു റിപ്പോർട്ടുകളും പാർലിമെന്റിനെ പോലും നോക്കുകുത്തിയാക്കിക്കൊണ്ടാണ് കേന്ദ്ര സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ദേശീയമായും മറ്റും ഭാരതീയർ വ്യത്യസ്ത തലങ്ങളിലാണെന്നിരിയ്ക്കെ എല്ലാവർക്കും ഒരേ പോലെ അനുരൂപമായ ഒരു വിദ്യാഭ്യാസനയം നമുക്ക് ഇണങ്ങുകയില്ല.

എല്ലാ അർത്ഥത്തിലും പിന്നോക്കം നിൽക്കുന്ന ജനകോടികൾക്ക് ഉന്നതവിദ്യാഭ്യാസം നൽകി അന്തർദേശീയ GER ശരാശരിയായ 24 ശതമാനത്തിലെങ്കിലും എത്തിയ്ക്കണമെങ്കിൽ ഇന്നത്തെ നിലയിൽ 13-ാം പദ്ധതി കഴിഞ്ഞാൽ പോലും സാധിക്കുമെന്നുതോന്നുന്നില്ല. അവസാനത്തെ കണക്കനുസരിച്ച് ഇന്ത്യയുടെ GER 12.24% ആണ്. കേരളത്തിൽ അത് 18 ശതമാനമാണ്. ഒന്നാം ക്ലാസിൽ പ്രവേശിക്കുന്ന 100 വിദ്യാർത്ഥികളിൽ 12-ാം ക്ലാസ്സ് പാസ്സായി പുറത്തുവരുന്നവരുടെ എണ്ണം കേരളത്തിൽ ശരാശരി 92-ഉം തമി

ഴ്നാട്ടിൽ 44-ഉം ബീഹാറിൽ 22-ഉം ഝാർഖണ്ടിൽ 4-ഉം ആണെന്നതും സർക്കാർ തിരിച്ചറിയണം. ലോകത്തുവച്ച് ഏറ്റവും കൂടുതൽ ഉന്നതവിദ്യാഭ്യാസശൃംഖലയുള്ള ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ മഹാഭൂരിപക്ഷവും സമ്പന്നർക്കുമാത്രം എത്തിപ്പെടാവുന്നവയാണ്. അവസാനമായി പാർലമെന്റിൽ അവതരിപ്പിച്ച കണക്കുപ്രകാരം 20677 കോളേജുകളിൽ 5273-നും 230 സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിൽ 125-നും മാത്രമേ യു.ജി.സി.യുടെ 12(ബി) അംഗീകാരമുള്ളൂ.12 ബി അംഗീകാരമുള്ള സ്ഥാപനങ്ങളാണ് ഡ.ഏ.ഇ. ഗ്രാന്റിന് പരിഗണിയ്ക്കപ്പെടുക. ഉന്നതവിദ്യാഭ്യാസരംഗത്ത് സമയബന്ധിതമായി user free ഏർപ്പെടുത്തിക്കൊണ്ട് full cost recovery നടത്തണമെന്നും U.G.C. നിർത്തലാക്കി പകരം U.E.C. ഏർപ്പെടുത്തണമെന്നുമുള്ള അംബാനി-ബിർള റിപ്പോർട്ടിനെ സാധൂകരിക്കുന്ന നടപടികളാണ് കേന്ദ്രം അനുവർത്തിക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്ത് കൂടുതൽ പണം ചെലവഴിക്കാൻ സാധ്യമല്ലെന്ന് ദേശീയ പ്ലാനിംഗ് കമ്മീഷൻ ഉപാദ്ധ്യക്ഷൻ സമീപകാലത്ത് തുറന്നുപറയുകയും പകരം പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതി (PPP) നിർദ്ദേശിക്കുകയും ചെയ്തതോർക്കുക. ഈ നിർദ്ദേശത്തിന് ആക്കം കൂട്ടുന്നതിനുവേണ്ടി യാണ് ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസസ്ഥാപന ങ്ങളൊന്നും തന്നെ ലോകനിലവാരം പുലർത്തുന്നവയല്ലെന്ന ബോധപൂർവ്വമായ പ്രചാരണം വഴി ആഗോളവൽകൃതശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്തെഗുണമേന്മയുടെ വിധികർത്താക്കൾ കമ്പോള ശക്തികളാണെന്നതും നാം തിരിച്ചറിയണം.

പ്രതിവർഷം ശരാശരി 1,60,000 വിദ്യാർത്ഥികൾ ഗുണമേന്മയുള്ള ഉപരിപഠനാർത്ഥം വിദേശരാജ്യങ്ങളിലേയ്ക്കു പോകുന്നതിലൂടെ ഇന്ത്യക്ക് ഏഴ് ബില്യൺ ഡോളറാണ് ചെലവിടേണ്ടി വരുന്നത്. വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കാരങ്ങൾ മിക്കവയും ഏകപക്ഷീയമായി മുകളിൽനിന്ന് അടിച്ചേൽപ്പിക്കാനാണ് കേന്ദ്രസർക്കാർ ശ്രമിയ്ക്കുന്നത്. ജനാധിപത്യ ഇടപെടലിന് വിധേയമാകാത്ത ഒട്ടേറെ ബില്ലുകൾ ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലുണ്ട്

The Educational Tribunals Bill 2010, Foreign Educational Institution (Regulation of entry and operations) Bill 2010, The Prohibition of unfair practices in the Technical Educational Institutions and Universities Bill 2010, The National Accreditation Regulatory Authority for Higher Educational Institutions Bill 2010, The Universities for Innovation Bill 2010, The constitution of National Commission for Higher Education and Research Bill 2010 എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ.

കേന്ദ്ര മാനവശേഷി വികസന വകുപ്പു മന്ത്രി ശ്രീ. കപിൽ സിബലിന്റെ നൂറുദിന ആക്ഷൻ പ്ലാനുകൾ മിക്കവയും പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങി. പല പ്രഖ്യാപനങ്ങളും, വൈവിധ്യത്തിലധിഷ്ടിതമായ ഇന്ത്യയിൽ ഒരേ രീതിയിൽ നടപ്പിൽ വരുത്തുക അപ്രായോഗികമാണ്. കേന്ദ്ര സർക്കാർ അടുത്ത പത്തുവർഷത്തിനുള്ളിൽ ലക്ഷ്യമിടുന്ന പല കാര്യങ്ങളും പത്തുവർഷം മുൻപ് കേരളത്തിൽ നടപ്പാക്കിക്കഴിഞ്ഞു എന്നോർക്കുക. അതിന്റെ പേരിൽ കേരളത്തിനു ലഭിക്കേണ്ട ന്യായമായ അവകാശങ്ങൾപോലും കേന്ദ്രം അനുവധിച്ചു തരുന്നില്ല. ഉന്നതവിദ്യാഭ്യാസരംഗത്ത് ഇപ്പോൾ നടന്നുവരുന്നത് SEZ മോഡൽ പരിഷ്കാരങ്ങളാണ്. 2008- ൽ ASSOCHAM Reforms in Higher Education Strategy towards Global Knowledge Hub 2020 എന്ന പേരിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഇരുപതിന നിർദ്ദേശങ്ങളിൽ വിദ്യാഭ്യാസ കോർപ്പറേറ്റുകൾക്ക് അനുഗുണമായ നിരവധി നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങൾ ശീഘ്രഗതിയിൽ നടപ്പാക്കാനാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. ഇത് ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിവയ്ക്കും കേന്ദ്രസർക്കാരിന്റെതന്നെ ആകർഷക മുദ്രാവാക്യമായ Access equity and excellence എന്നത് മഹാഭൂരിപക്ഷം വരുന്ന ദരിദ്രനാരായണന്മാർക്ക് അപ്രാപ്യമായിത്തീരും.

# വികേന്ദ്രീകൃത ആസൂത്രണവും വനിതാ ശാക്തീകരണവും സ്ത്രീ ശാക്തീകരണം പഞ്ചായത്ത് രാജിലൂടെ

സി.എസ്. സുജാത

സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം നമ്മുടെ രാജ്യത്തുണ്ടായ വിപ്ലവകരമായ ഒരു ചുവടുവെയ്പ്പായിരുന്നു 33% വനിതാ സംവരണം. മൊത്തം ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകളെ അവഗണിച്ചും നയരൂപീകരണ വേദികളിൽ നിന്നും അകറ്റി നിർത്തിയും എക്കാലവും മുന്നോട്ട് പോകാൻ കഴിയില്ല എന്ന തിരിച്ചറിവിൽ നിന്നാണ് ഭരണ കൂടം അത്തരം ഒരു നടപടിക്ക് നിർബന്ധതമായത്.

അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് ഒട്ടേറെ ചർച്ചകൾ രാജ്യത്ത് നടക്കുന്നുണ്ടെങ്കിലും അതിന് തുടക്കം കുറിച്ചത് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ ആണ്.1991 ൽ ജില്ലാ കൗൺസിൽ രൂപീകരുച്ച് 30% വനിതാ സംവരണം നടപ്പിലാക്കിയതാണ് അതിലേക്കുള്ള ചവിട്ടുപടിയായത്.73, 74 ഭരണഘടനാ ഭേദഗതികൾ നിലനിൽ വന്നു. 1995 ൽ 33% സ്ത്രീകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അതുവരെ അടക്കം പറയുകയും നെറ്റിചുളിക്കുകയും ചെയ്ത പൊതു സമൂഹം അത് അംഗീകരിക്കുവാൻ നിർബന്ധിതരായി. അടുക്കളയിൽ കരിയും പുകയും ഏറ്റ് കിടന്നിരുന്നവരും ഭർത്താവിന്റെ നിഴലിൽ കഴിഞ്ഞിരുന്നവരും അധികാര കേന്ദ്രങ്ങളിലേക്ക് ആനയിക്കപ്പെട്ടു. പുനർ കേന്ദ്രീകൃതമായ ഒരു ജനാധിപത്യ വ്യവസ്ഥിതിയുടെ പൊളിച്ചെഴുത്താണ് തുടർന്നുണ്ടായത്.

1995 ൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ കേരളം ഭരിച്ചിരുന്നത് യു.ഡി.എഫ്. ആയിരുന്നു. സ്വന്തമായ ഇരിപ്പടമോ, പ്രവർത്തിക്കാനുള്ള ഫണ്ടോ പഞ്ചായത്തുകൾക്ക് ഇല്ലായിരുന്നു. ജനപ്രതിനിധികളായ വനിതകൾ ഈ പരിമിതികൾക്കിടയിലും വസ്തുതകൾ പഠിക്കാനും മത്സരബുദ്ധിയോടെ തങ്ങളുടെ ചുമതലകൾ നിർവഹിക്കാനും തയ്യാറായി.

ഗ്രാമസഭകൾ ഓരോ ജനപ്രതിനിധിയുടേയും പാഠശാലായായി മാറി. ജനകീയാസൂത്രണം ഒരു സ്ത്രീപക്ഷ വീക്ഷണം മൊത്തത്തിൽ ജനപ്രതിനിധികൾക്കിടയിലും രാഷ്ട്രീയ പാർട്ടികളിലും ഉണ്ടാകാൻ കാരണമായി 10% തുക വനിതാഘടക പദ്ധതിക്ക് നീക്കി വെക്കാത്ത പഞ്ചായത്തുകളുടെ മറ്റ് പദ്ധതികൾക്ക് അനുമതി നൽകേണ്ടതില്ല എന്ന കർശന നിലപാട് അന്നത്തെ എൽ.ഡി.എഫ്. സർക്കാർ കൈകൊണ്ടു. അന്നേവരം കരാറുകാർ മാത്രം ചെയ്തിരുന്ന നിർവഹണ പ്രവർത്തികൾ ജനകീയ കമ്മിറ്റികൾ ഏറ്റെടുത്തു ചെയ്യാൻ തുടങ്ങി. സ്ത്രീകൾ കൺവീനറായി പ്രവർത്തിക്കുന്ന ജനകീയ കമ്മിറ്റികൾ ധാരാളമായി നിലവിൽ വന്നു. താരതമ്യേന അഴിമതിരഹിതമായും കാര്യക്ഷമമായും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ അവർക്ക് കഴിഞ്ഞു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. എസ്റ്റിമേറ്റ് തുകയിലും കുറഞ്ഞ തുകയ്ക്ക് പണി തീർത്ത സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

33% സംവരണം 50 ലേക്ക് ഉയർന്നു കഴിഞ്ഞിരിക്കുന്നു. 1995 ലെ സ്ത്രീയല്ല 2010 ലെ സ്ത്രീ. പഴയ ബുദ്ധിമുട്ടുകൾ ഇന്നില്ല. ബഹുമാനപ്പെട്ട വില്ലേജ് ആഫീസർ മുമ്പാകെ പ്രസിഡന്റ് സമർപ്പിക്കുന്ന അപേക്ഷ. എന്നെഴുതുന്ന പഞ്ചായത്ത് പ്രസിഡന്റ് ഇന്നെവിടെയും ഇല്ല. എല്ലാ സ്ഥാനങ്ങളിലും ഇന്ന സ്ത്രീകൾ എത്തിചച്ചേർന്നിരി

ക്കുന്നു.50() ത്തുനു പകരം 54% പേർ ജയിച്ചു വന്നിരിക്കുന്നു. സ്റ്റാൻഡിംഗ് കമ്മിറ്റികളുലും, വൈസ്പ്രസിഡന്റ് സ്ഥാനത്തും വനുതാ ജനപ്രതിനിധികൾക്ക് സംവരണം ലഭ്യമാണ്. വനിതകൾക്കായി പ്രത്യേക വർക്കിംഗ് ക്രൂപ്പും എല്ലാ വർക്കിംഗ് ഗ്രൂപ്പിലും വനിതാ പ്രതിനിധ്യങ്ങളും ഉറപ്പവരുത്തിയിരിക്കുന്നു. 40% ഫണ്ട് പഞ്ചായത്തിന് ലഭ്യമാണ്. സ്വന്തമായി കെട്ടിടങ്ങളും എല്ലാ സംവിധാനങ്ങളും ത്രിതല പഞ്ചായത്തുകൾക്കും ലഭ്യമായിരിക്കുന്നു. സമൂഹത്തിന്റെ അംഗീകാരവും ഒരു പരിധിവരെ ലഭ്യമാണ്. വലിയ മാറ്റം വരാതെ നിലനിൽക്കുന്നതും വരേണ്ടത് അത്യാവശ്യമായതും കുടുംബാന്തരീക്ഷത്തിലാണ്. കുടുംബപരമായ ചുമതലകൾ നിറവേറ്റാൻ സമയം തികയുന്നില്ല എന്നോ, കുടുംബപരമായ ചുമതലകൾ കാരണം പൊതുപ്രവർത്തനത്തിന് തടസ്സമുണ്ടാകുന്നു എന്നോ പരിതിപ്പെടുന്നവരാണ് ഭൂരുപക്ഷം വനിതാ ജനപ്രതിനിധികളും. ഇവരണ്ടും കൂടെ മുമ്പോട്ടു കൊണ്ടുപോകണമെങ്കിൽ കുടുംബാംഗങ്ങളുടെ ഭാഗാത്ത് നിന്ന് കുടുംബപരമായ ചുമതലകൾ പങ്കുവെക്കാനുള്ള സന്നദ്ധത ഉണ്ടകേണ്ടതുണ്ട്. ഇതുൾപ്പെടെ നിലനിൽക്കുന്ന എല്ലാ പരിമിതികളെയും മിറകടന്ന് സാധാരണ ജനങ്ങളുടേയും വിശിഷ്യ സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കാൻ 2010 ൽ അധികാരത്തിലെത്തിയ എല്ലാ വനിതാ ജനപ്രതിനിധികൾക്കും കഴിയട്ടെ എന്നു മാത്രം ആഗ്രഹിക്കുന്നു.

# തൊഴിലാളി ക്ഷേമം

**എസ്. രാജേന്ദ്രൻ**

തൊഴിലാളി ക്ഷേമകാര്യത്തിൽ കേരളം എക്കാലവും മാതൃകയാണ്. സംഘടിതമേഖലയിലും അസംഘടിതമേഖലയിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് വിവിധ ക്ഷേമ പെൻഷൻ പദ്ധതികൾ നടപ്പിലാക്കി തൊഴിലാളികളുടെ ജീവിത സുരക്ഷ ഉറപ്പാക്കുന്നതിൽ കേരളം മുൻപന്തിയിലെത്തിയതിന്റെ പിന്നിൽ സംസ്ഥാനത്തെ സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്കാണുള്ളത്. തൊഴിൽ വകുപ്പ് നേരിട്ട് തന്നെ 22 ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നു. ഈ ക്ഷേമപദ്ധതിയിലെല്ലാമായി 60 ലക്ഷത്തോളം തൊഴിലാളികൾ അംഗങ്ങളാണ്. ഇവർക്ക് പെൻഷനടക്കമുള്ള ക്ഷേമപദ്ധതികൾ ഉറപ്പുവരുത്തുന്നു. ഇതിന് പുറമെ കൃഷി, വ്യവസായം, ഭക്ഷ്യം, സാമൂഹ്യക്ഷേമം, ക്ഷീരവികസനം, നിയമം, നോർക്ക, സഹകരണം, രജിസ്ട്രേഷൻ, മത്സ്യതൊഴിലാളി, ധനകാര്യം തുടങ്ങിയ വകുപ്പുകൾ വഴിയും അതാത് മേഖലയിലെ പണിയെടുക്കുന്നവർക്കായി 15 ഓളം ക്ഷേമപെൻഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1969 ൽ സ: ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നിയമം മൂലം നടപ്പിലാക്കിയ കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമപദ്ധതിയാണ് ക്ഷേമപെൻഷൻ പദ്ധതിയിലാദ്യത്തേത്. ഇതിന്റെ ചുവടുപിടിച്ച് വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായി ഒട്ടേറെ ക്ഷേമപദ്ധതി നിയമങ്ങൾ സംസ്ഥാനത്ത് പിന്നീട് നിലവിൽ വന്നു. ഇതിൽ കർഷകതൊഴിലാളികൾക്കും, പരമ്പരാഗത വ്യവസായ തൊഴിലാളികൾക്കും, നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്കുമുള്ള ക്ഷേമപെൻഷൻ പദ്ധതികൾ വലിയൊരു വിഭാഗം തൊഴിലാളികൾക്ക് പ്രത്യേകിച്ച് ഏറ്റവും താഴെക്കിടയിലുള്ള തൊഴിലാളികൾക്ക് ജീവിത സുരക്ഷ ഉറപ്പുവരുത്തുന്നു.

സംസ്ഥാനത്തെ ക്ഷേമപദ്ധതികളിൽ അംഗസംഖ്യയിൽ മുന്നിൽ നിൽക്കുന്നത് കർഷകതൊഴിലാളിക്ഷേമ പദ്ധതി തന്നെയാണ്. 19.36 ലക്ഷത്തോളം പേർ ഇതിൽ അംഗങ്ങളാണ്. തൊട്ടടുത്ത് നിൽക്കുന്നത് നിർമ്മാണ തൊഴിലാളി മേഖലക്കായുള്ള ക്ഷേമ പദ്ധതിയാണ്. 14.05 ലക്ഷത്തോളം പേർ ഇതിൽ അംഗങ്ങളാണ്. പരമ്പരാഗത മേഖലയിലെ വിവിധ ക്ഷേമപദ്ധതികളിലായി 7.2 ലക്ഷത്തോളം പേർ അംഗങ്ങളായുണ്ട്. മറ്റുള്ള ക്ഷേമപദ്ധതികളിലെല്ലാമായി 21.16 ലക്ഷത്തോളം പേർ അംഗങ്ങളാണ്. ഈ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നത് തൊഴിലാളി-ഉടമ പ്രതിനിധികളും സർക്കാർ പ്രതിനിധികളും അടങ്ങുന്ന ക്ഷേമബോർഡുകളാണ്.

സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ സാമ്പത്തിക സർവ്വെപ്രകാരം കേരളത്തിലെ തൊഴിൽ ശക്തി 83 ലക്ഷമാണെന്നും അതിൽ സ്ത്രീകൾ 19 ലക്ഷം വരുമെന്നുമാണ് ചൂണ്ടിക്കാട്ടുന്നത്. ഈ കണക്കുകൾ പരിഗണിച്ചാൽ സംസ്ഥാനത്ത് വിവിധ മേഖലകളിൽ പണിയെടുക്കുന്നവരിൽ ഒരു വിഭാഗം തൊഴിലാളികൾ

പ്രത്യേകിച്ച് അസംഘടിതമേഖലയിൽപ്പെട്ടവർ ഒരു ക്ഷേമ പെൻഷൻ പദ്ധതിയിലും അംഗങ്ങളായി ചേർന്നിട്ടില്ലെന്ന വസ്തുത മനസിലാക്കാൻ കഴിയും. അത്തരക്കാരെ കൂടി ബന്ധപ്പെട്ട ക്ഷേമ പദ്ധതികളിൽ അംഗങ്ങളാക്കിക്കൊണ്ട് മുഴുവൻ തൊഴിലാളികൾക്കും ജീവിത സുരക്ഷ ഉറപ്പുവരുത്തുവാൻ സഹായിക്കുന്ന ശക്തമായ ഇടപെടൽ ഇനിയും ഉണ്ടാകേണ്ടതുണ്ട്. അതിന് തൊഴിലാളി സംഘടനകളും, ഉടമകളും, ക്ഷേമബോർഡുകളും മുൻകൈയ്യെടുക്കുകയും സർക്കാർ ഇടപെടൽ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

നിലവിലുള്ള ക്ഷേമ പദ്ധതികൾ വഴി നടപ്പിലാക്കുന്ന പെൻഷൻ, ക്ഷേമ ആനുകൂല്യങ്ങൾ വിവിധ മേഖലകളിൽ വ്യത്യസ്തമാണെന്ന് കാണാം. വർഷങ്ങൾക്ക് മുമ്പ് പദ്ധതി ആവിഷ്കരിച്ച ഘട്ടത്തിൽ തീരുമാനിച്ച മാനദണ്ഡങ്ങളാണ് പല പദ്ധതികളിലും ഇപ്പോഴും തുടരുന്നത്. 250 -300 രൂപ പ്രതിമാസ പെൻഷൻ എന്നത് ഈ കാലഘട്ടത്തിൽ തികച്ചും പര്യാപ്തമല്ല. വൈദ്യസഹായം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, മരണാനന്തര സഹായം, പ്രസവകാല ആനുകൂല്യം തുടങ്ങിയവയും പല ക്ഷേമപദ്ധതിയിലും അപര്യാപ്തമാണ്. ഇക്കാര്യങ്ങളിൽ നിലനിൽക്കുന്ന വ്യത്യസ്ത നിരക്കുകൾ ഏകീകരിക്കുന്നത് ഉചിതമായിരിക്കും. സാമാന തൊഴിൽ മേഖലയിലെങ്കിലും ഏകീകരിച്ച നിരക്കിൽ ആനുകൂല്യങ്ങൾ നൽകുന്നത് ഉചിതമായിരിക്കും. ക്ഷേമ പദ്ധതികൾ കൂടുതൽ ആകർഷകമാക്കാനും, ജീവിത സുരക്ഷ ഉറപ്പുവരുത്തുവാനും ഇത് ഉപകരിക്കും.

നിലവിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷേമബോർഡുകളിൽ പലതും സാമ്പത്തികമായി പ്രയാസങ്ങൾ നേരിടുന്നവയാണ്. ചുരുക്കം ചില ക്ഷേമബോർഡുകൾക്ക് മാത്രമാണ് ക്ഷേമാനുകൂല്യങ്ങളും പെൻഷനും യഥാവിധി നൽകാൻ കഴിയുക. മറ്റ് ഏതാനും ബോർഡുകളാവട്ടെ നല്ല സാമ്പത്തിക ഭദ്രതയും വൻതുക നീക്കിയിരിപ്പുള്ളവയുമാണ്. അതുകൊണ്ട് ക്ഷേമ ബോർഡുകളുടെയും സാമ്പത്തിക സ്ഥിതി കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കുകയും അവയുടെ മൊത്തത്തിലുള്ള പ്രവർത്തനക്ഷമത ഉറപ്പുവരുത്താൻ പൊതുവായ ചില മാർഗനിർദ്ദേശങ്ങൾ ഉണ്ടാവുകയും ചെയ്യേണ്ടത് ആവശ്യമാണ്. അതോടൊപ്പം ബോർഡുകളുടെ നിക്ഷേപങ്ങൾ ഫലപ്രദമായും പ്രത്യുൽപാദനപരമായും വിനിയോഗിച്ചുകൊണ്ട് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കാനുള്ള പദ്ധതികളും ആവിഷ്കരിക്കാവുന്നതാണ്.

ക്ഷേമബോർഡുകളുടെ വരുമാനം പ്രധാനമായും അംഗങ്ങളുടെ അംശാദായം, ഉടമാവിഹിതം, സർക്കാർ വിഹിതം, നികുതി-സെസ്സുകളിൽ നിന്നുള്ള വിഹിതം എന്നിവയാണ്. ഇതിൽ പലതും യഥാസമയം പിരിഞ്ഞു കിട്ടാറില്ല. അതിന് പ്രത്യേക ശ്രദ്ധ ആവശ്യമുണ്ട്. വർഷങ്ങൾക്ക് മുമ്പ് നിശ്ചയിക്കപ്പെട്ട ഇവയെല്ലാം വളരെ തുച്ഛവുമാണ്. അതുകൊണ്ട് തന്നെ വരുമാന വർദ്ധന പ്രയാസകരമാണ്. അതേസമയം ക്ഷേമ ബോർഡുകളുടെ ദൈനംദിന ഭരണ ചെലവാകട്ടെ കുതിച്ചുയരുകയുമാണ്. ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ ആവശ്യമാണ്. ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യ, കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയവ വഴി കാര്യക്ഷമത വർദ്ധിപ്പിച്ച് ഭരണ ചെലവ് വലിയൊരളവിൽ കുറക്കാൻ കഴിയും. കണക്കുകളുടെ സൂക്ഷിപ്പും കൃത്യതയോടെ നടപ്പാക്കാം. അതിന് പറ്റിയ തരത്തിൽ ഭരണ സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി ആവശ്യമാണ്. ഇതിന് പൊതുവായ ചില മാർക്ഷ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ രൂപപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം സമാനതൊഴിൽ മേഖലയിലെ ക്ഷേമബോർഡുകൾ-പ്രത്യേകിച്ച് അംഗസംഖ്യ വളരെ കുറവുള്ള ക്ഷേമ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടും ഭരണ ചെലവ് ഗണ്യമായി കുറക്കാൻ കഴിയും.

19 ലക്ഷത്തിലധികം അംഗസംഖ്യയുള്ള കർഷകതൊഴിലാളിക്ഷേമനിധി ബോർഡും 1667 അംഗങ്ങളുടെ അബ്കാരി തൊഴിലാളിക്ഷേമ ബോർഡും പ്രവർത്തിക്കുന്നുണ്ട്. ചുരുക്കം ചില ക്ഷേമ ബോർഡുകൾ ഒരു ചെറിയ വിഭാഗം തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കേണ്ടി വരികയും ഭരണപരമായ ചെലവുകൾക്കുപോലും വരുമാനമില്ലാതെ തൊഴിലാളികൾക്ക് നിശ്ചിത ക്ഷേമപെൻഷനുകൾ നൽകാൻ പ്രയാസപ്പെടുകയുമാണ്. അത്തരം ക്ഷേമ ബോർഡുകളെ സമാ

നതൊഴിൽ മേഖലയിലുള്ള ക്ഷേമബോർഡുകളുമായി സംയോജിപ്പിക്കാൻ നിയമനിർമ്മാണം ആവശ്യമാണ്. അതിന് സർക്കാർ തലത്തിൽ അടിയന്തിരനടപടി ഉണ്ടാവേണ്ടതുണ്ട്.

സംസ്ഥാനത്ത് നിന്നും 33.5 ലക്ഷത്തിലധികം പേർ വിവിധ വിദേശ രാജ്യങ്ങളിൽ പോയി പണിയെടുക്കുന്നുണ്ടെന്നാണ് കണക്ക്. അതിൽ വലിയ പങ്കും സാധാരണ തൊഴിലാളികളാണ്. അവരുടെ ക്ഷേമത്തിനായി രാജ്യത്താദ്യമായി ഒരു ക്ഷേമ പെൻഷൻ പദ്ധതി നടപ്പിലാക്കിയതും കേരളത്തിലാണ്. അതുപോലെ കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റുമായി ലക്ഷക്കണക്കിന് അന്യ സംസ്ഥാനതൊഴിലാളികൾ ഇന്ന് പണിയെടുക്കുന്നു. ക്ളേശകരമായ സാഹചര്യത്തിലും മോശപ്പെട്ട ജീവിത സാഹചര്യത്തിലും പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായും ഒരു ക്ഷേമ പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകി കഴിഞ്ഞു. ഇവരുടെ ക്ഷേമപ്രവർത്തനങ്ങളും അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

തൊഴിലാളികളുടെ പ്രത്യേകിച്ച്, അസംഘടിത മേഖലയിലടക്കമുള്ളവർക്ക് മിനിമം കൂലി ഉറപ്പുവരുത്തുന്നതിലും കേരളം മുന്നിലാണ്. 81 തൊഴിലുകളിലായി 41 വിഭാഗത്തിന് ഇതിനകം മിനിമം കൂലി നടപ്പിലാക്കിയിട്ടുണ്ട്. രാജ്യത്ത് ഉയർന്ന കൂലി നിരക്കും തൊഴിൽ നിയമങ്ങളും, ജീവിത സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിന് കേരളം മുന്നിൽ തന്നെയാണ്. അതിൽ വലിയ പങ്ക് ഇടതുപക്ഷ തൊഴിലാളി സംഘടനകൾക്ക് അവകാശപ്പെട്ടതാണ്.

# അധികാര വികേന്ദ്രീകരണം ഭാവിയിൽ ശ്രദ്ധിക്കേണ്ടത്

പ്രൊഫ.സി.രവീന്ദ്രനാഥ്

അധികാരവികേന്ദ്രീകരണം ജനാധിപത്യ മൂല്യങ്ങളെ കൂടുതൽ അർത്ഥപൂർണ്ണമാക്കും. മുതലാളിത്ത ജനാധിപത്യ സംവിധാനത്തിൽ വൻകിട കുത്തകകളുടേയും മൂലധനത്തിന്റേയും ആധിപത്യമാണ് മൂല്യങ്ങളെ നിശ്ചയിക്കുന്നത്. അതുകൊണ്ടുതന്നെ ബഹുഭൂരിപക്ഷത്തിന്റെ പാർശ്വവൽക്കരണം മുതലാളിത്ത ജനാധിപത്യത്തിന്റെ അനിവാര്യ പ്രശ്നമാണ്. രാജ്യത്തിന്റെ വികസന കുതിപ്പ് സംഭവിച്ചു കൊണ്ടിരിക്കുന്നു എന്ന പറയുമ്പോഴും മനുഷ്യ വികസന സൂചികയിലും ദാരിദ്ര്യ സൂചികയിലും നാം നിരന്തരം പുറകോട്ടു പോയി കൊണ്ടിരിക്കുകയാണ്. കണ്ണഞ്ചിപ്പിക്കുന്ന സംവിധാനങ്ങൾ ഉണ്ടാകുന്തോറും വീടില്ലാത്തവരുടേയും ശുദ്ധജലം ലഭിക്കാത്തവരുടേയും എണ്ണം വർദ്ധിക്കുന്നു എന്നത് പ്രധാനപ്രശ്നമായി മാറുന്നു എന്ന് മാത്രമല്ല പ്രാദേശിക അസമത്വവും പ്രശ്നങ്ങളും കൂടുകയാണ്. പ്രാദേശിക വികസനം എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ കഴിയുന്നില്ല. ഗ്രാമസമ്പന്നതയിൽ നിന്നുകൊണ്ട് അർത്ഥപൂർണ്ണമായ വികസനം യാഥാർത്ഥ്യമാകുന്നതിൽ നിന്ന് നാം പുറകോട്ടു പോകുകയും നഗരവൽക്കരണമാണ് ശരിയെന്ന് ചിന്തിക്കുകയും ചെയ്യുന്നു. ജൈവ വൈവിധ്യ ശോഷണവും മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകുന്നതിന്റെ മൂലകാരണം മേൽ പറഞ്ഞതാണ്.

ഒട്ടൊക്കെ ഈ പ്രശ്നങ്ങളെ പരിഹരിക്കുവാൻ അധികാര വികേന്ദ്രീകരണത്തിലൂടെ കഴിയും. കാരണം ഭരണകൂടങ്ങളുടെ ജനാധിപത്യവൽക്കരണമാണ് അധികാര വികേന്ദ്രീകരണം. അതുകൊണ്ടുതന്നെ മുതലാളിത്ത ജനാധിപത്യത്തിൽ സാധാരണ സംഭവിക്കാറുള്ള മൂലധനത്തിന്റെ സ്വാധീനം ഗണ്യമായി കുറച്ച് ജനങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കുവാൻ കഴിയും. നിലവിലുള്ള ഭരണകൂടങ്ങളുടെ ജനാധിപത്യവൽക്കരണത്തിലൂടെ താഴെതട്ടിൽ കൂടുതൽ ജനാധിപത്യവൽകൃത ഭരണകൂടം സൃഷ്ടിക്കുന്നതാണ് അധികാര വികേന്ദ്രീകരണ ലക്ഷ്യം. ത്രിതല പഞ്ചായത്തുകൾ ഭരണകൂടങ്ങളാകും.

ത്രിതല സംവിധാനങ്ങൾ ഭരണകൂടങ്ങളാകണമെങ്കിൽ കേവലം രാഷ്ട്രീയാധികാരം വികേന്ദ്രീകരണം മാത്രം പോരാ എന്ന തിരിച്ചറിവുണ്ടായത് കേരളത്തിലാണ്. 73,74 ഭരണഘടനാ ഭേദഗതിയിൽ രാഷ്ട്രീയാധികാരവികേന്ദ്രീകരണം മാത്രമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതോടൊപ്പം ആസൂത്രണ വികേന്ദ്രീകരണവും, സമ്പത്തിൻരെ വികേന്ദ്രീകരണവും, ഭരണപരമായ വികേന്ദ്രീകരണവും ചേർത്തു കൊണ്ടാണ് കേരളത്തിൽ ജനകീയാസൂത്രണം നടപ്പിലാക്കിയത് എന്നതുകൊണ്ട് അധികാര വികേന്ദ്രീകരണത്തിൽ കേരളം ശ്രദ്ധേയമായത്. അതുകൊണ്ട് തന്നെ കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ ഭരണകൂടങ്ങളായി മാറി.

പക്ഷേ ഇനിയും മുന്നേറേണ്ടതുണ്ട്. ഭരണപരമായ വികേന്ദ്രീകരണം ഉദ്ദേശിച്ച രീതിയിൽ പൂർണ്ണമാക്കുവാൻ കഴിഞ്ഞിട്ടില്ല. സമ്പത്തിന്റെ വികേന്ദ്രീകരണം കൂടുതൽ ആവശ്യമാണ്. അധികാരം സംസ്ഥാന സർക്കാരിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഇപ്പോഴും പല നിയമ നിർമ്മാണങ്ങളും നടക്കുന്നു. പ്രാദേശിക സർക്കാരിന്റെ സാധ്യതകളെ പൂർണ്ണമായും മനസ്സിലാക്കി

ക്കൊണ്ട് പ്രാദേശിക ഭരണസമിതികളെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ട് അവർക്ക് അവസരം നൽകുക എന്നതാണ് ഭാവി ലക്ഷ്യമാകേണ്ടത്. ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുവാനുള്ള വഴി അതു മാത്രമാണ്. ഒരു പക്ഷേ ആ സാധ്യത തുറന്ന് കാട്ടിയ ഒരു പഞ്ചായത്ത് തൃശ്ശൂരിലെ നെന്മണിക്കര ഗ്രാമപഞ്ചായത്ത് ആയിരിക്കും. അവിടെ എല്ലാവർക്കും വീട്, വെള്ളം, വെളിച്ചം, തെരുവു വിളക്കുകൾ എന്നിവ എത്തിക്കുവാൻ കഴിഞ്ഞു. അധികാര വികേന്ദ്രീകരണത്തിന്റെ ഭാവി സാധ്യതയെന്തെന്ന് നെന്മണിക്കര കാണിച്ചു തരുന്നു.

വിഭവങ്ങളുടെയും വകുപ്പുകളുടേയും സമഗ്രമായ ഉദ്ഗ്രഥനം വഴി മാത്രമേ പ്രാദേശിക വികസനം അർത്ഥപൂർണ്ണമാക്കുവാൻ കഴിയൂ. സ്ഥിര ആസ്തികൾ സൃഷ്ടിക്കുക എന്നതായിരിക്കണം പ്രാദേശിക വികസനത്തിന്റെ പ്രഥമലക്ഷ്യം. സ്ഥിര ആസ്തികൾ സൃഷ്ടിക്കാവുന്ന എല്ലാ വിഭവ സ്രോതസ്സുകളും ഒരു മാസ്റ്റർ പ്ലാനിന്റെ സഹായത്തോടെ ഉദ്ഗ്രഥിച്ചാൽ ഏകദേശം മൂന്ന് വർഷം കൊണ്ട് ഒരു പഞ്ചായത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാം. ഒരിക്കൽ സ്ഥിര ആസ്തികൾ സൃഷ്ടിക്കപ്പെട്ടാൽ നിരവധി വർഷങ്ങൾക്കു ശേഷമേ ആ മേഖലകളിൽ നിക്ഷേപം നടത്തേണ്ടതുള്ളൂ. അതിനാൽ തുടർ ചെലവുകൾ ആവശ്യമായ (റക്കറിങ്ങ് എക്സ്പെൻഡിച്ചർ) മേഖലകളിൽ മാസ്റ്റർ പ്ലാനുകൾ ഉണ്ടാക്കിക്കൊണ്ട് അവയും പൂർത്തീകരിക്കാം. നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനിനെ ആധാരമാക്കിക്കൊണ്ട് മാത്രമേ സ്ഥിര ആസ്തി രൂപീകരണ മാസ്റ്റർ പ്ലാനും തുടർ ചിലവ് മാസ്റ്റർ പ്ലാനും രൂപീകരിക്കുവാൻ പാടുള്ളൂ.

എം.പി.ഫണ്ട്, എം.എൽ.എ ഫണ്ട്, കേന്ദ്ര, സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ത്രിതല പഞ്ചായത്ത് ഫണ്ടുകൾ സഹകരണ സ്ഥാപന നിക്ഷേപങ്ങൾ എന്നിവയെല്ലാം ഒരേ ലക്ഷ്യത്തിൽ പ്രവർത്തിക്കാവുന്ന വിധം (ഉദ്ഗ്രഥനം) പുതിയ നിയമ നിർമ്മാണം നടത്തേണ്ടതുണ്ട്. വ്യത്യസ്തമായ നോമുകൾ നിലനിൽക്കുന്ന മേൽപറഞ്ഞ വിവിധ വിഭവ സ്രോതസ്സുകളുടെ നോമുകൾ ഏകീകരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാനിലേക്കും അതുവഴി പദ്ധതിയിലേക്കും എല്ലാ ഫണ്ടുകളും എത്തുന്ന രീതിയിൽ നോം പരിഷ്ക്കരിച്ചാൽ ഭാവി വികസനം കൂടുതൽ അർത്ഥപൂർണ്ണമാക്കുവാൻ കഴിയും.

വ്യത്യസ്ത നോമുകളിൽ വ്യത്യസ്തമായ ദിശകളിൽ എം.പി., എം.എൽ.എ ഫണ്ടുകൾ ചിലവഴിക്കുന്നതു കൊണ്ട് പല ആവർത്തന പദ്ധതികളും പരസ്പപൂരകമല്ലാത്ത പദ്ധതികളും നിലവിലുണ്ട്. ഈ സ്ഥിതി തുടരുകയാണെങ്കിൽ ഭീമമായ നഷ്ടം ഉണ്ടാകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരിക്കലും പരിഹരിക്കുവാൻ കഴിയാത്തവിധം മുടങ്ങിക്കിടക്കുന്ന പദ്ധതികളായി തീരും. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളിലേക്ക് നേരിട്ട് നൽകാവുന്ന നിബന്ധനകൾ നിലനിർത്തുന്ന രീതിയിലായിരിക്കണം എം.പി., എം.എൽ.എ ഫണ്ടുകൾ. ആവശ്യമായ ഫണ്ടുകൾ നിലവിലില്ലാത്തതല്ല പ്രശ്നം, അവ പൂർണ്ണമായും ഉദ്ഗ്രഥിക്കുവാൻ കഴിയാത്തതാണ് പ്രശ്നം. അതുംകൂടി സാധ്യമായാൽ പ്രാദേശിക വികസനം മാതൃകയാക്കാം.

# പ്രവാസികളുടെ പുനരധിവാസം സാധ്യതകൾ, പദ്ധതികൾ

മുസാമാസ്റ്റർ

**പദ്ധതി 1**

**"ജൈവകേരളം, രാസമുക്ത കേരളം"**

ഇതൊരു മുദ്രാവാക്യം മാത്രമല്ല, ഒരു കൂട്ടായ ശ്രമം കൊണ്ട് നടപ്പിലാക്കാവുന്നതാണ്.

പശ്ചാത്തലം പ്രവാസികളുടെ കൈയ്യിൽ ധാരാളം ഭൂമിയുണ്ട്. ചെറുതും വലുതുമായി, അവരുടെ പരമാവധി കഴിവിനനുസരിച്ച് ഇന്നും ഭൂമി വാങ്ങിക്കൂന്നുമുണ്ട്. വീടുവയ്ക്കാൻ, വാടകക്കെട്ടിടങ്ങൾ ഉണ്ടാക്കാൻ, റിസോർട്ടുകൾ മറ്റും നിർമ്മിക്കൻ, കൈമാറ്റം ചെയ്ത് ലാഭമുണ്ടാക്കാൻ തുടങ്ങി പല ദേശവുമാണ് അവർക്കുള്ളത്. കൃഷി ചെയ്ത് സ്വന്തമായി തോട്ടങ്ങളും മറ്റും നില നിർത്തണമെന്നാഗ്രഹിക്കുന്നവരും ഉണ്ട്. കൃഷി ചെയ്ത് നിലനിർത്തുന്നത് വളരെ പ്രയാസമേറിയതും നഷ്ടമുണ്ടാക്കുന്നതുമായ ഒരു അവസ്ഥയാണ് ഇന്നുള്ളത്. പലപ്പോഴും ഇത്തരം പദ്ധതകൾ പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവരുന്നു.

ഏതാവശ്യത്തിന് വേണ്ടണ്ടി വാങ്ങിക്കുന്ന ഭൂമിയും വളരെക്കാലം യാതൊന്നും ചെയ്യാതെ തരിശായി കിടക്കുന്നുവെന്നതാണ് യാഥാർത്ഥ്യം.

ലാഭകരമായി കൃഷിചെയ്ത് വിജയിപ്പിക്കാൻ പറ്റുമെന്നുറപ്പുണ്ടായാൽ, അത് വിജയ പ്രദമായി നടപ്പിൽ വരുത്താൻ വിശ്വസ്തമായ ഒരു സംവിധാനം നിലവിൽ വന്നാൽ, തങ്ങളുടെ കൈവശ ഭൂമി ഈ ആവശ്യത്തിന് വിട്ടുതരുവാൻ പ്രവാസികൾ തയ്യാറാവുമെന്ന് ഉറപ്പാണ്. കൂടാതെ ആവശ്യമായ പണം ഈ മേഖലയിൽ മുടക്കാനും അവർ തയ്യറാകും. ന്യായമായ ഒരു ലാഭം / വരുമാനം അവർക്ക് ഉറപ്പിച്ചുകൊടുക്കണമെന്നുമാത്രം.

**പങ്കാളിത്തം.**

ഈ രംഗത്ത് ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നവരേയും ഇതിൽ ഭൂമി തന്നും പണം മടക്കിയും സഹായിക്കുന്ന പ്രവാസികളേയും, കൂട്ടിച്ചേർത്തുകൊണ്ട് നേതൃത്വം വഹിക്കാൻ കേരളത്തിലെ കാർഷിക സർവകലാശാലയും സർക്കാരും നേതൃത്വം കൊടുക്കണം. ഒരു സഹകരണ സംഘമോ, കമ്പനിയോ രൂപീകരിച്ച് പദ്ധതി നടപ്പിലാക്കണം.

സംസ്ഥാന വ്യാപകമായി ഒരു ചലനം സൃഷ്ടിക്കുവാൻ ഇതിൽ കഴിയും. ലോക മാർക്കറ്റിൽ ജൈവോല്പന്നങ്ങൾ ഉയർന്ന വലയ്ക്ക് ലഭിക്കുന്ന ഉല്പന്നമാണ്. അതിനുതക്കതായ അവബോധം ആഗോള വ്യാപകമായി നിലനിൽക്കുന്നു. ലോകത്തിന്റെ ഏത് ഭാഗത്തും ഉല്പന്നങ്ങൾ മാർക്കറ്റുചെയ്യുവാൻ പറ്റിയ സംവിധാനം ഒരുക്കുവാൻ സാധിക്കുന്ന, കഴിവുള്ള മലയാളികളായ പ്രവാസികൾ ഉണ്ട്.

കേരളത്തിൽ തന്നെയുള്ള നാല് വിമാനത്താവളങ്ങളും, തൊട്ടടുത്ത് കിടക്കുന്ന മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളും, ജൈവോൽപ്പന്നങ്ങൾ കേരളത്തിൽ നിന്ന് അതിവേഗം ലോകത്തിന്റെ ഏത് ഭാഗത്തും എത്തിക്കുവാൻ അനുകൂല ഘടകമാണ്.

കേരളത്തിന്റെ ഓരോ വീടുകളിലും പ്രവാസികൾ ഉള്ളതുകൊണ്ട്, ചെറിയ മുടക്കുമുതലെങ്കിലും മുടക്കി അവർ കൂടി പങ്കാളികളായാൽ, കേരളത്തിൽ തന്നെ ജൈവോൽപ്പന്നങ്ങൾ വ്യാപകമായി ഉപയോഗിക്കുന്ന ആരു

സംസ്കാരം പെട്ടെന്ന് വളർന്നു വരും.

കേരളത്തിന്റെ ഓരോ ഗ്രാമത്തിലും വ്യാപിച്ച് കിടക്കുന്ന, വികേന്ദ്രീകൃതമായ ഒരു വൻ പദ്ധതി യായിരിക്കും ഇത്.

അലങ്കാര മത്സ്യ കൃഷിയും, പുഷ്പ കൃഷി യും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയാൽ അതി നും വിദേശ രാജ്യങ്ങളിൽ മാർക്കറ്റ് കണ്ടെത്താം.

ജൈവകേരളമായി, രാസമുക്ത കേരളമായി നമ്മുടെ സംസ്ഥാനത്തെ മാറ്റിയെടുക്കാം.

*പദ്ധതി (2)*

**കേരളം - ഉന്നത വിദ്യാഭ്യാസ പഠനകേന്ദ്രം**
**പശ്ചാത്തലം**

ഗൾഫ് മേഖലയിൽ ഇന്ന് നിലനിൽക്കുന്ന ഒരു വലിയ ആശങ്കയുണ്ട്. തങ്ങളുടെ വിദ്യാർത്ഥി കളെ ഉന്നത പഠനത്തിനായി അമേരിക്കയിലും യൂറോപ്പിലും പണ്ടത്തെപ്പോലെ പറഞ്ഞയ ക്കാൻ ആ നാട്ടുകാർ മടിക്കുന്നു. ഭാരിച്ച പഠന ച്ചെലവ് മാത്രമല്ല ഇതിന് കാരണം.

ശത്രുതപരമായ പെരുമാറ്റം, അവഗണന, വിവേചനം, തുടങ്ങി അവരുടെ സംസ്കാരത്തെ തന്നെ നശിപ്പിക്കുന്ന സാഹചര്യത്തിൽ തങ്ങ ളുടെ മക്കളെ പറഞ്ഞയക്കാൻ അറബ് നാടിലെ ന്യൂനതയും, വിദേശത്ത് ജോലിചെയ്യുന്ന നമ്മുടെ പ്രവാസികളും മടിക്കുകയാണ്.

ഈ സഹചര്യത്തിൽ, സുരക്ഷിതമായ ഒരു ഉന്നത വിദ്യാഭ്യാസ പഠന കേന്ദ്രമായി കേര ളത്തെ നാം മാറ്റിയെടുത്താൽ ഒരു വലിയ വിഭാഗം വിദേശ വിദ്യാർത്ഥികളെ ഉന്നത പഠന ത്തിനായി കേരളത്തിലേക്ക് കൊണ്ടുവരാൻ നമുക്ക് കഴിയും. ന്യായമായ ലാഭം കുറച്ച് വരു ത്തുന്ന രീതിയിൽ ഫീസും മറ്റും നിശ്ചയിക്കണം.

ഒരു നിശ്ചിത ശതമാനം സീറ്റ് 50% കുറവ് ഇവിടെയുള്ള വിദ്യാർത്ഥികൾക്ക് മെറിറ്റടിസ്ഥാ നത്തിൽ പ്രവേശനം നൽകണം. അവയ്ക്ക് മിത മായ ഫീസ് ഏർപ്പെടുത്തണം. 50% ത്തിൽ കൂടു തൽ വിദേശ വിദ്യാർത്ഥികൾക്ക് മാറ്റി വയ്ക്കണം. ഉയർന്ന ഫീസ് അവരിൽ നിന്ന് ഈടാക്കണം. (എത്രയെന്ന് ഫീസ് നിശ്ചയിച്ചാലും അവർ നൽകുന്ന ഫീസിനേക്കാളും കുറവായിരിക്കാ നാണ് സാധ്യത.)

കാമ്പസ്സുകൾ ഒരുക്കുന്നത് വിദേശവിദ്യാർ ത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും ആകർഷകമായ രീതിയിൽ ആയിരിക്കണം. ഈ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് ഇടയ്ക്ക്

ഇവിടെ വരാനും കുറേ ദിവസങ്ങൾ നമ്മുടെ നാട്ടിൽ ചിലവഴിയ്ക്കാനും സാധിക്കുന്ന സംവി ധാനം കൂടി ഒരുക്കിയാൽ ടൂറിസം മേഖലയിൽ ഒരു പുതിയ സാധ്യതകൂടി നമുക്ക് കണ്ടെത്താൻ പറ്റും. വിദേശ വിവിധ നാട്ടുകാരായ വിദ്യാർത്ഥി കളെ ഈ പഠന കേന്ദ്രങ്ങളിലേക്ക് ആകർഷി ക്കാനും, അവരുടെയിടയിൽ ഈ പഠനകേന്ദ്രങ്ങ ളെക്കുറിച്ച് വ്യാപകമായ പ്രചരണം നടക്കാനും, ലോകത്തെമ്പാടുമുള്ള നമ്മുടെ പ്രവാസികൾക്ക് യാതൊരു പ്രയാസവും ഉണ്ടാവുകയില്ല. ഈ കേന്ദ്രങ്ങളിൽ പഠിച്ച് തിരിച്ച് പോകുന്ന വിഭാഗം വിദ്യാർത്ഥികൾ, ഭാവിയിൽ അവരുടെ നാട്ടിൽ ഉന്നതസ്ഥനങ്ങളിൽ എത്തുമ്പോൾ നമ്മുടെ നാടുമായി പ്രത്യോക ബന്ധം പുലർത്തുന്നതിൽ താല്പര്യം കാണിക്കുമെന്ന് ഉറപ്പാണ്. ഗൾഫ് നാടുകളുമായി നമ്മുടെ ബന്ധം ശക്തിപ്പെടുത്തു ന്നതിന് അവർ മുതൽകൂട്ടായിത്തീരും

പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച ഉയർന്ന തസ്തി കയിലിരിക്കുന്ന വിദേശികളാണ് അവരുടെ നാട്ടിന് പാശ്ചാത്യ നാടുകളുമായി ബന്ധം ശക്തി പ്പെടുത്താൻ കാരണക്കാരായിത്തിരുന്നത്.

# സ്ത്രീശാക്തീകരണവും സഹകരണ പ്രസ്ഥാനവും

**അഡ്വ.കെ.ആർ.വിജയ**
*പ്രസിഡന്റ്, വനിതാഫെഡ്*

സ്ത്രീശാക്തീകരണം വർത്തമാന കാലഘട്ടത്തിലെ അതിബൃഹത്തായ ഒരു അന്വേഷണമാണ്. സമൂഹത്തിലെ പകുതിയോളം വരുന്ന ഒരു വിഭാഗം മുഖ്യധാര പ്രവർത്തനങ്ങളിൽ നിന്ന് അകന്നു നിൽക്കുന്ന സ്ഥിതി സാമൂഹ്യ പുരോഗതിയെ പ്രതിനിധാനം ചെയ്യുന്ന ഒന്നല്ല. ലോകത്തിന്റെ നാനാഭാഗങ്ങളിൽ സ്ത്രീ വിജയഗാഥകളുടെ ഒറ്റപ്പെട്ട സംഭവങ്ങൾ ചൂണ്ടികാണിക്കാൻ കഴയുമെങ്കിലും സമഗ്രതയുടെ കാഴ്ചപ്പാടിൽ നോക്കുമ്പോൾ ലോകം ഇക്കാര്യത്തിൽ തീരെ അപൂർണ്ണമാണ്. സാമൂഹ്യ അനാചാരങ്ങളിലും അസമത്വങ്ങളിലും സ്ത്രീകൾ അനുഭവിക്കുന്ന പരാധീനതകൾ ഏറി വരുന്നതായി കാണാം. ആഗോളവത്ക്കരണം ജനതയുടെ സമ്പത്തിന്റെ പുനർവിഭജനം സാധ്യമാക്കുമ്പോൾ ദുർബലജനവിഭാഗങ്ങൾ എന്ന് പട്ടികപ്പെടുത്തിയ സ്ത്രീകളാണ് വ്യാപകമായി പാർശ്വവൽക്കരിക്കപ്പെടുന്നത്.

ഇന്ത്യയിലെ പൊതു മണ്ഡലത്തിൽ ലിംഗ നീതിയുടെ വിവേചനം അസാമാന്യമാണ്. ഫ്യൂഡൽ വ്യവസ്ഥയുടെ അവശിഷ്ടങ്ങൾ നില നിൽക്കുന്നടങ്ങളിൽ അതിന്റെ ആഘാതം വിവരണാതീതമാണ. പെണ്ണായി പിറന്നാൽ സ്വയം ശപിക്കപ്പെടുന്ന സ്ഥിതിവിശേഷം വിവിധങ്ങളായ ജീവിതമുഖങ്ങളിൽ സ്പഷ്ടമാണ്. ആധുനിക ജീവിതം നയിക്കുന്ന ഇടങ്ങളിൽ പോലും സ്ത്രീ ചൂഷണവും ലൈഗീക അതിക്രമങ്ങളും അസഹനീയമായപ്പോഴാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയ്ക്കു പോലും കർശനമായ ഉത്തരവുകൾ നൽകേണ്ടിവന്നത്.

എന്നാൽ സമൂഹത്തിന്റെ ഉള്ളടക്കത്തിൽ മാറ്റംവരാതെ ശാശ്വത പരിഹാരമാകില്ലഎന്ന സത്യം നിലനിൽക്കുകയാണ്. നിയമനിർമ്മാണ സഭകളിൽ മൂന്നിലൊന്ന് സംവരണം എന്ന ആശയത്തിന്റെ മാറ്റൊലികൾ അന്തരീക്ഷത്തിൽ നില നിൽക്കുന്നുണ്ടെങ്കിലും യാഥാർത്ഥ്യം ഇന്നും വിദൂരമാണ്. മുഖ്യധാര രാഷ്ട്രീയ സംവിധാനങ്ങളുടെ ഒളിച്ചു കളിയും കാപാട്യവുമാണ് ഇക്കാര്യത്തിൽ പോലും പിന്നിലുള്ളത്.

കേരളം എല്ലാ കാലത്തും ഇന്ത്യയ്ക്കു മുമ്പേ പറന്ന ഒരു ചരിത്രമാണുള്ളത്. തദ്ദേശ സ്ഥാപനങ്ങളിൽ 50% വനിതാ സംവരണം സ്ത്രീശാക്തീകരണത്തിലെ സുപ്രധാന വഴിത്തിരിവാണ്. സാമൂഹ്യമായ അവബോധത്തോടൊപ്പം സ്ത്രീശാക്തീകരണത്തിൽ സാമ്പത്തിക സുരക്ഷിതത്വം സുപ്രധാന ഘടകമാണ്. കേരളീയ ജീവിതത്തിന്റെ സാമ്പത്തിക വളർച്ചയുടെ മുന്നേറ്റത്തിൽ സഹകരണ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം അനിർവചനീയമാണ്. സമസ്ത മണ്ഡലങ്ങളിലും ദുർബല ജനവിഭാഗത്തിന്റെ തണലിനും സംരക്ഷണത്തിനുമായി സഹകരണ പ്രസ്ഥാനം നിർവഹിക്കുന്ന പങ്ക് നിസ്സീമമാണ്, നിസ്തുലമാണ്. ആഗോളവത്ക്കരണം മനുഷ്യ സമ്പത്തിന്റെ പുനർവിതരണം ആക്രോശത്തോടെ നടപ്പിലാക്കുന്ന ഇക്കാലത്ത് സഹകരണ പ്രസ്ഥാനത്തിന്റെ കേരളീയ സാന്നിദ്ധ്യം ബദലാണ്. അതുകൊണ്ടതന്നെ സാമൂഹ്യപുരോഗതിയ്ക്കും അസമത്വ നിർമാർജ്ജനത്തിനും ആഗോളീകരണ കാലഘ

ട്ടത്തിലെ സുപ്രധാന പരിചകളായി സഹകരണ പ്രസ്ഥാനവും തദ്ദേശ സ്ഥാപനങ്ങലും നില കൊള്ളുന്നതായി കാണാം.

ഇന്ത്യയിലെ സഹകരണ പ്രസ്ഥാനം നൂറു വർഷത്തിലധികം പിന്നിടുകയാണ്. 1904 ലെ ക്രഡിറ്റ് സൊസൈറ്റീസ് ആക്ടിലൂടെയാണ് ഇന്ത്യയുടെ സഹകരണ സംഘങ്ങൾ ഔദ്യോഗികമായി ആരംഭിക്കുന്നത്. കേരളത്തിലെ ആദ്യത്തെ സഹകരണ സംഘമായ തിരുവിതാംകൂർ സെൻട്രൽ സഹകരണ ബാങ്ക് ആണ് ഇന്നത്തെ സംസ്ഥാന സഹകരണ ബാങ്ക്. ജനജീവിതം പ്രയാസകരമായിതീരുന്ന അവസരങ്ങളിലൊക്കെ സാധാരണക്കാരന്റെ കൈതാങ്ങായും അത്താണിയായും വർത്തിക്കാനാകുന്നു എന്നത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ മാനവീയദൃശ്യമാണ്. സഹകരണ പ്രസ്ഥാനത്തിന്റെ ശക്തി അതിന്റെ വിപുലമായ ജനകീയ അടിത്തരയാണ്. ദുർബല ജനവിഭാഗങ്ങൾക്ക് ഇത് ഒരു ആശ്രയവും അവലംബവുമാണ്.

ദുർബലജനവിഭാഗങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം സ്ത്രീകളാണ്. സഹകരണ മേഖലയുടെ വിപുലീകരണത്തിന്റെ ഭാഗമായി സ്ത്രീകളെ കൂടി ഇതിൽ പങ്കാളികളാക്കാൻ ശ്രമിക്കുന്നു എന്നുള്ളത് പ്രത്യേകതയാണ്. വനിതാ സഹകരണ സ്ഥാപനങ്ങൾ കേരളത്തിൽ പ്രത്യേകിച്ച് മലബാർ മേഖലയിൽ വളർന്നു വരുന്ന ഒരു മേഖലയാണ്. കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനം പോലെ ഏറെ സാധ്യതയുള്ള ഒന്നാണ് സ്ത്രീകൾക്ക്. നിലവിൽ ആയിരത്തോളം വനിതാ സൊസൈറ്റികളാണ് സംസ്ഥാനത്തിലുള്ളത്. ഇതിൽ മുഴുവൻ സംഘങ്ങളും പ്രവർത്തന ക്ഷമമല്ല. പ്രവർത്തന രംഗത്തുള്ളവയിൽ ഭൂരിഭാഗവും ക്രഡിറ്റ് രംഗത്താണ് നിലയുറപ്പിച്ചിരിക്കുന്നത്. ഉത്പാദന വിപണന രംഗത്ത് ശക്തമായ സാന്നിദ്ധ്യമാകാൻ വനിതാ സൊസൈറ്റികൾക്കായാൽ സ്ത്രീകളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഉള്ള സാഹചര്യം സംജാകമാകും.

സഹകരണ മേഖലയുടെ അനന്ത സാധ്യതകൾ സാമൂഹ്യ പുരോഗതിയ്ക്ക് ഉപയോഗിക്കാൻ നേതൃത്വം നൽകിയ കേരള ജനത അത് പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീ സമൂഹത്തെ പുരോഗതിയുടെ പാതയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ബോധപൂർവ്വ ശ്രമങ്ങൾ നടത്തുന്നതായും നമുക്കു കാണാം. ഇതിൽ ഏറ്റവും പ്രധാനമായത് ഭരണ നേതൃത്വത്തിൽ സ്ത്രീകൾക്ക് അനുവദിച്ച സംവരണമാണ്. തദ്ദേശ സ്ഥാപനങ്ങളിൽ സ്ത്രീ സംവരണം നടപ്പിലാക്കിയതുപോലെ അധികാര സ്ഥാപനങ്ങളിൽ സ്ത്രീ സംവരണം നടപ്പിലാക്കിയ ഏക മേഖലയും സഹകരണ മേഖലയും സഹകരണ മേഖലതന്നെയാണ്. പിന്നോക്കം നിൽക്കുന്ന വനിതാ സംഘങ്ങളുടെ പ്രവർത്തനങ്ങളെ വൈദഗ്ദ്ധ്യം കൊണ്ട് വൈവിധ്യവൽക്കരിക്കുന്നതിന് സാമ്പത്തിക സഹായമടക്കമുള്ള കാര്യങ്ങളുമായി കേരള സർക്കാർ മുന്നോട്ടു പോകുന്നു. ലിഖിതങ്ങളായ നിയമങ്ങൾക്കപ്പുറം ഭരണാധികാരികളുടെ ബോധപൂർവ്വമായ ഇടപെടലിലൂടെ മാത്രമേ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിൽ എത്തിക്കാൻ കഴിയൂ. നിലവിലെ സഹകരണ മേഖലയുടെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ വനിതാ സഹകരണ സ്ഥാപനങ്ങൾ തയ്യാറാക്കണം. വനിതാ സഹകരണ സൊസൈറ്റികളുടെ അപ്പക്സ് സംവിധാനമായ വനിതാഫെഡിന് ഇക്കാര്യത്തിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ സാധിക്കണം. കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾക്ക് വിപുലമായ അധികാരങ്ങലും പണവും ലിംഗനീതിയും സംജാതമായ ഈ സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങളെ കൂടി ഈ ചാനലിലേയ്ക്ക് വിളക്കിചേർക്കാനായാൽ സ്ത്രീ ശാക്തീകരണ രംഗത്ത് വലിയ നേട്ടം കൈവരിക്കാൻ നമുക്കു കഴിയും.

# കടൽമത്സ്യബന്ധന മേഖല വിഭവം - പരിപാലനം - പരിസ്ഥിതി

വി. ദിനകരൻ, എക്സ്. എം.എൽ.എ

ഓരോരുത്തരും എല്ലാവർക്കും 6 വണ്ടിയും എല്ലാവരും ഓരോരുത്തർക്ക് വേണ്ടിയും എന്ന മുദ്രാവാക്യം ഉയർത്തി സംസ്ഥാനതലത്തിലും ദേശീയതലത്തിലും അന്തർദേശീയതലത്തിലും സഹകരണ പ്രസ്ഥാനം സാധാരണ ജനങ്ങളുടെ വാത്മാവുംപരമാത്മാവുമായി മാറിയിരിക്കുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ ഇടത്തട്ടുകാരുടേയും സമ്പന്നവർഗ്ഗത്തിന്റെയും പിടിയിൽ നിന്നും സാധാരണ ജനവിഭാഗങ്ങൾ ഒരു പരിധിവരെ മോചിതരായിരിക്കുന്നു. എന്നാൽ അത്പൂർണ്ണമായും സാക്ഷാത്കരിക്കുന്നതിന് ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. അതിനായി ഭരണകൂടവും സഹകരണ പ്രസ്ഥാനങ്ങളും സഹകാരികളും യോജിച്ചു പ്രവർത്തിക്കാമെന്നു പ്രതിജ്ഞ എടുക്കാം.

ഇതരമേഖലകളിൽ സഹകരണ പ്രസ്ഥാനം ശക്തിയാർജ്ജിച്ചതിനുശേഷമാണു നിലവിലുള്ള മത്സ്യഫെഡ് എന്ന സഹകരണ പ്രസ്ഥാനം 1984 ൽ രൂപമായത്. ഒരു ഗ്രാമത്തിൽ ഒരു സംഘം എന്ന നിലയിൽ 222 കടലോരഗ്രാമങ്ങളിലും 127 ഉൾനാടൻ ഗ്രാമങ്ങളിലുമായി 349 പ്രാഥമിക സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും സംഘങ്ങളുടെ എണ്ണം 666 ആയി വർദ്ധിപ്പിച്ചിരിക്കുന്നു. 666 മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾ ഇന്നു മത്സ്യഫെഡ് എന്ന അപക്സ് ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചു വരുന്നു. മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾ ക്രഡിറ്റു സംഘങ്ങൾ എല്ലാ എന്ന സാങ്കേതിക കാരണം പറഞ്ഞു ക്രഡിറ്റു സംഘങ്ങൾക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളും നിഷേധിക്കുന്നു. കേന്ദ്രഗവൺമെന്റ് കടാശ്വാസത്തിന്റെ പരിധിയിൽപ്പെടുത്തി 251 കോടി രൂപയുടെ കടം സംസ്ഥാനത്ത് എഴുതിത്തള്ളിയപ്പോൾ ക്രഡിറ്റ് സംഘങ്ങൾ അല്ല എന്നുള്ള സാങ്കേതിക കാരണം പറഞ്ഞ് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കടം എഴുതിത്തള്ളാൻ തയ്യാറായില്ല. ഈ ന്യൂനത പരിഹരിച്ചു മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ക്രഡിറ്റു സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരണം. അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനം എന്ന നിലയിൽ മത്സ്യഫെഡു വഴി കൊടുത്ത 139.29 കോടി രൂപയുടെ കടങ്ങളും ഇതര സഹകരണ സ്ഥാപനങ്ങൾ വഴി കൊടുത്ത 241.15 കോടി രൂപയുടെ കടങ്ങൾ സംസ്ഥാന മത്സ്യത്തൊഴിലാളി കാടാശ്വാസ കമ്മീഷന്റെ ശുപാർശ പരിഗണിച്ചു സംസ്ഥാന ഗവൺമെന്റ് എഴുതിത്തള്ളിയത് ഒരു ചരിത്രസംഭവമായി മാറിയിരിക്കുന്നു. ശേഷിക്കുന്ന മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ കടങ്ങളും സ്വകാര്യവ്യക്തികളുടെ കടങ്ങളും എഴുതിത്തള്ളുന്നതോടെ മത്സ്യഫെഡ് എന്ന സഹകരണ പ്രസ്ഥാനത്തിനു അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കും. കടങ്ങൾ എഴുതിത്തള്ളുന്നതോടെ കടങ്ങളും എഴുതിത്തള്ളുമെന്ന ചിന്താഗതി സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. അതിനെ അതിജീവിക്കാനുള്ള ബോധവൽക്കരണ പ്രവർത്തനം സഹകാരികൾക്കായി നടത്തേണ്ടിയിരിക്കുന്നു. മത്സ്യബന്ധനം, സംസ്ക്കരണം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരികയാണെങ്കിൽ മത്സ്യഫെഡ് എന്ന സഹകരണ പ്രസ്ഥാനത്തെ ഒരു മാതൃകാ സഹകരണ പ്രസ്ഥാനമാക്കാൻ സാധിക്കും.

# ഭാഷാ, സംസ്കാരം, വികസനം

ഡോ. പി.എസ്. ശ്രീകല

സംസ്കാരമെന്നത് ഒരു ജനതയുടെ സമഗ്ര ജീവിത ദർശനത്തിൽനിന്നുനിന്നു രൂപപ്പെടുന്നതാണ്. ജീവിതദർശനത്തിലേയ്ക്ക് നയിക്കുന്നതാവട്ടെ, സംസ്കാരവുമാണ്. അങ്ങനെ പരസ്പരപൂരകമായി വർത്തിക്കുന്ന പ്രതിഭാസങ്ങളാണ് സംസ്കാരവും ജീവിതവും. ഇവ പരസ്പരം കൊണ്ടും കൊടുത്തും പോഷിപ്പിക്കപ്പെടേണ്ടതുണ്ട്. സമൂഹത്തിനുണ്ടാവുന്ന പുരോഗമനപരമായ മാറ്റമാണ് വികസനം. അത് ജനതയുടെ ജീവിത ഗുണനിലവാരത്തിലുണ്ടാകുന്ന മാറ്റത്തെ ആധാരമാക്കിയിരിക്കുന്നു. ആ മാറ്റം മതനിരപേക്ഷവും ജനാധിപത്യപരവും ശസ്ത്രീയവുമായിരിക്കണമെങ്കിൽ സംസ്കാരം അത്തരത്തിൽ രൂപപ്പെട്ടിരിക്കണം. വികസനത്തിന്റെ സ്ഥിരതയെ നിർണ്ണയിക്കുന്നത് സംസ്കാരം തന്നെയാണ്. കേരളത്തെ സംബന്ധിക്കുന്ന അനുകൂലമായ ഘടകങ്ങൾ വികസനത്തെ ഗുണപരമായി സ്വാധീനിക്കുന്നുണ്ട്. എന്നാലവയധികവും സാമൂഹികം എന്നതിനേക്കാൾ വൈയക്തികമാണ്. സാമൂഹികവികസനമില്ലെങ്കിൽ വൈയക്തിക വികസനം നിലനിൽക്കുന്നില്ല.

വർത്തമാനകേരളം അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നം സാംസ്കാരിക മൂല്യങ്ങളുടെ ശോഷണമാണ്. എന്താണ് മൂല്യമെന്നത് സങ്കീർണ്ണമായൊരു പ്രശ്നമാണെങ്കിലും കേരളത്തിന്റെ സാംസ്കാരികതയെ സംബന്ധിച്ച് അഭിമാനകരമായൊരു അവസ്ഥയല്ല നിലവിലുള്ളത്. സംസ്കാരത്തെത്തന്നെ വിഭാഗീയവല്ക്കരിക്കാനും വർഗ്ഗീയവൽക്കരിക്കാനുമുള്ള ശ്രമങ്ങൾ സജീവമാണ്. അതിന്റെ ഫലമായി ജീവിത ദർശനം വികലമാവുന്നു. കേരളത്തിൽ സൃഷ്ടിച്ചെടുത്ത നവോത്ഥാനമൂല്യങ്ങളെയാകെ ഇല്ലായ്മ ചെയ്തുകൊണ്ട് ജാതീയതയും അന്ധവിശ്വാസവും അനാചാരവുമടക്കമുള്ള പിന്തിരിപ്പൻ പ്രവണതകൾ ശക്തമായിക്കൊണ്ടിരിക്കുന്നതാണ് വർത്തമാനകാലസാഹചര്യം. മാധ്യമങ്ങൾ ശിഥിലികരണ ശക്തികൾക്കൊപ്പം ചേർന്ന് കേരളത്തിന്റെ സാംസ്കാരികാടിത്തറയെ ഇളക്കാനുള്ള ബോധപൂർവ്വമായ ശ്രമത്തിലാണ്. മുതലാളിത്തത്തിന്റെ പരമോന്നതഘട്ടമായ സാമ്രാജ്യത്വത്തിന്റെ പുത്തൻ തന്ത്രമായ ആഗോളവൽക്കരണത്തിന് അനുകൂലമായിത്തീരുകയാണ് ഈ മൂല്യച്യുതി. അഥവാ മുതലാളിത്തം തന്നെ സാമൂഹ്യ മൂല്യങ്ങളിൽ അപചയം വരുത്താനുള്ള ശിഥിലീകരണ ശക്തികളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ഫലമായി സ്വത്വവാദമടക്കമുള്ള പ്രശ്നങ്ങൾ ഉയർന്നുവരുന്നു.

ഇതെല്ലാം കൂടിചേർന്ന് സമൂഹത്തിൽ സൃഷ്ടിച്ചിരിക്കുന്ന അസ്വസ്ഥതകൾ തിരിച്ചറിഞ്ഞുപരിഹരിക്കുകയെന്ന സങ്കീർണ്ണമായ ദൗത്യമാണ് സാംസ്കാരിക പ്രവർത്തകരും സാംസ്കാരിക സംഘടനകളും സാംസ്കാരിക സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടത്. മുൻ കാലങ്ങളിലേതുപോലുള്ള പുരോഗമനോന്മുഖമായ പ്രവർത്തനങ്ങളിലൂടെ മാത്രം ഈ വിപത്തിൽ നിന്ന് മാനവരാശിയെ മോചിപ്പിക്കാനാവില്ല. സിദ്ധാന്തത്തിന്റെ തലത്തിൽ നിന്നുകൊണ്ടുമാത്രം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല. ആശയപരമായ അടിത്തറ പ്രായോഗിക പ്രവർത്തനങ്ങൾക്കും പ്രായോഗികമായ അനുഭവജ്ഞാനം സിദ്ധാന്തത്തിന്റെ

വിശ്വാസ്യയ്ക്കും നിലനിൽപിനും അനിവാര്യമാണ്. ഇവയെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സാംസ്കാരിക സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത്. ആധുനികകാലത്തിന്റെ സാധ്യതകളും പ്രശ്നങ്ങളും തിരിച്ചറിഞ്ഞുകൊണ്ടുള്ള നവീന മാർഗ്ഗങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്.

ജനാധിപത്യപരവും സുതാര്യവുമായ പ്രവർത്തനങ്ങളാണ് സാംസ്കാരികസ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുണ്ടാവേണ്ടത്. അതിനനുകൂലമായ സംവിധാനം ഒരുക്കിക്കൊടുക്കാൻ ജനാധിപത്യഭരണകൂടം ബാധ്യസ്ഥമാണ്. ഈ തിരിച്ചറിവ് എൽ ഡി എഫ് ഗവൺമെന്റുകൾക്ക് ഉണ്ടായിരുന്നു. ജനതയുടെ സർഗ്ഗാത്മക ജീവിതത്തെ സംരക്ഷിക്കാനും പോഷിപ്പിക്കാനും ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സാംസ്കാരിക സ്ഥാപനങ്ങളും അവയെ പ്രോത്സാഹിപ്പിക്കാൻ സർക്കാരും തയ്യാറായതായി കഴിഞ്ഞ നാലരവർഷക്കാലത്തെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ അവയെല്ലാം ഗുണാത്മകമായ പ്രയോജനമുണ്ടക്കിയെന്നു പറയാനാവില്ല. അവ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാവുന്ന തരത്തിൽ പൂർണ്ണതയിലെത്തുന്നില്ല.

മതനിരപേക്ഷതയും ജനാധിപത്യമൂല്യങ്ങളും സംരക്ഷിക്കാനുതകുന്ന വിധത്തിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ദിശാബോധം ഉണ്ടാവേണ്ടതുണ്ട്. വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണം. യുവജനക്ഷേമബോർഡ്, സന്നദ്ധസംഘടനകൾ, സർവ്വകലാശാലായൂണിയനുകൾ, സാംസ്കാരിക സ്ഥാപനങ്ങൾ, ലൈബ്രറികൗൺസിൽ, തുടങ്ങിയവയിലൂടെ പ്രവർത്തനങ്ങൾ വിപുലീകിക്കാം. അവയെ സഹായിക്കാനും ധാർമ്മികമായും സാമ്പത്തികമായും പിന്തുണയ്ക്കാനും സർക്കാർ തയ്യാറാവണം. സമൂഹത്തിന്റെ പൊതുബോധത്തിലാണ് ഇടപെടേണ്ടത്. കലയെയും സാഹത്യത്തെയും പ്രോൽസാഹിപ്പിക്കാനും ജനകീയമാക്കാനുമായി നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും തുടർന്ന് നടപ്പിലാക്കേണ്ടതുമായ പ്രവർത്തനങ്ങളോടൊപ്പം മുൻഗണനാ പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ടത് നവോത്ഥാനമൂല്യങ്ങളുടെ സംരക്ഷണമാണ്. തിരിച്ചുവരുന്ന പിന്തിരിപ്പിൻ പ്രവണതകളെ കൂടുതൽ പഠനവിധേയമാക്കാനും ശാസ്ത്രീയമായ ബദൽ നയങ്ങൾ രൂപീകരിച്ചു പ്രാവർത്തികമാക്കാനും കഴിയണം. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വളരെ സ്വാഭാവികതയോടെ സ്വീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നൊരു പ്രവണത മധ്യവർഗ്ഗത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. മധ്യവർഗ്ഗത്തിനു കൈവന്നിരിക്കുന്ന പ്രാധാന്യവും അതിനെ അനുകരിക്കാനുള്ള പൊതുപ്രവണതയും അഭിസംബോധന ചെയ്യേണ്ടതുണ്ട്. സമൂഹത്തോടും സാമൂഹ്യപ്രശ്നങ്ങളോടുമുള്ള നിസംഗതയും നിർവ്വികാരതയും അപകടകരമാണെന്നു കാണണം. ഇതു പരിഹരിച്ച് സാമൂഹ്യബോധം സൃഷ്ടിക്കാനുതകുന്ന പരിപാടികൾ സാംസ്കാരികസ്ഥാപനങ്ങൾ ആസൂത്രണം ചെയ്യണം. അതിനായി തനതായും പരസ്പര സഹകരണത്തോടെയും പ്രാദേശിക തലത്തിലേയ്ക്ക് കടന്നു ചെല്ലാനും ജനങ്ങളുമായി സംവദിക്കാനുമുള്ള വേദികൾ സൃഷ്ടിക്കാൻ സാംസ്കാരികസ്ഥാപനങ്ങൾ തയ്യാറാവണം.



